Newspaper for Malayalees Worldwide ◆Estd.2020

# വാചകം
VACHAKAM

CHICAGO
VOL.4 / ISSUE 31 / PAGES 32
12
ഫെബ്രുവരി 2025
ബുധനാഴ്ച
1200 മകരം 30

www.vachakam.com
news@vachakam.com

01 America | 11 Canada | 12 Keralam | 17 India | 20 Socialmedia | 22 Cinema | 26 Sports | 29 Technology | 30 World



## നിരവധി തോൽവികൾക്ക് ശേഷം അനുകൂല ഉത്തരവ്
## 75000 ഫെഡറൽ ജീവനക്കാർ രാജി ഓഫർ സ്വീകരിച്ചു

# ജീവനക്കാരുടെ എണ്ണം കുറയ്ക്കാനുള്ള ട്രംപിന്റെ പദ്ധതിക്ക് വഴിയൊരുക്കി ഫെഡറൽ ജഡ്ജി

വാഷിംഗ്ടൺ: ഫെഡറൽ ജീവനക്കാരുടെ എണ്ണം കുറയ്ക്കാനുള്ള പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ പദ്ധതിയ്ക്ക് ഉണ്ടായിരുന്ന നിയമപരമായ തടസം ഒഴിവായി. ബോസ്റ്റണിലെ ഒരു ഫെഡറൽ കോടതി ബുധനാഴ്ച പുറപ്പെടുവിച്ച ഉത്തരവിലാണ് ട്രംപിന്റെ പദ്ധതിയ്ക്ക് അനുകൂലസാഹചര്യം ഒരുങ്ങിയത്.ലേബർ യൂണിയനുകൾ ഉന്നയിച്ച വെല്ലുവിളിയെ തുടർന്നായിരുന്നു ഫെഡറൽ ജഡ്ജിയുടെ ഉത്തരവ്. റിപ്പബ്ലിക്കൻ പ്രസിഡന്റിനെ സംബന്ധിച്ചടുത്തോളം ഇത് ഒരു വലിയ നിയമപരമായ വിജയമാണ്. കോടതിയിൽ നിരവധി തോൽവികൾക്ക് ശേഷമാണ് പ്രസിഡന്റിന് അനുകൂലമായൊരു ഉത്തരവ് ഫെഡറൽ കോടതിയിൽ നിന്നും ഉണ്ടാകുന്നത്. 77 ദശലക്ഷം അമേരിക്കക്കാരുടെ ആഗ്രഹത്തിന് മുകളിൽ നിയമപരമായ പോരാട്ടങ്ങൾക്ക് വിജയിക്കാൻ കഴിയില്ലെന്ന് ഇത് തെളിയിക്കുന്നു എന്നായിരുന്നു വൈറ്റ് ഹൗസ് പ്രസ് സെക്രട്ടറി കരോലിൻ ലീവിറ്റ് ഇക്കാര്യത്തിൽ പ്രതികരിച്ചത്. മറ്റൊരു ലേബർ യൂണിയൻ ബുധനാഴ്ച രാത്രി വാഷിംഗ്ടൺ ഡി.സിയിൽ കേസ് നൽകിയെങ്കിലും അതിന്റെ തീരുമാനങ്ങൾ അറിവായിട്ടില്ല. ഓഫീസ് ഓഫ് പേഴ്സണൽ മാനേജ്മെന്റിന്റെ വക്താവ് മക്ലോറിൻ പിനോവർ പറഞ്ഞതനുസരിച്ച്, 75000 ഫെഡറൽ ജീവനക്കാർ സെപ്റ്റംബർ 30 വരെ പണം നൽകുന്നതിന് പകരം രാജിവെക്കാനുള്ള ഓഫർ സ്വീകരിച്ചു എന്നാണ്. ഫെഡറൽ ജീവനക്കാർക്ക് അവരുടെ ഭാവിയെക്കുറിച്ച് മികച്ച ആസൂത്രണം നടത്താൻ ഈ പദ്ധതി നിരവധി ആനുകൂല്യങ്ങൾ നൽകുന്നു എന്നായിരുന്നു മക്ലോറിൻ പ്രതികരിച്ചത്. അതേസമയം യൂണിയന്റെ വക്കീലുകൾ അടുത്ത ഘട്ടങ്ങൾ വിലയിരുത്തുകയാണെന്ന് അമേരിക്കൻ ഫെഡറേഷൻ ഓഫ് ഗവൺമെന്റ് എംപ്ലോയീസ് നാഷണൽ പ്രസിഡന്റ് എവററ്റ് കെല്ലി ഒരു പ്രസ്താവനയിൽ പറഞ്ഞു.

**തറയും മുറയും മറയും**
**(സി.രാധാകൃഷ്ണൻ എഴുതുന്നു)** പേജ് 05


**ഇന്ത്യൻ നിർമിത ഐഫോണുകൾ! മോദി-ട്രംപ് കൂടിക്കാഴ്ച സീൻ മാറ്റുമോ?** പേജ് 07

**ലഹരിപ്പടയെ കണ്ടു പകച്ചോ കാക്കി സേനയും !** പേജ് 16

**തലയ്ക്കു മുകളിൽ കടക്കെണി, വീടിനുചുറ്റും കാട്ടുമൃഗങ്ങൾ ഇതാണോ ബ്രോ നവ (i)കേരളം?** പേജ് 24

**ഇനി അരവിന്ദ് കെജ്രിവാൾ രാഷ്ട്രീയത്തിൽ ശോഭിക്കുമോ...?** പേജ് 25

## ട്രംപിന്റെ ഇടപെടൽ: റഷ്യ-ഉക്രെയ്ൻ യുദ്ധം അവസാനത്തിലേക്കോ?





വാഷിംഗ്ടൺ: ഉക്രെയ്ൻ യുദ്ധം അവസാനിപ്പിക്കുന്നതിനുള്ള ചർച്ചകൾ ആരംഭിക്കാൻ താനും റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിനും ധാരണയിലെത്തിയതായി യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് അറിയിച്ചു. ടെലഫോൺ ചർച്ചയിലാണ് ഒരുമിച്ച് പ്രവർത്തിക്കാൻ ധാരണയായതെന്ന് ട്രംപ് തന്റെ സാമൂഹ്യ മാധ്യമമായ ട്രൂത്ത് സോഷ്യലിലെ പോസ്റ്റിൽ അറിയിച്ചത് അന്താരാഷ്ട്ര മാധ്യമ ശ്രദ്ധ നേടുന്നു.'റഷ്യ/ഉക്രെയ്ൻ യുദ്ധത്തിൽ സംഭവിക്കുന്ന ദശലക്ഷക്കണക്കിന് മരണങ്ങൾ തടയാൻ ഞങ്ങൾ ആഗ്രഹിക്കുന്നെന്ന് രണ്ടുപേരും സമ്മതിച്ചു' ട്രംപ് കുറിച്ചു. പരസ്പരം രാജ്യങ്ങൾ സന്ദർശിക്കുന്നതുൾപ്പെടെ വളരെ അടുത്ത് ഒരുമിച്ച് പ്രവർത്തിക്കാൻ തീരുമാനിച്ചെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. അതത് ടീമുകൾ ഉടനടി ചർച്ചകൾ ആരംഭിക്കാനും തീരുമാനിച്ചിട്ടുണ്ട്. ഉക്രെയ്ൻപ്രസിഡന്റ് സെലെൻസ്കിയുമായി സംസാരിക്കുമെന്നും ട്രംപ് അറിയിച്ചു. ഉക്രെയ്ൻ യുദ്ധം അവസാനിപ്പിക്കാൻ സമാധാനപരമായ നീക്കുപോക്കുകൾക്ക് തയാറാണെന്ന് പുടിൻ ട്രംപിനെ അറിയിച്ചതായി ക്രെംലിനും സ്ഥിരീകരിച്ചു. മൂന്ന് വർഷത്തിലേറെയായി റഷ്യയിൽ തടവിലാക്കപ്പെട്ട യുഎസ് സ്കൂൾ അധ്യാപകൻ മാർക്ക് ഫോഗലിനെ വിട്ടയച്ചതിന്

ശേഷം പേജ് 8ൽ

ഇ-പേപ്പർ വായിക്കുന്നതിനും ഏറ്റവും പുതിയ വാർത്തകൾ അറിയുന്നതിനും സന്ദർശിക്കുക www.vachakam.com

വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ അംഗമാകുന്നതിന് ക്യു ആർ കോഡ് സ്കാൻ ചെയ്യൂ

# ട്രംപിന്റെ മുന്നറിയിപ്പിനും വിലയില്ല; ശനിയാഴ്ച ഇസ്രയേലി ബന്ദികളെ വിട്ടയക്കില്ലെന്ന് ഹമാസ്



യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ ആവശ്യപ്രകാരം ശനിയാഴ്ചയോടെ ഇസ്രായേൽ ബന്ദികളെ മോചിപ്പിക്കില്ലെന്ന് വ്യക്തമാക്കി ഹമാസ് വക്താവ്. ജറുസലേം പോസ്റ്റിനോട് ആണ് ഇക്കാര്യം വ്യക്തമാക്കിയത്.

ബന്ദി ഉടമ്പടിയുടെ മുമ്പ് സമ്മതിച്ച ഷെഡ്യൂൾ നടപ്പിലാക്കാൻ 'പ്രതിബദ്ധത' ഉണ്ടെന്നും എന്നാൽ 'എല്ലാ ഇസ്രായേലി ബന്ദികളെയും' മോചിപ്പിക്കില്ലെന്നും ഹമാസ് ശഠിച്ചതായി മുതിർന്ന ഹമാസ് വക്താവ് സമി അബു സുഹ്‌രി സ്ഥിരീകരിച്ചു. അതേസമയം വെടിനിർത്തൽ കരാർ ലംഘിച്ചതിന്റെ പേരിൽ ബന്ദികളെ മോചിപ്പിക്കുന്നത് അനിശ്ചിതകാലത്തേക്ക് വൈകിപ്പിക്കുകയാണെന്ന് ഹമാസ് നേരത്തെ പറഞ്ഞിരുന്നു.

ശനിയാഴ്ച 12 മണിക്കകം എല്ലാ ബന്ദികളെയും തിരിച്ചയച്ചില്ലെങ്കിൽ വെടിനിർത്തൽ കരാർ റദ്ദാക്കാൻ ഞാൻ പറയും എന്ന് ട്രംപ് ഹമാസിന് ചൊവ്വാഴ്ച മുന്നറിയിപ്പ് നൽകിയിരുന്നു. ശനിയാഴ്ച സമയപരിധിക്കുള്ളിൽ ഇസ്രായേലി ബന്ദികളെ മോചിപ്പിക്കാൻ ഹമാസ് വിസമ്മതിച്ചാൽ, വീണ്ടും എല്ലാ പ്രശ്നങ്ങളും തുടങ്ങും എന്ന് ഇസ്രായേൽ പ്രതിരോധ മന്ത്രി ഇസ്രായേൽ കാറ്റ്സ് പറഞ്ഞു,

വെടിനിർത്തൽ കരാർ പ്രകാരം ശനിയാഴ്ച (ഫെബ്രുവരി 15) മൂന്ന് ബന്ദികളെ മോചിപ്പിക്കാനാണ് ഹമാസ് തീരുമാനിച്ചിരിക്കുന്നത്. നിലവിൽ 76 ഇസ്രായേൽ ബന്ദികൾ ഹമാസിന്റെ കൈവശമുണ്ട്. ജനുവരി 19 ന് പ്രാബല്യത്തിൽ വന്ന വെടിനിർത്തൽ കരാറിന്റെ ആദ്യ ഘട്ടം ആറാഴ്ച നീണ്ടുനിൽക്കുകയും 33 ഇസ്രായേലി ബന്ദികളെ 1,900 ഫലസ്തീൻ തടവുകാർക്കും ഗാസയിൽ നിന്നുള്ള തടവുകാർക്കുമായി കൈമാറുകയും ചെയ്യും. ഇതുവരെ 16 ബന്ദികളെ ആണ് മോചിപ്പിച്ചത്.

## American Diary — 80 Years Ago

### *A devastating tornado outbreak in Mississippi and Alabama killed 45 people and injured 427 others*



On February 12, 1945, a devastating tornado outbreak occurred across the Southeastern United States. The storms killed 45 people and injured 427 others. A map of the tornado outbreak on February 12, 1945 by F. C. Pate. This outbreak included a devastating tornado that struck Montgomery, Alabama, killing 26 people.

February 12, 1945

# നരേന്ദ്ര മോദിയെ സന്ദർശിച്ച് യുഎസ് വൈസ് പ്രസിഡന്റ് ജെഡി വാൻസും കുടുംബവും

പാരിസ്: പ്രധാനമന്ത്രി നരേന്ദ്ര മോദിയെ സന്ദർശിച്ച് യുഎസ് വൈസ് പ്രസിഡന്റ് ജെഡി വാൻസും കുടുംബവും. പാരിസിൽ നടന്ന എഐ ഉച്ചകോടിയിൽ പങ്കെടുത്തതിന് ശേഷമാണ് വാൻസിന്റെ കുടുംബവുമായി പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തിയത്. ജെഡി വാൻസിന്റെ മകൻ വിവേകിന്റെ പിറന്നാൾ ദിനത്തോടനുബന്ധിച്ച് നടന്ന അത്താഴവിരുന്നിലും പ്രധാനമന്ത്രി പങ്കെടുത്തിരുന്നു.



പ്രധാനമന്ത്രിയോടൊപ്പമുള്ള വിലപ്പെട്ട നിമിഷങ്ങളെ കുറിച്ച് ജെഡി വാൻസ് എക്സിൽ പങ്കുവച്ചു. പ്രധാനമന്ത്രി നരേന്ദ്രമോദി കുട്ടികളുമായി ഏറെ നേരം സംവദിച്ചു. ഒരുപാട് വിഷയങ്ങളെ കുറിച്ച് അദ്ദേഹം സംസാരിച്ചു. വളരെ മനോഹരമായ സംഭാഷണമായിരുന്നുവെന്നും തന്റെ കുടുംബത്തോടൊപ്പം സമയം ചെലവഴിച്ചതിൽ നന്ദിയുണ്ടെന്നും വാൻസ് കുറിച്ചു. ഭാര്യ ഉഷ വാൻസ്, മക്കളായ വിവേക്, ഇവാൻ, മിറാബെൽ എന്നിവരോടൊപ്പം നിൽക്കുന്ന പ്രധാനമന്ത്രിയുടെ ചിത്രങ്ങളും വാൻസ് പങ്കുവച്ചിട്ടുണ്ട്.

വിവേകിന്റെപിറന്നാളാഘോഷത്തിൽ പങ്കെടുക്കാൻ സാധിച്ചതിൽ വളരെയധികം സന്തോഷമുണ്ടെന്ന് വാൻസിന്റെ പോസ്റ്റിന് മറപടിയായി പ്രധാനമന്ത്രി എക്സിൽ കുറിച്ചു. എഐ ഉച്ചകോടിയിൽ പ്രധാനമന്ത്രി ജെഡി വാൻസുമായി കൂടിക്കാഴ്ച നടത്തിയിരുന്നു. വിവിധ വിഷയങ്ങളെ കുറിച്ച് ഇരുവരും ചർച്ച ചെയ്തതായി ഔദ്യോഗിക പ്രസ്താവനയിൽ പറയുന്നു.

Published from Chicago by Vachakam Ltd, 1001 E. Chicago Ave. Ste.151, Naperville Illinois 60540, USA. (Corporate Office).

Chairman & CEO: Jose Chennikkara
Vice Chairman and CEO:
Cyril Chennikkara
Editor: Joshy George
Online Editor: Robins Antony
Overseas Operations Director:
Rosy John.
Contributors:
C. Radhakrishnan
Dr. Sebastian Paul
N.P. Chekutty
Sergey Antony
Antony Chadayammury
Babu Kadalikad

Phone: 1-773-888-2242, 1-773-842-9149
1-773-888-2243 (WhatsApp)
E-Mail: news@vachakam.com
vachakamonline@gmail.com
website www.vachakam.com
(A newspaper (print & online) for Malayalees worldwide)
Cost $1.00 per copy

**Phone Number: 1-773-888-2242**
**1-773-842-9149**
**Email: vachakamonline@gmail.com**

**E-Paper reading**
**visit vachakam.com**

Disclaimer
Vachakam limited assumes no liability for claims assumptions made in advertisements, advertorial & articles.



# തുളസി ഗബ്ബാർഡ് സത്യപ്രതിജ്ഞ ചെയ്തു

വാഷിംഗ്ടൺ: പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ പുതിയ ദേശീയ ഇന്റലിജൻസ് ഡയറക്ടർ (ഡിഎൻഐ) തുളസി ഗബ്ബാർഡ് ബുധനാഴ്ച വൈറ്റ് ഹൗസിൽ സത്യപ്രതിജ്ഞ ചെയ്തു. സെനറ്റ് സ്ഥിരീകരിച്ചതിന് മണിക്കൂറുകൾക്ക് ശേഷമായിരുന്നു ഗബ്ബാർഡിന്റെ സത്യപ്രതിജ്ഞ.

പ്രസിഡന്റ് ട്രംപിന്റെ അസാധാരണ യോഗ്യതയുള്ള നോമിനികളെ സെനറ്റ് റിപ്പബ്ലിക്കൻമാർ സ്ഥിരീകരിച്ചുകൊണ്ടിരിക്കുകയാണ്. ഇന്റലിജൻസ് ഡയറക്ടർ തുളസി ഗബ്ബാർഡ്, സത്യപ്രതിജ്ഞ ചെയ്ത് തങ്ങളോടൊപ്പം ചേരുമെന്ന് വൈറ്റ് ഹൗസ് പ്രസ് സെക്രട്ടറി കരോലിൻ ലീവിറ്റ് തന്റെ ബ്രീഫിംഗിനിടെ മാധ്യമപ്രവർത്തകരോട് വ്യക്തമാക്കി.

## റീ...പോളിംഗ്




*പാതി വില തട്ടിപ്പ് : സംഭാവന അന്വേഷിക്കേണ്ട എന്ന് നിർദ്ദേശം..!*

# ഫോമാ വെസ്റ്റേൺ റീജിയൻ ഉദ്ഘാടനവും കുടുംബസംഗമവും ഫെബ്രു.15ന് ലോസ് ആഞ്ചലസിൽ



ഫോമാ വെസ്റ്റേൺ റീജിയൻ പ്രവർത്തനോദ്ഘാടനവും ഫാമിലി നൈറ്റും ഫെബ്രുവരി പതിനഞ്ചാം തിയതി ലോസ് ആഞ്ചലസിൽ വെച്ച് നടത്തപ്പെടും. ശനിയാഴ്ച വൈകിട്ട് കൃത്യം അഞ്ച് മണിയ്ക്ക് ഓറഞ്ച് സിറ്റിയിലെ തന്തൂർ കുസീൻ ഓഫ് ഇന്ത്യയിൽ വെച്ചാണ് ഉദ്ഘാടന ചടങ്ങുകൾ ക്രമീകരിച്ചിരിക്കുന്നത്. സംഘടനകളുടെ എണ്ണം കൊണ്ടും വലിപ്പം കൊണ്ടും പ്രവർത്തനങ്ങൾകൊണ്ടും അമേരിക്കയിലെ തന്നെ ഏറ്റവും വലിയ ഫോമാ റീജിയൻ എന്ന ഖ്യാതി കാലാകാലങ്ങളായി സ്വന്തമാക്കി കൊണ്ട് മന്നേറുന്ന റീജിയന്റെ ഈ പരിപാടി എന്തുകൊണ്ടും വ്യത്യസ്ഥമാക്കുവാനും വിജയപ്രദമാക്കുവാനും റീജിയണൽ വൈസ് പ്രസിഡന്റ് ജോൺസൺ ജോസഫിന്റെ നേതൃത്വത്തിൽ വിപുലമായ കമ്മറ്റികൾ തയ്യാറായിക്കഴിഞ്ഞു.

ഫോമയുടെ ദേശീയ നേതാക്കളും പ്രാദേശിക നേതാക്കളും പങ്കെടുക്കുന്ന പ്രസ്തുത പരിപാടിയിലേക്ക് റീജിയന്റെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള എല്ലാ അംഗസംഘടനകളിൽ നിന്നുള്ളവരും പങ്കെടുക്കും. ശിങ്കാരമേളത്തിന്റെ അകമ്പടിയോടെ ആരംഭിക്കുന്ന താലപ്പൊലിയേന്തിയ മങ്കമാരുടെ ഘോഷയാത്രയോടെ ഉദ്ഘാടന ചടങ്ങുകൾക്ക് തുടക്കമാകും. ശേഷം നടക്കുന്ന പൊതു പരിപാടിയിൽ റീജിയന്റെ ഫോമാ പ്രവർത്തനങ്ങൾ ജോൺസൺ ജോസഫ് വിശദീകരിക്കും, ഈ ചടങ്ങിൽ ഫോമാ പ്രസിഡന്റ് മുഖ്യാഥിതിയായിരിക്കും. ഫോമായുടെ എല്ലാ എക്സികുട്ടീവ് കമ്മറ്റിയംഗങ്ങളും, റീജിയണിലെ എല്ലാ അസോസിയേഷൻ പ്രസിഡന്റുന്മാരും ആശംസകളറിയിക്കും. നൃത്തനൃത്യ നാട്യങ്ങൾ സമ്മേളിക്കുന്ന അതിവിശിഷ്ട രംഗകലകളുടെ കേദാരമാകുന്ന നയന മനോഹര കലാപരിപാടികളോടൊപ്പം മനസ്സിന് കുളിർമയേകുന്ന ആസ്വാദ്യകരമാകുന്ന സംഗീത സദസ്സും ഉണ്ടാകും. തുടർന്ന് നടക്കുന്ന ഇന്ത്യൻ തനിമയാർന്ന സൽക്കാര വിരുന്നും ക്രമീകരിച്ചിട്ടുണ്ട്.

പതിനഞ്ച് സംസ്ഥാനങ്ങളിലായി വ്യാപിച്ച് കിടക്കുന്ന വെസ്റ്റേൺ റീജിയണിലെ മലയാളികളോട് നമ്മുടെ സംസ്ക്കാരത്തിന്റെ തനിമ വിളിച്ചോതുവാനും, വളർന്നുകൊണ്ടിരിക്കുന്ന നമ്മുടെ സമൂഹത്തെ ഒരുകുടക്കീഴിൽ ഒരുമിച്ച് കൂട്ടാനുമുള്ള ഫോമായുടെ ദീർഘവീക്ഷണമുള്ള കാഴ്ചപ്പാടുകൾക്ക് ഇത്തരം പരിപാടികൾ വലിയ ഒരു മാർഗ്ഗദർശനമാണ് നൽകുന്നത്. അമേരിക്കൻ പ്രാദേശിക സർക്കാർ അതോറിറ്റികളുമായും ഇന്ത്യൻ എംബസിയുമായും കോൺസലേറ്റുകളുമായും നമ്മുടെ പൊതുജനതാല്പര്യങ്ങളും അവകാശങ്ങളും സംരക്ഷിക്കാൻ സംഘടനപരമായി ഫോമാ എന്നും മുന്നിട്ടിറങ്ങാറുണ്ട്.

കൂടുതൽ വിവരങ്ങൾക്ക്: RVP ജോൺസൺ ജോസഫ് : 310 986 9672

*പന്തളം ബിജു*

# ഷിക്കാഗോ മലയാളി അസോസിയേഷൻ വിമെൻസ്ഡേ ആഘോഷം മാർച്ച് 8ന്



ഷിക്കാഗോ: ഷിക്കാഗോ മലയാളി അസോസിയേഷന്റെ ആഭിമുഖ്യത്തിലുള്ള ഈ വർഷത്തെ വിമെൻസ് ഡേ ആഘോഷങ്ങൾ 2025 മാർച്ച് 8ന് ബെൽവുഡിലുള്ള സിറോ മലബാർ ചർച്ചിന്റെ ഓഡിറ്റോറിയത്തിൽ വെച്ച് വിപുലമായി ആഘോഷിക്കുന്നതിന് സി.എം.എ ഡയറക്ടർ ബോർഡ്യോഗം തീരുമാനിച്ചു.

മാർച്ച് 8ന് വൈകിട്ട് 5.30ന് നടക്കുന്ന പൊതുസമ്മേളനത്തിനുശേഷം വിവിധ കലാപരിപാടികളും തുടർന്ന് വർണ്ണാഭമായ ഫാഷൻഷോയും അരങ്ങേറും. ആഘോഷങ്ങളുടെ വിജയകരമായ നടത്തിപ്പിനായി സിബിൽ ഫിലിപ്പ്, ഷൈനി ഹരിദാസ്, ഷനമോഹൻ, സാറ അനിൽ എന്നിവരെ യോഗം തെരഞ്ഞെടുത്തു.

ഈ ആഘോഷ പരിപാടികളിലേക്ക് ഷിക്കാഗോയിലുള്ള എല്ലാ വനിതാ സുഹൃത്തുക്കളെയും കുടുംബസമേതം സ്വാഗതം ചെയ്യുന്നതായി ഷിക്കാഗോ മലയാളി അസോസിയേഷൻ പ്രസിഡന്റ് ജെസ്സി റിൻസി, സെക്രട്ടറി ആൽവിൻ ഷിക്കോർ, ട്രഷറർ മനോജ് അച്ചേട്ട്, വൈസ് പ്രസിഡന്റ് ഫിലിപ്പ് പുത്തൻപുര, ജോയിന്റ് സെക്രട്ടറി വിവിഷ് ജേക്കബ്, ജോയിന്റ് ട്രഷറർ സിബിൽ ഫിലിപ്പ് എന്നിവർ അറിയിച്ചു.

ഫാഷൻഷോയിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ ഈ മാസം 28 ന് മുൻപായി താഴെപ്പറയുന്ന ഫോൺ നമ്പറുകളിൽ രജിസ്റ്റർ ചെയ്യാവുന്നതാണെന്ന് ഭാരവാഹികൾ അറിയിച്ചു.

സിബിൽ ഫിലിപ്പ് 630-697-2241, ഷൈനി ഹരിദാസ് 630-290-7143, ഷന മോഹൻ 847-224-9624, സാറ അനിൽ 630-914-0713

*ബിജു മുണ്ടക്കൽ*



# മാർത്തോമ്മാ ഫാമിലി കോൺഫറൻസ് രജിസ്ട്രേഷന് തുടക്കമായി

മാർത്തോമ്മാ സഭയുടെ നോർത്ത് അമേരിക്കൻ ഭദ്രാസന ഫാമിലി കോൺഫറൻസ് കമ്മിറ്റിയിൽ നിന്നുള്ള ഓരോ സംഘങ്ങൾ ജനുവരി 26ന് ഫിലാഡൽഫിയ മാർത്തോമ്മാ, അസെൻഷൻ മാർത്തോമ്മാ എന്നീ ഇടവകകൾ സന്ദർശിച്ചു. ഇടവക വികാരിമാരായ റവ. ബിജു പി. സൈമൺ, റവ. ജോജി എം. ജോർജ് എന്നിവർ സന്ദർശകരെ അതാതു ഇടവകകളിലേക്കു സ്വാഗതം ചെയ്തു.

കോൺഫറൻസിന്റെ സ്ഥലം, തീയതി, പ്രസംഗകർ, കോൺഫ്രൻസ് തീം, സുവനീറിന്റെ വിശദാംശങ്ങൾ, ആദ്യമായി ഉൾപ്പെടുത്തിയിട്ടുള്ള സ്പോൺസർഷിപ്പ് പാക്കേജ് അതിലെ ആകർഷണീയമായ അവസരങ്ങൾ എന്നിവ യഥാക്രമം കോൺഫറൻസ് ട്രഷറർ കുര്യൻ തോമസ്, ജനറൽ കൺവീനർ തോമസ് ജേക്കബ് എന്നിവരും ഫാമിലി കോൺഫറൻസിൽ ഇദംപ്രഥമമായി ക്രമീകരിക്കുന്ന ഇംഗ്ലീഷ് ട്രാക്കിനെപ്പറ്റി ഇംഗ്ലീഷ് ട്രാക് കൺവീനർ ഡോ. ബെറ്റ്സി മാത്യുവും, രജിസ്ട്രേഷൻ കൺവീനർ ശാമുവേൽ കെ. ശാമുവേലും പ്രസ്താവന നടത്തി. അന്തിമ തീയതിക്കായി കാത്തിരിക്കാതെ എല്ലാവരും രജിസ്റ്റർ ചെയ്യാൻ പ്രോത്സാഹിപ്പിക്കുകയും ന്യൂയോർക്കിലേക്ക് എല്ലാവരെയും സ്വാഗതവും ചെയ്തു.

ശാമുവേൽകെ.ശാമുവേൽ,കുര്യൻ തോമസ്, ബെജി ടി. ജോസഫ്, ജിബി പി. മാത്യു, വറുഗീസ് പി. വറുഗീസ് (സഭാ കൗൺസിലംഗം), ചെറിയാൻ വർഗീസ്, ഏബ്രഹാം തരിയത് എന്നിവർ ഫിലാഡൽഫിയ മാർത്തോമ്മ ഇടവകയിലും തോമസ് ജേക്കബ് (ഷാജി), സി.വി. സൈമൺകുട്ടി, ഡോ.ബെറ്റ്സി മാത്യു, ബിജു ചാക്കോ, തോമസ് മാത്യു, സജി തോമസ്, സന്തോഷ് ഏബ്രഹാം (സഭാ കൗൺസലംഗം) എന്നിവർ അസെൻഷൻ മാർത്തോമ്മാ ഇടവകയിലുമുള്ള കോൺഫ്രൻസ് സന്ദർശക ടീമിലുണ്ടായിരുന്നു. ഇടവകകൾ നൽകിയ മികച്ച പിന്തുണക്ക് ഇടവക വികാരിമാരോടും ഇടവകാംഗങ്ങളോടും കോൺഫറൻസ് ടീം നിസ്സീമമായ കടപ്പാട് അറിയിച്ചു.

*ജീമോൻ റാന്നി*

# അമേരിക്കയിൽ മുട്ട ക്ഷാമം രൂക്ഷമാകുന്നു

വാഷിംഗ്ടൺ: അമേരിക്കയിലെ ഏറ്റവും വലിയ മുട്ട ക്ഷാമം കൂടുതൽ വഷളാകുന്നുവെന്ന് റിപ്പോർട്ട്. മുട്ട ക്ഷാമത്താൽ യുഎസ് പലചരക്ക് ഷെൽഫുകൾ കാലിയായതോടെ മുട്ടകളുടെ വില ഒരു മാസത്തിനുള്ളിൽ 15% ഉയർന്നു.

പക്ഷിപ്പനിയെ തുടർന്ന് ദശലക്ഷക്കണക്കിന് മുട്ട കോഴികളെയാണ് യു.എസിൽ കൊന്നൊടുക്കിയത്. ഇതോടെ ജനുവരിയിൽ വില ഒരു മാസം മുമ്പുള്ളതിനേക്കാൾ 15% ത്തിലധികം ഉയർന്നു. 2015 ന് ശേഷമുള്ള ഏറ്റവും വലിയ വിലക്കയറ്റമായിരുന്നു അത്.

ബുധനാഴ്ച യു.എസ് ബ്യൂറോ ഓഫ് ലേബർ സ്റ്റാറ്റിസ്റ്റിക്സ് റിപ്പോർട്ട് പ്രകാരം 2023 ഓഗസ്റ്റിനശേഷം യുഎസിലെ മൊത്തത്തിലുള്ള പണപ്പെരുപ്പം ഏറ്റവും ഉയർന്ന നിലയിൽ എത്താൻ ഈ കുതിപ്പ് സഹായിച്ചു എന്ന് വ്യക്തമാക്കുന്നു.



# മാർത്തോമ്മാ സൗത്ത് വെസ്റ്റ് റീജിയണൽ കോൺഫറൻസ് മാർച്ച് 21 മുതൽ ഹൂസ്റ്റണിൽ, രജിസ്ട്രേഷനു തുടക്കമായി



ഹൂസ്റ്റൺ: മാർത്തോമ്മാ സഭയുടെ നോർത്ത് അമേരിക്കൻ ഭദ്രാസനത്തിന്റെ സൗത്ത്വെസ്റ്റ് റീജിയൻ ഇടവക മിഷൻ, സേവികാ സംഘം, സീനിയർ സിറ്റിസൺ ഫെല്ലോഷിപ്പ് എന്നീ സംഘടനകളുടെ സംയുക്താഭിമുഖ്യത്തിൽ 12–ാമത് സൗത്ത് വെസ്റ്റ് റീജിയണൽ കോൺഫറൻസ് മാർച്ച് 21, 22 (വെള്ളി, ശനി) തീയതികളിൽ ട്രിനിറ്റി മാർത്തോമാ ദേവാലയത്തിൽ വച്ച് നടത്തപ്പെടുന്നു.

ട്രിനിറ്റി മാർത്തോമാ ദേവാലയത്തിൽ ആരാധനയ്ക്കു ശേഷം നടന്ന പ്രത്യക ചടങ്ങിൽ റവ. സാം. കെ.ഈശോ, റവ. ജീവൻ ജോൺ, റവ, ഉമ്മൻ ശാമുവേൽ, റവ. ലാറി വർഗീസ് എന്നിവരുടെ മഹനീയ സാന്നിധ്യത്തിൽ രജിസ്ട്രേഷൻ കമ്മിറ്റി കൺവീനർ സൂസൻ ജോസിൽ നിന്ന് ഇടവക ഫിനാൻസ് ട്രസ്റ്റി റെജി ജോർജ് ആദ്യ രജിസ്ട്രേഷൻ ഫോം ഏറ്റു വാങ്ങി കോൺഫറൻസ് രജിസ്ട്രേഷന് തുടക്കം കുറിച്ചു.

മാർച്ച് 21നു വെള്ളിയാഴ്ച വൈകുന്നേരം 4 മുതൽ മാർച്ച് 22 നു ഉച്ചകഴിഞ്ഞു 2 മണിക്ക് കോൺഫറൻസ് സമാപിക്കും. ഡാളസ്, ഹൂസ്റ്റൺ, ഓസ്റ്റിൻ, ഒക്ലഹോമ, സാൻ അന്റോണിയോ, ലബ്ബക്ക്, കാൻസസ് ഇടവകകളിൽ നിന്നും 600ൽ പരം അംഗങ്ങൾ കോൺഫറൻസിൽ പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു.

Faith in Renewal and Motion: "Faith without deeds is dead" 'അങ്ങനെ വിശ്വാസവും പ്രവർത്തികളില്ലാത്തതായാൽ സ്വതവേ നിർജീവമാകുന്നു' (യാക്കോബ് 2:17) എന്ന ചിന്താവിഷയത്തെ ആധാരമാക്കി പഠനങ്ങൾ നടക്കും.

ഡാളസ് ഫാർമേഴ്സ് ബ്രാഞ്ച് ഇടവക വികാരി റവ. അലക്സ് യോഹന്നാൻ, ലബ്ബക്, സാൻ അന്റോണിയോ ഇടവകകളുടെ വികാരി റവ. ജെയിംസ് കെ.ജോൺ എന്നിവർ പഠന ക്ലാസ്സുകൾക്ക് നേതൃത്വം നൽകും.

കോൺഫറൻസിന്റെ വിജയത്തിനായി റവ. സാം.ഈശോ (വികാരി/പ്രസിഡന്റ്), റവ. ജീവൻ ജോൺ (അസി. വികാരി/വൈസ് പ്രസിഡന്റ്), എബ്രഹാം ഇടിക്കുള (ജനറൽ കൺവീനർ) എന്നിവരുടെ നേതൃത്വത്തിൽ വിവിധ കമ്മിറ്റികൾ കോൺഫറൻസിന്റെ വിജയത്തിനായി പ്രവർത്തിച്ചു വരുന്നു.

തങ്കമ്മ ജോർജ് (പ്രയർസെൽ), സൂസൻ ജോസ് (ഷീജ രജിസ്ട്രേഷൻ), ബാബു ടി. ജോർജ് (ഫിനാൻസ്), ജോസഫ് ജോർജ് തടത്തിൽ (ഫുഡ്), ഷെറി റജി (മെഡിക്കൽ), മാത്യു സക്കറിയ (ബ്ലെസ്സൺ ക്വയർ), ജൂലി സക്കറിയ (പ്രോഗ്രാം ആൻഡ് എന്റർടൈൻമെന്റ്), ലിലിക്കുട്ടി തോമസ് (റിസിപ്ഷൻ/ഹോസ്പിറ്റാലിറ്റി), വർഗീസ് കെ. ചാക്കോ (അക്കൊമൊഡേഷൻ), വർഗീസ് ശാമുവേൽ (ബാബു ട്രാൻസ്പോർട്ടേഷൻ), ജോൺ ഫിലിപ്പ് (സണ്ണി പബ്ലിസിറ്റി), ജെയ്സൺ ശാമുവേൽ (ഓഡിയോ വീഡിയോ മിനിസ്ട്രി) എന്നിവരാണ് സബ് കമ്മിറ്റി കൺവീനർമാർ. റവ. സാം കെ. ഈശോ, റവ. ജീവൻ ജോൺ, എബ്രഹാം ഇടിക്കുള (ജനറൽ കൺവീനർ), ബാബു ടി. ജോർജ് (ഫിനാൻസ് കൺവീനർ) എന്നിവരോടൊപ്പം ജോൺ ഫിലിപ്പ് (സണ്ണി) കൺവീനർ, ജോജി ജേക്കബ്, ടോണി വർഗീസ്, കോരുള കുര്യാക്കോസ്, ജീമോൻ റാന്നി എന്നിവർ സബ് കമ്മിറ്റി അംഗങ്ങളായി കോൺഫറൻസിന്റെ മീഡിയ ആൻഡ് പബ്ലിസിറ്റി കമ്മിറ്റി സജീവമായി പ്രവർത്തിച്ചു വരുന്നു.

*ജീമോൻ റാന്നി*




# 'കെ.എച്ച്.എൻ.എ ഫോർ കേരള': കേരള ഹിന്ദുസ് ഓഫ് നോർത്ത് അമേരിക്ക കോൺക്ലേവ് പ്രൗഢം

ന്യൂയോർക്ക്: സനാതനധർമ്മ പ്രചരണത്തിനായി അമേരിക്കയിൽ പ്രവർത്തിക്കുന്ന കേരള ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്കയുടെ രജതജൂബിലി ആഘോഷങ്ങളുടെ മുന്നോടിയായി നടന്ന കേരള കോൺക്ലേവ് പ്രൗഢവും അർത്ഥവത്തുമായിരുന്നു. അങ്കമാലി അഡ്‌ലക്സ് ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ 'കെ.എച്ച്.എൻ.എ ഫോർ കേരള' എന്ന പേരിൽ നടന്ന പരിപാടിയിൽ ആർഷദർശനം സാഹിത്യരംഗത്ത് നടത്തിയ സമഗ്ര സംഭാവനകൾക്കുള്ള നാലാമത് ആർഷ ദർശന പുരസ്കാരം നിരൂപണരംഗത്തെ മഹാമനീഷി ഡോ. എം. ലീലാവതിക്ക് സമർപ്പിച്ചു.

സമഗ്ര സംഭാവനകൾക്കുള്ള ചലച്ചിത്ര പ്രതിഭ പുരസ്കാരം നടനും സംവിധായകനുമായ ശ്രീനിവാസന് സമ്മാനിച്ചു. രജതജൂബിലിയുടെ ഭാഗമായി കേരളത്തിലെ നിർദ്ധനരായ കുടുംബങ്ങൾക്ക് കൈത്താങ്ങാവുന്ന 'സ്നേഹോപഹാരം' പദ്ധതിയിൽ ഒരു കോടി രൂപയുടെ വിതരണവും നടന്നു. പ്രൊഫഷണൽ വിദ്യാഭ്യാസം, വിധവാപെൻഷൻ, ക്ഷേത്ര കലാകാരന്മാർക്ക് ക്ഷേമനിധി, വനവാസി സഹായനിധി, സ്ത്രീകൾക്ക് ബിസിനസ് പദ്ധതി, ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സഹായം, രോഗിയായ ഗൃഹനാഥനുള്ള കുടുംബങ്ങൾക്ക് സഹായം തുടങ്ങിയ വ്യക്തിഗത സഹായങ്ങൾക്ക് പുറമേ ബാലാശ്രമങ്ങൾ, സ്കൂളുകൾ, ലൈബ്രറികൾ, വൃദ്ധസദനങ്ങൾ, തൊഴിൽ സംരംഭങ്ങൾ, സന്നിധാനം പദ്ധതി എന്നിവക്ക് സ്ഥാപനതല ധനസഹായം നൽകി.

പ്രവേശികം, ആർഷം ശ്രേഷ്ഠം, സംഗീതോത്സവം, പ്രൗഢം ഗംഭീരം, സ്നേഹോപഹാരം എന്നിങ്ങനെ അഞ്ച് സെഷനുകളായുള്ള കേരള കോൺക്ലേവ് വിജയകരമായി നടന്നു. പുരസ്കാര സമിതി കോ–ചെയർ സുരേന്ദ്രൻ നായരുടെ സ്വാഗത പ്രസംഗത്തിനുശേഷം വിശിഷ്ടാതിഥികളും ഭാരവാഹികളും ചേർന്ന് ഭദ്രദീപം തെളിച്ചു. 'ആർഷദർശനം സാഹിത്യത്തിൽ' എന്ന വിഷയത്തിൽ നിരൂപകൻ ഡോ. എം. തോമസ് മാത്യു പ്രഭാഷണം നടത്തി. സാഹിത്യകാരൻ സി. രാധാകൃഷ്ണൻ ആർഷദർശന പുരസ്കാര ജേതാവിനെ പരിചയപ്പെടുത്തി. കെ.എച്ച്.എൻ.എ പ്രസിഡന്റ് ഡോ. നിഷ പിള്ള പുരസ്കാരം സമ്മാനിച്ചു. ഡോ. എം. ലീലാവതിക്കു വേണ്ടി മകൻ എം. വിനയകുമാർ പുരസ്കാരം ഏറ്റുവാങ്ങി. മിസോറാം മുൻ ഗവർണർ കുമ്മനം രാജശേഖരൻ, സൂര്യകൃഷ്ണമൂർത്തി, പത്മശ്രീ സഞ്ജയ് സഗ്ദേവ്, അഡ്വ. എസ്. ജയശങ്കർ, കെ.എച്ച്.എൻ.എ ഭാരവാഹികളായ മധു ചെറിയേടത്ത്, രഘുവരൻ നായർ, മുൻ അധ്യക്ഷന്മാരായ മന്മഥൻ നായർ, അനിൽകുമാർ പിള്ള, വെങ്കിട് ശർമ്മ, എം.ജി. മേനോൻ, ടി.എൻ. നായർ എന്നിവർ സന്നിഹിതരായിരുന്നു. ഡോ. സുകുമാർ കാനഡ രചിച്ച 'കൈലാസ ദർശനം' പുസ്തകം സി. രാധാകൃഷ്ണൻ പ്രകാശനം ചെയ്തു. സുഗതകുമാരി കവിതകൾ കോർത്തിണക്കി മണക്കാല ഗോപാലകൃഷ്ണനും സംഘവും അവതരിപ്പിച്ച 'സുഗത സംഗീതം' വേറിട്ട അനുഭവമായി.

പ്രൗഢം ഗംഭീരം എന്ന പേരിട്ട ചടങ്ങിലാണ് കെ.എച്ച്.എൻ.എ ചലച്ചിത്ര പുരസ്കാരം ശ്രീനിവാസന് സമ്മാനിച്ചത്. സ്ഥാപക പ്രസിഡന്റ് മന്മഥൻ നായർ ഷാൾ അണിയിച്ചു. ഡോ. നിഷ പിള്ള പുരസ്കാരം നൽകി. സൂര്യാ കൃഷ്ണ മൂർത്തി, ഡോ. ഇന്ദിരാ രാജൻ എന്നിവർക്ക് പ്രത്യേക ആദരവ് നൽകി. മാധ്യമ പ്രവർത്തകരായ അഡ്വ. എസ്. ജയശങ്കർ, രാജേഷ് പിള്ള, ശ്രീജിത്ത് പണിക്കർ, വായുജിത്ത്, എന്നിവർക്ക് യഥാക്രമം ട്രസ്റ്റി ബോർഡ് അംഗങ്ങളായ രഞ്ജിനി പിള്ള, സോമരാജൻ നായർ, കേരള കോർഡിനേറ്റർ പി. ശ്രീകുമാർ എന്നിവർ പുരസ്ക്കാരങ്ങൾ സമ്മാനിച്ചു.

സ്നേഹോപഹാരം ചടങ്ങിലായിരുന്നു ഒരു കോടിയുടെ സേവാ പദ്ധതികളുടെ ധനസഹായ വിതരണം. സ്ഥാപനങ്ങൾക്ക് സഹായ വിതരണത്തിൽ മുൻ കേന്ദ്രമന്ത്രി വി. മുരളീധരൻ പങ്കെടുത്തു. ഡോ. വേണുഗോപാൽ മേനോൻ (പ്രൊഫഷണൽ വിദ്യാഭ്യാസം), ഡോ. ജയരാമൻ (വിധവാ പെൻഷൻ), രാം നായർ (ആരോഗ്യ പ്രശ്നങ്ങളുള്ള കുടുംബം), മധു ചെറിയേടത്ത് (ദിവ്യാംഗർ), ഗോവിന്ദൻ നായർ (ക്ഷേത്രകലാകാരന്മാർ), കുട്ടിമേനോൻ (ബിസിനസ് പദ്ധതി) എന്നിവരും ധനസഹായ വിതരണം ചെയ്തു. സേവാ പദ്ധതിയുടെ മുഖ്യ പ്രയോജകരായ ഗോപാലകൃഷ്ണൻ നായർ (തറവാട് ഹോംസ്) ഡോ. മധു ചെറിയേടത്ത്, ഡോ. ജയ് കെ. രാമൻ, അപ്പൻ മേനോൻ, ഹരിപിള്ള എന്നിവരെ വി മുരളീധരൻ കെ.എച്ച്.എൻ.എ മെമെന്റോ നൽകി ആദരിച്ചു. പത്മശ്രീ ഡോ. സഞ്ജയ് സഗ്ദേവ് മുഖ്യപ്രഭാഷണം നടത്തി. സേവാ ഫോറം ചെയർമാൻ ഡോ. ജയ്കെ രാമൻ സ്വാഗതവും കെ.എച്ച്.എൻ.എ ജനറൽ സെക്രട്ടറി മധു ചെറിയേടത്ത് നന്ദിയും പറഞ്ഞു.

*പി. ശ്രീകുമാർ*



# ചെറുപുഷ്പ മിഷൻ ലീഗ് സംഘടനക്ക് പുതിയ ലോഗോ

കാക്കനാട്: ചെറുപുഷ്പ മിഷൻ ലീഗ് സംഘടനയുടെ പരിഷ്ക്കരിച്ച ലോഗോ പ്രകാശനം ചെയ്തു. മിഷൻ ലീഗിന്റെ പ്രവർത്തനങ്ങൾ വിവിധ രാജ്യങ്ങളിൽ വ്യാപിച്ച്, ഒരു അന്താരാഷ്ട്ര അത്മായ സംഘടനയായി ഉയർന്നതിനെ തുടർന്നാണ് ലോഗോ പരിഷ്ക്കരിച്ചത്.

സീറോ മലബാർ സഭയുടെ ദൈവവിളി കമ്മീഷൻ ചെയർമാനും ചെറുപുഷ്പ മിഷൻ ലീഗിന്റെ സഹ രക്ഷാധികാരിയുമായ ബിഷപ്പ് മാർ ജോസഫ് അരുമച്ചാടത്ത് പുതിയ ലോഗോയുടെ പ്രകാശന കർമ്മം നിർവഹിച്ചു. ദൈവവിളി കമ്മീഷൻ അംഗങ്ങളായ ബിഷപ്പ് മാർ വിൻസെന്റ് നെല്ലിപറമ്പിൽ, ബിഷപ്പ് മാർ മാത്യു നെല്ലിക്കുന്നേൽ, കമ്മീഷൻ സെക്രട്ടറി ഫാ. തോമസ് മേൽവെട്ടത്ത്, മിഷൻ ലീഗ് അന്തർദേശീയ പ്രസിഡന്റ് ഡേവിസ് വല്ലൂരാൻ, ജനറൽ സെക്രട്ടറി ബിനോയ് പള്ളിപ്പറമ്പിൽ, സുജി പുല്ലുകാട്ട്, ലൂക്ക് പിണമറുകിൽ, സിസ്റ്റർ ജിൻസി ചാക്കോ എന്നിവർ സന്നിഹിതരായിരുന്നു.

സഭയുടെ പ്രേഷിത പ്രവത്തനങ്ങളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഫാ. ജോസഫ് മാലിപ്പറമ്പിലിന്റെയും പി.സി എബ്രഹാം എന്ന കുഞ്ഞേട്ടന്റെയും നേതൃത്വത്തിൽ 1947 ഒക്ടോബർ മൂന്നിന് ആരംഭിച്ച മുന്നേറ്റമാണ് ചെറുപുഷ്പ മിഷൻ ലീഗ്.

കേരളത്തിലെ ഭരണങ്ങാനത്ത് പ്രവർത്തനം ആരംഭിച്ച ഈ സംഘടന പിന്നീട് കേരളത്തിൽ ഉടനീളവും ഇന്ത്യയിലെ വിവിധ പ്രദേശങ്ങളിലും വളർന്നു പന്തലിച്ചു.

വർഷങ്ങൾക്കു ശേഷം ഇന്ത്യയുടെ വെളിയിൽ വിവിധ രാജ്യങ്ങളിൽ പ്രവർത്തനം വ്യാപിപ്പിച്ച മിഷൻ ലീഗ്, ഇന്ന് അമേരിക്ക, കാനഡ, യു.കെ, അയർലണ്ട്, ഇറ്റലി, ജർമനി, ഓസ്ട്രേലിയ, ഖത്തർ തുടങ്ങിയ രാജ്യങ്ങളിൽ സജീവമായി പ്രവർത്തിച്ചു വരുന്നു. ചെറുപുഷ്പ മിഷൻ ലീഗിന്റെ പ്ലാറ്റിനം ജൂബിലി സമാപന ആഘോഷങ്ങളോട് അനുബന്ധിച്ച് രണ്ട് വർഷം മുൻപാണ് ഔദ്യോഗിക അന്തർദേശീയ സമിതിയെ തെരഞ്ഞെടുത്തത്.


*സിജോയ് പറപ്പള്ളിൽ*

Allstate®
ALL STATE INSURANCE
Products offered:
AUTO\HOME\CONDO\RENTERS
MOTORCYCLE\BUSINESS\LIFE
ATV\BOAT\FINANCIAL PRODUCTS
Offices in two convenient locations:
15700 103rd St.
Suite 250
Lemont, IL 60439
Tel: 630-273-3335
482 N. Milwaukee Ave
Wheeling,
IL 60090
Tel: 847-465-1484

BICKY

കഥയില്ലായ്മകൾ

# തറയും മുറയും മറയും



സി. രാധാകൃഷ്ണൻ

എനിക്ക് എന്റെ ഭാര്യയെ വളരെ ഇഷ്ടമാണ്. ഈ കഥ അവൾക്കും എന്റെ കുട്ടികൾക്കും എനിക്കും അറിയാം. ലോകം മുഴുക്കെ അറിയണമെന്ന് ഞങ്ങൾക്ക് ആഗ്രഹവും ഉണ്ട്. പക്ഷേ എന്നുവെച്ച് എന്റെ അവളോടുള്ള എല്ലാ പെരുമാറ്റവും പരസ്യമായി തന്നെ വേണം എന്ന് ഞാൻ നിശ്ചയിച്ചാലോ?

അതൊക്കെ കാണുന്നവർക്കിടയിൽ ഭാര്യ പിരിഞ്ഞു പോയവരും ഭാര്യയേ ഇല്ലാത്തവരും ഭാര്യയ്ക്ക് സ്നേഹമില്ലാത്തവരും ഇന്ദ്രിയങ്ങൾ ഉണർന്നാൽ വല്ലാതെ വിഷമിക്കുന്നവരും ഒക്കെ എന്തു ചെയ്യും?


ഈ തോന്നൽ ഇപ്പോൾ വരാൻ കാരണം ഒരു സമൂഹത്തിൽ ജനായത്ത ഭരണാധികാരികൾ ആചാര അനുഷ്ഠാനങ്ങൾ പരസ്യമായി നടത്തണോ എന്ന ചോദ്യത്തിന്റെ മുന്നിൽ നിൽക്കെയാണ്. ശരിയാണ്, എന്റെ വിശ്വാസപ്രകാരം ജീവിക്കാൻ എനിക്ക് അവസരം വേണം. എങ്കിലും അത് പരസ്യമായി വേണം എന്നു നിശ്ചയം ആണെങ്കിൽ പൊതുസമൂഹത്തെ പ്രതിനിധീകരിച്ച് സമസ്തരുടെയും ഭരണാധികാരം ഏൽക്കാമോ?

ഇപ്പോൾ എനിക്ക് മറ്റൊന്നുകൂടി ഓർമ്മവരുന്നു. ദശകങ്ങൾക്കു മുൻപ് ഞാനൊരു സമുദ്രയാത്രക്കു പോയി. പേര് ഇന്റർനാഷണൽ ഇന്ത്യൻ ഓഷ്യൻ എക്സ്പെഡിഷൻ. ഐഎൻഎസ് ഗരുഡ എന്ന ഒരു പഴയ കപ്പലിൽ.

അന്നത്തെ ബോംബെയിൽ നിന്ന് ഏതാനും ദൂരം കടലിലേക്ക് നീങ്ങിയപ്പോൾ കപ്പലിലെ എല്ലാ സ്ഥിരം ജോലിക്കാരും എല്ലാ വസ്ത്രവും ഉപേക്ഷിച്ചു! അത് അലക്കാനും തേക്കാനും ഒക്കെ എന്തിന് പെടാപ്പാടു പെടണം! ശുദ്ധജലം റേഷനും ആണ്.

പക്ഷേ, കരയിലെ മാത്രം ശാസ്ത്രജ്ഞരായ ഞങ്ങൾക്ക് ഇത് ഒട്ടും ശീലം ഇല്ലല്ലോ! ഏതായാലും ഒരു തുണ്ട് ഒഴികെ ബാക്കിയെല്ലാം ഉപേക്ഷിക്കാൻ ഞങ്ങളും പഠിച്ചു. ആ പഠിത്തത്തിന്റെ വിഷമം കാലം ഇത്ര കഴിഞ്ഞിട്ടും മറക്കാൻ കഴിഞ്ഞിട്ടില്ല!

നിൽക്കുന്ന ഇടമായ തറയും അനുഷ്ഠിക്കാനുള്ള ആചാരമായ മുറയും അനുഷ്ഠാനത്തിന് ആവശ്യമായ മറയും ഒരുപോലെ പ്രധാനമല്ലേ? വിശേഷിച്ചും ഞാൻ അധികാരിയോ പരമാധികാരി തന്നെയോ ആയിരിക്കെ?




എന്ത് കാര്യത്തിനായാലും ഒരു ഈർക്കിലിന്റെ മറ എങ്കിലും വേണ്ടേ എന്ന് പഴമക്കാർ ചോദിക്കാറുണ്ടല്ലോ! മുറയാക്കേണ്ട ഒന്ന് തന്നെയല്ലേ അതും? ജനങ്ങളുടെ ക്ഷേമം അറിയാൻ മുറപോലെ നാട്ടിൽ സഞ്ചരിച്ച പഴയ രാജാക്കന്മാർ വേഷം മാറിയാണല്ലോ പോയത്. അവരെന്തേ താങ്കൾ ഇരിക്കുന്ന സിംഹാസനങ്ങൾ ചുമിപ്പിച്ചുകൊണ്ട് ചെല്ലാത്തത് എന്ന കാര്യമെങ്കിലും ആലോചിക്കേണ്ടതല്ലേ?

> ഒരുപറ്റം കരയിലെ മാത്രം ശാസ്ത്രജ്ഞരായവർക്ക് കപ്പലിൽ ഒരു തുണ്ട് തുണികൊണ്ട് നാണം മറക്കേണ്ട ഗതികേടുണ്ടായി..! ആ വിഷമം കാലം ഇത്ര കഴിഞ്ഞിട്ടും മറക്കാൻ കഴിഞ്ഞിട്ടില്ല!

ഒരു പഴയ മനസ്സിൽ തോന്നുന്നത് ആർക്കെങ്കിലും വിഷമം ഉണ്ടാക്കുന്നെങ്കിൽ ക്ഷമിക്കണം. മൊത്തം ലോകത്തിന് സുഖമായിരിക്കട്ടെ.

# മാപ്പ് പ്രവർത്തനോൽഘാടനം പ്രൗഢ ഗംഭീരമായി



ഫിലഡൽഫിയ: വ്യത്യസ്തതയാർന്ന മികച്ച പ്രവർത്തന ശൈലികൊണ്ട് അമേരിക്കൻ മലയാളികളുടെ ഇഷ്ട സംഘടനയായി എന്നും ഒന്നാമതായി നിലകൊള്ളുന്ന ഫിലഡൽഫിയായിലെ പ്രമുഖ സാമൂഹ്യ സാംസ്കാരിക സംഘടനയായ മലയാളി അസോസിയേഷൻ ഓഫ് ഗ്രെയ്റ്റർ ഫിലാഡൽഫിയായുടെ (മാപ്പ്) 2025ലെ പ്രവർത്തനോൽഘാടനം ഫെബ്രുവരി 01ന് ശനിയാഴ്ച വൈകിട്ട് ആറ് മണിക്ക് മാപ്പ് കമ്മ്യൂണിറ്റി ഹാളിൽ പ്രസിഡന്റ് ബെൻസൺ വർഗീസ് പണിക്കരുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പെൻസിൽവാനിയ സ്റ്റേറ്റിലെ ഫിലഡൽഫിയ പ്രിസൺ എച്ച്.ആർ. സൂപ്പർ വൈസർ ഐവി മാത്യൂസ് നിലവിളക്കു കൊളുത്തി ഉദ്ഘാടനം നിർവ്വഹിച്ചു.

മുൻഗാമികൾ കാട്ടിത്തന്ന നല്ല മാതൃകകളെ പിൻതുടർന്നുകൊണ്ട്, കാരുണ്യ പ്രവർത്തനങ്ങളിലൂടെ ലോകത്തിന്റെ നന്മമരങ്ങളായി തീരുവാനും, ലോകത്തിന് പ്രകാശം ചൊരിയുവാനും മാപ്പിന് എന്നും കഴിയട്ടെയെന്നും ഐവി മാത്യൂസ് ആശംസിച്ചു. ബെൻസൺ വർഗീസ് പണിക്കർ, ലിജോ പി. ജോർജ്ജ്, ജോസഫ് കുരുവിള (സാജൻ), കൊച്ചുമോൻ വയലത്ത് എന്നിവരുടെ നേതൃത്വത്തിൽ രൂപം കൊണ്ട ശക്തമായ പുതിയ ഭരണസമിതിയ്ക്ക്, വിപുലമായ കമ്മറ്റിയോടൊപ്പം ചേർന്ന് ഈ വർഷവും ധാരാളം നന്മ പ്രവർത്തനങ്ങൾ ചെയ്യുവാൻ സാധിക്കട്ടെയെന്നും, അതിനായി എല്ലാ ഭാവുകങ്ങളും ആശംസിക്കുന്നതായും ഐവി മാത്യൂസ് പറഞ്ഞു.

ഫോമാ വൈസ്പ്രസിഡന്റും, മാപ്പിന്റെ അഭിമാനവുമായ ശാലു പുന്നൂസ്, ഫൊക്കാനയുടെ പെൻസിൽവാനിയ ആർവിപി ഷാജി സാമുവൽ, ഫോമാ മിഡ് അറ്റ്ലാന്റിക്ക് റീജിയൻ ആർവിപി പത്മരാജൻനായർ, കാൻജ്ട്രസ്റ്റീബോർഡ് മെമ്പർ ജോസഫ് ഇടിക്കുള, ഫോമാ മിഡ് അറ്റ്ലാന്റിക്ക് റീജിയൻ യൂത്ത് സെക്രട്ടറി സാഗർ സ്റ്റാൻലി, രാജു ശങ്കരത്തിൽ എന്നിവർ ആശംസകൾ അറിയിച്ചുകൊണ്ട് സംസാരിച്ചു. 2024 പ്രവർത്തനങ്ങളുടെ ലഘു വിവരണം പ്രത്യേകം തയ്യാറാക്കിയ ഷോർട്ട് ഫിലിമിലൂടെ മുൻ പ്രസിഡന്റ് ശ്രീജിത്ത് കോമത്ത് സദസ്സിൽ അവതരിപ്പിക്കുകയും, 2025 ലെ പ്രവർത്തനങ്ങൾക്ക് വിജയാശംസകൾ നേരുകയും ചെയ്തു.

ജെയിംസ് തോമസ്, സന്തോഷ് ഫിലിപ്പ്, അനു സ്കറിയ എന്നിവർ ആലപിച്ച ഗാനങ്ങൾ ഏറെ ഹൃദ്യവും ശ്രവണ മനോഹരവുമായിരുന്നു. മറിയം പുന്നൂസ് അമേരിക്കൻ നാഷണലാന്തവും, റോസിലിൻ ഫിലിപ്പ് ഇന്ത്യൻ നാഷണലാന്തവും ആലപിച്ചുകൊണ്ട് ആരംഭിച്ച പൊതുസമ്മേളനത്തിന് അഷിത ശ്രീജിത്ത് എംസി ആയി പ്രവർത്തിച്ചു പ്രോഗ്രാം നിയന്ത്രിച്ചു. മാപ്പ് ജനറൽ സെക്രട്ടറി ലിജോ പി. ജോർജ്ജ് സ്വാഗതവും, ട്രഷറാർ ജോസഫ് കുരുവിള (സാജൻ) കൃതജ്ഞതയും പറഞ്ഞു. പെപ്പർ പാലസ് റസ്റ്റോറന്റ് തയ്യാറാക്കിയ വിഭവസമൃദ്ധമായ ഡിന്നറോടുകൂടി പരിപാടികൾക്ക് തിരശീല വീണു.

ഇവർ 2025 ലെ മാപ്പിന്റെ ശക്തരായ സാരഥികളായി ബെൻസൺ വർഗീസ് പണിക്കർ (പ്രസിഡന്റ്), ലിജോ പി. ജോർജ്ജ് (സെക്രട്ടറി), ജോസഫ് കുരുവിള (സാജൻ) (ട്രഷറർ), കൊച്ചുമോൻ വയലത്ത് (വൈസ് പ്രസിഡന്റ്), എൽദോ വർഗീസ് (ജോയിന്റ് സെക്രട്ടറി), ജെയിംസ് പീറ്റർ (അക്കൗണ്ടന്റ്), ബി.ഒ.ടി. അംഗങ്ങളായി അനു സ്കറിയ, ബിനു ജോസഫ്, ശാലു പുന്നൂസ്, തോമസ് ചാണ്ടി.

ചെയർ പേഴ്സൺസായി അഷിത ശ്രീജിത്ത് (ആർട്സ്), സന്തോഷ് ഫിലിപ്പ് (സ്പോർട്സ്), സജി വർഗീസ് (യൂത്ത്), റോജേഷ് സാം സാമുവൽ (പബ്ലിസിറ്റി ആന്റ് പബ്ലിക്കേഷൻസ്), ഫെയ്ത് മരിയ എൽദോ (എഡ്യൂക്കേഷൻ ആന്റ് ഐറ്റി), ഫിലിപ്പ് ജോൺ (മാപ്പ് ഐസിസി), ലിബിൻ പുന്നശ്ശേരി (ചാരിറ്റി ആന്റ് കമ്മ്യൂണിറ്റി), ജോൺസൻ മാത്യു (ലൈബ്രറി), ജോൺ ശാമുവേൽ (ഫണ്ട് റേസിംഗ്), അലക്സ് അലക്സാണ്ടർ (മെമ്പർഷിപ്പ്), ദീപ് തോമസ് (വുമൺസ് ഫോറം).

കമ്മിറ്റി മെമ്പേഴ്സായി ഏലിയാസ് പോൾ, ദീപു ചെറിയാൻ, ജോർജ് എം. കുഞ്ഞാണ്ടി, ജോർജ് മാത്യു, ലിസി തോമസ്, മാത്യു ജോർജ്, രാജു ശങ്കരത്തിൽ, റോയ് വർഗീസ്, സാബു സ്കറിയ, ഷാജി സാമുവൽ, സോബി ഇട്ടി, സോയ നായർ, സ്റ്റാൻലി ജോൺ, തോമസ്കുട്ടി വർഗീസ്, വിൻസെന്റ് ഇമ്മാനുവൽ, ശ്രീജിത്ത് കോമത്ത്.

◗ *റോജീഷ് സാം സാമുവൽ*





# ഫോമാ നേതാക്കളുടെ കേരള സന്ദർശനം: നിരവധി പദ്ധതികൾ നടപ്പിലാക്കി ചാരിതാർത്ഥ്യത്തോടെ മടക്കം

അമേരിക്കൻ മലയാളികളുടെ ഏറ്റവും വലിയ കേന്ദ്ര സംഘടനയായ ഫോമായുടെ പുതിയ ഭാരവാഹികളായിതിരഞ്ഞെടുക്കപ്പെട്ടതിന് ശേഷംപ്രസിഡന്റ് ബേബി മണക്കുന്നേലിന്റെ നേതൃത്വത്തിൽ, ഫോമാ ട്രഷറർ സിജിൽ പാലക്കലോടി, വൈസ് പ്രസിഡന്റ് ഷാലു പുന്നൂസ്, ജോയിന്റ് സെക്രട്ടറി പോൾ ജോസ്, ജോയിന്റ് ട്രഷറർ അനുപമ കൃഷ്ണൻ എന്നിവർ നടത്തിയ കേരള സന്ദർശനത്തിൽജീവകാരുണ്യപ്രവർത്തനങ്ങൾഉൾപ്പെടെ നിരവധി പദ്ധതികൾക്ക് തുടക്കം കുറിച്ചുകൊണ്ട് ജന്മനാടിനോടുള്ള സ്നേഹവും പ്രതിബദ്ധതയും പ്രകടമാക്കി.

നാട്ടിലെ അവശതയനുഭവിക്കുന്ന ജനവിഭാഗങ്ങൾക്ക് ഫോമാ മുൻകാലങ്ങളിൽ നൽകിയ സഹായ പരിപിപാടികളുടെ തുടർച്ചയെന്ന നിലയിൽ സംഘടയുടെ 2024-26 ഭരണസമിതിയുടെ കേരളപ്രോജക്ടുകളുടെതുടക്കമാണിതെന്ന്നാഷണൽ പ്രസിഡന്റ് ബേബി മണക്കുന്നേൽ വ്യക്തമാക്കി. ഫോമാ നടപ്പാക്കുന്ന കേരള പ്രോജക്ടുകൾക്കെല്ലാംമുഖ്യമന്ത്രിആശംസകൾനേർന്നു.നോർക്കഅധികൃതരുമായികൂടിക്കാഴ്ചനടത്തിയഫോമാ ടീം കേന്ദ്ര മന്ത്രി സുരേഷ് ഗോപിയെയും സന്ദർശിച്ചു. ഫോമാ 2026 നാഷണൽ കൺവൻഷൻ ജനറൽ കൺവീനർ സുബിൻ കുമാരനും ടീമിനൊപ്പമുണ്ടായിരുന്നു.

ഫോമായുടെ സാമ്പത്തിക പിന്തുണയോടെ പിറവം രാജീവ് ഗാന്ധി കൾച്ചറൽ ഫോറവുമായി കൈകോർത്ത് സംഘടിപ്പിച്ച 13-ാമത് 'അമ്മയോടൊപ്പം' ജീവകാരുണ്യ ചടങ്ങ് നൂറുകണക്കിന് നിർധന വിധവകളായ അമ്മമാർക്ക് സ്നേഹോപഹാരങ്ങൾ സമ്മാനിച്ച് ചാണ്ടി ഉമ്മൻ എം.എൽ.എയാണ് ഉദ്ഘാടനം ചെയ്തത്.

ഫോമാ, വിമൻസ് ഫോറത്തിന്റെ നേതൃത്വത്തിൽ 'ഉന്നതി' യെന്ന ആദ്യ ചാരിറ്റി പ്രോജക്ടിന്റെ ഭാഗമായി കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴയിൽ പരിശീലനം ലഭിച്ച പട്ടിക വർഗ മേഖലയിലുള്ള 35 യുവതീയുവാക്കൾക്ക്ജീവനോപാധിയായിടൂൾ കിറ്റുകൾ വിതരണം ചെയ്തു. കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത് കോൺഫറൻസ് ഹാളിൽ നടന്ന സമ്മേളനത്തിൽ വിമൻസ് ഫോറം ട്രഷറർ ജൂലി ബിനോയി, ജോയിന്റ് ട്രഷറർ മഞ്ജു പിള്ള എന്നിവർ ചേർന്നാണ് ടൂൾ കിറ്റുകൾ വിതരണം ചെയ്തത്.

സമാനതകളില്ലാത്ത ദുരിതം വിതച്ച വയനാട് ഉരുൾ പൊട്ടൽ ദുരന്ത ബാധിതരുടെ പുനരധിവാസ പ്രവർത്തനങ്ങളിൽ ഫോമാ പങ്കാളിത്തം വഹിച്ചുകൊണ്ട് സാധ്യമായതെല്ലാം ചെയ്യുന്നതിനായി ട്രഷറർ സിജിൽ പാലയ്ക്കലോടി ദുരന്ത പ്രദേശങ്ങൾ സന്ദർശിക്കുകയും വയനാട് ജില്ലാ ഡെപ്യൂട്ടി കളക്ടർ അരുൺ, മാനന്തവാടി തഹസീൽദാർ അഗസ്റ്റിൻ എം.ജെ, കുന്നത്തിടവക വില്ലേജ് ഓഫീസർ അശോകൻ ജോർജ്, മേപ്പാടി പഞ്ചായത്ത് അധികൃർ തുടങ്ങിയവരുമായി ചർച്ച നടത്തുകയും ചെയ്തു.

ഹെൽപ്പിംഗ് ഹാൻഡ്സ് എന്ന ചാരിറ്റിപ്രവർത്തനത്തിന്റെ ഭാഗമായി മാവേലിക്കര ബിഷപ് മൂർ കോളേജിലെ ബിരുദ വിദ്യാർത്ഥിനിക്കും പിറവത്തെ വ്യക്തിക്കും കാരിത്താസ് ആശുപത്രിയിലെ ഡയാലിസിസ് രോഗിക്കും പിറവം ക്രിസ്തുരാജ പ്രെയർ സെന്ററിനും തൊടുപുഴ സ്മിത ആശുപത്രിയിലെ അർഹതപ്പെട്ടവർക്കും ഫോമ സഹായം നൽകി. നാട്ടിലെത്തുന്ന അമേരിക്കൻ മലയാളികൾക്കും അവരുടെ ബന്ധുക്കൾക്കും ഏറെ നേരം കാത്തുനിൽക്കാതെ വേഗത്തിൽ മെഡിക്കൽ സേവനങ്ങൾ ലഭ്യമാക്കാൻ തിരുവല്ല പുഷ്പഗിരി മെഡിക്കൽ കോളേജ്, കാരിത്താസ് ഹോസ്പിറ്റൽ, മാതാ ഹോസ്പിറ്റൽ, ആസ്റ്റർ മെഡിസിറ്റി തുടങ്ങിയവരുമായി ഫോമാ ഹെൽത്ത് കാർഡ് സ്കീമിൽ കരാറൊപ്പുവയ്ക്കുകയുണ്ടായി.

കാസർകോട് ജില്ലയിലെ ഉദുമയിൽ ഫോമാ ഷിക്കാഗോ റീജിയൻ, ഷിക്കാഗോ സോഷ്യൽ ക്ലബ്ബ്, മിഡ് വെസ്റ്റ് മലയാളി അസോസിയേഷൻ എന്നിവയുടെ നേതൃത്വത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കും മുതിർന്നവർക്കും വീൽചെയറുകൾ വിതരണം ചെയ്ത യോഗത്തിൽ സംബന്ധിച്ച് ഫോമാ പിന്തുണ അറിയിക്കുകയും ചെയ്തു.

ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക മാധ്യമശ്രീ, മാധ്യമരത്ന, മീഡിയ എക്സലൻസ് പുരസ്കാര വിതരണം, ഷിക്കാഗോ മലയാളി അസോസിയേഷന്റെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് സംഘടിപ്പിച്ച ഇന്റർനാഷണൽ ലീഡേഴ്സ് കോൺക്ലേവ്, ഇ മലയാളി ന്യൂസ് പോർട്ടലിന്റെ കൊച്ചിയിലെ അവാർഡ് നിശ തുടങ്ങിയ പരിപാടികളിൽ പങ്കെടുത്ത് ഫോമാ ഐക്യദാർഢ്യം പ്രകടിപ്പിച്ചു. ഫോമായുടെ കേരളാ കൺവൻഷൻ സംബന്ധിച്ച ഒരുക്കങ്ങൾ തുടങ്ങിക്കഴിഞ്ഞു. ഇക്കുറി അക്ഷര നഗരിയായ കോട്ടയത്താണ് കേരള കൺവൻഷൻ അരങ്ങേറുന്നത്. ഈ കൺവൻഷൻ അവിസ്മരണീയമാക്കുന്നതിന് വേണ്ടി വിൻഡ്സർ കാസിൽ ഹോട്ടൽ അധികൃതരുമായി ഫോമാ ഭാരവാഹികൾ പ്രാരംഭ ചർച്ച നടത്തി.

കേരള സന്ദർശനത്തിൽ തുടങ്ങി വച്ച പദ്ധതികൾ മുടങ്ങാതെ മുന്നോട്ടു കൊണ്ടുപോകുന്നതിന് വേണ്ട മോണിട്ടറിംഗ് നടത്തുമെന്ന് പ്രസിഡന്റ് ബേബി മണക്കുന്നേൽ, ജനറൽ സെക്രട്ടറി ബൈജു വർഗീസ്, ട്രഷറർ സിജിൽ പാലക്കലോടി, വൈസ് പ്രസിഡന്റ് ഷാലൂ പുന്നൂസ്, ജോയിന്റ് സെക്രട്ടറി പോൾ ജോസ്, ജോയിന്റ് ട്രഷറർ അനുപമ കൃഷ്ണൻ എന്നിവർ പറഞ്ഞു.

*എ.എസ്. ശ്രീകുമാർ*



# ചരിത്രം കുറിച്ച് ഫ്ളോറിഡ റീജിയൻ; ഉദ്ഘാടനം വർണാഭമായി

ഫ്ളോറിഡ: വലിയ ജനപങ്കാളിത്തവും മികച്ച കലാപരിപാടികളും, ശ്രദ്ധേയമായ പ്രസംഗങ്ങളും കൊണ്ട് ഫൊക്കാന ഫ്ളോറിഡ റീജിയന്റെ പ്രവർത്തനോദ്ഘാടനം വർണാഭമായി.

ഫൊക്കാനയുടെ ചരിത്രത്തിൽ ആദ്യമായാണ് ഇത്രയും വർണാഭമായ ഒരു റീജണൽ ഉദ്ഘാടനം നടക്കുന്നത്, ഈ റീജിയന്റെ സൗഹൃദ കൂട്ടായ്മയുടെ ഏറ്റവും മികച്ച വേദി ഒരുക്കാൻ റീജണൽ വൈസ് പ്രസിഡന്റ് ലിൻഡോ ജോളിക്കും സഹപ്രവർത്തകർക്കും കഴിഞ്ഞു.

ഒർലാണ്ടോയിലെ മനോഹരമായ ഓഡിറ്റോറിയത്തിലായിരുന്നു അത്യന്തം ഹൃദ്യമായ ഈ പരിപാടി അരങ്ങേറിയത്. അഞ്ഞൂറിൽ അധികം പേർ പങ്കെടുത്ത ഈ പരിപാടിയിൽ ഡാൻസും പാട്ടുമായി നാൽപ്പതിൽ അധികം പ്രോഗ്രാമുകൾ ഒന്ന് ഒന്നായി അവതരിപ്പിച്ചപ്പോൾ ഒരു വലിയ അവാർഡ് നെറ്റിനെക്കാൾ മെച്ചമായ രീതിയിൽ ആണ് ഓരോ കലാപരിപാടിയും അരങ്ങ് തകർത്തത്. ഫൊക്കാന ജോയിന്റ് ട്രഷറർ ജോൺ കല്ലോലിക്കൻ ഏവർക്കും സ്വാഗതം രേഖപ്പെടുത്തി.

അദ്ധ്യക്ഷ പ്രസംഗം നടത്തിയ റീജണൽ വൈസ് പ്രസിഡന്റ് ലിൻഡോ ജോളി ഐക്യം സമൂഹത്തിന് മാത്രമല്ല ഓരോ സംഘടനക്കും ആവശ്യമാണ് എന്ന് എടുത്തു കാട്ടികൊണ്ടായിരുന്നു പ്രസംഗം ആരംഭിച്ചത്. റീജിയന്റെ പ്രവർത്തനത്തിൽ തന്നെ സഹായിച്ചവർക്ക് അദ്ദേഹം നന്ദിയും രേഖപ്പെടുത്തി.

ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി, റീജണൽ വൈസ് പ്രസിഡന്റ് ലിൻഡോ ജോളി, സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, ട്രഷറർ ജോയി ചാക്കപ്പൻ, എക്സി. വൈസ് പ്രസിഡന്റ് പ്രവീൺ തോമസ്, പ്രസിദ്ധ സിനിമ സംവിധായകൻ ജോജി കൊട്ടാരക്കര, ജോയിന്റ് ട്രഷറർ ജോൺ കല്ലോലിക്കൻ, വിമെൻസ് ഫോറം ചെയർ രേവതി പിള്ളെള, മുൻ പ്രസിഡന്റ് കമാണ്ടർ ജോർജ് കൊരുത്

ട്രസ്റ്റീ ബോർഡ് മെംബർ മാമ്മൻ സി. ജേക്കബ്, ഫൊക്കാന ലീഗൽ ചെയർ ഫിലിപ്പോസ് ഫിലിപ്പ്, ഫൗണ്ടേഷൻ സെക്രട്ടറി ചാക്കോ കുര്യൻ, നാഷണൽ കമ്മിറ്റി മെംബേർസ് ആയ രാജീവ് കുമാരൻ, അരുൺ ചാക്കോ, ഗ്രേസ് മറിയ ജോസഫ്, മത്തായി ചാക്കോ, ജീമോൻ വർഗീസ്, ഫിനാസ് ചെയർ സജി പോത്തൻ, വിമെൻസ് ഫോറം റീജണൽ കോർഡിനേറ്റർ സുനിത ഫ്ളവർ ഹിൽ, ജെറി കാമ്പിൽ തുടങ്ങിയവർ നിലവിളക്ക് കൊളുത്തി പ്രവർത്തന ഉദ്ഘാടനം നിർവ്വഹിച്ചു.

ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണിയുടെ പ്രസംഗം സംഘടനയുടെ പ്രവർത്തന രൂപരേഖ വരച്ചു കാട്ടുന്നതായിരുന്നു.

സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ ഫൊക്കാനയുടെ പ്രവർത്തനങ്ങളെ പറ്റിയും ട്രഷറർ ജോയി ചാക്കപ്പൻ ഫൊക്കാനയുടെ കണക്കുകളും കേരളാ കൺവെൻഷനെ പറ്റിയും ഫൊക്കാന എക്സി. വൈസ് പ്രസിഡന്റ് പ്രവീൺ തോമസ് ഫൊക്കാനയുടെ ചാരിറ്റി പ്രവർത്തനങ്ങളെ പറ്റിയും ഇത്തരമൊരു സംഗമം ഫ്ളോറിഡയിൽ ആദ്യമാണെന്ന് വിമെൻസ് ഫോറം ചെയർ രേവതി പിള്ളയും അഭിപ്രായപ്പെട്ടു.

ട്രസ്റ്റീ ബോർഡ് മെമ്പർ മാമ്മൻ സി. ജേക്കബ് ഫൊക്കാനയിൽ ഇന്നലെ കടന്ന് വന്ന രണ്ടോ മൂന്നോ പേർ പ്രശ്നങ്ങൾ ഉണ്ടെന്ന് വരുത്തിത്തീർക്കാൻ ചിലർ ശ്രമിക്കുന്നുണ്ട്, സംഘടന തുടങ്ങിയപ്പോൾ മുതലുള്ള എന്നെ പോലെയുള്ളവർ ഇന്നും ഫൊക്കാനയിൽ ഒറ്റക്കെട്ടാണ് എന്നും അദ്ദേഹം പറഞ്ഞു.

ഫൊക്കാന ലീഗൽ ചെയർ ഫിലിപ്പോസ് ഫിലിപ്പ് ഫൊക്കാനയിൽ നടക്കുന്ന ലീഗൽ കാര്യങ്ങളെ പറ്റി വിശദമായി സംസാരിച്ചു.


റീജണിൽ നിന്നുള്ള അസോസിയേഷൻ പ്രസിഡന്റുമാർ ആയ ജിനോ മാത്യു, എബി പ്രലേൽ, ആന്റണി സാബു, ബാബു ദേവസിയ, സ്മിതാ നോബിൾ, വർഗീസ് ജേക്കബ്, ജെറി കാമ്പിൽ എന്നിവരും ആശംസകൾ നേർന്നു.

റീജണൽ ഭാരവാഹികൾ ആയ ജെറി കാമ്പിൽ, ബാബു വർക്കി, ബിഷിൻ ജോസഫ്, ജോസഫ് സാവിയോ, മനേഷ് മണി, സിജോ മാത്യു, മാത്യു മുണ്ടക്കൽ, സിൽവിയ ബാബു, ഷിറ ഭഗവാറ്റുല, ബിൻസി ബാബു എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

ഡിന്നറും ഡാൻസുമായി ചടങ്ങുകൾ പര്യവസാനിച്ചു.

*ശ്രീകുമാർ ഉണ്ണിത്താൻ*

# അമ്മയെ കൊലപ്പെടുത്തി; യുകോൺ ബാസ്കറ്റ്ബോൾ താരം എറിക് കോബ് അറസ്റ്റിൽ



വാഷിംഗ്ടൺ: അമ്മയെ കൊലപ്പെടുത്തിയ കേസിൽ മുൻ യുകോണിലെയും സൗത്ത് കരോലിനയിലെയും ബാസ്കറ്റ്ബോൾ താരം എറിക് കോബിനെ അറസ്റ്റ് ചെയ്തു. 51 കാരിയായ എറിക്ക എല്ലെൻ വിൻഫോർഡിനെ വീടിന്റെ പിൻവശത്ത് പുതപ്പിൽ പൊതിഞ്ഞ നിലയിലായിരുന്നു കണ്ടെത്തിയത്. തലയിലും വയറിലും ഇടതു കാലിലും ഒന്നിലധികം വെടിയേറ്റ മുറിവുകൾ മൃതദേഹത്തിലുണ്ടായിരുന്നു. പോലീസ് എത്തിയപ്പോൾ 28 കാരനായ കോബ് വീട്ടിലുണ്ടായിരുന്നു. ഇദ്ദേഹത്തെ ചോദ്യം ചെയ്യാനായി പോലീസ് കൊണ്ടുപോയി. വീട്ടിലെ തറയിൽ രക്തവും വാതിലിൽ വെടിയുണ്ടകളുടെ പാടുകളും ഉദ്യോഗസ്ഥർ കണ്ടെത്തിയതായി റിപ്പോർട്ടിൽ പറയുന്നു. കോബ്ബിന്റെ കിടക്കയിൽ നിന്ന് ഒരു എആർ-സ്റ്റൈൽ റൈഫിളും സ്മിത്ത് & വെസൺ 9mm സെമി ഓട്ടോമാറ്റിക് ഹാൻഡ്ഗണും പോലീസ് കണ്ടെത്തി. ഞായറാഴ്ച രാത്രി 8 മണിയോടെ 'അവൻ എന്നെ കൊല്ലാൻ പോകുന്നു' എന്ന് ഒരു സ്ത്രീ നിലവിളിക്കുന്നത് കേട്ടതായി അയൽവാസി പോലീസിനോട് പറഞ്ഞു. മറ്റൊരാൾ ഒന്നിലധികം വെടിയൊച്ചകൾ കേട്ടതായും മൊഴി നൽകി.



# ഇന്ത്യൻ നിർമിത ഐഫോണുകൾ! മോദി–ട്രംപ് കൂടിക്കാഴ്ച സീൻ മാറ്റുമോ?



നടപ്പുസാമ്പത്തിക വർഷത്തിലെ ആദ്യ പത്ത് മാസത്തിൽ ഇന്ത്യയിൽ നിന്നുള്ള ആപ്പിൾ ഐഫോൺ കയറ്റുമതിയിൽ സർവകാല റെക്കോഡ്. ജനുവരിയിൽ ഓർഡറുകൾ വർധിച്ചതോടെ 2024-25 വർഷത്തെ കയറ്റുമതി ഒരുലക്ഷം കോടി രൂപക്ക് മുകളിലെത്തി. ഇതാദ്യമായാണ് ആപ്പിൾ ഇത്തരമൊരു നേട്ടം സ്വന്തമാക്കുന്നത്.

നടപ്പുസാമ്പത്തിക വർഷത്തിലെ ജനുവരി വരെയുള്ള കാലഘട്ടത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് കയറ്റുമതിയിൽ 70 ശതമാനം വർധനയുണ്ടായി. മുൻവർഷത്തെ സമാനകാലയളവിൽ 76,000 കോടി രൂപയുടെ ഐഫോണുകളാണ് ഇന്ത്യയിൽ നിന്നും കയറ്റുമതി ചെയ്തിരുന്നത്. എന്നാൽ ഇത്തവണ ജനുവരിയിൽ മാത്രം 19,000 കോടി രൂപയുടെ കയറ്റുമതി നടന്നതായി ബിസിനസ് സ്റ്റാൻഡേർഡ് റിപ്പോർട്ട് ചെയ്യുന്നു.

ഫോക്സ്കോൺ, ടാറ്റ ഇലക്ട്രോണിക്സ്, പെഗാട്രോൺ എന്നിങ്ങനെ പ്രധാനമായും മൂന്ന് കമ്പനികളാണ് ഇന്ത്യയിൽ ആപ്പിളിന് വേണ്ടി ഐഫോണുകൾ നിർമിക്കുന്നത്. ഇതിൽ പെഗാട്രോണിന്റെ ഭൂരിഭാഗം ഓഹരികളും അടുത്തിടെ ടാറ്റ ഗ്രൂപ്പ് സ്വന്തമാക്കിയിരുന്നു. ഫോക്സ്കോണിന്റെ തമിഴ്നാട്ടിലെ ഫാക്ടറിയിൽ നിന്നാണ് പകുതിയോളം ഐഫോണുകളും പുറത്തിറങ്ങുന്നത്.

ഇന്ത്യയിൽ നിർമിച്ച ഐഫോൺ 16 പുറത്തിറക്കിയതോടെയാണ് മെയിഡ് ഇൻ ഇന്ത്യ ഫോണുകൾക്ക് ഡിമാൻഡ് വർധിച്ചത്. പിന്നീട് ഓരോ മാസത്തെയും ശരാശരി കയറ്റുമതി മൂല്യം 10,000 കോടി രൂപയിലെത്തി.

### എന്തുകൊണ്ട് ഇന്ത്യൻ ഐഫോൺ?

പ്രൊഡക്ഷൻ ലിങ്ക്ഡ് ഇൻസെന്റീവ് (പി.എൽ.ഐ) പദ്ധതി പ്രകാരം സർക്കാർ സബ്സിഡി അനുവദിച്ചതും വ്യാപാര തർക്കത്തെ തുടർന്ന് ചൈനയിൽ നിന്ന് ഉത്പാദനം മാറ്റാൻ ആപ്പിൾ തീരുമാനിച്ചതും ഇന്ത്യക്ക് ഗുണമായെന്നാണ് വിലയിരുത്തൽ. സർക്കാർ ഇൻസെന്റീവുകളുടെ സഹായത്തോടെയും പുതു സാങ്കേതിക വിദ്യ സ്വീകരിച്ചും മികച്ച തൊഴിൽ പരിശീലനം നൽകിയും ഇന്ത്യയെ ആപ്പിൾ തങ്ങളുടെ നിർമാണ ഹബ്ബാക്കുകയായിരുന്നു.

നിലവിൽ ഇന്ത്യയിൽ നിന്നുള്ള കയറ്റുമതിയിൽ രണ്ടാം സ്ഥാനമാണ് സ്മാർട്ട് ഫോണിനുള്ളത്. 2015 ലെ കയറ്റുമതിയിൽ 167-ാം സ്ഥാനമായിരുന്നു സ്മാർട്ട് ഫോണുകൾക്ക്. യു.എസിലേക്ക് ഇന്ത്യ ഏറ്റവും കൂടുതൽ കയറ്റുമതി ചെയ്യുന്ന ഉത്പന്നങ്ങളിലൊന്നും ഐഫോണുകൾ തന്നെ. ഇലക്ട്രോണിക് കംപോണന്റുകളുടെ ഉത്പാദനത്തിനായി അടുത്തിടെ കേന്ദ്രം പ്രഖ്യാപിച്ച 25,000 കോടി രൂപയുടെ പദ്ധതി പ്രാവർത്തികമാകുന്നതോടെ ഈ രംഗത്ത് കൂടുതൽ മാറ്റമുണ്ടാകുമെന്നാണ് പ്രതീക്ഷ.

### ട്രംപിന്റെ നയങ്ങൾ കയറ്റുമതി കൂട്ടുമോ?

അടുത്തിടെ യു.എസിലേക്കുള്ള ചൈനീസ് ഉത്പന്നങ്ങൾക്ക് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് 10 ശതമാനം നികുതി ചുമത്തിയിരുന്നു. ഇതോടെ ഇന്ത്യയിൽ നിന്നുള്ള ഐഫോൺ അടക്കമുള്ള സ്മാർട്ട് ഫോണുകളുടെ കയറ്റുമതി വർധിച്ചേക്കാമെന്നാണ് വിദഗ്ധർ പറയുന്നത്. ഈ അവസരം മുതലാക്കി അമേരിക്കയുമായി ദീർഘകാലത്തേക്ക് കയറ്റുമതി കരാറിൽ ഏർപ്പെടണമെന്ന് വ്യവസായ ലോകം കഴിഞ്ഞ ദിവസങ്ങളിൽ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു.

പ്രധാനമന്ത്രി നരേന്ദ്ര മോദിയും യു.എസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപും തമ്മിലുള്ള കൂടിക്കാഴ്ചയിൽ ഇക്കാര്യം ചർച്ചയാകുമെന്നാണ് ചില റിപ്പോർട്ടുകൾ പറയുന്നത്. ആപ്പിളിന് പുറമെ സാംസംഗ്, മോട്ടോറോള, ഷവോമി, റിയൽമി, ഗൂഗിൾ, വിവോ തുടങ്ങിയ ഇന്ത്യൻ നിർമിത ഫോണുകളും കയറ്റുമതി ചെയ്യുന്നുണ്ട്. ഒക്ടോബർ വരെയുള്ള ഇന്ത്യൻ സെല്ലുലാർ ആൻഡ് ഇലക്ട്രോണിക്സ് അസോസിയേഷന്റെ കണക്ക് പ്രകാരം ഇന്ത്യയിൽ നിന്നുള്ള സ്മാർട്ട് ഫോൺ കറ്റുമതിയുടെ മൂല്യം രണ്ട് ബില്യൻ അമേരിക്കൻ ഡോളർ (ഏകദേശം 1.75 ലക്ഷം കോടി രൂപ) കവിഞ്ഞു.

## സെലൻസ്കി സമാധാനം ആഗ്രഹിക്കുന്നെന്ന് ചർച്ചക്ക് ശേഷം ട്രംപ്



വാഷിംഗ്ടൺ: റഷ്യൻ പ്രസിഡന്റ് പുടിനുമായി ചർച്ച നടത്തിയതിന് പിന്നാലെ യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ഉക്രെയ്ൻ പ്രസിഡന്റ് വൊളോഡിമിർ സെലൻസ്കിയുമായും ഫോണിൽ സംസാരിച്ചു. അർത്ഥവത്തായ സംസാരമാണ് നടന്നതെന്ന് ഉക്രെയ്ൻ പ്രസിഡന്റ് സെലൻസ്കി പറഞ്ഞു. രാജ്യങ്ങൾ തമ്മിലുള്ള സുരക്ഷയും സാമ്പത്തിക സഹകരണവും സംബന്ധിച്ച ഒരു രേഖ തയ്യാറാക്കുന്നത് സംബന്ധിച്ച് താനും ഡൊണാൾഡ് ട്രംപും ചർച്ച നടത്തിയതായി ഉക്രൈൻ പ്രസിഡന്റ് സെലെൻസ്കി വ്യക്തമാക്കി.

'സമാധാനം കൈവരിക്കാനുള്ള അവസരങ്ങളെക്കുറിച്ച് ഞങ്ങൾ സംസാരിച്ചു, ടീം തലത്തിൽ ഒരുമിച്ച് പ്രവർത്തിക്കാനുള്ള ഞങ്ങളുടെ സന്നദ്ധത, ഉക്രെയ്നിന്റെ സാങ്കേതിക കഴിവുകൾ എന്നിവയെക്കുറിച്ച് ഞങ്ങൾ ചർച്ച ചെയ്തു,' സെലെൻസ്കി എക്സിൽ പറഞ്ഞു. ഉക്രെയ്ൻ പ്രസിഡന്റ് സെലെൻസ്കി സമാധാനം ആഗ്രഹിക്കുന്നുവെന്ന് ഡൊണാൾഡ് ട്രംപ് പറഞ്ഞു.

'ഞാൻ ഉക്രെയ്ൻ പ്രസിഡന്റ് വോളോഡിമർ സെലെൻസ്കിയുമായി സംസാരിച്ചു. സംഭാഷണം വളരെ നന്നായി പോയി. പ്രസിഡന്റ് പുടിനെപ്പോലെ അദ്ദേഹവും സമാധാനം സ്ഥാപിക്കാൻ ആഗ്രഹിക്കുന്നു,' ട്രൂത്ത് സോഷ്യലിൽ ട്രംപ് പറഞ്ഞു. സെലെൻസ്കി വെള്ളിയാഴ്ച മ്യൂണിക്കിൽ യുഎസ് വൈസ് പ്രസിഡന്റ് ജെഡി വാൻസിനെയും സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോയെയും കാണും.

യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ബുധനാഴ്ച ഉക്രെയ്നിനെക്കുറിച്ചുള്ള യുഎസ് നയത്തിൽ നാടകീയമായി മാറ്റം വരുത്തി. താനും റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിനും നടന്നുകൊണ്ടിരിക്കുന്ന സംഘർഷം അവസാനിപ്പിക്കാൻ ലക്ഷ്യമിട്ടുള്ള ചർച്ചകൾ ആരംഭിക്കാൻ സമ്മതിച്ചതായി അദ്ദേഹം പ്രഖ്യാപിച്ചു. ഇരു രാജ്യങ്ങളും തമ്മിലുള്ള തടവുകാരുടെ കൈമാറ്റത്തിന് ശേഷമാണ് പ്രഖ്യാപനം.

യുദ്ധം അവസാനിപ്പിക്കാൻ ഒരുമിച്ച് പ്രവർത്തിക്കാൻ താനും പുടിനും സമ്മതിച്ചെന്ന് ട്രംപ് പറഞ്ഞു. ഈ ശ്രമങ്ങൾ തുടരുന്നതിനായി ഇരു നേതാക്കളും വ്യക്തിപരമായി, അവരുടെ രാജ്യങ്ങളിൽ വെച്ച് കൂടിക്കാഴ്ച നടത്താമെന്നും ട്രംപ് പറഞ്ഞു.

## യുഎസിൽ രാഷ്ട്രീയ സ്വാധീനം ഉണ്ടാക്കാനുള്ള ശ്രമങ്ങളുമായി അദാനി

കൈക്കൂലി സ്കീമിന്റെ പേരിൽ ഗൗതം അദാനിക്കെതിരെ യുഎസ് ക്രിമിനൽ കുറ്റവും സിവിൽ കുറ്റവും ചുമത്തി മാസങ്ങൾക്കുള്ളിൽ തന്നെ രണ്ട് കോടതികളും നിശബ്ദമായി. എന്നാൽ ഏഷ്യയിലെ രണ്ടാമത്തെ വലിയ ധനികൻ ഈ സമയത്ത് യുഎസിൽ വൈറ്റ് ഷൂ നിയമ സ്ഥാപനങ്ങളിലും ലോബിയിസ്റ്റുകളിലും വ്യാപിച്ചുകിടക്കുന്ന ഒരു രാഷ്ട്രീയ സ്വാധീന പ്രവർത്തനം കെട്ടിപ്പടുക്കുന്ന തിരക്കിലാണ് എന്നാണ് പുറത്തു വരുന്ന റിപ്പോർട്ടുകൾ.

ഈ സമയം അദാനി നിയമപരമായ കേസുകൾ ഒരേസമയം കൈകാര്യം ചെയ്യാനും തന്റെ ബിസിനസ്സ് വിപുലീകരിക്കാനും ശ്രമിക്കുകയാണ് എന്നാണ് അടുത്ത വൃത്തങ്ങളിൽ നിന്നും ലഭിക്കുന്ന വിവരം, കൂടുതലായി പറയുകയാണെങ്കിൽ അദ്ദേഹം രാഷ്ട്രീയ ബന്ധങ്ങളിൽ ഉണ്ടാക്കാൻ ശ്രമിക്കുകയാണ്, വൈറ്റ് ഹൗസിനെ സ്വാധീനിക്കാൻ സഹായിക്കുന്ന സ്വാധീനം വർദ്ധിക്കുന്നതിനായാണ് ഇതെന്ന് വ്യക്തമാണ്.

ഈയാഴ്ച വാഷിംഗ്ടണിൽ പ്രസിഡന്റ് ഡൊണാൾഡ് ട്രംപുമായുള്ള പ്രധാനമന്ത്രിനരേന്ദ്രമോദിയുടെകൂടിക്കാഴ്ചയ്ക്ക് മുന്നോടിയായി ഇന്ത്യയിൽ, അദ്ദേഹത്തിന്റെ ക്യാമ്പ് അവിടെയുള്ള ഉദ്യോഗസ്ഥരുമായി എത്തിയിട്ടുണ്ടെന്ന് പേര് വെളിപ്പെടുത്താൻ ആഗ്രഹിക്കാത്ത ചിലർ പറഞ്ഞു.



# ട്രംപിന്റെ ഇടപെടൽ: റഷ്യ – ഉക്രെയ്ൻ യുദ്ധം അവസാനത്തിലേക്കോ?

(ഒന്നാം പേജ് തുടർച്ച)

തൊട്ടുപിന്നാലെയാണ് ഇരു രാജ്യങ്ങളുടെയും പ്രസിഡന്റുമാർ ഫോണിൽ സംസാരിച്ചത്. ഫോഗലിന് പകരം കള്ളപ്പണം വെളുപ്പിക്കൽ പ്രവർത്തനങ്ങളിൽ പങ്കുണ്ടന്ന് ആരോപിച്ച് യുഎസിൽ തടവിലാക്കിയ റഷ്യൻ ക്രിപ്റ്റോകറൻസി കിംഗ്പിൻ അലക്സാണ്ടർ വിന്നിക്കിനെ അമേരിക്ക മോചിപ്പിച്ചു.

**ബന്ധം മെച്ചപ്പെടുത്തുന്നതിനുള്ള സൂചന**

ഫോഗലിന്റെ മോചനം യുഎസ്റഷ്യ ബന്ധം മെച്ചപ്പെടുത്തുന്നതിനുള്ള സുപ്രധാന മുന്നേറ്റമായി കണക്കാക്കപ്പെടുന്നു. ഇത് രണ്ട് ശക്തികൾക്കിടയിൽ കൂടുതൽ സഹകരണത്തിന് വഴിയൊരുക്കും. യുഎസ് ഉദ്യോഗസ്ഥർ പറയുന്നതനുസരിച്ച്, ട്രംപും പുടിനും തമ്മിലുള്ള ചർച്ചകൾക്ക് വേദിയൊരുക്കിയ നിർണായക ആത്മവിശ്വാസം വളർത്തുന്ന നടപടിയാണ് തടവുകാരുടെ കൈമാറ്റം. ഉക്രെയ്നെ നറ്റോയിൽ പ്രവേശിപ്പിക്കരുതെന്ന റഷ്യയുടെ ആവശ്യം അംഗീകരിക്കാൻ തയ്യാറാണെന്ന് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് അറിയിച്ചു. റഷ്യ വളരെക്കാലമായി ഇത് പറഞ്ഞുവരികയാണ്. ഇത് അംഗീകരിക്കാൻ തയ്യാറാണെന്ന് ട്രംപ് വ്യക്തമാക്കി. റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിനുമായി ഒരു മണിക്കൂർ ഫോണിൽ സംസാരിച്ചതായും ട്രംപ് വെളിപ്പെടുത്തി.ഉക്രെയ്ൻ പ്രസിഡന്റ് വേളോഡിമർ സെലൻസ്കിയും ഡൊണാൾഡ് ട്രംപുമായി സംസാരിച്ചതായി പ്രഖ്യാപിച്ചു. ചർച്ചകൾ ശാശ്വത സമാധാനത്തെക്കുറിച്ചാണെന്ന് അദ്ദേഹം പറഞ്ഞു. യുഎസ് വൈസ് പ്രസിഡന്റ് ജെ.ഡി. വാൻസുമായും സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോയുമായും കൂടിക്കാഴ്ച നടത്തുമെന്നും സെലെൻസ്കി അറിയിച്ചു.

**ട്രംപിന്റെ മുൻ നിലപാടുകൾ**

യുഎസ് പ്രസിഡന്റായി അധികാരമേറ്റ മൂന്നാം ദിവസം ട്രംപ് റഷ്യയ്ക്ക് മുന്നറിയിപ്പ് നൽകിയിരുന്നു. ഒരു കരാറിലെത്തണം, അല്ലെങ്കിൽ റഷ്യ യുഎസിനും മറ്റ് രാജ്യങ്ങൾക്കും വിൽക്കുന്ന എല്ലാത്തിനും ഉയർന്ന നികുതികളും തീരുവകളും ചുമത്തുമെന്നായിരുന്നു ഭീഷണി. 2022 ഫെബ്രുവരിയിലാണ് റഷ്യ യുക്രെയ്ൻ യുദ്ധം ആരംഭിച്ചത്. ഇതിന് പിന്നാലെ താൻ അധികാരത്തിലെത്തിയാൽ ഒരു ദിവസം കൊണ്ട് യുദ്ധം അവസാനിപ്പിക്കുമെന്ന് ട്രംപ് പറഞ്ഞിരുന്നു. 2022 സെപ്തംബറിൽ, റഷ്യ തെക്കുകിഴക്കൻ ഉക്രെയ്നിന്റെ ചില ഭാഗങ്ങൾ പിടിച്ചടക്കിയതിനെത്തുടർന്നാണ് ഉക്രെയ്ൻ നറ്റോ അംഗത്വത്തിന് അപേക്ഷിച്ചത്. എന്നിരുന്നാലും, ഉക്രെയ്നെ അംഗീകരിക്കാൻ തങ്ങൾ തയ്യാറല്ലെന്ന് നറ്റോ സഖ്യകക്ഷികൾ വ്യക്തമാക്കിയിട്ടുണ്ട്. നറ്റോയിലെ ഉക്രെയ്നിന്റെ പിന്തുണക്കാർ പോലും യുദ്ധം അവസാനിച്ചതിനുശേഷം മാത്രമേ അംഗത്വം നൽകാൻ തയ്യാറുള്ളൂ. ഇത്രയും കാലം നീണ്ടുനിന്ന യുദ്ധം ട്രംപിന്റെയും പുടിന്റെയും പുതിയ നീക്കത്തോടെ അവസാനത്തിലേക്ക് അടുക്കുന്നു എന്ന് വിശ്വസിക്കാം.




# ഗൾഫ് ഓഫ് മെക്സിക്കോ ഗൾഫ് ഓഫ് അമേരിക്കയാകുമ്പോൾ!

ഗൂഗിളിൽ മെക്സിക്കോ ഉൾക്കടൽ ഇനി മുതൽ അറിയപ്പെടുന്നത് 'ഗൾഫ് ഓഫ് അമേരിക്ക എന്ന പേരിൽ ആയിരിക്കും. അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ ഉത്തരവിനു പിന്നാലെയാണ് ഗൂഗിളിന്റെ നടപടി. യുഎസിനുള്ളിലെ ഗൂഗിൾ ഉപയോക്താക്കൾക്കു വേണ്ടിയാണ് ഈ മാറ്റം നടപ്പാക്കിയിരിക്കുന്നത്. ഗൂഗിൾ പേര് മാറ്റിയതിനൊപ്പം എല്ലാ ഔദ്യോഗിക രേഖകളിലും പ്ലാറ്റ്ഫോമുകളിലും 'ഗൾഫ് ഓഫ് അമേരിക്ക' എന്ന പേര് സ്വീകരിക്കാനും ഫെഡറൽ ഏജൻസികൾക്ക് ട്രംപ് നിർദേശം നൽകി.

അമേരിക്കയിലെ ഉപയോക്താക്കൾക്ക് ഗൂഗിൾ മാപ്പിൽ ഗൾഫ് ഓഫ് മെക്സിക്കോ എന്നതിന് പകരം ഗൾഫ് ഓഫ് അമേരിക്ക എന്നായിരിക്കും കാണുക. അതേസമയം മെക്സിക്കോയിലെ ആളുകൾ പഴയതു പോലെ ഗൾഫ് ഓഫ് മെക്സിക്കോ എന്നുതന്നെ കാണുമെന്ന് ഗൂഗിൾ അറിയിച്ചു. യുഎസിനു പുറത്തുള്ള ഉപയോക്താക്കൾക്ക് മെക്സിക്കോ ഉൾക്കടലിന്റെ യഥാർത്ഥ പേരും പുതിയ പേരും കാണാൻ കഴിയും.

മെക്സിക്കോ ഉൾക്കടൽ, അമേരിക്ക ഉൾക്കടൽ എന്ന് പുനർനാമകരണം ചെയ്യുന്ന എക്സിക്യൂട്ടീവ് ഉത്തരവിൽ കഴിഞ്ഞ ദിവസമാണ് ട്രംപ് ഒപ്പുവച്ചത്. ലൂയിസിയാന സംസ്ഥാനത്തെ ന്യൂ ഓർലീൻസിൽ നടന്ന എൻ.എഫ്.എൽ. സൂപ്പർ ബൗൾ മത്സരം കാണാനുള്ള യാത്രയ്ക്കിടെയാണ് ട്രംപിന്റെ ഭാഗത്തുനിന്ന് നിർണായക നടപടിയുണ്ടായത്. എയർഫോഴ്സ് വൺ വിമാനത്തിൽ വച്ചാണ് ഇതു സംബന്ധിച്ച ഉത്തരവിൽ ട്രംപ് ഒപ്പുവയ്ക്കുന്നത്. ഫെബ്രുവരി ഒൻപത് 'ഗൾഫ് ഓഫ് അമേരിക്ക ദിനം' ആയി ആചരിക്കുമെന്നും അദ്ദേഹം പ്രഖ്യാപിച്ചിരുന്നു.

അമേരിക്കൻ പ്രസിഡന്റായി രണ്ടാമതും സത്യപ്രതിജ്ഞ ചെയ്ത ചടങ്ങിലാണ് 'ഗൾഫ് ഓഫ് മെക്സിക്കോ'യുടെ പേര് മാറ്റുമെന്ന് ട്രംപ് പ്രഖ്യാപിച്ചത്. ഉത്തരവിന് പിന്നാലെ യു.എസ് കോസ്റ്റ് ഗാർഡും ഗൾഫ് ഓഫ് അമേരിക്ക എന്ന് ഉപയോഗിച്ച് തുടങ്ങി. സർക്കാർ ഉത്തവിനെ തുടർന്നുള്ള പേരുമാറ്റം ഔദ്യോഗിക നടപടിയാണെന്നാണ് പേരുമാറ്റത്തെ ന്യായീകരിച്ച് ഗൂഗിൾ വിശദീകരിച്ചത്.

മെക്സിക്കൻ ഉൾക്കടലിന്റെ പേര് മാറ്റിയ ട്രംപിന്റെ നടപടി മെക്സിക്കോയും ക്യൂബയുമായുള്ള നയതന്ത്ര പ്രശ്നങ്ങൾക്ക് കാരണമാകുമെന്നാണ് രാഷ്ട്രീയ നിരീക്ഷകർ വിലയിരുത്തുന്നത്.

അതേസമയം, ആപ്പിൾ അവരുടെ മാപ്പിങ് സേവനത്തിൽ ഈ പേരുമാറ്റം നടപ്പാക്കിയിട്ടില്ല. ഉപയോക്താക്കൾ ആപ്പിൾ മാപ്പിൽ 'ഗൾഫ് ഓഫ് അമേരിക്ക' എന്ന് തിരയുമ്പോൾ ഗൾഫ് ഓഫ് മെക്സിക്കോയിലേക്ക് റീഡയറക്ട് ചെയ്യുന്ന വിധത്തിൽ സംവിധാനം ഒരുക്കിയിട്ടുണ്ട്.

പേര് മാറ്റാത്തതിന് ആപ്പിൾ സമൂഹ മാധ്യമങ്ങളിൽ വിമർശനം നേരിടുന്നുണ്ട്. ഗൂഗിളിനെ പിന്തുടർന്ന് ആപ്പിൾ മാപ്പ് അപ്ഡേറ്റ് ചെയ്യാനാണ് യു.എസിലെ ഉപയോക്താക്കൾ ആവശ്യപ്പെടുന്നത്.

അമേരിക്ക, മെക്സിക്കോ, ദ്വീപ് രാഷ്ട്രമായ ക്യൂബ എന്നിവയുടെ അതിർത്തിയിലുള്ള ലോകത്തിലെ ഏറ്റവും വലിയ ഉൾക്കടലാണ് മെക്സിക്കോ ഉൾക്കടൽ. ടെക്സസ്, ലൂസിയാന, മിസിസിപ്പി, അലബാമ, ഫ്ളോറിഡ എന്നിവയുമായി അതിർത്തി പങ്കിടുകയും മെക്സിക്കോ, ക്യൂബ വരെ വ്യാപിച്ചുകിടക്കുകയും ചെയ്യുന്ന തീരദേശ പ്രദേശത്തിന്റെ പേരാണിപ്പോൾ അമേരിക്ക മാറ്റിയത്.

# കുടിയേറ്റ നയങ്ങൾ: ന്യൂയോർക്കിനെതിരെ കേസ് ഫയൽ ചെയ്തു യുഎസ് നീതിന്യായ വകുപ്പ്




വാഷിംഗ്ടൺ: ന്യൂയോർക്ക് സംസ്ഥാനത്തിന്റെ കുടിയേറ്റ നയങ്ങൾക്കെതിരെ ട്രംപ് ഭരണകൂടം കേസെടുക്കുമെന്ന് യുഎസ് അറ്റോർണി ജനറൽ പാം ബോണ്ടി. അധികാരമേറ്റതിനുശേഷം നടത്തിയ ആദ്യ പത്രസമ്മേളനത്തിൽ, ന്യൂയോർക്ക് നേതാക്കൾ അമേരിക്കൻ പൗരന്മാരെക്കാൾ നിയമവിരുദ്ധരായ വിദേശികൾക്ക് മുൻഗണന നൽകുന്നുവെന്ന് ബോണ്ടി ആരോപിച്ചു.

ഫെഡറൽ കുടിയേറ്റ ശ്രമങ്ങളെ തടസ്സപ്പെടുത്തുന്ന കമ്മ്യൂണിറ്റികളെ നീതിന്യായ വകുപ്പ് നേരിടുമെന്ന് ബോണ്ടി കൂട്ടിച്ചേർത്തു. ന്യൂയോർക്ക് ഗവർണർ കാത്തി ഹോച്ചുൾ, സംസ്ഥാന അറ്റോർണി ജനറൽ ലെറ്റീഷ്യ ജെയിംസ്, സംസ്ഥാന മോട്ടോർ വാഹന വകുപ്പ് കമ്മീഷണർ മാർക്ക് ഷ്രോഡർ എന്നിവർക്കെതിരെ ഫെഡറൽ ഇമിഗ്രേഷൻ നിയമങ്ങൾ നടപ്പിലാക്കുന്നതിൽ പരാജയപ്പെട്ടതിന് വകുപ്പ് കേസെടുക്കുകയാണെന്ന് ബോണ്ടി പറഞ്ഞു.

പൗരത്വമോ നിയമപരമായ പദവിയോ പരിഗണിക്കാതെ തന്നെ സംസ്ഥാനത്തെ ആളുകൾക്ക് ഡ്രൈവിംഗ് ലൈസൻസ് നേടാൻ അനുവദിക്കുന്ന ന്യൂയോർക്കിന്റെ നിയമത്തെ ബോണ്ടി തന്റെ ആദ്യ വാർത്താസമ്മേളനത്തിൽ പ്രത്യേകം വിമർശിച്ചു.

ഷിക്കാഗോ നഗരത്തിന്റെ നിയമങ്ങൾ കുടിയേറ്റ നിയമങ്ങൾ നടപ്പിലാക്കാനുള്ള ഫെഡറൽ ശ്രമങ്ങളെ തടയുന്നുവെന്ന് ആരോപിച്ച് നീതിന്യായ വകുപ്പ് ഷിക്കാഗോ നഗരത്തിനെതിരെ കേസ് ഫയൽ ചെയ്തതിന് ദിവസങ്ങൾക്ക് ശേഷമാണ് ഈ കേസ് വരുന്നത്.




OVER 20 YEARS OF EXPERIENCE
SERVING ILLINOIS & INDIANA



Mathew Kunjappy
Managing Broker
Emsons Realty LTD.
Phone: 1(630) 935-4333
Email: MK@EmsonsRealty.com

EMSONS REALTY

BEST TIME
TO BUY!!!
SHOPPING CENTERS
GROCERY STORES
GAS STATIONS
APARTMENTS

240 E. LAKE STREET, SUITE 109B, ADDISON, IL 60101





## SEEKING BRIDEGROOM

**We are seeking a** suitable alliance for our niece, aged 25, from Idukki. She has completed her B.Tech in Computer Science from Amal Jyothi College of Engineering Kanjirappally. She worked with Infosys for almost 3 years and is currently pursuing a course in Data Analytics. We are looking for a Christian (RCSC) boy from a respected family background.

For more details, please contact:

**Chavara ID: CKTA500214**
**847-778-6907 (Chicago)**

#021225



## SEEKING BRIDE

**We are seeking** a suitable alliance for our nephew, aged 29, from Idukki.

He has completed his MBA from Rajagiri College of Social Sciences and is currently working in our family business.

We are looking for a Christian (RCSC) girl from a respected family background. Interested families may contact us for further details.

**Chavara ID: CKTA459984**
**847-778-6907 (Chicago)**

#021225

## വരനെ ആവശ്യമുണ്ട്

ഫ്ളോറിഡയിലെ മിയാമിയിൽ താമസിക്കുന്ന മാതാപിതാക്കൾ, RN ആയി മിയാമിയിൽ ജോലി ചെയ്യുന്ന 28 വയസ്സുള്ള ക്നാനായ യുവതി(യുഎസ് സിറ്റിസൺ) അനുയോജ്യരായ ക്നാനായ കാത്തലിക് യുവാക്കളിൽനിന്നുംവിവാഹാലോചന ക്ഷണിക്കുന്നു.

**ബന്ധപ്പെടുക: 786–868–7192, 786–825–5748**

#010825

## ബേബി സിറ്ററെ ആവശ്യമുണ്ട്

ഷിക്കാഗോയിലെ ഡെസ്പ്ലെയിൻസിൽ താമസിക്കുന്ന മലയാളി കുടുംബത്തിന് വീട്ടിൽ താമസിച്ചോ വന്നുപോയോ ബേബി സിറ്റിംഗ് നടത്തുന്നതിന് ആളെ ആവശ്യമുണ്ട്.

**വിളിക്കുക: 773–744–0046**
**224–258–2393**

#021225

## ROOMS FOR RENT IN DOWNERS GROVE

Three private rooms for rent in Downers Grove, ideal for bachelors. Only 5 minutes from Highway 355, with all amenities and parking included.

For more information
**Contact: +1-630-723-1112 or**
**email: siby.joseph1@gmail.com**

#021225


## നൊവേന

### പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചുതരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും, മറക്കുവാനും കഴിവുതരുന്ന ദൈവീക ദാനം തരികയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്രവലിയ ഭൗതീകാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷംപോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപ്പെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലയെന്ന് ഞാൻ തീർത്തുപറയുന്നു. നിത്യാമഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിനു വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോടു ചോദിക്കുന്നു...

ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്നുദിവസം അടുപ്പിച്ചു പ്രാർത്ഥിക്കുക. മൂന്നുദിവസത്തിനുശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിനുമുൻപ് താഴെ പറയുന്ന രണ്ട് കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും.

2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്രയധികം ആളുകളിൽ എത്തിക്കും. ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.

**സിബി മാത്യു**

#021225

### വിശുദ്ധ യൂദാ ശ്ലീഹാ നൊവേന



ഈശോയുടെ വിശ്വസ്തദാസനും സ്നേഹിതനു അപ്പസ്തോലനുമായ വിശുദ്ധ യൂദായേ ദിവ്യഗുരുവിനെ ശത്രുക്കളുടെ കരങ്ങളിൽ ഏൽപ്പിച്ചുകൊടുത്തവന്റെ പേരിനോട് അങ്ങയുടെ പേരിനുള്ള സാമ്യം പലരും അങ്ങയെ മറക്കുവാൻ കാരണമാക്കിയല്ലോ. എങ്കിലും നിരാശാജനകവും അസാധ്യവുമായ കാര്യങ്ങളുടെ മദ്ധ്യസ്ഥനായി തിരുസഭ അങ്ങേ സാർവ്വത്രികമായി വണങ്ങുകയും അങ്ങേ സഹായം അപേക്ഷിക്കുകയും ചെയ്യുന്നു. വളരെയധികം കഷ്ടപ്പെടുന്ന എനിക്കിവേണ്ടി പ്രാർത്ഥിക്കണമേ ആശയററ സന്ദർഭങ്ങളിൽ ദൃശ്യമായ സഹായം അതിവേഗം പ്രദാനം ചെയ്യുന്നതിന് അങ്ങേയ്ക്കു സംസിദ്ധമായിരിക്കുന്ന പ്രത്യോകാനുകൂല്യത്തെ എന്ക്കുവേണ്ടി വിനിയോഗിക്കണമെന്ന് ഞാനങ്ങയോടഭ്യർത്ഥിക്കുന്നു.

എന്റെ എല്ലാ ആവശ്യങ്ങളിലും കഷ്ടതകളിലും ദു:ഖങ്ങളിലും പ്രത്യേകിച്ച് ... (നിയോഗം)... സ്വർഗ്ഗത്തിൽ നിന്നുള്ള സഹായവും ആശ്വാസവും കിട്ടുന്നതിനുമായി ഈ വലിയ ആവശ്യനേരത്ത് എന്റെ സഹായത്തിന് എത്തേണമെ.

അങ്ങനെ അങ്ങയോടും മറെല്ലാ വിശുദ്ധരോടും കൂടെ ദൈവത്തെ അനവരതം സ്തുതിക്കുന്നതിന് എനിക്ക് ഇടയാകട്ടെ. ഓ! വാഴ്ത്തപ്പെട്ട വി യൂദായേ ഈ വലിയ അനുഗ്രഹത്തെ ഞാൻ എന്നും സ്മരിക്കുന്നതാണെന്നും എന്റെ ശക്തിയുള്ള പ്രത്യേക മദ്ധ്യസ്ഥനായി അങ്ങയെ വണങ്ങുന്നതിൽ ഞാൻ ഒരിക്കലും കുറവു വരുത്തുകയില്ലെന്നും അങ്ങയോടുള്ള ഭക്തി പ്രചരിപ്പിക്കുന്നതിന് എന്റെ സർവ്വ കഴിവുകളും വിനിയോഗിക്കുന്നതാണെന്നും ഞാൻ ഇതാ പ്രതിജ്ഞ ചെയ്യുന്നു.

**മറിയാമ്മ ജോർജ്**

#021225



Newspaper for Malayalees Worldwide ◆Estd.2020

വാചകം VACHAKAM

To Advertise
1 773–888–2242
1 773–842–9149
1 773–888–2243
vachakamonline@gmail.com
news@vachakam.com

For E-Paper reading visit Vachakam.com

Vachakam.com

## കെന്നഡി സെന്റർ ബോർഡിന് പുതിയ ഭാരവാഹികൾ;
# പുതിയ ചെയർമാനായി ട്രംപ്

വാഷിംഗ്ടൺ: പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ബുധനാഴ്ച ജോൺ എഫ്. കെന്നഡി സെന്റർ ഫോർ ദി പെർഫോമിംഗ് ആർട്സിന്റെ നവീകരണ പ്രവർത്തനത്തിന് തുടക്കംകുറിച്ചു. ഇതിന്റെ ഭാഗമായി ട്രംപാണ് സംഘടനയുടെ പുതിയ ചെയർമാൻ. തുടർന്ന് സംഘടനയുടെ പ്രസിഡന്റ് ഡെബോറ റട്ടറിനെ പുറത്താക്കി.

ട്രംപ് പുതുതായി നിയമിച്ചവരെ ഉൾപ്പെടുത്തി ട്രസ്റ്റി ബോർഡ് അദ്ദേഹത്തെ ചെയർമാനായി തിരഞ്ഞെടുത്തുവെന്നും റിച്ചാർഡ് ഗ്രെനെലിനെ ഇടക്കാല പ്രസിഡന്റായി നിയമിച്ചുവെന്നും കെന്നഡി സെന്റർ പ്രസ്താവനയിൽ പറഞ്ഞു. വർഷങ്ങളായി ഉഭയകക്ഷി പിന്തുണ ആസ്വദിച്ച രാജ്യത്തെ പ്രമുഖ കലാസംഘടനകളിലൊന്നായ കെന്നഡി സെന്ററിന്റെ ചെയർമാനായിരുന്ന ഡേവിഡ് റൂബൻസ്റ്റീനെ ട്രംപ് മാറ്റി.

# ഹവായിയിലെ കിലൗയ അഗ്നിപർവ്വതം പൊട്ടിത്തെറിച്ച് 330 അടി ഉയരത്തിൽ ലാവ പുറത്തേക്ക് ഒഴുകുന്നു

ഹവായിയിലെ ബിഗ് ഐലൻഡിൽ ചൊവ്വാഴ്ച കിലൗയ അഗ്നിപർവ്വതം പൊട്ടിത്തെറിക്കുകയും ലാവ പുറത്തേക്ക് ഒഴുകുകയും ചെയ്യുന്നതായി റിപ്പോർട്ട്. ലോകത്തിലെ ഏറ്റവും സജീവമായ അഗ്നിപർവ്വതങ്ങളിലൊന്നായ കിലൗയ, ഡിസംബർ 23ന് പൊട്ടിത്തെറിച്ചതിന് ശേഷം ഏകദേശം രണ്ട് മാസത്തോളമായി പൊട്ടിത്തെറികൾ ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്.

ഹവായ് അഗ്നിപർവ്വത ദേശീയ ഉദ്യാനത്തിനുള്ളിലെ അഗ്നിപർവ്വതത്തിന്റെ ഉച്ചകോടിയിലെ ഗർത്തത്തിലാണ് സ്ഫോടനം നടക്കുന്നത്. എന്നാൽ ജനവാസ മേഖലകളൊന്നും ലാവയുടെ ഭീഷണിയിലായിട്ടില്ല. ഉരുകിയ പാറയുടെ ഏറ്റവും പുതിയ പൊട്ടിത്തെറി രാവിലെ 10:16 ന് ആരംഭിച്ചത് ഹാലെമൗ ക്രേറ്ററിന്റെ തറയിലേക്ക് ലാവ ഒഴുകുന്നതോടെയാണ്. അരമണിക്കൂറിനുശേഷം, 330 അടി ഉയരത്തിൽ ഒരു വെന്റ് ലാവ തെറിച്ചു. ബുധനാഴ്ച പുലർച്ചയോടെ ലാവ ജലധാരകൾ 16200 അടി ഉയരത്തിൽ എത്തിയതായി അധികൃതർ അറിയിച്ചു.

'നിലവിലെ അപകടങ്ങളിൽ അഗ്നിപർവ്വത വാതക ഉദ്വമനങ്ങളും കാറ്റിൽ വീശുന്ന അഗ്നിപർവ്വത സ്ഫടികവും ഉൾപ്പെടുന്നു, അത് ഹവായ് അഗ്നിപർവ്വത ദേശീയ ഉദ്യാനത്തെയും സമീപത്തുള്ള കമ്മ്യൂണിറ്റികളെയും ബാധിച്ചേക്കാം,' എന്നാണ് യുഎസ് ജിയോളജിക്കൽ സർവേയുടെ ഹവായിയൻ അഗ്നിപർവ്വത നിരീക്ഷണ കേന്ദ്രം പ്രസ്താവനയിൽ വ്യക്തമാക്കിയത്.



അഗ്നിപർവ്വത പ്രവർത്തനത്തിന്റെ വീഡിയോ ഒബ്സർവേറ്ററി പുറത്തുവിടുകയും സ്ഫോടനത്തിന്റെ തത്സമയ സ്ട്രീം ഹോസ്റ്റുചെയ്യുകയും ചെയ്യുന്നു. ഡിസംബർ 23 മുതൽ പൊട്ടിത്തെറിയുടെ ഒമ്പതാമത്തെ പരമ്പര ആണ് ഇതെന്ന് ഹവായിയൻ അഗ്നിപർവ്വത നിരീക്ഷണ കേന്ദ്രം അറിയിച്ചു. മുമ്പത്തെ തവണകൾ 13 മണിക്കൂർ മുതൽ എട്ട് ദിവസം വരെ നീണ്ടുനിൽക്കുന്നു, അതിനിടയിൽ താൽക്കാലികമായി നിർത്തുകയും ചെയ്യുന്നു.

കഴിഞ്ഞ മാസം കിലൗയ 26 മണിക്കൂർ നീണ്ടുനിൽക്കുന്ന സ്ഫോടനത്തോടെ ഒരു ഹ്രസ്വമായ ഗംഭീരമായ ഷോ നടത്തി, അഗ്നിപർവ്വത വാതക ഉദ്‌വമനവും ഉച്ചകോടിയിലെ മഴയിൽ നിന്നുള്ള നീരാവിയും കലർന്ന ദൃശ്യങ്ങൾ ലൈവ് ക്യാമറകൾ കാണിക്കുന്നു. വടക്കൻ ദ്വാരത്തിൽ നിന്നുള്ള ശക്തമായ തിളക്കം, ലാവ ഗർത്തത്തിന്റെ ഉപരിതലത്തോട് ചേർന്ന് നിൽക്കുന്നതായി സൂചിപ്പിക്കുന്നതായി ശാസ്ത്രജ്ഞർ പറഞ്ഞു. ഹോണോലുലുവിൽ നിന്ന് ഏകദേശം 200 മൈൽ തെക്ക് കിഴക്കായാണ് കിലൗയ.

# ഗാസയിൽ വലിയ റിയൽ എസ്റ്റേറ്റ് പ്ലാൻ

ഗാസ അമേരിക്ക വാങ്ങുമെന്നും സ്വന്തമാക്കുമെന്നുമുള്ള വാക്കുകൾ ആവർത്തിച്ചുകൊണ്ടിരിക്കുകയാണ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. ഗാസ വലിയ റിയൽ എസ്റ്റേറ്റ് ഭൂമിയാണ്. അവിടെ പുനർനിർമ്മിക്കാൻ മധ്യപൂർവദേശത്തെ രാജ്യങ്ങളെ അനുവദിക്കുമെന്നും ട്രംപ് പറഞ്ഞിരുന്നു.

'പുനർനിർമ്മിക്കുകയെന്നതാണ് പ്രധാനം. മധ്യപൂർവ്വ പ്രദേശത്തെ മറ്റ് രാജ്യങ്ങളെ ചില ഭാഗത്ത് പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താൻ അനുവദിക്കും. എന്നാൽ ഞങ്ങളുടെ മേൽനോട്ടത്തിലായിരിക്കും. കാരണം ഞങ്ങളാണ് ഗാസ ഏറ്റെടുക്കാനും സ്വന്തമാക്കാനും അധികാരമുള്ളവർ. ഒരു കാര്യം ഉറപ്പാണ് ഹമാസിനെ അവിടെ അനുവദിക്കില്ല. ആ പ്രദേശം മുഴുവൻ തകർക്കപ്പെട്ടിരിക്കുകയാണ്', ട്രംപ് പറഞ്ഞു.




ഗാസയിലേക്ക്പലസ്തീനികൾപോകണമെന്ന് ആഗ്രഹിക്കുന്നത് അവരുടെ വീട് അവിടെയാണ് ഉള്ളത് എന്നതിനാലാണ്. അവർക്ക് സുരക്ഷിതമായ വീട് മറ്റൊരു സ്ഥലത്ത് ഒരുക്കാമെന്ന ഉറപ്പ് നൽകിയാൽ അവർ ഒരിക്കലും മടങ്ങിപ്പോകില്ലെന്നും ട്രംപ് വ്യക്തമാക്കുന്നു. സംഘർഷം അവസാനിപ്പിക്കുന്നതിന്റെ ഭാഗമായി ഇസ്രായേൽ ഗാസയെ അമേരിക്കയ്ക്ക് കൈമാറുമെന്നും ഗാസയെ സ്വതന്ത്രമാക്കാനും മേഖലയെ രാജ്യാന്തര കേന്ദ്രമാക്കി മാറ്റാനും യുഎസ് തയ്യാറാണെന്നുമായിരുന്നു നേരത്തേ ട്രംപ് പറഞ്ഞത്.

ഗാസയുടെ സാമ്പത്തിക ഉന്നമനത്തിനുള്ള ശ്രമങ്ങൾക്കും തങ്ങൾ തയ്യാറാണ്. ഗാസയുടെ സംരക്ഷണത്തിനായി യുഎസ് സൈന്യത്തെ അവിടേക്ക് അയക്കേണ്ട സാഹചര്യം ഉണ്ടായാൽ അയക്കുമെന്നും ട്രംപ് പറഞ്ഞിരുന്നു. അതേസമയം ഇതിനെതിരെ ശക്തമായ ഭാഷയിലാണ് പലസ്തീൻ ജനത പ്രതികരിച്ചത്. ഗാസ തങ്ങളുടെ മണ്ണാണെന്നും പലസ്തീൻ വിട്ടുപോകുന്ന പ്രശ്നം ഉദിക്കുന്നില്ലെന്നും പലസ്തീൻകാർ തുറന്നടിച്ചു. ട്രംപിന്റെ ഏറ്റവും പുതിയ പ്രസ്താവനയ്ക്കെതിരെ ഹമാസും രംഗത്തെത്തി. വിഡ്ഢിത്തമാണ് ട്രംപ് പുലമ്പുന്നതെന്നായിരുന്നു ഹമാസിന്റെ പരിഹാസം.

'ഗാസവാങ്ങാനുംവിൽക്കാനുംകഴിയുന്ന ഒരു വസ്തുവല്ല, അത് ഞങ്ങളുടെ അധിനിവേശ പാലസ്തീൻ ഭൂമിയുടെ അവിഭാജ്യ ഘടകമാണ്. ഒരു റിയൽ എസ്റ്റേറ്റ് ഇടപാടുകാരന്റെ മാനസികാവസ്ഥയിൽ പാലസ്തീൻ പ്രശ്നം കൈകാര്യം ചെയ്യുന്നത് വലിയ പരാജയത്തിന്റെ സൂചനയാണ്. പാലസ്തീൻ ജനത ഇത്തരത്തിലുള്ള നാടുകടത്തൽ പദ്ധതികളെ പരാജയപ്പെടുത്തും. ഗാസ അവിടുത്തെ ജനങ്ങളുടേതാണ്', ഹമാസ് പൊളിറ്റിക്കൽ ബ്യൂറോ അംഗം ഇസത്ത് അൽ റിഷെഖ് ടെലിഗ്രാമിൽ പങ്കുവെച്ച പ്രസ്താവനയിൽ പറഞ്ഞത് ഇപ്രകാരമാണ്.

അതിനിടെ ഇസ്രായേൽഹമാസ് വെടിനിർത്തൽ കരാർ താത്കാലികമായി നിർത്തിവെച്ചിരിക്കുകയാണ്. കരാർലംഘിച്ച് ഗാസയിൽ ഇസ്രായേൽ ആക്രമണം തുടരുകയാണെന്നും അതിനാൽ ഇനി ബന്ദികളെ മോചിപ്പിക്കില്ലെന്നുമാണ് ഹമാസ് അറിയിച്ചിരിക്കുന്നത്.

അതേസമയം ഗാസ ഏറ്റെടുത്ത് പലസ്തീനികളെ മാറ്റിപ്പാർപ്പിക്കുമെന്ന യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ നിർദേശം തള്ളി ജോർദാൻ രാജാവ് അബ്ദുല്ല രണ്ടാമൻ രംഗത്തെത്തി. ഗാസയെ പുനർനിർമ്മിക്കുന്നതിന് തന്നെയാണ് മുൻഗണനയെന്നും എന്നാൽ അതൊരിക്കലും അവിടുത്ത ജനങ്ങളെ മാറ്റിപാർപ്പിച്ച് കൊണ്ടായിരിക്കരുതെന്നും ജോർദാൻ രാജാവ് വ്യക്തമാക്കി. വൈറ്റ് ഹൗസിൽ ട്രംപുമായി നടന്ന കൂടിക്കാഴ്ചക്ക് ശേഷം പ്രതികരിക്കുകയായിരുന്നു അദ്ദേഹം.

ഗാസയിൽ നിന്നും വെസ്റ്റ് ബാങ്കിൽ നിന്നും പാലസ്തീൻ ജനതയെ മാറ്റിപാർപ്പിക്കുന്നതിനെതിരെ തങ്ങളുടെ ശക്തമായ നിലപാട് വൈറ്റ് ഹൗസിനെ അറിയിച്ചിട്ടുണ്ട്. അറബ് രാജ്യങ്ങളുടെ ഏകീകൃത നിലപാടാണിത്. ഗാസയിലെ ജനങ്ങളെ മാറ്റിപ്പാർപ്പിക്കാതെ തന്നെ പ്രതിസന്ധിക്ക് പരിഹാരം കാണുകയും ഗാസയെ പുനർനിർമ്മിക്കുകയുമാണ് വേണ്ടതെന്നും അദ്ദേഹം വ്യക്തമാക്കുന്നു.

പ്രാദേശിക തലത്തിലുള്ള ഒരു പദ്ധതി തയ്യാറാക്കുന്നതിനായുള്ള ശ്രമങ്ങൾ ഈജിപ്ത് നടത്തുന്നുണ്ടെന്നും റിയാദിൽ നടക്കാനിരിക്കുന്ന യോഗത്തിൽ ഇത് സംബന്ധിച്ച് കൂടുതൽ കാര്യങ്ങൾ അവതരിപ്പിക്കുമെന്നും കൂടിക്കാഴ്ചയിൽ അബ്ദുള്ള രണ്ടാമൻ ട്രംപിനെ അറിയിച്ചു. ജോർദാനെ സംബന്ധിച്ച് ചരിത്രപരമായ ആശങ്കകളും വിഷയത്തിൽ ഉണ്ട്.

11 ദശലക്ഷമുള്ള ജോർദാനിലെ ജനസംഖ്യയുടെ പകുതിയും പാലസ്തീൻ വംശജരാണ്. 1948ൽ ഇസ്രായേൽ സ്ഥാപിതമായതോടെയാണ് ഇവരിൽ പലരും ജോർദാനിലേക്ക് കുടിയേറിയത്.

അതിനിടെ കാൻസർ ഉൾപ്പെടെയുള്ള ഗുരുതരമായ രോഗങ്ങളാൽ ദുരിതം അനുഭവിക്കുന്ന ഗാസയിലെ 2000ത്തോളം കുട്ടികളുടെ ചികിത്സ ഏറ്റെടുക്കാമെന്ന് അബ്ദുള്ള രണ്ടാമൻ വാഗ്ദാനം ചെയ്തു. മികച്ച തീരുമാനം എന്നായിരുന്നു ട്രംപ് ഇതിനോട് പ്രതികരിച്ചത്. ഇത്തരമൊരു കാര്യം ജോർദാൻ ആലോചിക്കുന്നതായി അറിഞ്ഞിരുന്നില്ലെന്നും ട്രംപ് പറഞ്ഞു.

ഗാസ ഏറ്റെടുത്ത് പുനർനിർമ്മിക്കുമെന്നായിരുന്നു നേരത്തേ ട്രംപ് പറഞ്ഞത്. പാലസ്തീനികളെ അറബ് രാജ്യങ്ങൾ ഏറ്റെടുക്കണമെന്നും ട്രംപ് ആവശ്യപ്പെട്ടിരുന്നു. തന്റെ നിർദേശം ജോർദാനും ഈജിപ്തുമൊന്നും അംഗീകരിച്ചില്ലെങ്കിൽ ഇരുരാജ്യങ്ങൾക്കുമുള്ള യു.എസ് സഹായം നിർത്തുമെന്നും ട്രംപ് ഭീഷണി മുഴക്കിയിരുന്നു.

എന്നാൽ വ്യാപക വിമർശനം ഉയർതോടെ പരാമർശത്തിൽ നിന്നും ട്രംപ് പിന്നോട്ട് പോയി. അതിനിടെ ഗാസയിൽ തനിക്ക് റിയൽ എസ്റ്റേറ്റ് പദ്ധതികൾ ഉണ്ടെന്ന പരാമർശത്തിലും ട്രംപ് വ്യക്തത വരുത്തി.

'എനിക്ക് ഗാസയിൽ വ്യക്തിപരമായ റിയൽ എസ്റ്റേറ്റ് താത്പര്യങ്ങൾ ഇല്ല. യുഎസിൽ തന്നെ എന്റെ ബിസിനസ് നല്ല രീതിയിൽ മുന്നോട്ട് പോകുന്നുണ്ട്. ഗാസയിൽ വിപുലമായ റിയൽ എസ്റ്റേറ്റ് പദ്ധതിയാണ് ഉള്ളതെന്നും ട്രംപ് പറഞ്ഞിരുന്നു.

## ഫെബ്രുവരി 20 ന് മുമ്പ് പ്രസവിക്കാനായി തിരക്ക്; ജന്മാവകാശ പൗരത്വ ഉത്തരവിൽ മുന്നറിയിപ്പുമായി ഇന്ത്യൻ ഡോക്ടർമാർ

വാഷിംഗ്ടൺ: അമേരിക്കയിൽ ജന്മാവകാശ പൗരത്വം അവസാനിപ്പിക്കാനുള്ള യു.എസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ തീരുമാനം വലിയ ആശങ്കകൾക്ക് വഴിവെച്ചിരുന്നു. അമേരിക്കയിൽ ജനിക്കുന്ന എല്ലാവർക്കും പൗരത്വം ലഭിക്കുന്നത് നിർത്തലാക്കുന്ന ഉത്തരവാണിത്. ഇതനുസരിച്ച് ഫെബ്രുവരി 20 ന് ശേഷം അമേരിക്കയിൽ ജനിക്കുന്ന കുട്ടികൾക്ക് ജന്മാവകാശ പൗരത്വം ലഭിക്കില്ല.



താൽക്കാലിക വിസ ഉടമകളുടെ മക്കൾക്ക് പൗരത്വം ലഭിക്കുന്നത് ഒഴിവാക്കാനാണ് ട്രംപിന്റെ നീക്കം. ഇനി ജന്മാവകാശ പൗരത്വത്തിന് അർഹത കിട്ടണമെങ്കിൽ മാതാപിതാക്കളിൽ ഒരാൾക്ക് യു.എസ്. പൗരത്വമോ ഗ്രീൻ കാർഡോ ഉണ്ടായിരിക്കണം. അല്ലെങ്കിൽ യു.എസ് സൈന്യത്തിൽ അംഗമായിരിക്കണം എന്നിങ്ങനെയുള്ള നിബന്ധനകളാണ് ട്രംപ് മുന്നോട്ടുവയ്ക്കുന്നത്.

ട്രംപിന്റെ ഈ തീരുമാനത്തിൽ ഏറ്റവും അധികം ആശങ്കപ്പെടുന്നത് ഇന്ത്യക്കാരാണ്. യു.എസിന്റെ എച്ച്1ബി വിസയുടെ ഏറ്റവും വലിയ ഗുണഭോക്താക്കൾ ഇന്ത്യക്കാരാണ്. ഈ വിസയിൽ നിരവധി ഇന്ത്യക്കാരാണ് അമേരിക്കയിലുള്ളത്. യു.എസിൽ ജനിക്കുന്ന തങ്ങളുടെ കുഞ്ഞുങ്ങൾക്ക് മറ്റു നടപടിക്രമങ്ങൾ ഇല്ലാതെ തന്നെ പൗരത്വം ലഭിക്കുമെന്നാണ് ഈ വിസ ഉടമകൾ കരുതിയിരുന്നത്. മക്കൾക്ക് അമേരിക്കയിൽ സ്ഥിര താമസം ലഭിക്കാനും സുരക്ഷിതമായ ഭാവി കെട്ടിപ്പടുക്കാനും ആഗ്രഹിച്ചിരുന്ന മാതാപിതാക്കൾക്കാണ് ഉത്തരവ് തിരിച്ചടിയായത്.

അതേസമയം ജന്മാവകാശ പൗരത്വം നിർത്തലാക്കാനുള്ള ട്രംപിന്റെ ഉത്തരവ് സിയാറ്റിലിലെ ഫെഡറൽ ജഡ്ജ് 14 ദിവസത്തേക്ക് സ്റ്റേ ചെയ്തത് ഇന്ത്യൻ സമൂഹത്തിന് നേരിയ ആശ്വാസം പകർന്നിരുന്നു.

മാതാപിതാക്കളാകാൻ അധികം താമസമില്ലാത്ത ആയിരക്കണക്കിന് ഇന്ത്യക്കാരാണ് ഇപ്പോൾ അമേരിക്കയിലുള്ളത്. ജന്മാവകാശ പൗരത്വം ലഭിക്കില്ലെന്ന ആശങ്കയെ തുടർന്ന് പ്രസവം ഫെബ്രുവരി 20നു മുൻപാക്കാൻ ആശുപത്രികളിലെത്തുന്ന ഇന്ത്യക്കാരുടെ എണ്ണം വർധിക്കുന്നതായി അടുത്തിടെ റിപ്പോർട്ടുകളുണ്ടായിരുന്നു.

യുഎസ് പൗരത്വം ഉറപ്പാക്കാൻ പ്രസവം നേരത്തെയാക്കാനുള്ള ശ്രമങ്ങളോട് അമേരിക്കയിലെ ഇന്ത്യൻ ഡോക്ടർമാരുടെ സംഘടന അനകൂലമായല്ല പ്രതികരിക്കുന്നത്. അമേരിക്കൻ അസോസിയേഷൻ ഓഫ് ഫിസിഷ്യൻസ് ഓഫ് ഇന്ത്യൻ ഒറിജിൻ (എഎപിഐ) പ്രസിഡന്റ് സതീഷ് കതുല നൽകുന്ന മുന്നറിയിപ്പ് വളരെ പ്രധാനമാണ്. കർക്കശമായ മെഡിക്കൽ നിയമങ്ങളുള്ള രാജ്യത്ത് പൗരത്വത്തിനായി മാത്രം പ്രസവം നേരത്തെയാക്കുന്നത് ശരിയല്ലെന്ന് അദ്ദേഹം പറയുന്നു. യുഎസിലെ രണ്ടാമത്തെ വലിയ കുടിയേറ്റ സമൂഹമാണ് ഇന്ത്യക്കാർ. അഞ്ച് ദശലക്ഷത്തിലധികം പേരാണ് എച്ച്1ബി വിസയിൽ അമേരിക്കയിൽ കഴിയുന്നത്. ഇവർക്കാർക്കും ഇനി കുട്ടികൾ ജനിച്ചാൽ പൗരത്വം ലഭിക്കില്ല.






# അമേരിക്കയുടെ താരിഫുകൾക്കെതിരെ സമ്മർദ്ദം ചെലുത്തി കാനഡ നേതാക്കൾ

അമേരിക്കൻ പ്രസിഡന്റ് രാജ്യത്തിന്മേൽ ചുമത്തുമെന്ന് ഭീഷണിപ്പെടുത്തിയ താരിഫുകൾക്കെതിരെ തങ്ങളുടെ വാദം ഉന്നയിക്കാൻ വൈറ്റ് ഹൗസിൽ തങ്ങൾ ഒരു 'ക്രിയാത്മക' മീറ്റിംഗ് നടത്തിയെന്ന് വ്യക്തമാക്കി കാനഡയുടെ പ്രവിശ്യാ, പ്രദേശിക നേതാക്കൾ.



അതേസമയം 13 പ്രീമിയർമാരും ഒരുമിച്ച് യുഎസ് തലസ്ഥാനം സന്ദർശിക്കുന്നത് ഇതാദ്യമാണ്, ഇത് നടക്കാൻ സാധ്യതയുള്ള ഒരു വ്യാപാരയുദ്ധത്തെ കാനഡ എത്ര ഗൗരവത്തോടെയാണ് വീക്ഷിക്കുന്നത് എന്ന് വ്യക്തമാക്കുന്നു.

കാനഡയിൽ നിന്നുള്ള എല്ലാ സാധനങ്ങൾക്കും 25% ഇറക്കുമതി നികുതിയും ഊർജത്തിന് 10% നികുതിയും ചുമത്തുമെന്ന പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ ഭീഷണി കാനഡ പുതിയ അതിർത്തി നടപടികൾ സ്വീകരിച്ചതിന് ശേഷം ഈ മാസം ആദ്യം 30 ദിവസത്തേക്ക് താൽക്കാലികമായി നിർത്തിവച്ചിരുന്നു.

മാർച്ച് 12 മുതൽ യുഎസിലേക്കുള്ള എല്ലാ ആഗോള സ്റ്റീൽ, അലുമിനിയം ഇറക്കുമതികൾക്കും 25% നികുതി ചേർക്കാൻ പദ്ധതി എന്ന പുതിയ ഒരു ഭീഷണി കൂടി തിങ്കളാഴ്ച ട്രംപ് ഉന്നയിച്ചിട്ടുണ്ട്. ബുധനാഴ്ച ഉച്ചതിരിഞ്ഞ്, യുഎസ് നിയമനിർമ്മാതാക്കളുമായി ദിവസം ചെലവഴിച്ചതിന് ശേഷം ട്രംപ് മുതിർന്ന ഉപദേശകരുമായി അവസാന നിമിഷം കൂടിക്കാഴ്ച നടത്തി.

'ഞങ്ങൾ വളരെ ക്രിയാത്മകമായ സംഭാഷണം നടത്തി,' എന്നാണ് ഒന്റാറിയോ പ്രീമിയർ ഡഗ് ഫോർഡ് മാധ്യമപ്രവർത്തകരോട് വ്യക്തമാക്കിയത്. അതിർത്തി സുരക്ഷ, വ്യാപാര ബന്ധങ്ങളിൽ യുഎസ് പ്രയോജനപ്പെടുത്തുന്നില്ലെന്ന് ഉറപ്പാക്കൽ തുടങ്ങിയ താരിഫുകളുടെ ട്രംപിന്റെ പ്രഖ്യാപിത കാരണങ്ങളിൽ പ്രസിഡന്റിന്റെ വാക്ക് സ്വീകരിക്കാൻ വൈറ്റ് ഹൗസ് ഉപദേശകർ ഞങ്ങളെ പ്രേരിപ്പിച്ചതായി ബ്രിട്ടീഷ് കൊളംബിയ പ്രീമിയർ ഡേവിഡ് എബി പറഞ്ഞു.

ഇരു രാജ്യങ്ങളും സാമ്പത്തിക സഖ്യകക്ഷികൾ എന്ന നിലയിൽ മികച്ചതാണെന്നും ഊർജം, ലോഹങ്ങൾ, നിർണായക ധാതുക്കൾ തുടങ്ങിയ ചരക്കുകളുടെ സുരക്ഷിത പങ്കാളിയാണ് കാനഡയെന്നുമാണ് പ്രധാനമന്ത്രിമാരുടെ പ്രധാന നിലപാട്.

കാനഡയുടെ കയറ്റുമതിയുടെ 75% യുഎസിലേക്കാണ് പോകുന്നത്, രണ്ട് സമ്പദ്‌വ്യവസ്ഥകളും ഉയർന്ന സംയോജിതമാണിത്. സ്റ്റീൽ, അലൂമിനിയം താരിഫുകൾ മുന്നോട്ട് പോയാൽ, മറ്റേതൊരു രാജ്യത്തേക്കാളും കൂടുതൽ ഉൽപ്പന്നങ്ങൾ യുഎസിൽ വിതരണം ചെയ്യുന്ന കാനഡയെ അത് ബാധിക്കും. ലോഹങ്ങളും ബ്ലാങ്കറ്റ് താരിഫുകളും പ്രാബല്യത്തിൽ വന്നാൽ, കാനഡയിൽ സ്റ്റീൽ, അലുമിനിയം താരിഫുകൾ ഇരട്ടിയാക്കും.

ബുധനാഴ്ച, കാനഡയുടെ ധനമന്ത്രി ഡൊമിനിക് ലെബ്ലാങ്ക്, വാണിജ്യ വകുപ്പിനെ നയിക്കാൻ ട്രംപ് തിരഞ്ഞെടുത്ത ഹോവാർഡ് ലുട്നിക്കിനെയും നാഷണൽ ഇക്കണോമിക് കൗൺസിൽ ഡയറക്ടർ കെവിൻ ഹാസെറ്റിനെയും കണ്ടു. ഇരുരാജ്യങ്ങളും തമ്മിൽ സ്റ്റീൽ, അലുമിനിയം മേഖലകൾ എത്രത്തോളം സമന്വയിപ്പിച്ചിരിക്കുന്നുവെന്ന് ചർച്ച ചെയ്തതായി അദ്ദേഹം പറഞ്ഞു.

അതേസമയം ലോഹങ്ങളുടെ താരിഫ് അമേരിക്കയുടെ ആഭ്യന്തര ഉൽപ്പാദനം വർധിപ്പിക്കുമെന്ന് ട്രംപ് പറഞ്ഞു. 'ഈ താരിഫുകൾ നമ്മുടെ ദേശീയ സുരക്ഷയെ സംരക്ഷിക്കുമെന്നും അമേരിക്കൻ തൊഴിലാളികളെ ഒന്നാമതാക്കുമെന്നും ഈ ഭരണകൂടം വിശ്വസിക്കുന്നു' എന്ന് വൈറ്റ് ഹൗസ് വക്താവ് കരോലിൻ ലീവിറ്റ് ബുധനാഴ്ച പറഞ്ഞു.

എല്ലാ കനേഡിയൻ ഇറക്കുമതികൾക്കും 25% കൂടുതൽ താരിഫ് ഏർപ്പെടുത്തിയതിലും, അനധികൃത കുടിയേറ്റത്തെയും അയൽരാജ്യങ്ങളിൽ നിന്ന് യുഎസിലേക്കുള്ള മയക്കുമരുന്ന് ഒഴുക്കിനെയും കുറിച്ചുള്ള ആശങ്കകൾ ട്രംപ് ഉദ്ധരിച്ചു. ഏതെങ്കിലും ലെവികൾ ഒഴിവാക്കുകയാണ് ആത്യന്തിക ലക്ഷ്യമെന്ന് കാനഡ പറഞ്ഞിട്ടുണ്ടെങ്കിലും ട്രംപിന്റെ താരിഫുകൾക്ക് വേഗത്തിൽ തിരിച്ചടി നൽകുമെന്ന് കാനഡ പറഞ്ഞു.

ചൊവ്വാഴ്ച, കനേഡിയൻ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോ അതിർത്തിയിലെ ആശങ്കകൾ പരിഹരിക്കാനുള്ള തന്റെ രാജ്യത്തിന്റെ ശ്രമങ്ങളുടെ ഭാഗമായി ഒരു പുതിയ ഫെന്റനൈൽ സാറിനെ നിയമിച്ചു. റോയൽ കനേഡിയൻ മൗണ്ടഡ് പോലീസിന്റെ മുൻ അംഗവും ട്രൂഡോയുടെ ഇന്റലിജൻസ് ഉപദേശകനുമായ കെവിൻ ബ്രേസ്സോ ഉടൻ തന്നെ ചുമതലയേൽക്കും എന്നാണ് ലഭിക്കുന്ന വിവരം. വരും ദിവസങ്ങളിൽ അദ്ദേഹം വാഷിംഗ്ടൺ ഡിസിയിലുണ്ടാകുമെന്നാണ് കരുതുന്നത്.

ഒന്റാറിയോ-ന്യൂയോർക്ക് അതിർത്തിക്ക് സമീപം വാർത്താ സമ്മേളനത്തിൽ സംസാരിക്കവെ, ഫെന്റനൈൽ വ്യാപാരം ലക്ഷ്യമിട്ടുള്ള യുഎസ്കാനഡ സംയുക്ത ശ്രമങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുമെന്ന് അദ്ദേഹം പറഞ്ഞു. ഒട്ടാവയിൽ നിന്നുള്ള കണക്കുകൾ പ്രകാരം യുഎസ് അതിർത്തിയിൽ തടഞ്ഞുവച്ച ഫെന്റനൈലിന്റെ 1% ൽ താഴെ കാനഡയിൽ നിന്നാണ് വരുന്നത്.

എന്നാൽ കാനഡ 1.3 ബില്യൺ ഡോളർ (1 ബില്യൺ പൗണ്ട്) ബോർഡർ പ്ലാൻ നടപ്പിലാക്കുന്നു, അതിൽ ഏകദേശം 10,000 മുൻനിര തൊഴിലാളികളും ഹെറോയിനേക്കാൾ 50 മടങ്ങ് ശക്തമായ സിന്തറ്റിക് മരുന്നായ ഫെന്റനൈലിന്റെ ഒഴുക്ക് തടയാൻ കൂടുതൽ വിഭവങ്ങളും ഉൾപ്പെടുന്നു. കാനഡയും യുഎസും താരിഫ് താൽക്കാലികമായി നിർത്തുന്നതിന് മുമ്പാണ് ഇതിൽ ഭൂരിഭാഗവും പ്രഖ്യാപിച്ചത്. 8,890 കിലോമീറ്റർ (5,525 മൈൽ) അതിർത്തി നിരീക്ഷിക്കാൻ പുതിയ ബ്ലാക്ക് ഹോക്ക് ഹെലികോപ്ഴറ്ററുകളും ഡ്രോണുകളും ഉണ്ട്.

കഴിഞ്ഞ മാസം വൈറ്റ് ഹൗസിൽ തിരിച്ചെത്തിയതു മുതൽ, കാനഡയുമായും അമേരിക്കയുടെ മറ്റൊരു അയൽരാജ്യമായ മെക്സിക്കോയുമായും ട്രംപ് ഒരു വ്യാപാര തർക്കത്തിലാണ്. ഇരു രാജ്യങ്ങളിൽ നിന്നും വരുന്ന എല്ലാ ചരക്കുകൾക്കും 25% താരിഫ് എന്ന തന്റെ ഭീഷണി 30 ദിവസത്തേക്ക് വൈകിപ്പിക്കാൻ ഫെബ്രുവരി 4 ന് അദ്ദേഹം സമ്മതിച്ചു. യുഎസ് സമ്പദ്‌വ്യവസ്ഥയെ വളർത്തുന്നതിനും തൊഴിലവസരങ്ങൾ സംരക്ഷിക്കുന്നതിനും നികുതി വരുമാനം ഉയർത്തുന്നതിനുമുള്ള ഒരു ഉപകരണമായി ആണ് ട്രംപ് താരിഫുകൾ രൂപപ്പെടുത്തിയിരിക്കുന്നത്.

എന്നിരുന്നാലും, ടിറ്റ്ഫോർടാറ്റ് താരിഫുകൾ കാറുകൾ, തടി, സ്റ്റീൽ, ഭക്ഷണം, മദ്യം എന്നിവയുൾപ്പെടെ നിരവധി ഉൽപ്പന്നങ്ങളുടെ വില വർദ്ധിപ്പിക്കുമെന്ന് സാമ്പത്തിക വിദഗ്ധർ മുന്നറിയിപ്പ് നൽകി. ചൈനയ്‌ക്കൊപ്പം കാനഡയും മെക്സിക്കോയുമാണ് യുഎസിന്റെ മുൻനിര വ്യാപാര പങ്കാളികൾ. ചൈനയിൽ നിന്ന് യുഎസിലേക്ക് പ്രവേശിക്കുന്ന എല്ലാ ചരക്കുകൾക്കും 10% തീരുവ ചുമത്തി ആണ് ട്രംപ് മുന്നോട്ട് പോവുന്നത്, ഇത് യുഎസ് ചരക്കുകൾക്കെതിരായ പ്രതികാര നടപടികൾക്കിടയാക്കുന്നുണ്ട് എന്ന് നിസംശയം പറയാം.

# ഗാസ വീണ്ടും യുദ്ധക്കളമാകുമോ?

ഗാസയിലെ വെടിനിർത്തലിൽ നിന്ന് പിന്മാറുമെന്ന ഭീഷണിയുമായി ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു രംഗത്തെത്തിയിരിക്കുകയാണ്. ഗാസ മുനമ്പിലും പരിസരത്തും സൈന്യത്തെ വിന്യസിക്കാൻ നെതന്യാഹു ഉത്തരവിട്ടതായി ഒരു ഇസ്രയേലി ഉദ്യോഗസ്ഥൻ പറഞ്ഞു. ബന്ദികളെ മോചിപ്പിക്കുന്നത് വൈകുമെന്ന് ഹമാസ് പ്രഖ്യാപിച്ചതിന് പിന്നാലെയായിരുന്നു നെതന്യാഹുവിന്റെ പ്രതികരണം.



വെടിനിർത്തൽ ലംഘിച്ച് ഇസ്രായേൽ ഗാസ ആക്രമിച്ചുവെന്ന് ചൂണ്ടിക്കാട്ടിയാണ് ഹമാസ് ബന്ദികളെ മോചിപ്പിക്കുന്നത് വൈകുമെന്ന് പ്രഖ്യാപിച്ചത്. ഇതിനുപിന്നാലെ ഗാസ മുനമ്പിലും പരിസരത്തും സൈന്യത്തെ വിന്യസിക്കാൻ നെതന്യാഹു സൈന്യത്തിന് ഉത്തരവിട്ടത്. ഈ ശനിയാഴ്ച ഹമാസ് നമ്മുടെ ബന്ദികളെ വിട്ടയച്ചില്ലെങ്കിൽ ഏത് സാഹചര്യത്തിനും തയ്യാറെടുക്കാൻ നെതന്യാഹു ഉദ്യോഗസ്ഥരോട് ഉത്തരവിട്ടതായി ഒരു ഇസ്രയേലി ഉദ്യോഗസ്ഥൻ പറഞ്ഞു. വെടിനിർത്തൽ കരാർ അവസാനിക്കുകയും യുദ്ധം തുടരുമെന്നുമുള്ള മുന്നറിയിപ്പാണ് നെതന്യാഹു നൽകിയത്.

വെടിനിർത്തൽ പ്രാബല്യത്തിൽ വന്നതിന് ശേഷം, 730ലധികം പലസ്തീൻ തടവുകാരുടെ മോചത്തിനായി അഞ്ച് തവണ നടത്തിയ കൈമാറ്റ പരമ്പരകളിലായി 21 ഇസ്രായേലി ബന്ദികളെ ഹമാസ് മോചിപ്പിച്ചിരുന്നു. രണ്ടാം ഘട്ടത്തിൽ ശേഷിക്കുന്ന എല്ലാ ബന്ദികളെയും മോചിപ്പിക്കണമെന്നും വെടിനിർത്തൽ അനിശ്ചിതമായി നീട്ടണമെന്നും ഹമാസ് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഇതിനിടയിൽ ഇസ്രായേൽ വെടിനിർത്തൽ ധാരണ ലംഘിച്ചുവെന്നും ഗാസയിൽ ആക്രമണം നടത്തുന്നുവെന്നും ഹമാസ് ചൂണ്ടിക്കാട്ടിയിരുന്നു.

വടക്കൻ ഗാസയിലേക്ക് പലസ്തീനികൾ തിരികെയെത്തുന്നതും ഗാസയിലേക്ക് മാനുഷിക സഹായമെത്തുന്നതും ഇസ്രായേൽ തടയാൻ ശ്രമിക്കുന്നുവെന്ന് ചൂണ്ടിക്കാട്ടിയാണ് ബന്ദികളുടെ മോചനം വൈകുമെന്ന് ഹമാസ് അറിയിച്ചത്. എന്നാൽ ഇതിനെതിരെ നേരത്തെ അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപും രംഗത്തെത്തിയിരുന്നു. ശനിയാഴ്ച ഉച്ചയോടെ ഗാസയിലുള്ള എല്ലാ ബന്ദികളെയും വിട്ടയച്ചില്ലെങ്കിൽ ഇസ്രായേലും ഹമാസും തമ്മിലുള്ള വെടിനിർത്തൽ കരാർ റദ്ദാക്കുമെന്ന് യു.എസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് വ്യക്തമാക്കിയിരുന്നു.

ശനിയാഴ്ച 12 ന് എല്ലാ ബന്ദികളെയും തിരിച്ചയച്ചില്ലെങ്കിൽ, ഇത് ഉചിതമായ സമയമാണെന്ന് താൻ കരുതുന്നു. കരാറുകൾ റദ്ദാക്കി ഗാസയെ തകർക്കും. ഇതോടെ സമാധാശ്രമങ്ങൾ അവസാനിക്കുമെന്നും ട്രംപ് പറഞ്ഞു. ഗാസയിൽ 15 മാസത്തിലേറെയായി നിലനിന്നിരുന്ന യുദ്ധാന്തരീക്ഷം അവസാനിപ്പിക്കാൻ ജനുവരി 19 നാണ് വെടിനിർത്തൽ കരാർ പ്രഖ്യാപിച്ചത്. ഇതിനുപിന്നാലെ ഇസ്രയേലും ഹമാസും പരസ്പരം ബന്ദികളെ കൈമാറിയിരുന്നു.






# കോട്ടയം ഗവ. നഴ്സിംഗ് കോളേജിൽ അരങ്ങേറിയത് അതിക്രൂര റാഗിംഗ്; 5 സിനീയർ വിദ്യാർത്ഥികൾ റിമാൻഡിൽ

കോട്ടയം: ഗാന്ധിനഗർ ഗവ. നഴ്സിംഗ് കോളേജ്ബോയ്സ്ഹോസ്റ്റലിൽറാഗിംഗിന്റെപേരിൽഒന്നാംവർഷവിദ്യാർത്ഥികളായ 6 പേർ നേരിട്ടത് അതിക്രൂര പീഡനം. ക്ലാസ് ആരംഭിച്ച കഴിഞ്ഞ നവംബർനാല്മുതൽമർദ്ദനംപതിവാണെന്ന് തിരുവനന്തപുരം സ്വദേശികളായ വിദ്യാർത്ഥികൾ നൽകിയ പരാതിയിൽ പറയുന്നു.

നഗ്നരാക്കി കട്ടിലിൽ കെട്ടിയിടുക, കോമ്പസ് ഉപയോഗിച്ച് ശരീരത്തിൽ മുറിവുകളുണ്ടാക്കി ലോഷൻ ഒഴിക്കുക, വായിലും ദേഹത്തും ക്രീം തേച്ചു പിടിപ്പിക്കുക, സ്വകാര്യ ഭാഗങ്ങളിൽ ഡമ്പൽ തൂക്കിയിടുക, കഴുത്തിൽ കത്തിവച്ച് ഭീഷണിപ്പെടുത്തുക തുടങ്ങിയ മർദ്ദനമുറകൾക്കാണ് വിദ്യാർത്ഥികൾ ഇരയായത്.

മദ്യം വാങ്ങാനായി 800 രൂപ നൽകിയില്ലെങ്കിൽ ബലമായി പിടിച്ചെടുക്കും. രാത്രിയോടെ മദ്യപിച്ചെത്തുന്ന സംഘം ഹോസ്റ്റലിൽ അക്രമം നടത്തും. പരാതി നൽകാതിരിക്കാൻ നിർബന്ധിച്ച് മദ്യം നൽകി വീഡിയോ എടുക്കും. കഴിഞ്ഞ ദിവസം പണം നൽകാത്തതിനെ തുടർന്ന് മർദ്ദനമേറ്റ വിദ്യാർത്ഥി മാതാപിതാക്കളെ അറിയിച്ചതോടെയാണ് സംഭവം പുറംലോകമറിയുന്നത്. രക്ഷിതാക്കളുടെ നിർദ്ദേശപ്രകാരം മൂന്നുപേർ ഗാന്ധിനഗർ പൊലീസിൽ പരാതി നൽകുകയായിരുന്നു.

കേസിൽ അറസ്റ്റിലായ അഞ്ച് സീനിയർ വിദ്യാർത്ഥികളെ 14 ദിവസത്തേക്ക് റിമാൻഡ് ചെയ്തു. കോട്ടയം മൂന്നിലവ് കീരിപ്ലാക്കൽ സാമുവൽ (20), വയനാട് നടവയൽ പുൽപ്പള്ളി ഞാവലത്ത് ജീവ (19), മലപ്പുറം മഞ്ചേരി കച്ചേരിപ്പടി റിജിൽജിത്ത് (20), വണ്ടൂർ കരുമാരപ്പറ്റ രാഹുൽ രാജ് (22), കോട്ടയം കോരുത്തോട് മടുക്ക നെടുങ്ങാട് വിവേക് (21) എന്നിവരാണ് പ്രതികൾ. ഇവരെ കോളേജിൽ നിന്ന് സസ്പെൻഡ് ചെയ്തു. വിശദമായ അന്വേഷണത്തിന് കമ്മിഷനെ നിയോഗിച്ചതായി പ്രിൻസിപ്പൽ ഇൻ ചാർജ് ഡോ.ലിനി ജോസഫ് അറിയിച്ചു.

### നടുക്കുന്ന ദൃശ്യങ്ങളെന്ന് പൊലീസ്

പ്രാഥമിക അന്വേഷണത്തിൽ പ്രതികളുടെ ഫോണിൽ നിന്ന് നടുക്കുന്ന ദൃശ്യങ്ങളാണ് ലഭിച്ചതെന്ന് ഗാന്ധിനഗർ സ്റ്റേഷൻ എസ്.എച്ച്.ഒ ടി.ശ്രീജിത്ത് പറഞ്ഞു. കോടതിയിൽ ഹാജരാക്കേണ്ടതിനാൽ ഇവ പുറത്തുവിട്ടിട്ടില്ല. സംഭവത്തിൽ പഴുതടച്ച അന്വേഷണം നടത്തും. ഇടുക്കി ഏലപ്പാറ സ്വദേശിയായ വിദ്യാർത്ഥിയുടെ പരാതിയിൽ നഗ്നരാക്കിവീഡിയോ ചിത്രീകരിച്ചതിന് പ്രത്യേക കേസെടുത്തിട്ടുണ്ട്. കൂടുതൽ പേർ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് അന്വേഷിക്കുമെന്നും എസ്.എച്ച്.ഒ പറഞ്ഞു.

### കോളേജിന്റെ വാദം

ചൊവ്വാഴ്ച ഒരു വിദ്യാർത്ഥിയുടെ പിതാവ് പറയുമ്പോഴാണ് സംഭവം അറിഞ്ഞത്. പരാതി ജില്ലാ പൊലീസ് മേധാവിയ്ക്കും, എസ്.എച്ച്.ഒയ്ക്കും കൈമാറി. ഒന്നാം വർഷ ക്ലാസിന് മുന്നോടിയായി റാഗിംഗ് വിരുദ്ധ ബോധവത്കരണ ക്ലാസ് നടത്തിയിരുന്നു.

# കിഫ്ബി റോഡിൽ ടോൾ പിരിക്കും

തിരുവനന്തപുരം: കിഫ്ബി റോഡുകളിൽ ടോൾ പിരിക്കുമെന്ന് നിയമസഭയിൽ മുഖ്യമന്ത്രി പിണറായി വിജയൻ. കേന്ദ്ര നിലപാടാണ് യൂസർ ഫീയെന്ന ബദൽ മാർഗം സ്വീകരിക്കാൻ കാരണം. യൂസർ ഫീ ഉപയോഗിച്ച് കിഫ്ബി വായ്പ തിരിച്ചടയ്ക്കും. ബഡ്ജറ്റ് പൊതു ചർച്ചയ്ക്കുള്ള മറുപടിക്കിടെ, കിഫ്ബിക്കെതിരെ ഉന്നയിച്ച ആരോപണങ്ങൾക്ക് വിശദീകരണം നൽകുകയായിരുന്നു മുഖ്യമന്ത്രി.

ഒരുശതമാനം ഇന്ധന സെസ്സും മോട്ടോർ വാഹന നികുതി വിഹിതവുമാണ് കിഫ്ബിയുടെ വരുമാനം. ഇത് സെക്യൂരിറ്റി നൽകിയാണ് വായ്പയെടുക്കുന്നത്. കിഫ്ബി വായ്പകൾ 2022വരെ സംസ്ഥാനത്തിന്റെ പരിധിയിൽ ഉൾപ്പെട്ടിരുന്നില്ല. അതുകൊണ്ടാണ് ടോൾ പിരിക്കേണ്ടെന്ന നിലപാടെടുത്തത്.

എന്നാൽ, കേന്ദ്രസർക്കാർ 2022ൽ കിഫ്ബിയെയും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ ഉൾപ്പെടുത്തി. ഇതോടെ 15,895.50 കോടിയുടെ അധിക വായ്പയ്ക്കുള്ള അവകാശം നഷ്ടപ്പെട്ടു. കേന്ദ്ര സമീപനത്തിനെതിരെ സുപ്രീംകോടതിയെ സമീപിച്ചു. കിഫ്ബി പദ്ധതികൾ വരുമാനദായകമല്ലെന്ന് കേന്ദ്രം വാദിച്ചു. തുടർന്നാണ് കിഫ്ബി പദ്ധതികളെ വരുമാനദായകമാക്കാൻ തീരുമാനിച്ചത്. കിഫ്ബിക്ക് വരുമാനമുണ്ടായാൽ വായ്പകളെ കടമെടുപ്പ് പരിധിയിൽ നിന്ന് ഒഴിവാക്കാനാകും.

### ഗ്രാൻഡും ഒഴിവാകും

20,000 കോടി ഗ്രാൻഡും വായ്പയെടുത്ത 13,100 കോടിയും പൂർണമായും കിഫ്ബിയുടെ ബാദ്ധ്യതയെന്ന് മുഖ്യമന്ത്രി. യൂസർ ഫീ കൊണ്ട് ലോണുകൾ തിരിച്ചടയ്ക്കുന്നതോടെ, സർക്കാരിൽ നിന്നുള്ള ഗ്രാൻഡ് ഘട്ടംഘട്ടമായി ഒഴിവാക്കാനാവും. കിഫ്ബി വന്നതോടെ മൂലധനച്ചെലവുയർന്നു. ഉമ്മൻചാണ്ടി സർക്കാരിന്റെ അവസാന മൂന്ന് വർഷം മൂലധനച്ചെലവ് 16,049 കോടി. കിഫ്ബിയുടെ 17,857കോടിയുൾപ്പെടെ കഴിഞ്ഞ മൂന്ന് വർഷം ചെലവാക്കിയത് 59,630 കോടി. കിഫ്ബിയിൽ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ്, സി.എ.ജി ഓഡിറ്റ്, റിസ്ക് ബേസ്ഡ് ഇന്റേർണൽ ഓഡിറ്റ്, കൺകറണ്ട് ഓഡിറ്റ് എന്നിവ നടക്കുന്നുണ്ട്.

### ടൂറിസത്തിന് വ്യവസായ പദവി നൽകും

ടൂറിസത്തിന് വ്യവസായ പദവി നൽകുമെന്ന് ധനമന്ത്രി കെ.എൻ.ബാലഗോപാൽ നിയമസഭയിൽ അറിയിച്ചു. ബഡ്ജറ്റ് പൊതുചർച്ചയ്ക്ക് മറുപടി പറയുകയായിരുന്നു മന്ത്രി. 15 ലക്ഷം പേർക്ക് തൊഴിലും കേരളത്തിന് വർഷം 45,000 കോടി രൂപയും നൽകുന്ന മേഖലയാണ്. ടൂറിസത്തിന് വ്യവസായ പദവി നൽകി 1986ൽ മുഖ്യമന്ത്രിയായിരുന്ന കെ.കരുണാകരൻ ഉത്തരവിറക്കിയിരുന്നു. എന്നാൽ ധന, വൈദ്യുതി, റവന്യു വകുപ്പുകളുടെ എതിർപ്പുമൂലം നടപ്പായില്ല.

ടൂറിസം മേഖലയിൽ നിക്ഷേപം ഇറക്കുന്നവരുടെ ദീർഘകാല ആവശ്യമാണ് വ്യവസായപദവി. ഇതു കിട്ടുന്നതോടെ ഒറ്റത്തവണ കെട്ടിടനികുതി ഒഴിവാക്കൽ, വ്യവസായനിരക്കിൽ വൈദ്യുതി തുടങ്ങിയ ആനുകൂല്യങ്ങൾക്ക് ഹോട്ടലുകളും അർഹരാകും. വ്യവസായങ്ങൾക്കുള്ള ആനുകൂല്യം കേന്ദ്ര, സംസ്ഥാന സർക്കാരുകൾ കാലാകാലങ്ങളിൽ പ്രഖ്യാപിക്കുന്ന ആനുകൂല്യങ്ങളും കിട്ടും.









# വയനാട്ടിൽ വീണ്ടും കാട്ടാനക്കലി ഒരാൾക്കു കൂടി ദാരുണാന്ത്യം



മേപ്പാടി: വയനാട്ടിൽ 24 മണിക്കൂറിനിടെ കാട്ടാന ആക്രമണത്തിൽ ഒരു ആദിവാസിയുവാവിന് കൂടി ദാരുണാന്ത്യം. ഉരുൾ പൊട്ടൽ ദുരന്തമേഖലയായ അട്ടമലയിൽ ഏറാട്ടുകുണ്ട് ഉന്നതിയിലെ കറുപ്പൻ ബിന്ദു ദമ്പതികളുടെ മകൻ ബാലകൃഷ്ണനാണ് (26) കൊല്ലപ്പെട്ടത്. ചൊവ്വാഴ്ച രാത്രി എട്ടോടെയാണ് കാട്ടാന ആക്രമിച്ചത്. തുമ്പിക്കൈ കൊണ്ട് അടിച്ചുവീഴ്ത്തിയ ശേഷം തലയിൽ ചവിട്ടുകയായിരുന്നു.

ബാലകൃഷ്ണനെ കാണാത്തതിനെ തുടർന്ന് നടത്തിയ തെരച്ചിലിൽ ഇന്നലെ രാവിലെ ഒൻപതിന് സെന്റിന്റോക്ക് എസ്റ്റേറ്റിലെ 5ബി റോഡിലാണ് മൃതദേഹം കണ്ടത്. മുണ്ടക്കൈ ഉരുൾ ദുരന്തത്തെത്തുടർന്ന് താത്കാലിക പുനരധിവാസത്തിന്റെ ഭാഗമായി അട്ടമലയിലെ എസ്റ്റേറ്റ് പാടിയിലാണ് ബാലകൃഷ്ണനും കുടുംബവും കഴിയുന്നത്.

ഏറാട്ടുകുണ്ട് ഉന്നതിയിൽ എത്തിയ ശേഷം ഇവിടേക്ക് മടങ്ങുന്നതിനിടെയാണ് കാട്ടാന ആക്രമിച്ചത്.

സ്ഥിരമായി വന്യമൃഗ ശല്യമുള്ള പ്രദേശമാണിത്. ബാലകൃഷ്ണന്റെ മരണത്തെത്തുടർന്ന് സ്ഥലത്തെത്തിയ വനം വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ പ്രദേശവാസികൾ പ്രതിഷേധിച്ചു.

മൃതദേഹം മാറ്റാനും സമ്മതിച്ചില്ല. തഹസിൽദാർ സ്ഥലത്തെത്തി ബാലകൃഷ്ണന്റെ കുടുംബത്തിന് നഷ്ടപരിഹാരം ഉൾപ്പെടെ ഉറപ്പുനൽകിയശേഷമാണ് പ്രതിഷേധം അവസാനിപ്പിച്ചത്.

തിങ്കളാഴ്ച രാത്രി നൂൽപ്പുഴയിൽ മനു എന്ന ആദിവാസി യുവാവും കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ടിരുന്നു.

### വൈദ്യുതിയില്ല, കാട്ടാന നിന്നാലും അറിയില്ല

മുണ്ടക്കൈ ഉരുൾ ദുരന്തത്തിനുശേഷം അട്ടമലയിൽ വൈദ്യുതിബന്ധം ഇതുവരെ പുനഃസ്ഥാപിച്ചിട്ടില്ല. തെരുവു വിളക്കുകൾ കത്താത്തതിനാൽ വഴിയിൽ കാട്ടാന നിന്നാലും കാണാനാകില്ല.

### വയനാട്ടിൽ ഇന്ന് ഹർത്താൽ

തുടർച്ചയായ വന്യമൃഗ ആക്രമണങ്ങളിൽ പ്രതിഷേധിച്ച് വയനാട്ടിൽ ഇന്ന് യു.ഡി.എഫ് ഹർത്താൽ. രാവിലെ ആറുമുതൽ വൈകിട്ട് ആറുവരെ. അവശ്യ സർവീസുകളെ ഒഴിവാക്കി.

വയനാട്ടിൽ ഒരു വർഷത്തിനിടെ കാട്ടാനകൾ കൊന്നത് 8 പേരെ
















# എൻ.സി.പി സംസ്ഥാന അദ്ധ്യക്ഷ പദവി പി.സി.ചാക്കോ രാജിവച്ചു

തിരുവനന്തപുരം: മന്ത്രി മാറ്റത്തെച്ചൊല്ലി പാർട്ടിയിലുണ്ടായ അസ്വസ്ഥതകൾക്കൊടുവിൽ പി.സി.ചാക്കോ എൻ.സി.പി സംസ്ഥാന അദ്ധ്യക്ഷ പദവി രാജിവച്ചു. എന്നാൽ ദേശീയ അദ്ധ്യക്ഷൻ ശരദ് പവാർ രാജി അംഗീകരിച്ചിട്ടില്ലെന്നാണ് അറിയുന്നത്. എൻ.സി.പി ദേശീയ വർക്കിംഗ് പ്രസിഡന്റുമാണ് ചാക്കോ. രാജി അംഗീകരിച്ചാൽ മന്ത്രി സ്ഥാനത്തിനായി നേരത്തെ അവകാശവാദമുന്നയിച്ച തോമസ് കെ.തോമസ് എം.എൽ.എ സംസ്ഥാന അദ്ധ്യക്ഷ പദവിയിലെത്തിയേക്കും.

എ.കെ.ശശീന്ദ്രനെ മാറ്റി, തോമസ് കെ. തോമസിനെ മന്ത്രിയാക്കാൻ ശരദ്പവാറിന്റെ പിന്തുണയോടെ നടത്തിയനീക്കം പരാജയപ്പെട്ടതും ശശീന്ദ്രൻ വിഭാഗവുമായി തോമസ് കെ. തോമസ് ഐക്യം സ്ഥാപിച്ചതുമാണ് പൊടുന്നനെയുള്ള രാജിക്ക് കാരണം. ശശീന്ദ്രൻ വിഭാഗം ജില്ലാ അടിസ്ഥാനത്തിൽ ചാക്കോയ്ക്കെതിരെ ഒപ്പുശേഖരണം തുടങ്ങിയിരുന്നു.



പാർട്ടിയിൽ തൻപ്രമാണിത്തത്തോടെ തീരുമാനമെടുക്കുന്നുവെന്നും അനാവശ്യമായി നേതാക്കൾക്കെതിരെ നടപടി സ്വീകരിക്കുന്നുവെന്നുമുള്ള അതൃപ്തി ശശീന്ദ്രൻ പക്ഷത്തിന് കുറച്ചുനാളായുണ്ട്. ചാക്കോ സംസ്ഥാന നേതൃയോഗം വിളിച്ചെങ്കിലും പങ്കെടുക്കേണ്ടെന്നും അവർ തീരുമാനിച്ചിരുന്നു. മന്ത്രിയെ മാറ്റാനുള്ള ചരടുവലികൾ നേരത്തെ ചാക്കോ തുടങ്ങിയെങ്കിലും മുഖ്യമന്ത്രിയുടെ ഇടപെടലിലാണ് നീക്കം പൊളിഞ്ഞത്.

തോമസ് കെ. തോമസിന് അജിത് പവാർ പക്ഷം കോഴ വാഗ്ദാനം ചെയ്തെന്ന വാർത്തകൾ കൂടി പുറത്തുവന്നതോടെ മുഖ്യമന്ത്രി നിലപാട് കടുപ്പിച്ചു. മന്ത്രിമാറ്റത്തെ പിന്തുണയ്ക്കാത്തതിന്റെ പേരിൽ മുഖ്യമന്ത്രിക്കെതിരെ പി.സി.ചാക്കോ നടത്തിയ ചില പരാമർശങ്ങളുടെ ശബ്ദരേഖ പുറത്തുവരുകയും ചെയ്തിരുന്നു. അടുത്ത തിരഞ്ഞെടുപ്പിൽ കുട്ടനാട്ടിൽ വീണ്ടും മത്സരിക്കണമെങ്കിൽ സി.പി.എമ്മിന്റെ താത്പര്യംകൂടിവേണമെന്നത് തോമസ് കെ. തോമസിനും അറിയാം.സീറ്റ് സി.പി.എം ഏറ്റെടുക്കണമെന്ന ആവശ്യം നേരത്തെ തന്നെയുണ്ട്. ഇങ്ങനെയൊരു സാഹചര്യത്തിൽ ശശീന്ദ്രൻ പക്ഷത്തിനൊപ്പംനിൽക്കുന്നതാണ് രാഷ്ട്രീയ ഭാവിക്ക് നല്ലതെന്ന് തോമസ് കെതോമസും കരുതുന്നു. മന്ത്രി സ്ഥാനത്തുനിന്ന് മാറ്റമുണ്ടാവില്ലെന്ന് വ്യക്തമായതോടെ വലിയൊരു വിഭാഗം ജില്ലാ നേതാക്കളും ശശീന്ദ്രനൊപ്പമായി.












# പകുതി വില തട്ടിപ്പ്: രാഷ്ട്രീയക്കാരുടെ സംഭാവനപ്പണവും കണ്ടുകെട്ടും



തിരുവനന്തപുരം: പകുതിവില തട്ടിപ്പിൽ രാഷ്ട്രീയക്കാർ ഫണ്ടായും സംഭാവനയായും കൈപ്പറ്റിയ പണം കണ്ടുകെട്ടാൻ പോലീസ്. സാമ്പത്തിക തട്ടിപ്പു കേസുകളിൽ, തട്ടിയെടുത്ത പണമുപയോഗിച്ച് വാങ്ങിയ സ്വത്തുക്കൾ കണ്ടുകെട്ടാറുണ്ട്. സമാനമായ നടപടികളാവും ഈ കേസിലുമുണ്ടാവുകയെന്ന് പോലീസ് വ്യക്തമാക്കി.

പാതിവിലയ്ക്ക് സ്കൂട്ടർ, തയ്യൽ മെഷീൻ, ലാപ്ടോപ് എന്നിവ വാഗ്ദാനം ചെയ്ത് ഇടുക്കി സ്വദേശി അനന്ദുകൃഷ്ണൻ 400കോടിയിലേറെ തട്ടിയെടുത്തിട്ടുണ്ട്. സംഭാവന വാങ്ങിയ രാഷ്ട്രീയക്കാരെയടക്കം രക്ഷിക്കാനാണ് നീക്കമെന്ന് റിപ്പോർട്ട് ചെയ്തിരുന്നു. അനന്ദുകൃഷ്ണൻ നിരവധി രാഷ്ട്രീയ പാർട്ടികൾക്ക് സംഭാവന നൽകിയിട്ടുണ്ട്.

ഇടുക്കി, എറണാകുളം അടക്കം വിവിധ ജില്ലകളിലെ ഒട്ടേറെ നേതാക്കൾക്ക് അനന്തു ലക്ഷങ്ങൾ സംഭാവനയായും ഫണ്ടായും നൽകി. ഭരണപക്ഷത്തെ ഉന്നത നേതാക്കളടക്കം ഫണ്ട് വാങ്ങിയതായി സമ്മതിച്ചിട്ടുമുണ്ട്.

സംഭാവന വാങ്ങിയത് കുറ്റകൃത്യത്തിന്റെ പരിധിയിൽ വരില്ലെങ്കിലും തട്ടിപ്പു പണമായതിനാൽ ഇത് പിടിച്ചെടുക്കേണ്ടി വരും. പണം വാങ്ങിയവർക്കെതിരേ തട്ടിപ്പ് കേസെടുക്കാൻ നിയമപരമായി കഴിയില്ലെന്നും പോലീസ് വ്യക്തമാക്കി.

സംഭാവനയും ഫണ്ടും കൈപ്പറ്റിയ രാഷ്ട്രീയക്കാരുടെ വിവരങ്ങൾ അനന്ദുവിൽ നിന്ന് ക്രൈംബ്രാഞ്ചാവും ശേഖരിക്കുക. ഇതുപ്രകാരം പണം കണ്ടുകെട്ടാനുള്ള നടപടികളെടുക്കും. ഇത് കേസിന്റെ രണ്ടാം ഘട്ടത്തിലാവും. ഇപ്പോൾ പരാതികളിൽ കേസുകളെടുക്കാനും പ്രതികളെയെല്ലാം അറസ്റ്റ് ചെയ്യാനും അവരുടെ സ്വത്തുക്കൾ മരവിപ്പിക്കാനുമായിരിക്കും മുൻഗണന. ഇതുവരെ 8000ലേറെ പരാതികളിലായി 500ലേറെ കേസുകളെടുത്തു. കേസുകൾ ഘട്ടംഘട്ടമായി ക്രൈംബ്രാഞ്ചിന് കൈമാറും. ക്രൈംബ്രാഞ്ചിന്റെ സാമ്പത്തിക കുറ്റാന്വേഷണ വിഭാഗം ഡിവൈഎസ്പിമാരുടെ നേതൃത്വത്തിൽ 11സംഘങ്ങളായാണ് അന്വേഷിക്കുക

അനന്ദുവും സായിഗ്രാം എക്സിക്യൂട്ടീവ് ഡയറക്ടർ ആനന്ദകുമാറും ചേർന്നാണ് തട്ടിപ്പ് ആസൂത്രണം ചെയ്ത് നടപ്പാക്കിയതെന്ന് പോലീസ് വ്യക്തമാക്കി. ആനന്ദകുമാറിനെ കേസുകളിലെല്ലാം മുഖ്യപ്രതിയാക്കും. മുൻകൂർ ജാമ്യാപേക്ഷയിൽ ഉത്തരവുണ്ടായാലുടൻ ആനന്ദകുമാറിനെ അറസ്റ്റ് ചെയ്യും

### കണ്ടുകെട്ടൽ ഇങ്ങനെ

ജില്ലാ കളക്ടർമാരും, നോഡൽ ഓഫീസർമാരായി അഡിഷണൽ ഡിസ്ട്രിക്റ്റ് മജിസ്ട്രേറ്റുമാരും അതോറിട്ടിയിലുണ്ടാവും. തട്ടിപ്പ് പോലീസന്വേഷണത്തിൽ ബോദ്ധ്യമായാൽ സ്ഥാപനത്തിന്റെയും ഉടമകളുടെയും സ്വത്തുക്കൾ കണ്ടുകെട്ടി ലേലം ചെയ്ത് വിറ്റ് നിക്ഷേപകർക്ക് പണം ലഭ്യമാക്കും.

### മലപ്പുറത്ത് ഒരാൾ കൂടി അറസ്റ്റിൽ

പാതിവില തട്ടിപ്പ് കേസിൽ ഒരാൾ കൂടി അറസ്റ്റിലായി. മലപ്പുറം തിരൂർ വാക്കാട് സ്വദേശിയായ പാലക്ക വളപ്പിൽ ചെറിയ ഒറ്റയിൽ റിയാസ് (45) എന്നയാളാണ് തിരൂർ പോലീസ് അറസ്റ്റ് ചെയ്തത്.

എറണാകുളം കേന്ദ്രീകരിച്ച് നടന്നിട്ടുള്ള ആൽ ഫൗണ്ടേഷൻ തട്ടിപ്പിന്റെ മലപ്പുറം ജില്ലയിലെ ഇടനിലക്കാരനാണ് അറസ്റ്റിലായ പ്രതി. ഇതോടെ പതിവില തട്ടിപ്പിൽ മലപ്പുറത്ത് അറസ്റ്റിലായവരുടെ എണ്ണം രണ്ടായി.

ആൽ ഫൗണ്ടേഷൻ എന്ന ചാരിറ്റി സ്ഥാപനം വഴി പകുതി വിലയ്ക്ക് സ്കൂട്ടർ നൽകാമെന്ന് വാഗ്ദാനം നൽകി തട്ടിപ്പ് നടത്തിയെന്നാണ് കേസ്. പകുതി വില തട്ടിപ്പിനിരയായ അമ്പതോളം സ്ത്രീകൾ ഇയാൾക്കെതിരെ പരാതിയുമായി പോലീസിനെ സമീപിച്ചിട്ടുണ്ട്.

# ഡി.എം.കെ മുന്നണിയുടെ രാജ്യസഭാ സ്ഥാനാർത്ഥിയായി കമലാഹാസൻ പാർലമെന്റിലേക്ക്



ചെന്നൈ: നടൻ കമലഹാസൻ ജൂലായിൽ തമിഴ്നാട്ടിൽ നിന്നും രാജ്യസംഭാംഗമാവും. ഡി.എം.കെ അദ്ധ്യക്ഷനും മുഖ്യമന്ത്രിയുമായ എം.കെ.സ്റ്റാലിനാണ് ഡി.എം.കെയ്ക്ക് ലഭിക്കാവുന്ന സീറ്റുകളിലൊന്ന് കമലഹാസന് നൽകാൻ തീരുമാനിച്ചത്. തീരുമാനം ഇന്നലെ മന്ത്രി ശേഖർ ബാബു കമലഹാസനെ നേരിട്ട് അറിയിച്ചു. അര മണിക്കൂറിലേറെ അവർ ചർച്ച നടത്തി. മക്കൾ നീതി മയ്യം ജനറൽ സെക്രട്ടറി എം.അരുണാചലവും പങ്കെടുത്തു.

ജൂലായിൽ തമിഴ്നാട്ടിൽ ഒഴിവുവരുന്ന ആറ് രാജ്യസഭാ സീറ്റിൽ നാലു പേരെ വിജയിപ്പിക്കാൻ ഡി.എം.കെ സഖ്യത്തിന് കഴിയും. അതിലൊന്നാണ് കമലഹാസനു നൽകുക. ഡി.എം.കെയുമായുണ്ടാക്കിയ ധാരണയനുസരിച്ച് കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിൽ മക്കൾ നീതി മയ്യം സ്ഥാനാർത്ഥികളെ നിറുത്തിയില്ല. പകരം കമലഹാസൻ താരപ്രചാരകന്റെ റോളിൽ മുന്നണിക്കു വേണ്ടി വോട്ടു തേടിയിരുന്നു.

എം.കെ.സ്റ്റാലിനും കമലഹാസനുമായി മാർച്ച് 9ന് നടന്ന ചർച്ചയിലാണ് രാജ്യസഭാസീറ്റിൽ ധാരണയുണ്ടായത്.

### രാജ്യസീറ്റ് വന്ന വഴി

2019ലെ ലോക്സഭാ തിരഞ്ഞെടുപ്പിലും 2021ലെ നിയമസഭാ തിരഞ്ഞെടുപ്പിലും മത്സരിച്ച് സമ്പൂർണ പരാജയമായതോടെയാണ് മുന്നണിയുടെ ഭാഗമാകാൻ കമൽ തീരുമാനിച്ചത്. കഴിഞ്ഞ പാർലമെന്റ് തിരഞ്ഞെടുപ്പിനു മുന്നോടിയായി കോൺഗ്രസുമായി ചർച്ച നടത്തി. കൈപ്പത്തി ചിഹ്നത്തിൽ മത്സരിക്കാൻ ധാരണയായി. എന്നാൽ ഡി.എം.കെ അതിനെ എതിർത്തു. മത്സരിക്കുന്നെങ്കിൽ സ്വന്തം പാർട്ടി ചിഹ്നമായ ടോർച്ചിൽ വേണമെന്ന് മക്കൾ നീതിമയ്യം നേതാക്കളും ആവശ്യപ്പെട്ടിരുന്നു.

തുടർന്നാണ് എം.കെ.സ്റ്റാലിനുമായി കമലഹാസൻ ചർച്ച നടത്തിയത്. മുന്നണിയുടെ ഭാഗമാകുന്നതിനായി കമലിനു മുന്നിൽ 2 നിർദ്ദേശങ്ങളാണ് ഡി.എം.കെ നേതൃത്വം മുന്നോട്ടുവച്ചത്. ഒന്ന് ഡി.എം.കെയുടെ ഉദയസൂര്യൻ ചിഹ്നത്തിൽ മത്സരിക്കണം. രണ്ട് ലോക്സഭാ തിരഞ്ഞെടുപ്പിൽ മത്സരിക്കാതെ മുന്നണിയുടെ താരപ്രചാരകനായാൽ ഒഴിവ് വരുന്ന രാജ്യസഭാ സീറ്റ് കമലിന് നൽകും. രണ്ടാമത്തേത് കമൽ തിരഞ്ഞെടുത്തു.

# ഉക്രെയിൻ – റഷ്യ യുദ്ധം അന്ത്യത്തിലേക്കോ?

ഉക്രെയിൻ-റഷ്യ യുദ്ധത്തിൽ നിർണായക വഴിത്തിരിവാകുന്ന ഇടപെടലുമായി യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് രംഗത്തെത്തിയത് ഏറെ ആശ്വാസമായിരിക്കുകയാണ്. ഇരു രാജ്യങ്ങളും തമ്മിലുള്ള യുദ്ധം അവസാനിപ്പിക്കുന്നതിനുള്ള അടിയന്തര ചർച്ചകൾ ആരംഭിക്കുന്നതിനെക്കുറിച്ച് റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിനുമായും ഉക്രെയിൻ പ്രസിഡന്റ് സെലെൻസ്കിയുമായും സംസാരിച്ചതായി ട്രംപ് തന്നെയാണ് വ്യക്തമാക്കിയത്. പുടിനുമായി ടെലിഫോണിലൂടെയാണ് ട്രംപ് സംസാരിച്ചത്.

ഇരു നേതാക്കളും തങ്ങളുടെ സംഘങ്ങൾ കാലതാമസം കൂടാതെ ചർച്ചകൾ ആരംഭിക്കാൻ സമ്മതിച്ചതായി തന്റെ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമിൽ പങ്കുവച്ച പ്രസ്താവനയിലൂടെയാണ് ട്രംപ് വെളിപ്പെടുത്തിയത്. ഇതോടെ മൂന്നാം വർഷത്തിലേക്ക് കടക്കുന്ന യുദ്ധത്തിന്റെ അന്ത്യത്തിലേക്ക് അടക്കുന്നുവെന്നാണ് വിലയിരുത്തപ്പെടുന്നത്. വിഷയത്തിൽ കൂടുതൽ ചർച്ചകൾ ഉടൻ ആരംഭിക്കുമെന്നാണ് സൂചന.


തങ്ങളുടെ ടീമുകൾ ഉടനടി ചർച്ചകൾ ആരംഭിക്കുമെന്ന് സമ്മതിച്ചിട്ടുണ്ടെന്നും ഉക്രെയിൻ പ്രസിഡന്റ് സെലെൻസ്കിയെ വിളിച്ച് ഈ ചർച്ചയെ കുറിച്ച് തങ്ങൾ ഉടൻ അറിയിക്കുമെന്നും ട്രംപ് വ്യക്തമാക്കിയിട്ടുണ്ട്. രണ്ടാം വട്ടം അധികാരത്തിലെത്തിയ ട്രംപിന്റെ പ്രഥമ പരിഗണനയിലുള്ള വിഷയങ്ങളിൽ ഒന്നാണ് ഉക്രെയിന്റ ഷ്യ യുദ്ധത്തിന് പരിഹാരം.

ക്രെംലിൻ പറയുന്നതനുസരിച്ച്, പുടിനും ട്രംപും ഏകദേശം ഒന്നര മണിക്കൂറോളം ടെലിഫോണിൽ സംസാരിച്ചിരുന്നു. ഈ സംഭാഷണത്തിനിടെ ഇരുവരും കൂടിക്കാഴ്ചയ്ക്ക് സമ്മതിച്ചുവെന്നുമാണ് ക്രെംലിൻ പറയുന്നത്. അതിനിടെ പുടിൻ ട്രംപിനെ മോസ്കോയിലേക്ക് ക്ഷണിച്ചുവെന്നും ലഭ്യമായ റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. ഇതിന് പിന്നാലെ ട്രംപുമായി സംസാരിച്ച വിഷയം സെലൻസ്കിയും സ്ഥിരീകരിച്ചിട്ടുണ്ട്.

റഷ്യൻ ആക്രമണം അവസാനിപ്പിക്കാനും ശാശ്വതവും വിശ്വസനീയവുമായ സമാധാനം ഉറപ്പാക്കാനും ട്രംപുമായി അർത്ഥവത്തായ സംഭാഷണം നടത്തിയെന്നായിരുന്നു അദ്ദേഹം സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമായ എക്സിൽ പങ്കുവച്ച പോസ്റ്റിലൂടെ അറിയിച്ചത്.

അതേസമയം, വിഷയത്തിൽ ട്രംപ ˘ ഭരണകൂടം നടപടികൾ ആരംഭിച്ചതായാണ് റിപ്പോർട്ടുകൾ പറയുന്നത്. ഇതിന്റെ ഭാഗമായി സമവായ ചർച്ചകൾക്ക് നേതൃത്വം നൽകാൻ സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോ, സിഐഎ ഡയറക്ടർ ജോൺ റാറ്റ്ക്ലിഫ്, ദേശീയ സുരക്ഷാ ഉപദേഷ്ടാവ് മൈക്കൽ വാൾട്ട്സ്, അംബാസഡറും പ്രത്യേക ദൂതനുമായ സ്റ്റീവ് വിറ്റ്കോഫ് എന്നിവർക്ക് ട്രംപ് നിർദ്ദേശം നൽകിയെന്നും റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു.

ട്രംപിന്റെ മുൻഗാമിയായ ബൈഡൻ ഏകദേശം മൂന്ന് വർഷമായി പുടിനുമായി ആശയവിനിമയം നടത്തിയിരുന്നില്ല. ബരാക് ഒബാമയാണ് അവസാനമായി റഷ്യ സന്ദർശിച്ച അമേരിക്കൻ പ്രസിഡന്റ്. 2013 ൽ നടന്ന ജി20 ഉച്ചകോടിയിൽ പങ്കെടുക്കാനാണ് ഒബാമ ഇവിടേക്ക് എത്തിയത്. ശേഷം റഷ്യയിലേക്ക് പോകുന്ന ആദ്യ യുഎസ് പ്രസിഡന്റാവുമോ ട്രംപ് എന്നാണ് ഇനി കണ്ടറിയേണ്ടത്.





# ലഹരിപ്പടയെ കണ്ടു പകച്ചോ കാക്കി സേനയും !

കേരളത്തിൽ ഇപ്പോൾ ആസൂത്രിത അക്രമങ്ങളുടെ എണ്ണം കുറഞ്ഞതായി ഒരു ഉന്നത ഉദ്യോഗസ്ഥൻ കഴിഞ്ഞ ദിവസം ഫലിത രൂപേണ പറയുകയുണ്ടായി. അദ്ദേഹം പറഞ്ഞതിന്റെ മറുവശം ശരിക്ക് ഒന്ന് ആലോചിച്ചു നോക്കൂ. ഗൂഢാലോചന നടത്തി സംഘടിതമായി നടത്തുന്ന ആക്രമണങ്ങളല്ല, കേരളത്തിൽ പുതിയ ട്രെന്റ്. അപ്രതീക്ഷിതമായ പടപ്പുറപ്പാടുകളാണ് അധികവും. അത് എപ്പോൾ എവിടെ പൊട്ടിപ്പുറപ്പെടും എന്ന് ആർക്കും പ്രവചിക്കാനാവില്ല.

ചോദിച്ച സാധനം കിട്ടിയിയെങ്കിൽ സ്ഥാപനം അടിച്ചു തകർക്കാം. പൊതുവഴിയിൽ നിന്ന് മദ്യപിച്ച് സ്ഥിരമായി ശല്യം ചെയ്യുന്നത് ചോദ്യം ചെയ്താൽ ഗൃഹനാഥനെ അടിച്ചു താഴെയിടാം. പോലീസിൽ പരാതിപ്പെട്ടാൽ ആ വീടും തല്ലിപ്പൊളിക്കാം. അതിന് പോലിസിനെ വിളിച്ചു വരുത്തിയാൽ സ്റ്റേഷൻ മുറ്റത്തു ഏമാനു നേരെ കയ്യേറ്റമാകാം. കവർച്ച നടത്തിയതിന് തെളിവെടുപ്പിന് കൊണ്ടുപോയാൽ കൂടുതൽ കൊള്ളയടിക്കാൻ കഴിഞ്ഞില്ല എന്ന് പോലീസിനോട് തന്നെ പരിഭവം പറയാം. അത് വീഡിയോ ഇട്ട് വൈറലാക്കാം.

മൂന്നു പേരെ കൊന്നിട്ട് അറസ്റ്റിലാവുമ്പോൾ പ്രതിക്ക്, കൃത്യം നടന്ന സ്ഥലത്ത് കുറ്റകൃത്യം വിവരിക്കുന്ന നേരത്ത് കുറ്റബോധത്തോടെ പോലീസിനോടു പറയാം; കൊല്ലാൻ ഒരാൾ കൂടി ബാക്കിയുണ്ടെന്ന്. പരോളിലിറങ്ങിയാൽ സ്വൈരമായി ചെന്ന് സമയം പോലെ പഴയ കണക്കുകൾ തീർത്തിട്ടു മടങ്ങാം. ആരും പിന്നാലെ വരില്ല. പ്രതി സ്വാധീനവും പണവുമുള്ളവനാണെങ്കിൽ വട്ടച്ചെലവിന് നോട്ടുകെട്ടുമായി ജയിൽ ഉന്നതൻ തന്നെ സന്ദർശക വേഷത്തിൽ വരും. റിമാന്റ് പ്രതി സുന്ദരിയാണെങ്കിൽ സന്ധ്യയ്ക്ക് രണ്ടു മണിക്കൂർ ഔട്ടിംഗിനും അവസരമുണ്ട്. വടിവാളും തോക്കുമായി നടുറോഡിൽ ബർത്ത്ഡെ പാർട്ടി നടത്തുന്ന ഗുണ്ടാനേതാക്കൾ.


സാക്ഷ്യം പറയാനും കളവു പിടിക്കാനും എല്ലാ പെട്ടിക്കടയിലും സിസിടിവിയുള്ള കേരളത്തിൽ, ഇന്റലിജൻസ് സംവിധാനങ്ങൾ ഉറക്കത്തിലാണെന്ന സമീപകാല റിപ്പോർട്ടുകൾ ആശങ്കയുണർത്തുന്നതാണ്. കൺട്രോൾ റൂം സന്ദേശങ്ങൾ പോലും പിടിച്ചെടുക്കുന്ന ഹൈടെക് വിരുതന്മാർ. എല്ലാം കണ്ടിട്ടും കണ്ടില്ലെന്നു നടിക്കുന്നവർ. എന്തിന് വേണ്ടാത്ത പൊല്ലാപ്പിന് പോകണം എന്നു കരുതുന്നവർ. താഴെത്തട്ടിൽ നിന്ന് വിവരശേഖരണം നടത്താൻ ഉത്സാഹമില്ലാത്ത, അലസത ബാധിച്ച സ്പെഷ്യൽ ബ്രാഞ്ച്.

വെറും ലാത്തിയും കൊണ്ട് ഹൈടെക്ക് അക്രമികളെ നേരിടാൻ മനക്കരുത്തു കിട്ടാത്ത സേനാ വിഭാഗം. നിയമ സംരക്ഷണ മേഖലയിൽ പോലീസ് നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ ശിൽപശാല നടത്തുന്ന കേരളം. സ്മാർട്ട് നൈറ്റ് പട്രോളിംഗ്, എഐ ഉപയോഗിച്ചുള്ള നിരീക്ഷണം, ഒട്ടോറിപ്പോർട്ടിംഗ്, റിയൽടൈം ട്രാക്കിംഗ്, വീഡിയോ നിരീക്ഷണം, പൊലീസിന്റെ പ്രവർത്തന രീതികൾ ട്രാക്ക് ചെയ്യൽ, ഡാറ്റാ അധിഷ്ഠിത വിലയിരുത്തൽ, രാസവസ്തു തിരിച്ചറിയൽ, ഫൊറൻസിക് ലാബിലേക്ക് അയയ്ക്കുന്നതിനുമുൻപ് രാസവസ്തുക്കളും നിരോധിത മയക്കുമരുന്നുകളും കണ്ടെത്തൽ, ക്രൈം പാറ്റേൺ അനലിസിസ്. ഇതൊക്കെ നടത്താൻ വേണ്ട സേനാബലം കൊച്ചു കേരളത്തിനുണ്ടോയെന്നും സങ്കേതിക വളർച്ചയിൽ നാം എവിടെ എത്തി നിൽക്കുന്നുവെന്നും ചിന്തിക്കണം.

ഇവയെല്ലാം കൃത്യമായി നടക്കുന്നെങ്കിൽ, പണ്ട് ആരോ താരതമ്യം ചെയ്ത് പ്രചരിപ്പിച്ചതു പോലെ സ്കോട്ലന്റ് പോലീസ് മാറിനിൽക്കേണ്ടതാണ്. സാമൂഹിക നിരീക്ഷകർ പറയുമ്പോലെ നിസംഗത പടരുന്നുവോ?

### എന്ത് ഇന്റലിജൻസ് !

സംസ്ഥാന ഇന്റലിജൻസിന്റെ കാര്യക്ഷമത കുറയുന്നുവെന്ന് പരാതിപറയുന്നത് പ്രതിപക്ഷമല്ല എന്നതാണ് ശ്രദ്ധേയം.



സാക്ഷാൽ പിണറായി വിജയന്റെ ആഭ്യന്തര വകുപ്പ് തന്നെയാണ് സമീപകാലത്ത് ഇക്കാര്യം ചൂണ്ടിക്കാട്ടിയത്. കുറ്റവാളികളെപ്പറ്റി വിവരം നൽകാൻ കാലതാമസമുണ്ടാകുന്നു. മുൻകൂട്ടി വിവരം കൈമാറാൻ ഇന്റലിജൻസിന് പറ്റാത്തതിനാൽ പ്രതികളെ കുടുക്കാൻ കഴിയുന്നില്ല. ഇത് സർക്കാരിന്റെ പ്രതിച്ഛായ പലപ്പോഴും തകർക്കുന്നതായി ആഭ്യന്തര വകുപ്പ് വിലയിരുത്തുന്നു.

നെന്മാറയിൽ രണ്ടു പേരെ വെട്ടിക്കൊലപ്പെടുത്തിയ ചെന്താമരയെപ്പറ്റി യാതൊരു സൂചനയും ഇന്റലിജൻസ് സ്പെഷ്യൽ ബ്രാഞ്ച് വിഭാഗങ്ങൾ നൽകിയില്ല. കേരളം നടുങ്ങിയ ഇരട്ടക്കൊലയിലേയ്ക്ക് അത് നയിച്ചു. പോലീസിൽ വിശ്വാസം നഷ്ടപ്പെട്ടതായി നെന്മാറയിലെ കുടുംബം വാർത്താ മാധ്യമങ്ങളിലൂടെ ആവർത്തിച്ചു കൊണ്ടിരുന്നു. ജാമ്യ വ്യവസ്ഥ ലംഘിച്ചു കഴിയുന്നയാളെ തിരിച്ചറിയാൻ കഴിഞ്ഞില്ല. തൃശൂർപൂരം നടത്തിപ്പിലെ വിവാദത്തിലേക്ക് നയിച്ച സംഭവങ്ങളെപ്പറ്റി മുൻകൂട്ടി സൂചന നൽകുന്നതിലും തോൽവി ആവർത്തിച്ചു. സമൂഹത്തിലെ എല്ലാത്തരം ആളുകളുമായുള്ള ബന്ധം ഇന്റലിജൻസ് ഉദ്യോഗസ്ഥർ പുലർത്തുന്നില്ല. പ്രത്യേകിച്ച് താഴെത്തട്ടിലെ മനുഷ്യരുമായുള്ള അടുപ്പം. രഹസ്യാന്വേഷണത്തിന് പ്രത്യേക അഭിരുചിയുള്ളവരെ ഇന്റലിജൻസിൽ ഉൾപ്പെടുത്താത്തത് ഒരു വെല്ലുവിളിയാണ്. പകരം പോലീസ് യൂണിയനിലും മറ്റും സജീവമായവരെ ഒരു താവളം എന്ന നിലയിൽ നിയമിക്കുകയാണ്.

അന്യസംസ്ഥാനക്കാർ പെരുകിയ കേരളത്തിൽ വിവിധ ഭാഷകൾ അറിയുന്നവരെ നിയമിക്കണമെന്ന നിർദ്ദേശവും പാലിക്കപ്പെട്ടില്ല. ആഭ്യന്തര വകുപ്പ് തെറ്റു തിരുത്തി വരുമ്പേഴേയ്ക്കും കേരളത്തിന്റെ ഉൾത്തളങ്ങളിൽ എത്ര രക്തം വീഴുമെന്ന ചോദ്യമാണ് പ്രതിപക്ഷം ഉയർത്തേണ്ടത്. നാടുകടത്തിയ ഗുണ്ടകൾ തിരികെയെത്തി വീണ്ടും ആക്രമണങ്ങളിൽ ഏർപ്പെടുന്ന സംഭവങ്ങൾ തുടർക്കഥയാണ്. ഇത്തരത്തിൽ എട്ട് വർഷത്തിനിടെ 97 കേസുകളാണ് പൊലീസ് രജിസ്റ്റർ ചെയ്തത്. ഗുണ്ടകൾക്ക് സഹായം നൽകിയതിന്റെ പേരിൽ 12 പൊലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടിയും സ്വീകരിച്ചു. കൂടാതെ സേനയിൽ ഗുണ്ടാ മാഫിയ ബന്ധമുണ്ടെന്ന പ്രാഥമിക വിവരത്തിന്റെ അടിസ്ഥാനത്തിൽ മൂന്ന് ഡിവൈ.എസ്.പിമാരെയും ഒരു സി.ഐ, ഒരു സിവിൽ പൊലീസ് ഓഫീസറെയും രണ്ട് ഡ്രൈവർമാരെയും സസ്പെൻഡ് ചെയ്തതും ഇക്കാലയളവിലാണ്.

### ഡാൻസാഫിനേയും മയക്കി

കഞ്ചാവ്, ഹാഷിഷ്, ബ്രൗൺ ഷുഗർ, ഇതര ലഹരി വസ്തുക്കൾ പുകയില ഉത്പന്നങ്ങൾ എന്നിവയുടെ അനധികൃത വിൽപനയും ഉപഭോഗവും അന്വേഷിച്ച് കണ്ടുപിടിച്ച് കേസെടുക്കുകയും സ്റ്റേഷനുകൾക്കും മറ്റ് അന്വേഷണ ഏജൻസികൾക്കും വേണ്ട നിർദ്ദേശം നൽകുകയും ചെയ്യുന്ന നർക്കോട്ടിക് സെല്ലുകൾ.

ജില്ലാ മയക്കുമരുന്നു വിരുദ്ധസേനയും (ഡാൻസാഫ്) നിലവിൽ ഉണ്ട്. ഡെപ്യൂട്ടിപോലീസ്സൂപ്രണ്ട്(ഡിവൈ.എസ്.പി) റാങ്കിലുള്ള ഉദ്യോഗസ്ഥന് ആണ് ഇതിന്റെ ചുമതല. നർകോടിക് സെല്ലിന്റെ പ്രത്യേക വിഭാഗമായ ഡാൻസാഫ് (ഡിസ്ട്രിക്ട് ആന്റി നർക്കോട്ടിക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സ്) മയക്കുമരുന്ന് വിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. എന്നാൽ, അതിർത്തികടന്ന് കേരളത്തിലേയ്ക്ക് ഒഴുകുന്ന ലഹരിക്ക് ഒരു കുറവുമില്ല.

### എന്തുകൊണ്ടായിരിക്കാം ?

വിവരശേഖരണത്തിലെ വീഴ്ചകൾ തന്നെ. പെൺകുട്ടികൾ വരെ ഈ കണ്ണിയിൽ അറിഞ്ഞും അറിയാതെയും കണ്ണികളാകുന്നു. ഓപ്പറേഷൻ ആഗുമായി പൊലീസ് ഒരുവശത്ത്. ആഘോഷവുമായി ഗുണ്ടകൾ മറുവശത്ത്. കർശന നടപടിയെന്ന് പറയുമ്പോഴും ക്രിമിനൽ സംഘങ്ങൾ വിളയാടുകയാണ്. കൊച്ചി വരാപ്പുഴയിൽ ഗുണ്ടകൾ ഒന്നിച്ച പിറന്നാളാഘോഷം ഇത് സ്ഥിരീകരിക്കുന്നതായിരുന്നു. എട്ട് വർഷത്തിനിടെ 212 ഗുണ്ടാ ആക്രമങ്ങൾക്കാണ് കേരളം സാക്ഷിയായത്. 32 പേർ കൊല്ലപ്പെട്ടു. 226 പേർ ഗുരുതര പരിക്കേറ്റ് ചികിത്സതേടി.

യൂണിഫോമിട്ട പോലീസ് ഉദ്യോഗസ്ഥരെ ഭയമില്ലാത്ത അവസ്ഥ. പോലീസുകാർ ഗുണ്ടകളാൽ ആക്രമിക്കപ്പെടുന്നത് വാർത്തയല്ലാതാവുന്ന കാലം. എവിടെ വച്ചും ആക്രമിക്കപ്പെടാവുന്ന സ്ഥിതി. കൊച്ചിയിൽ കൗമാരക്കാരൻ പോലീസിനെ തലയ്ക്കടിച്ചു വീഴ്ത്തിയത് ഇരുട്ടത്ത് ആളൊഴിഞ്ഞ കെട്ടിടത്തിനകത്ത് ഒരു പെൺകുട്ടിയുമൊത്ത് കണ്ടത് ചോദ്യം ചെയ്തതിനാണ്. 90 ശതമാനവും ആക്രമണങ്ങൾക്കും ശക്തി പകരുന്നത് ലഹരി തന്നെ.

നെടുമങ്ങാട് പൊലീസുകാരെ ആക്രമിച്ചതും ഗുണ്ടാസംഘം. ആക്രമണത്തിൽ നെടുമങ്ങാട് സ്റ്റേഷനിലെ രണ്ട് എസ്ഐമാർക്കും ഒരു സിവിൽ പൊലീസ് ഓഫീസർക്കും പരിക്കേറ്റു. പ്രതിയുടെ സഹോദരിപുത്രന്റെ ബർത്ത്ഡേ പാർട്ടിക്ക് ഗുണ്ടകൾ ഒത്തുകൂടിയിരുന്നു. ഇത് അറിഞ്ഞെത്തിയ പൊലീസുകാർക്ക് നേരെയായിരുന്നു ആക്രമണം. കോഴിക്കോട് സിനിമാ സ്റ്റെലിൽ ഗുണ്ടാ ആക്രമണമുണ്ടായത് പ്രൊഡക്ഷൻ കൺട്രോളർക്ക് നേരെയാണ്. അഞ്ചംഗ സംഘത്തിന്റെ ആക്രമണം ഉണ്ടായത് ഷൂട്ടിങ് സെറ്റിൽ. തിരുവനന്തപുരത്ത് വിഎസ്എസ്സിയിലെ ബിഹാർ പാറ്റ്ന സ്വദേശി വികാസ് കുമാർ യാദവിനും ഭാര്യയ്ക്കും നേരെ ഗുണ്ടാ ആക്രമണമുണ്ടായി. ആക്രമം നേരിട്ടത്. നാട്ടുകാരെ വളർത്തുനായയെ കൊണ്ട് കടിപ്പിച്ച സംഭവത്തിൽ അറസ്റ്റിലായ ഗുണ്ടയുടെ നേതൃത്വത്തിലുള്ള മൂന്നംഗ സംഘമാണ് ആക്രമണം നടത്തിയത്. ഈ കേസിൽ ഇയാൾ ജാമ്യം നേടിയിരുന്നു.

### ക്രിമിനൽ സെലിബ്രറ്റികളും

ഇതിനിടെ, പോലീസ് സേനയെ നിഷ്ക്രിയമാക്കാനുള്ള ക്രിമിനൽ മാഫിയാ സംഘങ്ങളുടെ കളിയിൽ മാധ്യമങ്ങൾ വീഴുന്നുവെന്ന് വിമർശനമുന്നയിച്ച് പോലീസ് അസോസിയേഷൻ ജനറൽ സെക്രട്ടറി സി.ആർ. ബിജു രംഗത്തു വന്നത് ശ്രദ്ധേയമായി. ഇവിടെ പോലീസ് നിഷ്ക്രിയരാക്കപ്പെടുന്ന അന്തരീക്ഷം നിലനിൽക്കുന്നു എന്നു തന്നെ ! ഗുണ്ടാ തലവന്മാരെ പോലും മാധ്യമങ്ങൾ ചർച്ചയ്ക്ക് വിളിച്ചിരുത്തി പോലീസിനെതിരെ പറയിപ്പിക്കുന്നുവെന്നാണ് അസോസിയേഷൻ നേതാവിന്റെ വിമർശനം.

ക്രിമിനലുകൾക്ക് വളമായി മാറുന്ന തരത്തിൽ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്ന രീതിയിൽ മാറ്റം വരണമെന്ന് അദ്ദേഹം ഫേസ്ബുക്ക് കുറിപ്പിൽ ചൂണ്ടിക്കാട്ടി. കുറ്റവാളികൾ പിടിക്കപ്പെട്ടാലും ജാമ്യത്തിലിറങ്ങി അക്രമങ്ങൾ ചെയ്യുന്ന സാഹചര്യം ഒഴിവാക്കണമെങ്കിൽ അത്തരം ക്രിമിനലുകൾക്ക് മാധ്യമങ്ങളിലൂടെ ലഭിക്കുന്ന പിന്തുണ ഇല്ലാതാക്കണം. അറസ്റ്റ്ചെയ്ത് റിമാന്റ്ചെയ്ത പോലീസുദ്യോഗസ്ഥന്മാർക്കെതിരെ വ്യാജ ആരോപണങ്ങൾ ഉന്നയിച്ച് പത്രസമ്മേളനം നടത്തുന്ന ക്രിമിനലുകളുണ്ട്. അവർ ഉന്നയിക്കുന്ന ആരോപണങ്ങളുടെ വസ്തുത അന്വേഷിക്കാതെ മാധ്യമങ്ങൾ അവ ബ്രേക്കിങ് ന്യൂസായി പുറത്തുവിടുന്നു. ഇത് ആത്മാർത്ഥമായി ജോലി ചെയ്ത പോലീസ് ഉദ്യോഗസ്ഥന്മാരെ മാനസികമായി തകർക്കുന്ന കാര്യമാണ്. പോലീസിനെ കുറ്റവാളിയാക്കി യഥാർത്ഥ പ്രതികളെ വെള്ളപൂശുന്ന സാഹചര്യം പലപ്പോഴും സൃഷ്ടിക്കപ്പെടുന്നു.

പോലീസ് അസോസിയേഷൻ നേതാവിന്റെ ഈ പരിദേവനം മാത്രം മതി ഇന്ന് കേരളത്തിലെ ജനജീവിതത്തിന്റെ സുരക്ഷയെക്കുറിച്ചുള്ള നേർച്ചിത്രം കാണാൻ. ഇന്റലിജൻസിൽ മേൽത്തട്ടു മുതൽ ഒരു അഴിച്ചുപണി പ്രതീക്ഷിക്കുന്നു ഏവരും.

◗ പ്രിജിത് രാജ്



# കെ. കരുണാകരന്റെ കാലുവാരലിൽ പരാജയപ്പെട്ട എം.ഒ ജോൺ






ജോഷി ജോർജ്

2003 ജൂലൈ 26ന് ആയിരുന്നു എറണാകുളം എംപിയായ ജോർജ് ഈഡന്റെ മരണം. ഡൽഹി ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽവച്ചായിരുന്നു ആ അമ്പതുകാരന്റെ അന്ത്യം. എറണാകുളം ജില്ലയിലെ കടമക്കുടി എന്ന ഗ്രാമത്തിൽ അമ്പാട്ട് മാത്യുവിന്റേയും അന്നമ്മയുടേയും മകനായി 1953 നവംബർ ഏഴിന് ജനിച്ച ഈഡൻ. പ്രാഥമിക വിദ്യാഭ്യാസത്തിന് ശേഷം എറണാകുളം സെന്റ് ആൽബർട്ട്സ് കോളേജിൽ നിന്ന് ബിരുദവും എറണാകുളം ലോ കോളേജിൽ നിന്ന് നിയമബിരുദവും നേടി. കെ.എസ്.യു പ്രവർത്തകനായാണ് രാഷ്ട്രീയത്തിൽ പ്രവേശിച്ചത്.

ഈഡൻ ഏവർക്കും പ്രിയപ്പെട്ട നേതാവായിരുന്നു. അഴിമതിയാരോപണമൊന്നും കേൾപ്പിക്കാത്ത വ്യക്തി. അദ്ദേഹം മരിക്കുമ്പോൾ 5 ലക്ഷം രൂപ എം.എൽ.എ ഫണ്ടിൽ നിന്ന് ലോണെടുത്ത കടമടക്കം സാമ്പത്തിക പ്രയാസത്തത്തിലായിരുന്നു. അന്നത്തെ ഡി.സി.സി അധ്യക്ഷനായിരുന്ന കെ.പി. ധനപാലൻ 10 ലക്ഷം രൂപ ബാങ്കിൽനിക്ഷേപം നൽകി ഈഡന്റെ കുടുംബത്തെ സഹായിക്കുകയായിരുന്നു. അനാഥരായ 19 വയസുള്ള ഹൈബിയും അനിയത്തി 17 കാരിയായ അനിയത്തിയും അക്ഷരാർത്ഥത്തിൽ അനാഥരായി. ഈഡന്റെ ഭാര്യ റാണി നേരത്തെ മരിച്ചുപോയിരുന്നു. ജോർജ് ഈഡന്റെ നിര്യാണത്തെത്തുടർന്ന് ഉപതെരഞ്ഞെടുപ്പു വേണ്ടിവന്നിരിക്കുന്നു. തിയതി നിശ്ചയിച്ചു. 2003 സെപ്തംബർ 23.

സെബാസ്റ്റ്യൻ പോളായിരുന്നു ഇടതുപക്ഷത്തിന്റെ സ്ഥാനാർത്ഥി. എം.ഒ .ജോൺ കോൺഗ്രസ് സ്ഥാനാർത്ഥിയും. 1997ൽ നടന്ന എറണാകുളം ലോക്സഭാ ഉപതെരഞ്ഞെടുപ്പിൽ കോൺഗ്രസിലെ ആന്റണി ഐസക്കിനെ പരാജയപ്പെടുത്തിയാണ് ഇടത് പിന്തുണയോടെ സ്വതന്ത്രനായി മത്സരിച്ച സെബാസ്റ്റിയൻ പോൾ ആദ്യമായി ലോക്സഭയിലെത്തിയത്. അതിനുശേഷം, 2003ൽ ആണ് ജോണിനോട് ഏറ്റുമുട്ടാൻ ഇറങ്ങിയത്. ജോണിന്റേത് കന്നിയങ്കം ആയിരുന്നു. ഉമ്മൻചാണ്ടിയും കൂട്ടരും ജോണിനെ ജയിപ്പിക്കാൻ കിണഞ്ഞു ശ്രമിച്ചെങ്കിലും സെബാസ്റ്റ്യൻ പോളിനോട് പൊരുതി തോൽക്കേണ്ടിവന്നു ജോണിന്.

എറണാകുളത്ത് കോൺഗ്രസ് സ്ഥാനാർത്ഥി ഒരു കാരണവശാലും തോൽക്കേണ്ട കാര്യമില്ലാത്തതാണ്. പക്ഷേ, കെ. കരുണാകരൻ തന്ത്രപൂർവ്വം കാലുവാരി. സെബാസ്റ്റ്യൻ പോളിന്റെ ചിഹ്നം ടെലിവിഷൻ ആയിരുന്നു. നമ്മുടെ പ്രിയങ്കരനായ നേതാവ് രാജീവ് ഗാന്ധി കൊണ്ടിവന്ന ടെലിവിഷൻ നല്ല ചിഹ്നമാണെന്നു ഒരുകണ്ണിറുക്കി കള്ളച്ചിരിയോടെ കരുണാകരൻ പറഞ്ഞത് വയറലായി.



ഇതോടൊപ്പം നടത്തിയ തിരുവല്ലാ നിയമസഭാ തെരഞ്ഞെടുപ്പിൽ മുൻ കേരള നിയമസഭ അംഗവും കോൺഗ്രസ് നേതാവും ആയിരുന്ന പരേതനായ മാമ്മൻ മത്തായിയുടെ ഭാര്യ എലിസബേത്ത് മാമ്മൻ മത്തായിയെ സ്ഥാനാർത്ഥിയാക്കി. അവിടേയും മികച്ച പ്രചാരണമാണ് ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിൽ നടത്തിയത്.

എലിസബത്ത് മാമ്മൻ ജയിച്ചെങ്കിലും കരുണാകരൻ ഗ്രൂപ്പ് അവിടേയും കാലുവാരി എന്ന പരാതി ഉമ്മൻ ചാണ്ടി പിന്നീട് ഉന്നയിച്ചിരുന്നു. ഏറെ വിചിത്രമാണ് കോൺഗ്രസ് പാർട്ടിയിലെ കാര്യങ്ങൾ. വർഷം 2004 ലേക്ക് പ്രവേശിക്കുമ്പോൾ പാർട്ടിയിൽ ഏതാണ്ട് ഇന്ത്യയിലെ എല്ലാ സംസ്ഥാന ഘടകങ്ങളിലും ചേരിപ്പോര് കത്തി നിൽക്കുകയാണ്.

> കോൺഗ്രസിന്റെ കുത്തക സീറ്റായ എറണാകുളത്ത് കോൺഗ്രസ് സ്ഥാനാർത്ഥി ഒരു കാരണവശാലും തോൽക്കേണ്ട കാര്യമില്ലാത്തതാണ്. പക്ഷേ, കെ. കരുണാകരൻ തന്ത്രപൂർവ്വം കാലുവാരി. സെബാസ്റ്റ്യൻ പോളിന്റെ ചിഹ്നം ടെലിവിഷൻ ആയിരുന്നു. നമ്മുടെ പ്രിയങ്കരനായ നേതാവ് രാജീവ് ഗാന്ധി കൊണ്ടുവന്ന ടെലിവിഷൻ നല്ല ചിഹ്നമാണെന്നു ഒരുകണ്ണിറുക്കി കള്ളച്ചിരിയോടെ കരുണാകരൻ പറഞ്ഞത് വയറലായി.

പഞ്ചാബിൽ മുഖ്യമന്ത്രി അമരേന്ദ്ര സിംഗിനെ നീക്കം ചെയ്യുന്നതുവരെ താൻ ദില്ലി വിടില്ലെന്ന് പറഞ്ഞ് കൃഷി മന്ത്രിയും വിമത നേതാവുമായ രാജേന്ദർ കൗർ ഭട്ടൽ കുടിയിരുപ്പ് സമരം നടത്തിയ അതേ വേളയിൽ കേരളത്തിലെ മുഖ്യമന്ത്രിയെയും മാറ്റണമെന്ന ആവശ്യമായി കെ. കരുണാകരനും ഡൽഹിയിൽ എസ്കോർട്ട്സ് ആശുപത്രിയിൽ തമ്പടിച്ചിരിക്കുന്നു.

എന്നാൽ രാജേന്ദർ കൗർ ഭട്ടലിന്റെ കാര്യത്തിൽ അച്ചടക്കനടപടി ഒന്നും ഉണ്ടായിരുന്നില്ല. എന്ന് മാത്രമല്ല അദ്ദേഹത്ത ഉപ മുഖ്യമന്ത്രിയാക്കി ഉയർത്തി പ്രശ്നം പരിഹരിക്കുകയായിരുന്നു. കേരളത്തിൽ അങ്ങനെ ആയിരുന്നില്ല. ആദ്യം കരുണാകരനോട് അല്പം പോലും മൃദു സമീപനം ഇല്ലാതിരുന്ന ഹൈക്കമാൻഡ് ഒടുവിൽ ഒന്ന് അയഞ്ഞു. കെ. മുരളീധരനും ഉപമുഖ്യമന്ത്രിപദം നൽകി കാര്യങ്ങൾ പരിഹരിക്കാൻ കേരളത്തിൽ യു.ഡി.എഫ് മുന്നണിയിലെ കരുണാകര അനുകൂലികളുടെ ശുപാർശ കൂടി വന്നപ്പോൾ ഹൈക്കമാൻഡ് സമ്മതിച്ചെന്നാണ് വാർത്തകൾ ആദ്യം പറയുന്നത്.

എന്നാൽ ഇക്കാര്യത്തെപ്പറ്റി അറിയില്ലെന്നായിരുന്നു എ.കെ. ആന്റണിയുടെയും മുരളീധരന്റെയും ഉമ്മൻചാണ്ടിയുടെയും പരസ്യ നിലപാട്. ഇനി ഇക്കാര്യത്തിനായി ഡൽഹിക്ക് പോകില്ലെന്ന് ഉമ്മൻചാണ്ടി തീർത്തു പറഞ്ഞിരുന്നു. എങ്കിലും വീണ്ടും അദ്ദേഹം ഡൽഹിക്ക് പോവുക തന്നെ ചെയ്തു.

ഇക്കാലമത്രയും ഹൈക്കമാൻഡ് എന്തു തീരുമാനിച്ചാലും തങ്ങൾ അത് ശിരസ്സാവഹിക്കുമെന്നും മറുപക്ഷം ആണ് ധിക്കാരികൾ എന്നും പറഞ്ഞിരുന്ന കരുണാകര വിരുദ്ധ വിഭാഗം ഇപ്പോൾ ഇതൊക്കെ മറന്നു മുരളിയെ മന്ത്രിയാക്കിയാൽ പാർട്ടിയിൽ കടുത്ത പൊട്ടിത്തെറി ഉണ്ടാകുമെന്ന് വരെ പറഞ്ഞു ഹൈക്കമാന്റിനെ വിരട്ടുന്നു.

അല്പം ചട്ടമ്പിത്തരത്തിന് തന്നെ മുതിർന്ന ഐ ഗ്രൂപ്പ് ആകട്ടെ ഇപ്പോൾ ഹൈക്കമാന്റിന്റെ തികഞ്ഞ അനുയായികളായി മാറുകയും ഹൈക്കമാന്റിന്റെ ഫോർമുലയെ തള്ളിപ്പറയുന്ന അനുസരണക്കേടിന് കരുണാകര വിരുദ്ധരെ പ്രതിക്കൂട്ടിൽ കയറ്റുകയും ചെയ്യുന്നു! കോൺഗ്രസിലെ കുഴപ്പങ്ങൾ തീർക്കാൻ കരുണാകര വിഭാഗം ഹൈക്കമാന്റിന്റെ മുന്നിൽ വച്ച് മൂന്നാമത്തെ കാലാവധിയും കഴിയാറായി. കരുണാകര വിഭാഗത്തിന് അച്ചടക്കത്തിന് ശിക്ഷയില്ല. പാരിതോഷികമാണ് ഹൈക്കമാന്റ് ആലോചിക്കുന്നത് എന്ന് കേട്ടതോടെ ഉമ്മൻ ചാണ്ടിയുടെ അമർഷം ഏറി.

എന്നാൽ ഐ ഗ്രൂപ്പിനെതിരെ നടപടിയെടുക്കാനുള്ള പ്രധാന തടസ്സം കരുണാകര വിരുദ്ധരുടെ നേതാവായ മുഖ്യമന്ത്രി തന്നെയാണെന്ന് ഇവരുടെ ആവശ്യത്തിന് അർത്ഥമില്ലായ്മ വെളിപ്പെടുത്തുന്നു. രാജ്യസഭാ തെരഞ്ഞെടുപ്പിൽ കരുണാകര വിഭാഗത്തിന്റെ ഗുരുതരമായ അച്ചടക്കലംഘനത്തിനെതിരെയും യാതൊരു നടപടിയും അവർക്കെതിരെ എടുക്കാതിരുന്നത് ആന്റണിയുടെ ഉപദേശപ്രകാരമാണെന്ന് ആർക്കാണ് അറിയാത്തത്?

ഇപ്പോഴാകട്ടെ ആന്റണിയുടെ വിശ്വസ്ത സുഹൃത്ത് ഉമ്മൻചാണ്ടി രാജ്യസഭാ തിരഞ്ഞെടുപ്പ് കഴിഞ്ഞ് അച്ചടക്കനടപടി എടുക്കാത്തതാണ് വിമതർക്ക് കൂടുതൽ ശക്തിപകർന്നത് എന്ന് ചൂണ്ടിക്കാട്ടി ഹൈക്കമാന്റിനെ കുറ്റപ്പെടുത്തുന്നു. സ്വന്തം നേതാവ് എ.കെ. ആന്റണിയെപ്പോലും ഇക്കാര്യം ബോധ്യപ്പെടുത്താതെ ഹൈക്കമാന്റിനെ കുറ്റപ്പെടുത്തിയിട്ട് എന്ത് കാര്യം എന്ന് ചോദ്യത്തിൽ നിന്ന് തന്ത്രപൂർവ്വം ഉമ്മൻചാണ്ടി ഒഴിഞ്ഞുമാറുകയും ചെയ്യുന്നു. ഇടയ്ക്കൊരുതവണ അഹമ്മദ് പട്ടേലിന്റെ പ്രേരണ മൂലം ഡൽഹിയിൽ ചെന്ന് സോണിയയോട് അച്ചടക്കനടപടി ആവശ്യപ്പെട്ടെങ്കിലുംഇപ്പോൾവീണ്ടുംആന്റണി തന്റെ പഴയ നിലപാട് ആവർത്തിക്കുന്നു.

അച്ചടക്കമല്ലഐക്യമാണ്ആവശ്യം പാർട്ടിപിളരാതിരിക്കാൻതാൻഎന്തുവിട്ടുവീഴ്ചക്കും ത്യാഗത്തിനും തയ്യാറാണ്. പാർട്ടിയിലെ ഐക്യത്തിനു വേണ്ടി 1981ൽ സ്ഥാനങ്ങൾ എന്നാൽ ഉമ്മൻ ചാണ്ടിയാകട്ടെ അച്ചടക്കവും ഐക്യവും ഒരുപോലെ പാർട്ടിയുടെ സുഖമമായി നടത്തിപ്പിന് അത്യാവശ്യമാണെന്ന് ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നു.

(തുടരും)


Certified Accounting & Tax, Inc

506 B Zenith Dr. Glenview, IL 60025

Personal & Business Income Tax

FREE Electronic Filing

Incorporation, Sales Tax, Payroll, Business and Personal Income Tax & Accounting


Andrew P Thomas CPA
Cell: (847) 702-3877


Joseph Chamakala CPA
Cell: (847) 370-5673

Ph: (888) OUR-CPA-1, (888) 687-2721(224) 567-8089
Fax: (847) 890-6267 ourcpa1@gmail.com

# നിർണായക നീക്കത്തിന് ഇന്ത്യ; ക്രൂഡിൽ യുഎസ് മുന്നേറുമോ?



ക്രൂഡ് ഓയിൽ ഇറക്കുമതിയിൽ മൂന്നാം സ്ഥാനമാണ് ഇന്ത്യയ്ക്ക്. ഇന്ത്യ ഏറ്റവും കൂടുതൽ ക്രൂഡ് വാങ്ങുന്ന അഞ്ചാമത്തെ രാജ്യമാണ് അമേരിക്ക. ഒന്നാം സ്ഥാനത്ത് റഷ്യയാണ്. എന്നാൽ ക്രൂഡ് ഓയിലിന് വേണ്ടി ഇനി മുതൽ ഇന്ത്യ അമേരിക്കയെ കൂടുതൽ ആശ്രയിക്കാൻ സാധ്യതയുണ്ടെന്നാണ് വിവരം.

പ്രധാനമന്ത്രി നരേന്ദ്ര മോദി വ്യാഴാഴ്ച അമേരിക്കയിലെത്തും. രണ്ട് ദിവസത്തെ സന്ദർശന വേളയിൽ പ്രസിഡന്റ് ഡൊണാൾഡ് ട്രംപുമായി മോദി ചർച്ച നടത്തും. അമേരിക്കയിൽ നിന്ന് ക്രൂഡ് ഓയിൽ വാങ്ങുന്ന വിഷയം പ്രധാന ചർച്ചയാകുമെന്നാണ് റിപ്പോർട്ടുകൾ. അമേരിക്കയിൽ നിന്നുള്ള കയറ്റുമതി വർധിപ്പി ക്കാൻ ട്രംപിനും താൽപ്പര്യമുണ്ട്.

ക്രൂഡ് ഓയിൽ ഇറക്കുമതി ചെയ്യുന്ന പ്രധാന വിപണിയായ ഇന്ത്യയിൽ അമേരിക്കൻ പ്രസിഡന്റിനും നോട്ടമുണ്ട്.

അതുകൊണ്ട് തന്നെ ഇന്ത്യയെ അദ്ദേഹം അമേരിക്കയുടെ എണ്ണ വാങ്ങാൻ നിർബന്ധിച്ചേക്കും. ഇളവുകൾ ലഭിച്ചാൽ അമേരിക്കയിൽ നിന്ന് എണ്ണ വാങ്ങുന്നതിന് ഇന്ത്യയ്ക്ക് തടസമുണ്ടാകില്ല.

എന്നാൽ സാമ്പത്തികമായി നഷ്ടമുണ്ടാകരുത് എന്ന് മാത്രം. ഇന്ത്യ ഏറ്റവും കൂടുതൽ ക്രൂഡ് ഓയിൽ വാങ്ങുന്നത് റഷ്യയിൽ നിന്നാണ്. പശ്ചിമേഷ്യൻ രാജ്യമായ ഇറാഖ് ആണ് രണ്ടാം സ്ഥാനത്ത്. ഗൾഫ് രാജ്യങ്ങളായ സൗദി അറേബ്യയും യുഎഇയുമാണ് മൂന്നും നാലും സ്ഥാനങ്ങളിൽ.

അഞ്ചാം സ്ഥാനത്തുള്ള അമേരിക്കയിൽ നിന്ന് കൂടുതൽ ക്രൂഡ് വാങ്ങാൻ ഇന്ത്യ ധാരണയിലെത്തിയാൽ മറ്റ് രാജ്യങ്ങൾക്ക് തിരിച്ചടിയാകും.

**ഇന്ത്യ നേരിടുന്ന വെല്ലുവിളി**

റഷ്യയിൽ നിന്ന് ക്രൂഡ് ഓയിൽ വാങ്ങുന്നത് ശരിക്കും ഇന്ത്യയ്ക്ക് നഷ്ടക്കച്ചവടമാണ്. ക്രൂഡ് ഇന്ത്യയിൽ എത്തിക്കാനുള്ള ചരക്കുകടത്ത് കൂലിയാണ് വലിയ വെല്ലുവിളി. എന്നാൽ റഷ്യ എണ്ണയുടെ വില കുറച്ച് നൽകിയതാണ് അനുഗ്രഹമായത്. അമേരിക്കൻ ഉപരോധം കാരണം റഷ്യ പ്രതിസന്ധിയിലായത് ഇന്ത്യയ്ക്ക് മറ്റൊരു അർഥത്തിൽ നേട്ടമാകുകയായിരുന്നു.

അമേരിക്കയിൽ നിന്ന് ക്രൂഡ് ഓയിൽ വാങ്ങുമ്പോഴും ഇന്ത്യ നേരിടുന്ന വെല്ലുവിളി ഉയർന്ന ചരക്കുകടത്ത് കൂലിയാകും. ഏത് തരം ക്രൂഡ് ആണ് അമേരിക്കയിൽ ലഭ്യമാകുക, വില കുറച്ച് നൽകാൻ അമേരിക്കൻ കമ്പനികൾ തയ്യാറാകുമോ തുടങ്ങിയ കാര്യങ്ങൾ പരിശോധിച്ചാകും ഇന്ത്യൻ എണ്ണ കമ്പനികൾ അന്തിമ തീരുമാനം എടുക്കുക.

വില കുറഞ്ഞ് എവിടെ നിന്ന് കിട്ടുന്നോ, അവിടെ നിന്ന് കൂടുതൽ ഇറക്കുമതി ചെയ്യുക എന്ന നയമാണ് ഇന്ത്യൻ എണ്ണ കമ്പനികൾ സ്വീകരിക്കുന്നത്. അതാണ് വെനസ്വേലയിലും നൈജീരിയയിലും അംഗോളയിലും ഗയാനയിലും വരെ ഇന്ത്യ ക്രൂഡ് ഓയിൽ തേടി പോകാൻ കാരണം. അതോടൊപ്പം തന്നെ പതിവായി ഇന്ത്യ എണ്ണ വാങ്ങുന്ന പശ്ചിമേഷ്യൻ രാജ്യങ്ങളിൽ നിന്നുള്ള ഇറക്കുമതി തുടരുന്നുമുണ്ട്.

ചൈനയും അമേരിക്കയും കഴിഞ്ഞാൽ ലോകത്ത് ഏറ്റവും കൂടുതൽ ക്രൂഡ് ഓയിൽ വാങ്ങുന്ന രാജ്യമാണ് ഇന്ത്യ. വാങ്ങുന്ന മുഴുവൻ ക്രൂഡും ഇന്ത്യയിൽ ഉപയോഗിക്കുന്നില്ല. അവ ശുദ്ധീകരിച്ച് പെട്രോളിയം ഉൽപ്പന്നങ്ങളാക്കി കയറ്റുമതി ചെയ്യുന്നുമുണ്ട്. മാത്രമല്ല ഇന്ത്യയിൽ വിവിധ സ്ഥലങ്ങളിലെ ഭൂമിക്കടിയിൽ ക്രൂഡ് ഓയിൽ ശേഖരമുണ്ട്. അവയുടെ ഖനനം വിപുലീകരിക്കാനും ഇന്ത്യ പദ്ധതി തയ്യാറാക്കിയിരിക്കുകയാണ്. ആഭ്യന്തര ഉൽപ്പാദനം കൂട്ടി, ഇറക്കുമതി കുറയ്ക്കുക എന്ന പദ്ധതിയാണ് ഒരുക്കിയിട്ടുള്ളത്.












# ആദായ നികുതി നിയമം ലളിതമാകും



ന്യൂഡൽഹി: ആദായ നികുതിദായകർക്ക് ഏറെ ആശ്വാസം പകർന്ന് നിയമങ്ങൾ ലളിതവും സമഗ്രവുമാക്കുന്ന പുതിയ ഇൻകം ടാക്സ് ആക്ട് 2025 കേന്ദ്ര ധനമന്ത്രി നിർമ്മലാ സീതാരാമൻ ഇന്ന് (ഫെബ്രുവരി 13) പാർലമെന്റിൽ അവതരിപ്പിക്കും. അസസ്മെന്റ് വർഷമെന്നത് നികുതി വർഷമായി മാറുന്ന ബില്ലിലെ വ്യവസ്ഥകൾ സാധാരണക്കാർക്ക് മനസിലാകുന്ന ലളിതമായ ഭാഷയിലായിലാക്കും.

അസസ്മെന്റ് വർഷം, മുൻവർഷം എന്നീ പ്രയോഗങ്ങൾ പുതിയ ബില്ലിൽ ഒഴിവാക്കി, ഇതോടെ നികുതി അടയ്ക്കുമ്പോഴും റിട്ടേൺ ഫയൽ ചെയ്യുമ്പോഴുമുള്ള ആശയകുഴപ്പം ഒഴിവാക്കും. 1961ലെ ആദായ നിയമം ഭേദഗതി ചെയ്യുന്ന ബിൽ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് വിട്ടേക്കും. അടുത്ത വർഷം ഏപ്രിൽ ഒന്നുമുതൽ നടപ്പിലായേക്കും.

**ബില്ലിലെ പ്രധാന വ്യവസ്ഥകൾ:**

1. സാമ്പത്തിക വർഷം ഏപ്രിൽ 1 ന് ആരംഭിച്ച് മാർച്ച് 31 ന് അവസാനിക്കുന്ന രീതി തുടരും.
2. ആദായനികുതി റിട്ടേൺ ഫയലിംഗിന്റെ 139-ാം വകുപ്പ് പുതിയ ബില്ലിൽ 115ബി.എ.സി എന്നാകും.
3. പ്രവാസികളെ സംബന്ധിക്കുന്ന വ്യവസ്ഥകൾ തുടരും.
4. സ്റ്റാൻഡേർഡ് ഡിഡക്ഷൻ, ഗ്രാറ്റുവിറ്റി, ലീവ് എൻക്യാഷ്മെന്റ് തുടങ്ങി ശമ്പളത്തിൽ നിന്നുള്ള കിഴിവുകൾ വ്യത്യസ്ത വിഭാഗങ്ങളിൽ പരിഗണിച്ചിരുന്നത് ഏകീകരിച്ചു. അതിനാൽ ടി.ഡി.എസ് പ്രക്രിയ എളുപ്പമാകും.
5. മറ്റ് സ്രോതസുകളിൽ നിന്നുള്ള വരുമാനമെന്ന നിർവചനത്തിൽ വെർച്വൽ ഡിജിറ്റൽ ആസ്തികൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ക്രിപ്റ്റോ കറൻസി പോലുള്ള മേഖലകളിൽ നിന്നുള്ള വരുമാനത്തിന് ആദായ നികുതി ഈടാക്കാൻ ഇതോടെ അവസരമൊരുങ്ങും.
6. ആദായനികുതി റിട്ടേൺ ഫയലിംഗ്സമയപരിധി,ആദായനികുതിസ്ലാബുകൾ, മൂലധന നേട്ട പരിധി എന്നിവയിൽ മാറ്റമില്ല.
7. ബിൽ പാസായാൽ 2025 ഏപ്രിൽ ഒന്നുമുതൽ2026മാർച്ച്31വരെയുള്ളസാമ്പത്തിക വർഷങ്ങളിലെ വരുമാനത്തിന്റെ നികുതി കണക്കാക്കുന്നത് പുതിയ നിയമത്തിന്റെ അടിസ്ഥാനത്തിലാകും.

**നിയമം ലളിതമാകും**

പുതിയ ബിൽ 23 അദ്ധ്യായങ്ങളിലായി 298 വിഭാഗങ്ങളും 14 ഷെഡ്യൂളുകളും അടങ്ങിയത്. നിലവിൽ 23 അദ്ധ്യായങ്ങളിൽ 536 വിഭാഗങ്ങളും 16 ഷെഡ്യൂളുകളും. ബില്ലിന്റെ പേജുകൾ 823ൽ നിന്ന് 622ആയി കുറഞ്ഞു.

# അനധികൃത കുടിയേറ്റം തടയാൻ ഇന്ത്യയും, 7 വർഷം വരെ തടവ്, 10 ലക്ഷം പിഴ

ന്യൂഡൽഹി: പാസ്പോർട്ടോ വിസയോ ഇല്ലാതെ ഇന്ത്യയിൽ പ്രവേശിക്കുന്ന വിദേശപൗരന്മാർക്ക് 5 വർഷം വരെ തടവ്, 5 ലക്ഷം പിഴ. വ്യാജ രേഖയെങ്കിൽ തടവ് 7 വർഷവും പിഴ 10 ലക്ഷവുമാവും. ഇമിഗ്രേഷൻ ആൻഡ് ഫോറിനേഴ്സ് ബിൽ 2025ലാണ് അനധികൃത പ്രവേശനത്തിനെതിരെ വ്യവസ്ഥ കടുപ്പിക്കുന്നത്.

ബിൽ കേന്ദ്രമന്ത്രി അമിത് ഷാ ഇന്ന് (ഫെബ്രുവരി 13) പാർലമെന്റിൽ അവതരിപ്പിച്ചേക്കും. നിലവിൽ രേഖകളില്ലാതെയോ, വ്യാജ പാസ്പോർട്ടുമായോ വന്നാൽ 5 വർഷം വരെ തടവും 10,000-50,000 രൂപ വരെ പിഴയുമാണ് പരമാവധി ശിക്ഷ.

അനധികൃത കുടിയേറ്റത്തിനെതിരാണ് ഇന്ത്യ. യു.എസ് പ്രസിഡന്റ് ട്രംപിന്റെ കടുത്ത നടപടികളെ പിന്തുണച്ച് വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ കഴിഞ്ഞ ദിവസം ഇക്കാര്യം ആവർത്തിച്ചിരുന്നു. ബംഗ്ളാദേശിൽ നിന്നുൾപ്പെടെയുള്ള അനധികൃത കുടിയേറ്റം തടയൽ ബില്ലിന്റെ പ്രധാന ലക്ഷ്യമെന്നാണ് വിലയിരുത്തൽ.

വിദേശ പൗരന്മാരുടെ യാത്രയ്ക്കും കർശന നിയന്ത്രണം വരും. വിദേശികൾ ബയോമെട്രിക് രജിസ്ട്രേഷന് വിധേയരാകണം. പിടിക്കപ്പെടുന്നവർ സ്വന്തം ചെലവിൽ രാജ്യംവിടണം.

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ വിദേശ വിദ്യാർത്ഥികളുടെ വിവരം നിയുക്ത രജിസ്ട്രേഷൻ ഓഫീസിന് നിർബന്ധമായും കൈമാറണം. വിദേശികൾക്ക് ചികിത്സ നൽകുന്ന ആശുപത്രികൾ, ഹോം സ്റ്റേകൾ എന്നിവയ്ക്കും ഇതുബാധകം. വിമാനം, കപ്പലുകൾ തുടങ്ങിയവ വിദേശ യാത്രക്കാരുടെ വിവരം മുൻകൂറായി അധികാരികൾക്ക് നൽകണം. ഇമിഗ്രേഷൻ ഓഫീസർ പ്രവേശനം നിഷേധിച്ചാൽ ഉടൻ യാത്രക്കാരെ തിരിച്ചുകൊണ്ടുപോകണം. വിദേശ ടൂറിസ്റ്റുകൾക്ക് നിയന്ത്രിത മേഖലകളിൽ പ്രവേശനം പാടില്ല.



**വിസ കാലാവധി കഴിഞ്ഞാൽ**

വിസ കാലാവധി കഴിഞ്ഞും തങ്ങുകയോ, വിസ വ്യവസ്ഥകൾ ലംഘിക്കുകയോ, നിരോധിത പ്രദേശങ്ങളിൽ പ്രവേശിക്കുകയോ ചെയ്താൽ മൂന്ന് വർഷം വരെ തടവോ, മൂന്ന് ലക്ഷം രൂപ വരെ പിഴയോ, രണ്ടും ചേർത്തോ ശിക്ഷ.

സാധുവായ രേഖകളില്ലാതെ വിദേശികളെ വാഹനങ്ങളിൽ കൊണ്ടുപോയാൽ 5 ലക്ഷം രൂപ വരെ പിഴ (നിലവിൽ ഒരു ലക്ഷം). പിഴ അടച്ചില്ലെങ്കിൽ വാഹനം തടഞ്ഞുവയ്ക്കാം. പിടിച്ചെടുക്കാം. വാഹനം വിറ്റും പിഴ ഈടാക്കാം

**മാറ്റുന്നു, സ്വാതന്ത്ര്യത്തിന് മുൻപുള്ള നിയമങ്ങൾ**

1946ലെ ഫോറിനേഴ്സ് നിയമം, 1920ലെ പാസ്പോർട്ട് (ഇന്ത്യയിലേക്കുള്ള പ്രവേശനം) നിയമം, 1939ലെ ഫോറിനേഴ്സ് രജിസ്ട്രേഷൻ നിയമം എന്നിവയും 2000ലെ ഇമിഗ്രേഷൻ (കാരിയേഴ്സ് ലയബിലിറ്റി) നിയമവും പൊളിച്ചെഴുതുകയാണ്.

## സിഖ് വിരുദ്ധ കലാപക്കേസ്;

# സജ്ജൻ കുമാർ കുറ്റക്കാരനാണെന്ന് വിധിച്ചു ഡൽഹി കോടതി; ശിക്ഷ വിധി ഫെബ്രുവരി 18ന്

ന്യൂഡെൽഹി: മുൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ വധത്തിനു പിന്നാലെ 1984 ൽ ഉണ്ടായ സിഖ് വിരുദ്ധ കലാപവുമായി ബന്ധപ്പെട്ട കേസിൽ മുൻ കോൺഗ്രസ് എംപി സജൻ കുമാറിനെ ഡൽഹിയിലെ റൂസ് അവന്യൂ കോടതി ശിക്ഷിച്ചതായി റിപ്പോർട്ട്.

ജസ്വന്ത് സിങ്ങിനെയും മകൻ തരൺദീപ സിംഗിനെയും കൊലപ്പെടുത്തിയ കേസിൽ ആണ് സജ്ജൻ കുമാർ കുറ്റക്കാരനാണെന്ന് കോടതി പ്രഖ്യാപിച്ചത്. സജ്ജൻ കുമാർ ഇതിനകം ജീവപര്യന്തം തടവ് അനുഭവിച്ചിട്ടുണ്ട്.

അതേസമയം കോടതി ശിക്ഷ പ്രഖ്യാപിക്കുന്നത് ഫെബ്രുവരി 18 ലേക്ക് മാറ്റി. ശിക്ഷ ഫെബ്രുവരി 18ന് കോടതി തീരുമാനിക്കുമെന്ന് കോടതി വിധിക്ക് ശേഷം അഭിഭാഷകൻ ഹർവീന്ദർ സിംഗ് ഫൂൽക്ക മാധ്യമങ്ങളോട് പറഞ്ഞു.

1984ലെ സിഖ് വിരുദ്ധ കലാപവുമായി ബന്ധപ്പെട്ട മറ്റൊരു കേസിൽ സജ്ജൻ കുമാർ ഇതിനകം ജീവപര്യന്തം തടവ് അനുഭവിക്കുന്നുണ്ട്. പ്രഖ്യാപനത്തിനായി തിഹാർ ജയിലിൽ നിന്ന് ഇയാളെ കോടതിയിൽ ഹാജരാക്കി.



'നീതി ലഭിച്ചു! എന്നാണ് ബിജെപിയുടെ ഡൽഹി എംഎൽഎ മഞ്ജീന്ദർ സിംഗ് സിർസ വിധിക്ക് ശേഷം പ്രതികരിച്ചത്.

# നോട്ടം പിനാകയിൽ! ഇന്ത്യയിൽ നിന്നും റോക്കറ്റുകൾ വാങ്ങാനൊരുങ്ങി ഫ്രാൻസ്

ബംഗളൂരു: ഇന്ത്യയിൽ നിന്നും ആയുധങ്ങൾ വാങ്ങാൻ ഫ്രാൻസ് തയ്യാറെടുക്കുന്നു. ഇന്ത്യ തദ്ദേശീയമായി നിർമിച്ച പിനാക റോക്കറ്റിലേക്കാണ് ഫ്രാൻസിന്റെ കണ്ണുടക്കിയതെന്നാണ് പ്രതിരോധ വൃത്തങ്ങൾ നൽകുന്ന വിവരം. ഇന്ത്യ ആയുധങ്ങൾ ഇറക്കുമതി ചെയ്യുന്ന രാജ്യങ്ങളുടെ കൂട്ടത്തിൽ രണ്ടാം സ്ഥാനത്താണ് ഫ്രാൻസ്.

ഇതാദ്യമായാണ് ഫ്രാൻസ് ഇന്ത്യയിൽ നിന്നും ആയുധങ്ങൾ വാങ്ങാൻ തയ്യാറെടുക്കുന്നത്. പിനാകയുമായി ബന്ധപ്പെട്ട ചർച്ചകൾ പുരോഗമിക്കുന്നുണ്ടെന്നാണ് റിപ്പോർട്ട്. റോക്കറ്റിന്റെ പ്രവർത്തന മികവ് ഫ്രഞ്ച് പ്രതിനിധി സംഘം നേരിട്ട് കണ്ട് ബോധ്യപ്പെട്ടിരുന്നുവെന്ന് റോയിട്ടേഴ്സ് റിപ്പോർട്ട് ചെയ്തു. എഐ ഉച്ചകോടിയിൽ പങ്കെടുക്കാൻ പ്രധാനമന്ത്രി ഫ്രാൻസിൽ എത്തിയ വേളയിലാണ് വിവരം പുറത്ത് വന്നത്.

പ്രതിരോധ ഗവേഷണ സ്ഥാപനമായ ഡിആർഡിഒ തദ്ദേശീയമായി വികസിപ്പിച്ച റോക്കറ്റ് സംവിധാനമാണ് പിനാക. 1.2 ടൺ ഭാരം വഹിക്കാൻ പിനാകയ്ക്ക് കഴിയും. 90 കിലോമീറ്റർ അകലെ സ്ഥിതി ചെയ്യുന്ന ശത്രുക്കളെയും ശത്രു താവളങ്ങളേയും കൃത്യതയോടെ തകർക്കാൻ ഇവയ്ക്ക് ശേഷിയുണ്ട്. 44 സെക്കൻഡിനുള്ളിൽ 12 തവണ റോക്കറ്റുകൾ ലോഞ്ച് ചെയ്യാനാകുമെന്നതാണ് ഇവയുടെ പ്രധാന പ്രത്യേകതയാണ്.

ടെലിമിനേറ്ററി, റഡാറുകൾ, ഇലക്ട്രോ ഒപ്റ്റിക്കൽ ടാർജെറ്റിംഗ് സിസ്റ്റം എന്നിവയും റോക്കറ്റിലുണ്ട്. അതിർത്തിയിൽ ഉടലെടുക്കുന്ന ചൈനീസ്പാക് ഭീഷണികൾ നേരിടാൻ സൈന്യത്തിന് കരുത്തുപകരുന്നതിൽ മുൻപന്തിയിലാണ് പിനാകയുടെ സ്ഥാനം.



# കരീന കപൂറും സെയിഫും പിരിയുന്നോ?




കരീന കപൂറും സെയിഫ് അലി ഖാനും ആരാധകരുടെ പ്രിയപ്പെട്ട ദമ്പതികളാണ്. താരങ്ങളുടെ സന്തുഷ്ടകരമായ ദാമ്പത്യത്തിനും ആരാധകർ ഏറെയാണ്. എന്നാൽ ഇപ്പോൾ താര ദമ്പതികൾ പിരിയാൻ ഒരുങ്ങുകയാണോ എന്ന ഭയത്തിൽ ആണ് ആരാധകർ. കരീനയുടെ ഒരു സോഷ്യൽ മീഡിയ പോസ്റ്റ് ആണ് ഈ സംശയത്തിന് കാരണം.ജീവിതത്തിൽ അനുഭവിച്ച് മാത്രം അറിയേണ്ട കാര്യം എന്ന് പറഞ്ഞു നടി കരീന കപൂർ ഖാൻ പങ്കുവച്ച സോഷ്യൽ മീഡിയ പോസ്റ്റ് ആണ് വലിയ ചർച്ചയാവുന്നത്. കരീനയുടെ ഭർത്താവ് സെയ്ഫ് അലി ഖാനെതിരെ ജനുവരി 16ന് നടന്ന ആക്രമണ സംഭവവും തുടർന്നുള്ള വിവാദങ്ങൾക്കും ശേഷമാണ് നടിയുടെ സോഷ്യൽ മീഡിയ പോസ്റ്റ് വന്നിരിക്കുന്നത്.

‘വിവാഹം, വിവാഹമോചനം, ഉത്കണ്ഠ, പ്രസവം, പ്രിയപ്പെട്ട ഒരാളുടെ മരണം, രക്ഷാകർതൃത്വം എന്നിവ നിങ്ങൾക്ക് ഒരിക്കലും മനസ്സിലാകില്ല. നിങ്ങളുടെ ജീവിതത്തിൽ സംഭവിക്കുന്നത് വരെ, ജീവിതത്തിലെ സാഹചര്യങ്ങളെക്കുറിച്ചുള്ള സിദ്ധാന്തങ്ങളും അനുമാനങ്ങളും യാഥാർത്ഥ്യങ്ങളല്ല. നിങ്ങളുടെ ഊഴമാകുമ്പോൾ ജീവിതത്തിൽ അത് അനുഭവിക്കും വരെ നിങ്ങൾ എല്ലാവരേക്കാളും മിടുക്കനാണെന്ന് നിങ്ങൾ കരുതുന്നു ‘ എന്നാണ് കരീന തൻറെ ഇൻസ്റ്റാഗ്രാം സ്റ്റോറിയിൽ പോസ്റ്റ് ചെയ്തത്. എന്നാൽ ഇതിൽ വിവാഹ മോചനം അടക്കം വാക്കുകൾ കണ്ടതിന് പിന്നാലെ ആണ് വലിയ അഭ്യൂഹങ്ങൾ ഉടലെടുത്തത്. കരീന സ്വന്തം ജീവിത അനുഭവങ്ങളാണ് പങ്കുവച്ചത് എന്നും, അവർ ഇത്തരം ഒരു അവസ്ഥയിലൂടെയാണോ കടന്നുപോകുന്നത് തുടങ്ങിയ നിരവധി ചോദ്യങ്ങൾ ആണ് സോഷ്യൽ മീഡിയയിൽ ഉയരുന്നത്.

## ‘സാമന്തയുമായി വേർപിരിഞ്ഞതോടെ നാഗചൈതന്യ വിഷാദത്തിലായി’; നാഗാർജുന



സാമന്തയും നാഗചൈതന്യയും നാല് വർഷങ്ങൾക്ക് മുൻപ‌ാണ് പിരിഞ്ഞത്. നാഗാർജുന വേറെ വിവാഹവും കഴിച്ചു. എന്നിട്ടും ആരാധകർക്ക് അവരുടെ വേർപിരിയൽ ഇതുവരെ അംഗീകരിക്കാൻ ആയിട്ടില്ല. കഴിഞ്ഞ ഡിസംബറിലാണ് നാഗചൈതന്യ രണ്ടാമത് വിവാഹം ചെയ്തത്. നടി ശോഭിതയാണ് നാഗചൈതന്യയുടെ വധു. ഇപ്പോഴിതാ മകന്റെ വിവാഹമോചനത്തെക്കുറിച്ച് പിതാവും തെലുങ്ക് സൂപ്പർതാരവുമായ നാഗാർജുന പങ്കുവെച്ച് കാര്യങ്ങളാണ് വൈറലാവുന്നത്. തന്റെ മകൻ വീണ്ടും സന്തുഷ്ടനാണെന്നും സന്തോഷത്തോടെ മുന്നോട്ട് പോവുകയാണെന്നുമാണ് താരം പറഞ്ഞത്. സാമന്തയുമായുള്ള ചൈതന്യയുടെ വിവാഹമോചനം തന്റെ മുഴുവൻ കുടുംബത്തിനെയും ബാധിച്ചിരുന്നു. അത് മറികടന്നത് അത്ര എളുപ്പമായിരുന്നില്ല. ആ വേർപിരിയൽ നാഗചൈതന്യയെ വിഷാദത്തിലാക്കി എന്നാണ് നാഗർജുന വ്യക്തമാക്കിയത്.

## ബോച്ചെയുടെ കട ഉദ്ഘാടനത്തിനായി കുംഭമേള വൈറൽ താരം കേരളത്തിലേക്ക്



മഹാകുംഭമേളയ്ക്കിടെയിലെ വൈറൽ താരം 'മൊണാലിസ' കേരളത്തിലേക്ക് എത്തുന്നു. ഫെബ്രുവരി 14നാണ് കോഴിക്കോട് ചെമ്മണൂരിൽ മൊണാലിസ എത്തുന്നത്. ആരെയും ആകർഷിക്കുന്ന ചാരക്കണ്ണുകളും സുന്ദരമായ ചിരിയുമാണ് മധ്യപ്രദേശിലെ ഇന്ദോർ സ്വദേശിയായ മാല വിൽപ്പനക്കാരിയായ 'മൊണാലിസ' എന്ന മോണി ബോസ്ലെയെ സാമൂഹികമാധ്യമങ്ങളിൽ വൈറലാക്കിയത്. താൻ ബോബി ചെമ്മണ്ണൂരിനൊപ്പം കേരളത്തിലേക്ക് എത്തുമെന്ന് മൊണാലിസ പറയുന്ന വിഡിയോ ബോബി ചെമ്മണ്ണൂർ പങ്കുവെച്ചു.

## ലതാ മങ്കേഷ്കറും ആശാ ഭോസ്‌ലേയും ധരിക്കുന്നത് വെള്ള സാരികൾ മാത്രം; പിന്നിലൊരു കാരണമുണ്ട് !



ഇന്ത്യയുടെ വാനംപാടികളായ ആശാ ഭോസ്‌ലേയും സഹോദരി ലതാ മങ്കേഷ്കറും ഏവർക്കും പ്രിയപ്പെട്ട ഗായകരാണ്. ഇരുവരും എപ്പോഴും വെള്ള സാരികൾ മാത്രം ആണ് ധരിക്കാറ്. എന്നാൽ ഇതിന് പിന്നിലെ രഹസ്യം പങ്കുവച്ചിരിക്കുകയാണ് ഇപ്പോൾ ആശാ ഭോസ്‌ലേ. 'വെളുത്ത സാരികൾ ഞങ്ങളുടെ നിറത്തിനു നന്നായി ചേരുമായിരുന്നു. മറ്റു നിറങ്ങൾ ഞങ്ങളെ കൂടുതൽ കറുത്തവരാക്കുമായിരുന്നു. പിന്നീട് ഞാൻ പിങ്ക് നിറമുള്ള സാരികളും ധരിക്കാൻ തുടങ്ങി. എന്നാൽ അത് ദീദിക്ക് ഇഷ്ടമായിരുന്നില്ല. പക്ഷേ ഞാൻ അത് തുടർന്നു' എന്നാണ് ആശ ഭോസ്‌ലേ പറയുന്നത്. അമൃത റാവുവിന്റെയും ആർ.ജെ അൻമോലിന്റെയും കപ്പിൾ ഓഫ് തിങ്സ് എന്ന പോഡ്കാസ്റ്റിൽ സംസാരിക്കുകയായിരുന്നു ആശാ ഭോസ്‌ലേ.അതേസമയം ലതാ മങ്കേഷ്കറുമായുള്ള ബന്ധത്തെ കുറിച്ചും ആശ ഭോസ്‌ലേ തുറന്ന് പറഞ്ഞു. ‘വീട്ടിനുള്ളിൽ ദീദി സാധാരണയായി പെരുമാറും. ഞങ്ങൾ മറാഠിയിലാണ് സംസാരിക്കുക. എന്നാൽ പുറത്ത് ദീദി വളരെ പ്രഫഷണലാണ്. പുറത്തിറങ്ങുമ്പോൾ ദീദി ലതാ മങ്കേഷ്കറായി മാറും എന്നാണ് ആശ ഭോസ്‌ലേ പറയുന്നത്.



# റാസി നോമിനേഷനിലൂടെ വീണ്ടും അപമാനിക്കപ്പെട്ട് ജെന്നിഫർ

കഴിഞ്ഞ വർഷം ജെന്നിഫർ ലോപ്പസിന് ശരിക്കും ബുദ്ധിമുട്ടുള്ള ഒരു വർഷം തന്നെയായിരുന്നു. ബെൻ അഫ്ലെക്കിസുമായുള്ള വേർപിരിയലും കരിയറിലെ തിരിച്ചടികളും എല്ലാം താരത്തെ തകർത്തിരുന്നു. എന്നാൽ ഈ വർഷം റാസി നോമിനേഷനിലൂടെ ജെന്നിഫർ ലോപ്പസ് വീണ്ടും അപമാനിക്കപ്പെട്ടു.55 കാരിയായ ഗായികയും നടിയും ആയ ജെന്നിഫർ ലോപ്പസിന് ഗോൾഡൻ റാസ്ബെറി അവാർഡ് ലഭിച്ചിരുന്നു. ഇത് സിനിമയിലെ ഏറ്റവും മോശം പ്രകടനങ്ങൾക്ക് നൽകുന്ന അവാർഡ് ആണ്. സൺഡാൻസ് ഫിലിം ഫെസ്റ്റിവലിൽ കിസ് ഓഫ് ദി സ്പൈഡർ വുമണിന് കൈയ്യടി ലഭിച്ചിട്ടും ലോപ്പസിന് നോമിനേഷൻ ലഭിച്ചതിൽ നാണക്കേട് തോന്നിയതായി ആണ് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്.അതേസമയം വലിയ നിരാശകളിൽ വിഷമിക്കുന്ന താരം ഈ വാർത്തകൾ കഠിനമായി എടുക്കുന്നു എന്നാണ് നടിയോട് അടുത്ത വൃത്തങ്ങൾ പറയുന്നത്. അതേസമയം താരം സ്വയം നിർമ്മിച്ച പ്രൊജക്റ്റ് ദിസ് ഈസ് മി... ഇപ്പോൾ ക്രൂരമായ അവലോകനങ്ങൾ നേരിടേണ്ടി വന്നിരുന്നു, ബോക്സ് ഓഫീസിലും ഇത് പരാജയമായിരുന്നു.കഴിഞ്ഞ വർഷം അവളുടെ ജീവിതത്തിലെ ഏറ്റവും ദുഷ്കരമായ വർഷങ്ങളിലൊന്നായിരുന്നു. ജെന്നിഫർ അത് വളരെ മോശമായി ആണ് എടുക്കുന്നത്, ഈ സമയത്ത്, അവൾക്ക് ഒരു ഇടവേള എടുക്കാൻ അവൾക്ക് കഴിയില്ലെന്ന് തോന്നുന്നു എന്നാണ് താരവുമായി അടുത്ത വൃത്തങ്ങൾ വ്യക്തമാക്കുന്നത്..





സാഗർ

# സുമന്റെ കരിയർ തകർത്ത 'ബ്ലൂഫിലിം' കേസിൽ എംജിആറിനും പങ്കോ?



1980-90കളിൽ ടോളിവുഡിലെ പ്രമുഖ താരമായിരുന്നു സുമൻ. തമിഴിലും തെലുങ്കിലും ചിരഞ്ജീവിയെക്കാളും രജനീകാന്തിനേക്കാളും ഒക്കെ മുകളിൽ പ്രതിഫലം വാങ്ങി നിർമാതാക്കളും സംവിധായകരും ഡേറ്റിനായി കാത്തിരുന്ന, ആരാധകർ ആരാധനയോടെ കണ്ടിരുന്ന താരമായിരുന്നു സുമൻ.അന്നത്തെ മദ്രാസിൽ, തുളു ഭാഷ സംസാരിക്കുന്ന കുടുംബത്തിൽ ജനിച്ച ഒരു സുന്ദര കില്ലാഡി. ആകാര ഭംഗിയും സൗന്ദര്യവും അഭിനയത്തികവും ഒത്തിണങ്ങിയപ്പോൾ സുമൻ തമിഴ്, തെലുങ്ക് തിരകളിൽ ആവേശം പടർത്തിയ റൊമാന്റിക് ഹീറോയായി. എന്നാൽ, 1985 മേയ് 18ന് എല്ലാം കീഴ്മേൽ മറിഞ്ഞു.അദ്ദേഹത്തിൻറെ കരിയറിൽ ഏറ്റവും വലിയ തിരിച്ചടിയായിരുന്നു അത്.1980 കളുടെ മധ്യത്തിൽ ചെന്നൈയിൽ എടുത്ത ഒരു കേസിൽ സുമൻ അറസ്റ്റിലായി. പിന്നീട് അദ്ദേഹം ജയിലിൽ കിടന്നു. ഈ കേസിൽ ഇദ്ദേഹത്തെ വെറുതെ വിട്ടെങ്കിലും 'ബ്ലൂഫിലിം' കേസ് എന്ന് അറിയിപ്പെടുന്ന ഈ കേസ് സുമന് വലിയ തിരിച്ചടിയായി മാറി.പിന്നീട് സഹനടനായും വില്ലനായും ഇന്നും സുമൻ സിനിമയിൽ സജീവമാണ്. മലയാളത്തിൽ പഴശ്ശിരാജ, സാഗർ ഏലിയാസ് ജാക്കി എന്നീ ചിത്രങ്ങളിൽ അദ്ദേഹം അഭിനയിച്ചിട്ടുണ്ട്. ഒപ്പം തന്നെ രജനികാന്തിൻറെ ശിവാജി എന്ന സിനിമയിലെ വില്ലൻ വേഷം ഏറെ ശ്രദ്ധേയമാണ്. ഇപ്പോഴിതാ ഈ കേസിൽ വെളിപ്പെടുത്തൽ നടത്തിയിരിക്കുകയാണ് സുമൻറെ അടുത്ത സുഹൃത്തായ സാഗർ. ഒരു അഭിമുഖത്തിലാണ് വെളിപ്പെടുത്തൽ. തെലുങ്കിലെ മുൻനിര താരമായി കത്തിനിന്ന സമയത്ത് സുമൻറെ കരിയർ തന്നെ അപകടത്തിലാക്കിയ ഈ കേസിൽ തമിഴ്നാട് മുഖ്യമന്ത്രിയായിരുന്ന എംജിആറിന് അടക്കം പങ്കുണ്ടെന്നാണ് സാഗർ പറയുന്നത്. സുമനെ വളർച്ചയിൽ തടയുന്നതിനായി അദ്ദേഹത്തിനെതിരെ വ്യാജ കേസ് ചുമത്തിയെന്നും 'ബ്ലൂ ഫിലിം' നിർമ്മിച്ചുവെന്ന വ്യാജ ആരോപണങ്ങൾ ഉയർത്തിയെന്നും സാഗർ പറയുന്നു. അന്നത്തെ മദ്യ വ്യവസായി വാടിയാർ എന്നിവരുടെ ഗൂഢാലോചനയിലൂടെയാണ് സുമൻ ജയിലിൽ അടയ്ക്കപ്പെട്ടത് എന്നും സാഗർ കൂട്ടിച്ചേർത്തു. ജാമ്യം പോലും ലഭിക്കാത്ത വിധത്തിൽ സുമനെതിരെ കേസുകൾ ചുമത്തപ്പെട്ടു. ഈ എല്ലാറ്റിനും ഒരു സ്ത്രീയുടെ സുമനോടുള്ള പ്രണയമെന്നത് ആയിരുന്നു പ്രധാന കാരണം.അന്ന് സ്ത്രീകൾക്കിടയിൽ ആരാധനപാത്രമായിരുന്നു സുമൻ. അന്നത്തെ തമിഴ്നാട് ഡിജിപിയുടെ മകളും സുമൻറെ ആരാധികയായിരുന്നു. എന്നാൽ ഇവർ വിവാഹിതയായിരുന്നു. എന്നിട്ടും ഈ സ്ത്രീ സുമന്റെ ഷൂട്ടിംഗിലേക്കു വന്നു പ്രശ്നങ്ങൾ ഉണ്ടാക്കുമായിരുന്നു. എന്നാൽ സുമനു അവളോടൊന്നും താൽപര്യമില്ലായിരുന്നു. അതേസമയം, വാടിയാരുടെ മകളോട് സുമൻറെ സുഹൃത്തിന് പ്രണയമുണ്ടായതും സാഹചര്യം കുഴപ്പത്തിലാക്കിയെന്ന് സാഗർ പറയുന്നു.

## കറുത്ത കലാകാരന്മാരെ ഗ്രാമി അവഗണിക്കുന്നോ?; ബിയോൺസിന്റെ ഗ്രാമി വിജയത്തിന് ഒരു വിലയിരുത്തൽ



കഴിഞ്ഞ ആഴ്ച നടന്ന 67-ാമത് ഗ്രാമി അവാർഡുകളിൽ ആദ്യമായി ആൽബം ഓഫ് ദ ഇയർ സമ്മാനം നേടിയതിന് പിന്നാലെയുള്ള പ്രസംഗത്തിൽ വികാരാതീതയായി അമേരിക്കൻ ഗായികയും ഗാനരചയിതാവുമായ ബിയോൺസ്. ഇത് നിരവധി വർഷങ്ങളായി ആഘോഷിക്കപ്പെട്ട തന്റെ കരിയർ മാത്രമല്ല, ചരിത്രത്തിലെ ഏറ്റവും കൂടുതൽ ഗ്രാമി നോമിനേഷനുകൾ ഉണ്ടായിട്ടും, അവാർഡുകളിൽ താൻ തള്ളപ്പെട്ടു എന്ന പതിവ് വിരോധാഭാസവും താരം പ്രസംഗത്തിൽ ചൂണ്ടിക്കാട്ടി.റെക്കോർഡ് ഓഫ് ദ ഇയർ, സോങ് ഓഫ് ദ ഇയർ, ആൽബം ഓഫ് ദ ഇയർ എന്നിങ്ങനെയുള്ള മികച്ച ഗ്രാമി വിഭാഗങ്ങളിലെ സമ്മാനങ്ങൾ ബിയോൺസിന് നേരത്തെ നഷ്ടമായിട്ടുണ്ട്. ശരാശരി സംഗീത ശ്രോതാവിനെ സംബന്ധിച്ചിടത്തോളം, ഇത് പ്രധാനമായി തോന്നില്ല, എന്നാൽ കറുത്ത അമേരിക്കൻ കലാകാരന്മാരും അവരുടെ ആരാധകരും ഉയർത്തിയ ഒരു വലിയ പരാതിയിലേക്ക് ആണ് ആ നഷ്ടങ്ങൾ പോകുന്നത്. ഗ്രാമി ചരിത്രപരമായി അവരുടെ കലാപരമായ കഴിവുകളെ അവഗണിച്ചു എന്നാണ് അവർ വിലയിരുത്തുന്നത്.അമേരിക്കൻ സിനിമകൾക്ക് ഓസ്കാർ നൽകുന്നതുപോലെ, അമേരിക്കൻ സംഗീതത്തിലെ ഏറ്റവും മികച്ചതിന് നൽകുന്ന അംഗീകാരമെന്നാണ് ഗ്രാമി അവകാശപ്പെടുന്നത്. ഏകദേശം ഏഴ് പതിറ്റാണ്ടുകൾ നീണ്ട അതിന്റെ ചരിത്രം അങ്ങനെ തന്നെയാണ് പറഞ്ഞു വയ്ക്കുന്നത്. അതുപോലെ ഇത് വാണിജ്യപരമായ പ്രശംസയ്ക്കൊപ്പം കലാകാരന്മാർ എന്ന നിലയിൽ അവരുടെ മഹത്വം വർദ്ധിപ്പിക്കുന്നു.എന്നാൽ ഓസ്കാറിന്റെ കാര്യത്തിലെന്നപോലെ, വെള്ളക്കാരായ കലാകാരന്മാരെ കൂടുതലായി അംഗീകരിച്ചതിന് ഗ്രാമികൾക്ക് നേരെയുള്ള വിമർശനങ്ങൾ സമീപ വർഷങ്ങളിൽ ഏറെ ഉണ്ടായിരുന്നു. ഗ്രാമി പുരസ്കാരം നൽകുന്ന ദി റെക്കോർഡിംഗ് അക്കാദമിയുടെ തിരഞ്ഞെടുപ്പ് പ്രക്രിയയും വിമർശങ്ങൾക്ക് വിധേയമാക്കുന്നുണ്ട്. ചുരുക്കത്തിൽ, അംഗങ്ങളും റെക്കോർഡ് കമ്പനികളും എൻട്രികൾ സമർപ്പിക്കുന്നതിലൂടെ ആരംഭിക്കുന്നു. ഇവ യോഗ്യതയ്ക്കും കാറ്റഗറി പ്ലേസ്മെന്റിനുമായി പരിശോധിക്കുന്നു. അംഗങ്ങൾ ഓരോ വിഭാഗത്തിലെയും അഞ്ച് ഫൈനലിസ്റ്റുകളെയും വിജയികളെയും അന്തിമ വോട്ടിംഗ് റൗണ്ടിലൂടെ നിർണ്ണയിക്കുന്നു. എന്നാൽ പട്ടിക വെട്ടിക്കുറയ്ക്കാൻ ചുമതലപ്പെടുത്തിയ സമിതികൾ ജനാധിപത്യവിരുദ്ധവും അഴിമതിയുമാണെന്ന് ചില മുൻ അംഗങ്ങൾ ആരോപിച്ചു.ബിയോൺസിന്റെ കൗബോയ് കാർട്ടർ കഴിഞ്ഞയാഴ്ച ആൽബം ഓഫ് ദ ഇയർ ആയി അംഗീകരിക്കപ്പെട്ടു, എന്നാൽ 2008-ലെ ആൽബമായ ഐ ആം... സാഷ ഫിയേഴ്സിനായി നോമിനേറ്റ് ചെയ്യപ്പെട്ടതോടെയാണ് അവാർഡ് വിഭാഗത്തിനായുള്ള താരത്തിന്റെ ശ്രമം ആരംഭിച്ചത്.

# 'ദി അക്കൗണ്ടന്റ് 2'; പുതിയ ചിത്രങ്ങൾ പുറത്ത്




ദി അക്കൗണ്ടന്റ് 2 വിന്റെ പുതിയ ചിത്രങ്ങൾ പുറത്ത്. ജോൺ ബെർന്താലും ബെൻ അഫ്ലെക്കും അഭിനയിക്കുന്ന ചിത്രം തീവ്രമായ ആക്ഷൻ ഡ്രാമയാണെന്ന് പ്രതീക്ഷിക്കുന്നു. ആദ്യ ചിത്രത്തിന്റെ പ്രീമിയർ കഴിഞ്ഞ് ഒമ്പത് വർഷങ്ങൾക്ക് ശേഷമാണ് തുടർഭാഗം വരുന്നത്. ദി അക്കൗണ്ടന്റ് (2016)എന്ന ചിത്രത്തിന്റെ തുടർച്ചയാണിത്. ചിത്രങ്ങളിൽ ബെർന്താലിന്റെയും അഫ്ലെക്കിന്റെയും കഥാപാത്രങ്ങളെ വ്യത്യസ്ത സാഹചര്യങ്ങളിൽ കാണാം, പുറത്ത് ഒരുമിച്ച് വിശ്രമിക്കുന്നത് മുതൽ ആക്രമിക്കാൻ തയ്യാറായ വലിയ തോക്കുകളുമായി ഒരു സ്ഥലത്തേക്ക് ഓടുന്നത് വരെ. തുടർഭാഗത്തിലും ഇരുവരും വീണ്ടും സഹോദരന്മാരായി അഭിനയിക്കുന്നു.അക്കൗണ്ടന്റ് ക്രിസ്റ്റ്യൻ വുൾഫായി ബെർന്തലും അദ്ദേഹത്തിന്റെ സുരക്ഷാ കമ്പനി ജീവനക്കാരനായ സഹോദരൻ ബ്രാക്സായി അഫ്ലെക്ക് അവതരിപ്പിക്കുന്നു.2016 ൽ പുറത്തിറങ്ങിയ ദി അക്കൗണ്ടന്റ് മികച്ച ബോക്സ് ഓഫീസ് വിജയം നേടി, 44 മില്യൺ ഡോളർ ബജറ്റിൽ ലോകമെമ്പാടുമായി 155 മില്യൻ ഡോളറിലധികം വരുമാനം നേടി.ജെ കെ സിമ്മൺസ് , സിന്തിയ അദായി-റോബിൻസൺ എന്നിവർ മുൻ ചിത്രത്തിലെ കഥാപാത്രങ്ങളെ വീണ്ടും അവതരിപ്പിക്കുന്നു, ഡാനിയേല പിനെഡയും ചിത്രത്തിൽ അഭിനയിക്കുന്നു. ചിത്രം 2025 മാർച്ച് 8 ന് സൗത്ത് ബൈ സൗത്ത് വെസ്റ്റിൽ പ്രീമിയർ ചെയ്യാൻ ഷെഡ്യൂൾ ചെയ്തിട്ടുണ്ട് , കൂടാതെ 2025 ഏപ്രിൽ 25 ന് അമേരിക്കയിൽ ആമസോൺ എംജിഎം സ്റ്റുഡിയോസ് മെട്രോ-ഗോൾഡ്‌വിൻ-മേയർ വഴി തിയേറ്ററുകളിൽ റിലീസ് ചെയ്യും.

## 'കിൽ' സംവിധായകന്റെ അടുത്ത ചിത്രം രാംചരണിനൊപ്പമോ?



കേരളത്തിലുൾപ്പടെ വമ്പൻ വിജയമായി തീർന്ന ബോളിവുഡ് സിനിമയാണ് 'കിൽ'. നിഖിൽ നാഗേഷ് ഭട്ട് സംവിധാനം ചെയ്ത സിനിമയിൽ നായകനായി എത്തിയത് പുതുമുഖമായ ലക്ഷ്യ ആയിരുന്നു. സിനിമ ബോക്സ് ഓഫീസിൽ വലിയ വിജയം നേടിയിരുന്നു. ചിത്രത്തിന്റെ സംവിധായകനായ നിഖിലിനും വലിയ കൈയ്യടി ലഭിച്ചിരുന്നു. ഇപ്പോഴിതാ അദ്ദേഹത്തിന്റെ അടുത്ത വമ്പൻ സിനിമയുടെ അപ്ഡേറ്റ് പുറത്തുവിട്ടിരിക്കുകയാണ്.നടൻ രാംചരണിനൊപ്പമാണ് നിഖിലിന്റെ അടുത്ത സിനിമയെന്നാണ് പുറത്തുവരുന്ന റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. വമ്പൻ ബഡ്ജറ്റിൽ ഒരു മൈത്തോളജിക്കൽ ചിത്രമായിട്ടാണ് പ്രൊജക്റ്റ് ഒരുങ്ങുന്നത്.നടൻ രാംചരണും നിർമാതാവ് മധു മണ്ടേനയുമൊത്ത് സംവിധായകൻ നിഖിൽ കഴിഞ്ഞ ആറ് മാസമായി ചർച്ചയിലാണെന്നും സിനിമയുടെ പ്രീ പ്രൊഡക്ഷൻ നടന്നുകൊണ്ടിരിക്കുകയാണെന്നുമാണ് പിങ്ക് വില്ല റിപ്പോർട്ട് ചെയ്യുന്നത്. ഇപ്പോൾ രാംചരൺ വർക്ക് ചെയ്തുകൊണ്ടിയിരിക്കുന്ന ബുച്ചി ബാബു സന സംവിധാന ചെയ്യുന്ന ചിത്രത്തിന്റെ ഷൂട്ട് പൂർത്തിയായാൽ ഉടൻ ഈ സിനിമയിലേക്ക് കടക്കുമെന്നാണ് വിവരം.

## സൽമാൻ ഖാനൊത്തുള്ള സിനിമ ഉപേക്ഷിച്ച് അറ്റ്ലി? ഇനി അല്ലു



ചുരുക്കം ചില സിനിമകളിലൂടെ ഇന്ത്യ മുഴുവൻ ചർച്ച ചെയ്യപ്പെട്ട ഒരു സംവിധായകനാണ് അറ്റ്ലി. ഷാരൂഖ് ഖാനൊപ്പമുള്ള ജവാൻ എന്ന ചിത്രത്തിന്റെ വിജയത്തിനു ശേഷം, അറ്റ്ലിയുടെ അടുത്ത ചിത്രം എന്തായിരിക്കുമെന്ന് അറിയാൻ നമ്മൾ ആകാംക്ഷയോടെ കാത്തിരിക്കുകയാണ്. സൽമാൻ ഖാനുമൊപ്പമായിരിക്കും അറ്റ്ലിയുടെ പുതിയ ചിത്രം എന്ന് റിപ്പോർട്ടുകൾ ഉണ്ടായിരുന്നു. എന്നാൽ ഇപ്പോൾ ഈ ചിത്രം ഉപേക്ഷിച്ചതായി റിപ്പോർട്ടുകൾ ഉണ്ട്. മസാല ഡോട്ട് കോമിനെ ഉദ്ധരിച്ച് ഒടിടി പ്ലേ റിപ്പോർട്ട് ചെയ്യുന്നത്, എന്നാൽ ഇക്കാര്യത്തിൽ ഔദ്യോഗിക സ്ഥിരീകരണമൊന്നുമില്ല.ശങ്കറിന്റെ സഹസംവിധായകനായി കരിയർ ആരംഭിച്ച വ്യക്തിയാണ് അറ്റ്ലി. അറ്റ്ലിയുടെ ആദ്യ ചിത്രമായ 'രാജാ റാണി' എ ആർ മുരുഗദോസായിരുന്നു നിർമ്മിച്ചത്. ആദ്യ സിനിമയിൽ തന്നെ ബ്ലോക്ക്ബസ്റ്റർ ഹിറ്റ് നേടിയ അറ്റ്ലിക്ക് അടുത്തതായി വിജയ്യുടെ 'തെരി' സംവിധാനം ചെയ്യാനുള്ള അവസരം ലഭിച്ചു.അതിനു ശേഷം വിജയ്യുടെ തന്നെ മെർസൽ, ബിഗിൽ എന്നീ ചിത്രങ്ങളും അറ്റ്ലി തന്നെ സംവിധാനം ചെയ്തു. ഒടുവിൽ അറ്റ്ലി സംവിധാനം ചെയ്ത ജവാൻ എന്ന ബോളിവുഡ് ചിത്രം 1000 കോടിയിലധികം രൂപ ബോക്സ്ഓഫീസിൽ നിന്ന് നേടുകയും ചെയ്തു.

# തണ്ടർബോൾട്ട്സ്; യെലീനയ്ക്ക് നിഗൂഢതകൾ ഏറെയുണ്ടെന്ന് ഫ്ലോറൻസ് പഗ്



ഫ്ലോറൻസ് പഗ്

മാർവൽ സിനിമാറ്റിക് യൂണിവേഴ്സ് ആരാധകർക്ക് തണ്ടർബോൾട്ട്സിൽ വ്യത്യസ്തമായ ഒരു യെലീന ബെലോവയെ കാണാൻ കഴിയുമെന്ന് ഫ്ലോറൻസ് പഗ്. 2021-ൽ പുറത്തിറങ്ങിയ ബ്ലാക്ക് വിഡോ എന്ന ചിത്രത്തിലൂടെ യെലീന ബെലോവ എന്ന കഥാപാത്രത്തെ അവതരിപ്പിച്ചുകൊണ്ട് പഗ് എംസിയുവിൽ അരങ്ങേറ്റം കുറിച്ചു. ഡിസ്നി+ പരമ്പരയായ ഹോക്കിയിൽ (2021ലും) മൂന്ന് എപ്പിസോഡുകളുള്ള ഒരു ചിത്രത്തിനായി അവർ തിരിച്ചെത്തി. അതിനുശേഷം യെലീനയെ എംസിയുവിൽ കണ്ടിട്ടില്ല, തണ്ടർബോൾട്ട്സിൽ അവരുടെ തിരിച്ചുവരവ് ആരാധകർക്കിടയിൽ ഏറെ പ്രതീക്ഷയോടെയാണ് കാത്തിരുന്നത്.തണ്ടർബോൾട്ട്സ് എന്ന കഥാപാത്രം വരുമ്പോഴേക്കും മാറിയ ഒരേയൊരു കഥാപാത്രം യെലീന മാത്രമല്ല. 2021-ലെ പരിമിത പരമ്പരയായ ദി ഫാൽക്കൺ ആൻഡ് ദി വിന്റർ സോൾജിയറിൽ ആദ്യമായി പ്രത്യക്ഷപ്പെട്ട ജോൺ വാക്കർ/യു.എസ്. ഏജന്റ് എന്ന കഥാപാത്രത്തിന്റെ പരിണാമത്തിൽ താൻ ആവേശഭരിതനാണെന്ന് വ്യാറ്റ് റസ്സൽ എംപയറിനോട് പറഞ്ഞു. യെലീന, റസ്സലിന്റെ ജോൺ വാക്കറിനൊപ്പം ടൈറ്റിൽ ടീമിലെ അംഗങ്ങളായി സെബാസ്റ്റ്യൻ സ്റ്റാൻ, ബക്കി ബാർൺസ് ആയി ഡേവിഡ് ഹാർബർ, റെഡ് ഗാർഡിയൻ ആയി ഡേവിഡ് ഹാർബർ, ടാസ്ക്മാസ്റ്റർ ആയി ഓൾഗ കുറിലെങ്കോ, ഗോസ്റ്റ് ആയി ഹന്ന ജോൺ-കാമെൻ എന്നിവരാണ് അഭിനയിക്കുന്നത്.അതേ സമയം ലോറൻസ് ഫിഷ്ബേണും റേച്ചൽ വീസും ആന്റ്-മാൻ ആൻഡ് ദി വാസ്പ് ആൻഡ് ബ്ലാക്ക് വിഡോയിലെ ബിൽ ഫോസ്റ്ററായും മെലിന വോസ്റ്റോക്കോഫായും അവരുടെ വേഷങ്ങൾ വീണ്ടും അവതരിപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ജെറാൾഡിൻ വിശ്വനാഥൻ, ക്രിസ് ബൗർ, വെൻഡൽ എഡ്വേർഡ് പിയേഴ്സ് എന്നിവരും ചിത്രത്തിൽ അഭിനയിച്ചിട്ടുണ്ട്. ജെയ്ക്ക് ഷ്രെയർ സംവിധാനം ചെയ്ത തണ്ടർബോൾട്ട്സ് മെയ് 2 ന് എംസിയുവിന്റെ അഞ്ചാം ഘട്ടത്തിന്റെ ഭാഗമായി തിയേറ്ററുകളിൽ എത്തും.



യെലീന ബെലോവ

## റെക്കോർഡ് പ്രതിഫലം; മഹേഷ് നാരായണൻ ചിത്രത്തിൽ സൂപ്പർ താരങ്ങൾ വാങ്ങുന്നത്!



മലയാളത്തിന്റെ സൂപ്പർ താരങ്ങളെ അണിനിരത്തി മഹേഷ് നാരായണൻ സംവിധാനം ചെയ്യുന്ന പുതിയ ചിത്രത്തിന്റെ ഷൂട്ടിങ് പുരോഗമിക്കുകയാണ്.ഈ ചിത്രത്തിന്റെ ഏറ്റവും വലിയ പ്രത്യേകത, വർഷങ്ങൾക്ക് ശേഷം മമ്മൂട്ടിയും മോഹൻലാലും ഒന്നിക്കുന്നു എന്നതാണ്.കുഞ്ചാക്കോ ബോബനും ഫഹദ് ഫാസിലും ചിത്രത്തിൽ പ്രധാന വേഷങ്ങളിൽ അഭിനയിക്കുന്നുണ്ട്. സിനിമയിലെ കാസ്റ്റിംഗിനെക്കുറിച്ചും അതിഥി വേഷങ്ങളെക്കുറിച്ചും സോഷ്യൽ മീഡിയയിൽ വ്യാപകമായ ചർച്ചകൾ നടക്കുന്നുണ്ട്. ഇപ്പോൾ, ചിത്രത്തിലെ താരങ്ങളുടെ പ്രതിഫലം സംബന്ധിച്ച അഭ്യൂഹങ്ങൾ ഫാൻ-ട്രോള് പേജുകളിൽ ചർച്ച ചെയ്യപ്പെടുന്നു.ചിത്രത്തിൽ മമ്മൂട്ടിയുടെ പ്രതിഫലം 16 കോടി രൂപയും മോഹൻലാലിന്റെ പ്രതിഫലം 15 കോടി രൂപയുമാണെന്ന് റിപ്പോർട്ട്. കുഞ്ചാക്കോ ബോബനും ഫഹദ് ഫാസിലും 5 കോടി രൂപ വീതം വാങ്ങുന്നുണ്ടെന്നും നായികയായി അഭിനയിക്കുമെന്ന് പ്രതീക്ഷിക്കുന്ന നയൻതാരയ്ക്ക് 10 കോടി രൂപ ലഭിക്കുമെന്നും റിപ്പോർട്ടുണ്ട്. 100 കോടി രൂപയുടെ ബജറ്റിലാണ് ചിത്രം നിർമ്മിക്കുന്നതെന്നാണ് റിപ്പോർട്ട്.

## അനുരാഗ് കശ്യപിനൊപ്പം സിനിമ ചെയ്യാനൊരുങ്ങി ജോജു ജോർജ്



ബോളിവുഡിലെ ഹിറ്റ് സംവിധായകൻ അനുരാഗ് കശ്യപിനൊപ്പം സിനിമ ചെയ്യാനൊരുങ്ങി ജോജു ജോർജ്. ജോജു തന്നെയാണ് ഇക്കാര്യം അറിയിച്ചത്.'അനുരാഗ് കശ്യപിനൊപ്പം 2025 ൽ ഒരു സിനിമ ചെയ്യുമെന്നാണ് ഞാൻ കരുതുന്നത്. ഞങ്ങൾ ഒരു കഥ ചർച്ച ചെയ്തു. അത് നല്ലൊരു സ്ക്രിപ്റ്റാണ്,' എന്ന് ജോജു പറഞ്ഞു.അഭിമുഖത്തിനിടെ ഹിന്ദി ചലച്ചിത്രമേഖലയിൽ എന്താണ് കുറവെന്ന ചോദ്യത്തിന് ബോളിവുഡിൽ എന്താണ് കുറവെന്ന് എനിക്കറിയില്ല, പക്ഷേ മലയാളത്തിൽ എല്ലാവരും കഠിനാധ്വാനം ചെയ്യുന്നുണ്ടെന്നാണ് ജോജു പറഞ്ഞത്.എല്ലാ പുതിയ സംവിധായകരും വളരെ കഠിനാധ്വാനം ചെയ്യുന്നു, നല്ല സിനിമകൾ നിർമ്മിക്കാൻ ആഗ്രഹിക്കുന്നു, അതിന് നല്ല ഫലങ്ങൾ നേടുകയും ചെയ്യുന്നുവെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

## നിത്യഹരിത മലയാള സിനിമാഗാനങ്ങൾ

149

| | |
|---|---|
| Movie | Thrishna (1981) |
| Director | IV Sasi |
| Lyrics | Bichu Thirumala |
| Music | Shyam |
| Singer | KJ Yesudas |

ശ്രുതിയിൽ നിന്നുയരും
നാദ ശലഭങ്ങളേ
സ്വരമാം ചിറകിൽ
അലസം നിങ്ങളെൻ
മനസ്സിന്റെ ഉപവനത്തിൽ പറന്നു വാ
(ശ്രുതിയിൽ ..)

ലയമാം തിരു മധുരവുമായ്
ലയമാം മധുവുമായ്
നിറയെ പുക്കുന്നിതാ
ആസ്വാദന പൂച്ചെണ്ടുകൾ
അവയുടെ അനുപമ
നൈവേദ്യം നുകരൂ
(ശ്രുതിയിൽ ...)




ഹൃദയം ധ്വനിഭരലസിതം
ഹൃദയം ധ്വനിഭരം
വഴിയും ഗാനാമൃതം പൊൻവീണ
തൻ തേൻചുണ്ടിലും
അടയും ഒരനിതര സായൂജ്യ ലഹരി
(ശ്രുതിയിൽ ...)



## കെജിഎഫിനെ വെല്ലുമോ? എൻടിആർ– നീൽ കോമ്പോയിൽ ആക്ഷൻ ചിത്രം വരുന്നു

കെജിഎഫ്, സലാർ തുടങ്ങിയ ചിത്രങ്ങളിലൂടെ ഇന്ത്യയിലുടനീളം ആരാധകരെ സൃഷ്ടിച്ച സംവിധായകനാണ് പ്രശാന്ത് നീൽ. തെലുങ്ക് താരം ജൂനിയർ എൻടിആറിനൊപ്പമായിരിക്കും അദ്ദേഹത്തിന്റെ അടുത്ത ചിത്രം എന്ന വാർത്ത ആരാധകരെ ആവേശഭരിതരാക്കിയിരുന്നു. ഇപ്പോൾ, ചിത്രത്തിന്റെ ഷൂട്ടിംഗ് ഉടൻ ആരംഭിക്കുമെന്ന് റിപ്പോർട്ടുകൾ വരുന്നു.ഹൈദരാബാദിനടുത്തുള്ള വികാരാബാദ് വനങ്ങളിൽ അടുത്ത ആഴ്ചയോടെ ചിത്രത്തിന്റെ ഷൂട്ടിംഗ് ആരംഭിക്കുമെന്ന് അടുത്ത വൃത്തങ്ങളെ ഉദ്ധരിച്ച് ഒടിടി പ്ലേ റിപ്പോർട്ട് ചെയ്യുന്നു. ഒരു ആഴ്ചയ്ക്ക് ശേഷം എൻടിആർ ഷെഡ്യൂളിൽ ചേരും. ഈ ഷെഡ്യൂളിൽ ഒരു വലിയ ആക്ഷൻ സീക്വൻസ് ഉൾപ്പെടുമെന്ന് സൂചനയുണ്ട്.സിനിമയിൽ ബോളിവുഡ് താരം ബോബി ഡിയോൾ വില്ലനായെത്തുമെന്ന റിപ്പോർട്ടുകളുണ്ട്. അനിമൽ എന്ന സിനിമയിലെ നടന്റെ വില്ലൻ വേഷം ശ്രദ്ധിക്കപ്പെട്ടിരുന്നു. ഇതിന് പിന്നാലെയാണ് സിനിമയിലേക്ക് അണിയറപ്രവർത്തകർ പരിഗണിക്കുന്നത് എന്നാണ് റിപ്പോർട്ട്. ചിത്രത്തിൽ രശ്മിക മന്ദാന നായികയാകുമെന്നും റിപ്പോർട്ടുകളുണ്ട്. ഡ്രാഗൺ എന്നാണ് സിനിമയുടെ പേരെന്നും റിപ്പോർട്ടുകളുണ്ട്.കൊരട്ടാല ശിവ സംവിധാനം ചെയ്ത ദേവരയാണ് അവസാനമായി തിയേറ്ററിലെത്തിയ ജൂനിയർ എൻടിആർ ചിത്രം. സമ്മിശ്ര പ്രതികരണം നേടിയ സിനിമ ബോക്സ് ഓഫീസിൽ നിന്ന് 500 കോടിയിലധികം നേടിയിരുന്നു. ജാൻവി കപൂർ, പ്രകാശ് രാജ്, സെയ്ഫ് അലി ഖാൻ എന്നിവരായിരുന്നു സിനിമയിൽ പ്രധാന വേഷങ്ങളെ അവതരിപ്പിച്ചത്.പ്രഭാസിന്റെ നായകനാക്കി ഒരുക്കിയ സലാർ പാർട്ട് 1 ആണ് പ്രശാന്ത് നീലിന്റേതായി അവസാനമിറങ്ങിയ സിനിമ. 2023 ക്രിസ്മസ് റിലീസായാണ് സലാർ എത്തിയത്.

## പ്രേമലു 2 ഷൂട്ടിങ് ജൂണിൽ; സൂചന നൽകി ഭാവന സ്റ്റുഡിയോസ്




മലയാള സിനിമാ ചരിത്രത്തിൽ ഏറ്റവും കൂടുതൽ കളക്ഷൻ നേടിയ ചിത്രങ്ങളിലൊന്നായ പ്രേമലുവിന്റെ ഒന്നാം പിറന്നാൾ ആഘോഷിച്ചു ഭാവന സ്റ്റുഡിയോസ്.വളരെ രസകരമായ ഒരു വീഡിയോയിലൂടെയാണ് ഭാവന സ്റ്റുഡിയോസ് പ്രേമലുവിനു ജന്മദിനാശംസകൾ നേർന്നത്. പ്രേമലുവിന്റെ രണ്ടാം ഭാഗത്തിന്റെ ഷൂട്ടിംഗ് 2025 ജൂണിൽ ആരംഭിക്കുമെന്നും വീഡിയോ സൂചന നൽകുന്നു.2024 ഫെബ്രുവരി 9 ന് തിയേറ്ററുകളിൽ എത്തിയ പ്രേമലു വൻ വിജയമായിരുന്നു. എല്ലാത്തരം പ്രേക്ഷകരെയും ആകർഷിച്ച ചിത്രം ഇന്ത്യയിലുടനീളം ഒരു സെൻസേഷനായി മാറി. ഭാവന സ്റ്റുഡിയോസ് ബാനറിൽ നസ്ലിനും മമിതയും പ്രധാന വേഷങ്ങളിൽ അഭിനയിച്ച ഗിരീഷ് എഡി സംവിധാനം ചെയ്ത ചിത്രം മലയാളത്തിന് പുറമേ തമിഴ്, തെലുങ്ക് ഭാഷകളിലേക്കും ഡബ്ബ് ചെയ്യുകയും അവിടെയും മികച്ച വിജയം ആവർത്തിക്കുകയും ചെയ്തു.ആന്ധ്രാപ്രദേശ്, തെലങ്കാന, തെലങ്കാന സംസ്ഥാനങ്ങളിൽ ഒരു മലയാള ചിത്രത്തിന് ഇതുവരെ ലഭിച്ചതിൽ വച്ച് ഏറ്റവും വലിയ വിജയം ചിത്രത്തിന് ലഭിച്ചു. രാജമൗലി, പ്രിയദർശൻ തുടങ്ങിയ പ്രശസ്ത സംവിധായകർ പ്രശംസിച്ച ചിത്രത്തിന്റെ രണ്ടാം ഭാഗവും ഭാവന സ്റ്റുഡിയോസ് പ്രഖ്യാപിച്ചിരുന്നു.

# തലയ്ക്കു മുകളിൽ കടക്കെണി, വീടിനുചുറ്റും കാട്ടുമൃഗങ്ങൾ ഇതാണോ ബ്രോ ന (ശ) വകേരളം?




ഇന്ന് (ബുധനാഴ്ചയും) ഒരാളെ കാട്ടാന കൊന്നു. രണ്ട് ദിവസത്തിനുള്ളിൽ കാട്ടാനകൾ കൊന്നത് നാലുപേരെ. വനം മന്ത്രി ഏ.സി. റൂമിൽ ഇന്ന് ഉന്നത തലയോഗം ചേരുന്നുണ്ട്. അങ്ങ്, ദൂരെ തലസ്ഥാനത്ത് യോഗം ചേർന്ന് കാട്ടാനകൾക്കെതിരെ ഇനിയെന്തു നടപടിയെന്ന് ചിന്തിച്ചുകൊണ്ടിരിക്കുന്ന മന്ത്രി എ.കെ. ശശീന്ദ്രനെ തേടി മറ്റൊരു വാർത്തയെത്തിയിരുന്നു. കടുവയെപോലെ ചീറ്റിക്കൊണ്ട് തോമസ് കെ. തോമസിനെ ശശീന്ദ്രനു പകരം മന്ത്രിയാക്കണമെന്ന് വാശിയോടെ പറഞ്ഞിരുന്ന എൻ.സി.പി. പ്രസിഡന്റ് പി.സി. ചാക്കോ രാജിവച്ച വാർത്തയായിരുന്നു ഇത്. പാർട്ടിയിലെ വിമതശല്യം ഒതുങ്ങിയതുകൊണ്ട്, ഇനി കാട്ടിലേക്ക് കണ്ണയയ്ക്കാമെന്ന് ശശീന്ദ്രൻ മന്ത്രി കരുതിക്കാണും.

**മന്ത്രിയുടെ പാട്ടും, ജനത്തിന്റെ പെടാപ്പാടും...**

വന്യമൃഗങ്ങൾ വകവരുത്തിയ വയനാട്ടിലെ ഒരു വീട്ടമ്മയുടെ വീട് സന്ദർശിക്കാൻ പോവേ, കോഴിക്കോട്ടു വച്ച് ഒരു സ്വകാര്യ ചടങ്ങിൽ പങ്കെടുത്ത് മന്ത്രി ശശീന്ദ്രൻ ഹിന്ദി പാട്ട് പാടിയത് അന്ന് സോഷ്യൽ മീഡിയയിൽ വൈറലായിരുന്നു. ആ ഗാനലാപനം ഒഴിവാക്കേണ്ടതായിരുന്നുവെന്ന് മന്ത്രി പിന്നീട് മാധ്യമങ്ങൾക്കു മുമ്പിൽ പറഞ്ഞതോടെ, എല്ലാവരും ആ കേസ് വിട്ടതാണ്. എന്നാൽ വീണ്ടും, വന്യമൃഗങ്ങളുടെ കൊലവിളി തുടരുമ്പോൾ, ഇക്കാര്യത്തിൽ സർക്കാർ അലംഭാവം, പുലർത്തുന്നതായി തോന്നുന്നു. ഡ്രോൺ പറപ്പിക്കൽ, ക്യാമറയും, കൂടും സ്ഥാപിക്കൽ തുടങ്ങി വനം വകുപ്പിനായുള്ള 'പർച്ചേസ്' ഉഷാറായി നടക്കുന്നുണ്ട്. എന്നാൽ ട്രെഞ്ച് കുഴിക്കൽ, സൗരവേലി സ്ഥാപിക്കൽ, ജണ്ട (വനവും ജനവാസ പ്രദേശവും തമ്മിലുള്ള അതിര്) തിരിക്കൽ തുടങ്ങിയ പദ്ധതികൾ വനംവകുപ്പ് നടപ്പാക്കുന്നില്ല. കഴിഞ്ഞ തവണ വനം മന്ത്രി വയനാട് സന്ദർശിച്ചപ്പോൾ, ജനപ്രതിനിധികളുമായി നടത്തിയ ചർച്ചകളിൽ ചില തീരുമാനങ്ങൾ ഉരുത്തിരിഞ്ഞിരുന്നു. ഇതനുസരിച്ച് സമയബന്ധിതമായി തന്നെ വനാതിർത്തികളിൽ നടത്തേണ്ട ജാഗ്രതാ നടപടികളെക്കുറിച്ചും, ഏർപ്പെടുത്തേണ്ട നിരീക്ഷണ സംവിധാനങ്ങളെപ്പറ്റിയും മന്ത്രിതല ചർച്ചകളിൽ കൈക്കൊണ്ട തീരുമാനങ്ങളിൽ ഒന്നുപോലും നടപ്പാക്കാൻ വനം വകുപ്പിനു കഴിഞ്ഞിട്ടില്ല.

**ജനം ചത്താലും പണപ്പെട്ടി തുറക്കില്ല!**

ഏഷ്യാനെറ്റ് ന്യൂസിലെ റോവിങ്ങ് റിപ്പോർട്ടർ പരിപാടിയിൽ, സർക്കാരിന്റെ വാഗ്ദാനങ്ങളുടെ പൊള്ളത്തരം വ്യക്തമായിത്തുടങ്ങിയിട്ടുണ്ട്. കമ്മീഷൻ അടിച്ചു മാറ്റാനുള്ള കച്ചവടത്തിനേ തലസ്ഥാനത്തെ പ്രമുഖർക്ക് താൽപ്പര്യമുള്ളുവെന്നത് വ്യക്തം.

വന്യജീവിയാക്രമണങ്ങളിൽ കൊല്ലപ്പെടുന്നവർക്കുള്ള 10 ലക്ഷം രൂപയുടെ നഷ്ടപരിഹാരം പോലും കുടിശ്ശികയാണ്. ഒരു മരണമുണ്ടാകുമ്പോൾ, ആ വീട്ടിൽ ഓടിച്ചെന്ന് വീട്ടുകാർക്കും നാട്ടുകാർക്കും ചില വാഗ്ദാനങ്ങൾ നൽകും. പക്ഷെ ആദ്യം ലഭിക്കുന്ന തുക മാത്രമേ വീട്ടുകാർക്കു ലഭിക്കൂ. പിന്നീടുള്ള തുകയ്ക്കു വേണ്ടി വിവിധ സർക്കാർ ആപ്പീസുകൾ കയറിയിറങ്ങേണ്ടി വരുന്നവരുടെ ഗതികേട് കണ്ട് സർക്കാർ സന്തോഷിക്കുന്നുണ്ടാകും. കൊല്ലപ്പെട്ടവരുടെ കുടുംബത്തിലെ ഒരാൾക്ക് താത്ക്കാലികമായി സർക്കാർ ജോലിയെന്ന വാഗ്ദാനങ്ങളും സർക്കാർ ഇപ്പോഴും നിറവേറ്റിയതായി വാർത്തകളില്ല. വന്യജീവി ആക്രമണത്തിൽ കഴിഞ്ഞ 10 വർഷത്തിനുള്ളിൽ പരുക്കേറ്റത് 60,000 പേർക്കാണ്. ഇതിൽ 1000 പേരെങ്കിലും മരിച്ചിട്ടുണ്ട്. ഇത്രയേറെ ഗുരുതരമായ ഒരു പ്രശ്നമായിട്ടുപോലും, കഴിഞ്ഞവർഷം ബജറ്റിൽ വകയിരുത്തിയ 48.85 കോടിയിൽ വനംവകുപ്പ് ചെലവഴിച്ചത് 48 ശതമാനത്തിൽ താഴെയാണ്. ബാലഗോപാൽ സാറിന്റെ ടീം തരാത്തതുകൊണ്ടാണ് ചെലവഴിക്കാതെ പോയതെന്ന് ശശീന്ദ്രൻ സാറ് പറയല്ലേ. പ്രശ്നത്തിന്റെ ഗുരുതരാവസ്ഥ സർക്കാരിനെയും ധനവകുപ്പിനെയും ബോധ്യപ്പെടുത്തേണ്ട കടമ വനം മന്ത്രിക്കില്ലേ?

**ദുരന്തങ്ങളുടെ ഗ്രേഡും കേന്ദ്രത്തിന്റെ പോരും**

വന്യജീവി ആക്രമണത്തിൽ മരിക്കുന്നവർക്ക് കേന്ദ്ര സർക്കാരാണ് പണം നൽകുന്നതെന്നാണ് സംസ്ഥാനത്തെ ബി.ജെ.പി. പറയുന്നത്. ഈ അവകാശവാദം തെറ്റാണെങ്കിൽ അത് പൂർണ്ണമായും കേരളത്തിന് നിഷേധിക്കാമായിരുന്നുവെങ്കിലും, അതിന് വനം വകുപ്പ് മുതിരുന്നതേയില്ല. മറ്റൊരു കാരണം കൂടിയുണ്ട്. വന്യജീവിയാക്രമണം മൂലമുള്ള മരണം സവിശേഷ ദുരന്തമായി പ്രഖ്യാപിക്കാൻ സംസ്ഥാനങ്ങളോട് കേന്ദ്രം ആവശ്യപ്പെട്ടിരുന്നു. 2024 മാർച്ച് 7നുള്ള കേന്ദ്രത്തിന്റെ ഈ പ്രഖ്യാപനത്തിന്റെ തുടർച്ചയെന്നോണം പ്രത്യേക അതോറിറ്റി രൂപീകരിക്കണമെന്ന കേന്ദ്രത്തിന്റെ നിർദ്ദേശവും കേരളം ചെവിക്കൊണ്ടില്ല. വില്ലേജ്/താലൂക്ക്/കളക്ട്രേറ്റ് തലങ്ങളിലാണ് നിലവിൽ അപേക്ഷ നൽകണമെന്ന നിർദ്ദേശം ബന്ധപ്പെട്ട ഓഫീസുകൾക്ക് ഇനിയും ലഭിക്കാത്തതിനാൽ, അതാതു ഓഫീസുകൾ ഇക്കാര്യത്തിൽ മൗനം പാലിക്കുന്നു. പാമ്പു കടിയേറ്റു മരിച്ചാൽ 2 ലക്ഷം രൂപയാണ് ലഭിക്കുക. 18 സംസ്ഥാനങ്ങളും ചില കേന്ദ്ര ഭരണ പ്രദേശങ്ങളും 'പാമ്പ് കടി' സവിശേഷ ദുരന്തമായി പ്രഖ്യാപിച്ചിട്ടുണ്ട്. കേരളം ഇക്കാര്യത്തിലും ഉഴപ്പിയതുകൊണ്ട് മനുഷ്യാവകാശ കമ്മീഷൻ ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ 2022ൽ കേരളാ ചീഫ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയെങ്കിലും ഒന്നും നടന്നില്ല. 8 വർഷത്തിനുള്ളിൽ വന്യജീവിയാക്രമണങ്ങളിൽ കൊല്ലപ്പെട്ട 940 പേരിൽ 600 പേരും പാമ്പ് കടിയേറ്റാണ് മരിച്ചതെന്ന കണക്ക് കൂടി കേൾക്കുമ്പോൾ ഈ കാര്യത്തിൽ സർക്കാർ ഊർജ്ജിത നടപടികൾ സ്വീകരിക്കേണ്ടതായിരുന്നില്ലേ എന്ന് ചിന്തിച്ചു പോകും.

കാട്ടാനകളും കടുവകളും വ്യാപകമായി ജനവാസ പ്രദേശങ്ങളിൽ ഇറങ്ങുന്നതിനുള്ള വനം വകുപ്പിന്റെ ഔദ്യോഗിക വിശദീകരണം കാട്ടിൽ ചൂട് കൂടിയതുകൊണ്ടാണെന്നത്രെ. ജലക്ഷാമവും തീറ്റ കിട്ടാത്തതും വന്യമൃഗങ്ങളെ നാട്ടിലിറങ്ങാൻ പ്രേരിപ്പിക്കുന്നുണ്ടെങ്കിലും, ഇതിനൊന്നും പരിഹാരം കാണാനുള്ള ത്വരിത നടപടികൾ സർക്കാർ ഇതേവരെ സ്വീകരിച്ചിട്ടില്ല. വന്യജീവികൾക്കു വേണ്ടിയുള്ള നിയമങ്ങൾ വളരെ കർക്കശമാണ്. അതിൽ ആർക്കും വിരോധമില്ല. എന്നാൽ സ്വന്തം കൃഷിയിടത്തിലെ കിണറ്റിൽ വീണ് ഒരു വന്യജീവി ചത്തുപോയാൽ, അതിന് ആ വീട്ടുകാരെ പ്രതിയാക്കുന്ന 'ഫോറസ്റ്റ് നിയമം' എങ്ങനെ ന്യായീകരിക്കാനാകും?

**കടുവക്കണക്കും കാട്ടാനകളുടെ എണ്ണവും**

കേരളത്തിലെ കടുവകളുടെ എണ്ണം ഏറെ വർദ്ധിച്ചിട്ടുണ്ടെന്ന് മാധ്യമങ്ങളിലുണ്ട്. കാട്ടാനകളുടെ കാര്യത്തിലും കൃത്യമായ കണക്കൊന്നും സർക്കാരിന്റെ കൈവശമില്ല. എന്നാൽ വന്യജീവികൾ മനുഷ്യരെ ആക്രമിക്കുന്ന സംഭവങ്ങൾ മനഃപൂർവം വനംവകുപ്പ് സർക്കാർ രേഖകളിൽ കുറച്ചു കാണിക്കുന്നുണ്ട്. 2025 ജനുവരി 1 മുതൽ 11 വരെയുള്ള സർക്കാർ കണക്കുകളിൽ മരണം 8 ആണ്. കാട്ടാന ആക്രമണത്തിൽ 2 പേർ കൊല്ലപ്പെട്ടത് വനം വകുപ്പ് തമസ്ക്കരിച്ചു. പരുക്കേറ്റവരുടെ കണക്കും ഇങ്ങനെ വനം വകുപ്പ് വളച്ചൊടിച്ചു. ഈ കാലയളവിൽ രണ്ടു പേർക്കു മാത്രമേ കടുവ ആക്രമിച്ചതു മൂലം പരുക്കേറ്റിട്ടുള്ളൂ. എന്നാൽ കാട്ടാന, കാട്ടുപന്നി ആക്രമണങ്ങളുടെ കണക്ക് സർക്കാർ മുക്കി. എന്നാൽ കർഷക സംഘടനയായ 'കിഫ' പറയുന്ന പരുക്കേറ്റവരുടെ കണക്കിൽ 27 പേരുണ്ട്. കാട്ടാന 5 കടുവ 1, കാട്ടുപന്നി 17, കാട്ടുപോത്ത് 1 മറ്റ് വന്യജീവികൾ 3 എന്നിങ്ങനെയാണ് ഈ കണക്ക്.

**കടം കയറി മുടിഞ്ഞിട്ടും, ഞെളിഞ്ഞു തന്നെ**

സംസ്ഥാന ബജറ്റ് മന്ത്രി കെ.എൻ. ബാലഗോപാൽ അവതരിപ്പിച്ചുവെങ്കിലും കീശയിലുള്ള കാശും ആശിക്കുന്ന പദ്ധതികളും തമ്മിലുള്ള ബന്ധം യാഥാർത്ഥ്യത്തിനു നിരക്കുന്നതേയില്ല. അങ്കണവാടിയിലെ കുട്ടികൾക്ക് 'പോഷക ബാല്യം' പദ്ധതിയനുസരിച്ച് മുട്ടയും പാലും അനുവദിക്കാൻ മനോരമയിൽ ആ വാർത്ത വരേണ്ടിവന്നു ! 2022ൽ തുടങ്ങിയ പദ്ധതിയാണിത്. ജനുവരിയിൽ പാൽ, മുട്ട വിതരണം ചെയ്യാനുള്ള സർക്കാർ ഉത്തരവ് 'ഏതോ ഏമാൻ' തലയണയാക്കി ഉറങ്ങിയതാണ് പ്രശ്നമായത്.

കേന്ദ്രം അനുവദിക്കാത്ത ധനവിഹിതത്തിന്റെ പേരിൽ കേരളം കോടതി കയറിയെങ്കിലും, വയനാട് പാക്കേജിനു പോലും മോദിജി നെഹ്റു കുടുംബത്തോടുള്ള പക മൂലം നയാപൈസ നൽകിയില്ല. 1 വർഷത്തിനുള്ളിൽ 1 ലക്ഷം കോടി രൂപയാണ് കേരളം കടമെടുത്തത്. വെയിറ്റ്സ് ആൻഡ് മീൻ (നിത്യ നിദാനച്ചെലവെന്ന് മലയാളം) വിഭാഗത്തിൽ 225 തവണ കടമെടുത്ത ഏക സംസ്ഥാനം കേരളമാണ്. കഴിഞ്ഞ വർഷം കടംതിരിച്ചടക്കാൻ 73,000 കോടി രൂപയും പലിശ തീർക്കാൻ 27,000 കോടി രൂപയും വേണ്ടിവന്നു. ശേഷിച്ചത് 2914 കോടി മാത്രം! 202324ൽ വരുമാനത്തിന്റെ 97 ശതമാനവും കടം തിരിച്ചടയ്ക്കാൻ വേണ്ടിവന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബജറ്റ് വിഹിതത്തിൽ 50 ശതമാനമാണ് കഴിഞ്ഞ ബജറ്റിൽ ധനമന്ത്രി വെട്ടിക്കുറച്ചത്. പിന്നോക്ക വിഭാഗങ്ങളുടെ പിച്ചച്ചട്ടിയിൽ നിന്നു പോലും കൈയിട്ടുവാരിയ ധനമന്ത്രിയെന്ന ചീത്തപ്പേര് ഏതായാലും എം.കോം. ബിരുദധാരിയായ മന്ത്രി ബാലഗോപാലിനു മാത്രം അവകാശപ്പെടാം.

ധനകാര്യ വിദഗ്ധനായ ബി.കെ. പ്രകാശിന്റെ നിരീക്ഷണത്തിൽ ഈ സർക്കാർ ധനധൂർത്ത് രാഷ്ട്രീയ ഭരണശൈലിയാണ് പിന്തുടരുന്നതെന്ന് അഭിപ്രായപ്പെടുന്നുണ്ട്. വനം വകുപ്പ് വക വാഹനങ്ങൾക്ക് ഡീസൽ അടിക്കാൻ പോലും പണമില്ലാതിരിക്കെ, ഏമാന്മാർക്ക് പുതുപുത്തൻ കാറുകൾ വാങ്ങാൻ 100 കോടി ബജറ്റിൽ നീക്കി വച്ചതിനെ എങ്ങനെ ന്യായീകരിക്കും? ഭരണച്ചെലവ് കുറയ്ക്കാനോ, അനാവശ്യ തസ്തികകൾ പുനർവിന്യാസം നടത്തി കൂടുതൽ കാര്യക്ഷമമാക്കാനോ ബജറ്റിൽ നിർദ്ദേശമില്ലാതെ പോയത് സങ്കടകരമാണ്.

കെട്ടിട നിർമ്മാണത്തൊഴിലാളി പെൻഷന്റെ 15 മാസത്തെ കുടിശ്ശിക ഇനിയും കൊടുത്തിട്ടില്ല. ഊരാളുങ്കലിനും മറ്റും പണം ഊറ്റിയൂറ്റി നൽകിയിട്ടും ഗവൺമെന്റ് കോൺട്രാക്ടർമാരുടെ 16,000 കോടി ഇപ്പോഴും കുടിശ്ശികയാണ്.

കേന്ദ്രസർക്കാരാകട്ടെ തൊഴിലുറപ്പ് പദ്ധതിയുടെ കേന്ദ്ര വിഹിതം നൽകുന്നില്ലെന്ന് മാത്രമല്ല, നെഹ്റുവിന്റെയോ ഇന്ദിരാഗാന്ധിയുടെയോ പേര് കാണുന്നിടത്തെല്ലാം അവർ കടുംവെട്ട് നടത്തുകയാണ്. ഉദാഹരണം പറയാം: ഇന്ദിരാഗാന്ധിയുടെ പേരിൽ ഒരു ദേശീയ വാർദ്ധക്യ വിധവാ, ഭിന്നശേഷി പെൻഷൻ കേന്ദ്രം നൽകിവരുന്നുണ്ട്. 2 മുതൽ 15 മാസം വരെയാണ് ഈ വിഭാഗത്തിൽ കുടിശ്ശികയുള്ളത്. 4,58,813 വൃദ്ധരും 3,68 358 വിധവകളും 19,286 ഭിന്നശേഷിക്കാരും ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണ്. 24.30 കോടി രൂപയാണ് ഇതിനുള്ള കേന്ദ്ര വിഹിതം. ഈ വിഹിതം മുടങ്ങിയിട്ടും കാലമേറെയായി.

കേന്ദ്രത്തിനെ കുറ്റം പറയുമ്പോഴും ജനത്തെ ഒപ്പം നിർത്തുകയെന്ന രാഷ്ട്രീയം സി.പി.എം. മറക്കുകയാണോ? തൊഴിലാളി പാർട്ടി മുതലാളി പാർട്ടിയാകുമ്പോൾ, ആ 'മൊയലാളി' ചമയാനുള്ള കളറടിച്ചു മാറ്റാൻ ജനത്തെ കൊള്ളയടിക്കല്ലേ? ആ ചീപ്പ് പരിപാടിക്കു മുതിർന്നാൽ, ജനം തറയല്ല, 'തത്തറ' യാകും

**കേരളാ വിൻഡോ**


ആന്റണി ചടയംമുറി



# ഇനി അരവിന്ദ് കെജ്രിവാൾ രാഷ്ട്രീയത്തിൽ ശോഭിക്കുമോ...?

## ഡൽഹി ഡെർബാർ

'ആം ആദ്മിയുടെ ദൽഹിയിലെ തോൽവിക്ക് കാരണക്കാരൻ കെജ്രിവാൾ തന്നെയാണെന്നാണ് പ്രശാന്ത് ഭൂഷൺ പറയുന്നത്. ഒരു ബദൽ രാഷ്ട്രീയത്തിന് വേണ്ടി രൂപീകരിക്കപ്പെട്ട ആ പാർട്ടി പൊടുന്നനെ കെജ്രിവാളിന്റെ സർവ്വാധിപത്യത്തിന് കീഴിലായി. ഒട്ടും സുതാര്യമല്ലാത്ത സംവിധാനമായി മാറി. അഴിമതി തടയാൻ ലോക്പാലിനെപ്പോലും നിയമിച്ചില്ല.'' ഇങ്ങനെ ആം ആദ്മിയുടെ പരാജയത്തിന്റെ കാരണങ്ങൾ പ്രശാന്ത് ഭൂഷൺ നിരത്തുന്നു.

പ്രശാന്ത് ഭൂഷണും യോഗേന്ദ്രയാദവും ആം ആദ്മി പാർട്ടിയുടെ തുടക്കത്തിൽ അരവിന്ദ് കെജ്രിവാളിന്റെ അതേ റാങ്കിലുള്ള നേതാക്കളായിരുന്നു. കൂടെക്കിടന്നവർക്കാണല്ലോ രാപ്പനി അറിയൂ. അതെന്തായാലും പിന്നീട് അരവിന്ദ് കെജ്രിവാൾ ആം ആദ്മി പാർട്ടിയെ പിടിച്ചെടുത്തപ്പോൾ പ്രശാന്ത് ഭൂഷണെയും യോഗേന്ദ്രയാദവിനെയും 2015ൽ പാർട്ടിയിൽ നിന്നും പിരിച്ചുവിട്ടു. അഴിമതിവിരുദ്ധ പ്രവർത്തകൻ എന്ന പ്രതിച്ഛായയുമായി അരവിന്ദ് കെജ്രിവാളും കൂട്ടരും രൂപീകരിച്ച രാഷ്ട്രീയ പാർട്ടിയാണ് ആം ആദ്മി.

2012 നവംബർ 26നു പാർട്ടി നിലവിൽ വന്നു, ഡൽഹിയിലെ കോൺസ്റ്റിറ്റിയൂഷൻ ക്ലബിൽ വച്ചായിരുന്നു പാർട്ടി രൂപവത്കരണം. ആം എന്നാൽ സാധാരണ എന്നും ആദ്മി എന്ന ഹിന്ദി വാക്കിന് മനുഷ്യൻ എന്നുമാണർത്ഥം. ആം ആദ്മി പാർട്ടി എന്നാൽ സാധാരണക്കാരന്റെ പാർട്ടി എന്നർത്ഥം. അന്നാ ഹസാരെയുടെ നേതൃത്വത്തിൽ നടന്ന ലോക്പാൽ സമരത്തിന്റെ മുന്നണിപ്പോരാളിയായ അരവിന്ദ് കെജ്രിവാൾ കൃത്യമായ ലക്ഷ്യങ്ങളുമായാണ് 2012ൽ ആം ആദ്മി പാർട്ടി രൂപീകരിച്ച് രാഷ്ട്രീയത്തിലെത്തിയത്.

പാർട്ടി തുടങ്ങുന്ന ഘട്ടത്തിൽ യോഗേന്ദ്ര യാദവ്, പ്രശാന്ത് ഭൂഷൺ, കിരൺ ബേദി തുടങ്ങിയവരെല്ലാം പാർട്ടിയുടെ മുൻനിരയിലുണ്ടായിരുന്നു. 2013ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ കോൺഗ്രസിനെ പരാജയപ്പെടുത്തികൊണ്ടാണ് ആപ്പ് ശരിക്കും വരവറിയിക്കുന്നത്.

രൂപീകരിച്ച് ഒരൊറ്റ വർഷത്തിനുള്ളിൽ ഡൽഹി പോലൊരു സംസ്ഥാനത്ത് ഭരണം പിടിക്കുന്ന നിലയിലേക്കുള്ള ആം ആദ്മി പാർട്ടിയുടെ ഉയർച്ച ഇന്ത്യയുടെ അന്നേവരെയുള്ള തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ കണികണ്ടിട്ടില്ലാത്ത കാര്യമായിരുന്നു. 15 വർഷം ഡൽഹി മുഖ്യമന്ത്രിയായി അധികാരക്കസേരയിലിരുന്ന ഷീലാ ദീക്ഷിതിനെ പുറത്താക്കിയാണ് കെജ്രിവാൾ ഡൽഹി മുഖ്യമന്ത്രിയായത്. ന്യൂഡൽഹി മണ്ഡലത്തിൽ ഷീല ദീക്ഷിതിനെതിരെ നേരിട്ട് മത്സരിച്ചാണ് കെജ്രിവാൾ ആദ്യമായി നിയമസഭയിലേക്ക് എത്തുന്നത്.

എഎപി 28 സീറ്റുകളിലും ബി.ജെ.പി 31 സീറ്റുകളിലും കോൺഗ്രസ് 8 സീറ്റുകളിലുമാണ് വിജയിച്ചത്. കോൺഗ്രസിന്റെ പുറത്ത് നിന്നുള്ള പിന്തുണയോടെ സർക്കാർ രൂപീകരിച്ച കെജ്രിവാൾ 48 ദിവസത്തിന് ശേഷം രാജിവെക്കുകയാണ് ഉണ്ടായത്. തുടർന്നു നടന്ന തെരഞ്ഞെടുപ്പിൽ ആം ആദ്മിക്ക് ഒറ്റയ്ക്ക് ഭരിക്കാനായി. അതെല്ലാം പഴങ്കഥ. ഇന്നിപ്പോൾ ഡൽഹിയിലെ നിയമസഭാ തെരഞ്ഞെടുപ്പിനു ശേഷം പാർട്ടിയെ നിലനിർത്താൻ കിണഞ്ഞുശ്രമിക്കേണ്ടിയിരിക്കുന്നു. ആം ആദ്മിയുടെ എംഎൽഎമാർ മറുകണ്ടം ചാടാതിരിക്കാൻ കാവൽ നിൽക്കണ്ടി വന്നേക്കും.

ബി.ജെ.പി കുതിരക്കച്ചവടത്തിന് കച്ചമുറുക്കുന്നു. കോൺഗ്രസ് എംഎൽഎമാരെ പത്യാശയോടെ കാത്തിരിക്കുന്നു. ഇങ്ങനെയൊരു സാഹചര്യത്തിൽ തങ്ങൾക്കൊന്നും സംഭവിച്ചിട്ടില്ലെന്നും പാർട്ടി ഒറ്റക്കെട്ടാണെന്നും കാണിക്കാൻ തലപ്പത്തുള്ളവർ വെപ്രാളപ്പെടുന്നത് സ്വഭാവികം..! ഉടൻ തന്നെ പഞ്ചാബ് മുഖ്യമന്ത്രിയുടെ വസതിയായ കപൂർത്തല ഹൗസിൽ കഴിഞ്ഞ ദിവസം ആം ആദ്മി പാർട്ടി ഒരു യോഗം ചേർന്നു.

എന്തായാലും പഞ്ചാബിലെ മുഴുവൻ പാർട്ടി എംഎൽഎമാരും യോഗത്തിൽ പങ്കെടുത്തതുതന്നെ ഏറെ ആശ്വാസമായി. യോഗ നടപടികൾക്ക് ശേഷം കോൺഗ്രസ് ഉയർത്തിയ ആരോപണങ്ങളെല്ലാം പാർട്ടി നേതാക്കൾ തള്ളി. പാർട്ടി ഒറ്റക്കെട്ടാണെന്നും ഭഗവന്ത് മൻ വ്യക്തമാക്കുകയും ചെയ്തു. സംഘടന തലത്തിൽ പാർട്ടിയെ ശക്തിപ്പെടുത്തുന്നതിനായി പ്രവർത്തിക്കണം. അടുത്ത നിയമസഭ തെരഞ്ഞെടുപ്പിലേക്ക് ആയിരിക്കണം എല്ലാവരുടെയും ശ്രദ്ധ എന്നും യോഗത്തിന് ശേഷം അരവിന്ദ് കെജ്രിവാൾ എംഎൽഎമാർക്ക് നിർദേശം നൽകാനും മറന്നില്ല.

അതേസമയം, അടിയന്തരമായി യോഗം വിളിച്ചത് അരവിന്ദ് കെജ്രിവാളിന് മുഖ്യമന്ത്രിയാകുന്നതിന് വേണ്ടിയാണെന്ന് കോൺഗ്രസും ബി.ജെ.പിയും ആരോപിച്ചു. പഞ്ചാബിലെ മുപ്പത് ആം ആദ്മി പാർട്ടി എംഎൽഎമാർ തങ്ങളുടെ വരുതിയിലാണെന്ന് കോൺഗ്രസുകാരനായ പ്രതിപക്ഷ നേതാവ് സിങ് ബാജ്വ കഴിഞ്ഞ ദിവസം പറഞ്ഞിരുന്നു. ഇതാണ് രാഷ്ട്രീയ കോളിളക്കങ്ങൾക്ക് കാരണമായത്.

എന്നാൽ ഈ അഴിമതിവിരുദ്ധ പാർട്ടിയും തലവപ്പത്തുള്ളവരും അഴിമതിയിൽ മുങ്ങിക്കുളിച്ചുവെന്ന് അവരെ അധികാരത്തിലേറ്റിയ ജനം വിശ്വസിച്ചുപോയി. ഇതിന് തെളിവാണ് കെജ്രിവാളിന്റെയും പ്രധാനികളുടേയും തോൽവി. ഡൽഹിയിൽ അങ്ങിനെ എടുത്തുപറയാനൊരു സംസ്ഥാന നേതാവോ, നേതൃത്വ മോ ഇല്ലാതിരുന്നിട്ടും അവിടെ ബി.ജെ.പി ജയിച്ചത് കോൺഗ്രസും ആം ആദ്മിയും ഒറ്റക്ക് മത്സരിച്ചതാണെന്നു വേണമെങ്കിൽ പറയാം.

കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ രാജ്യത്ത് ഏറ്റവും വേഗത്തിൽ വളർച്ച കൈവരിച്ച ആം ആദ്മി പാർട്ടിയ്ക്ക് ഹാട്രിക് നഷ്ടമായി, സ്വന്തം തട്ടകത്തിൽ, അതിന്റെ ഹ്രസ്വമായ ചരിത്രത്തിലെ ഏറ്റവും വലിയ തിരിച്ചടിയോടെ, മുൻ മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാളിനും മുൻ ഉപമുഖ്യമന്ത്രി മനീഷ് സിസോദിയയ്ക്കും വൻ തോൽവി ഏറ്റുവാങ്ങേണ്ടി വന്നു. മുഖ്യമന്ത്രി അതിഷിയാകട്ടെ കഷ്ടിച്ച് രക്ഷപെട്ടു. ശക്തമായ ഭരണവിരുദ്ധവികാരമാണ് മുൻ മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാളിന്റെയും മുൻ ഉപമുഖ്യമന്ത്രി മനീഷ് സിസോദിയയുടെയും തോൽവിക്കിടയാക്കിയത്.

മദ്യനയക്കേസിൽ ജയിലിലടയ്ക്കപ്പെട്ട നേതാക്കൾ കൂടിയാണിവർ. ഇവരുടെ മണ്ഡലങ്ങളിൽ കോൺഗ്രസ് സ്ഥാനാർഥികൾക്ക്, ബി.ജെ.പി നേടിയ ഭൂരിപക്ഷത്തേക്കാൾ കൂടുതൽ വോട്ടുണ്ട്. അതായത്, ആപ്പും കോൺഗ്രസും ഒന്നിച്ചായിരുന്നു മത്സരമെങ്കിൽ, ആപ്പിന് ഈ രണ്ട് നേതാക്കളെയെങ്കിലും ജയിപ്പിക്കാമായിരുന്നു. ഇത്തവണത്തെ ഏറ്റവും തിളങ്ങുന്ന ജയം മുൻ മുഖ്യമന്ത്രി സാഹിബ് സിങ് വർമയുടെ മകൻ പർവേശ് വർമയുടേതാണ്. അരവിന്ദ് കെജ്രിവാളിനെ തോൽപ്പിച്ച നേതാവ് എന്ന പരിവേഷം ചില്ലറയല്ല.

നിർണ്ണായകമായ ഒരു തെരഞ്ഞെടുപ്പിനെ ഇത്തരത്തിൽ ഉത്തരവാദിത്തമില്ലാതെ നേരിട്ടതിനെതിരെ ഇന്ത്യാ സഖ്യത്തിലെ മറ്റു കക്ഷികളുടെ നേതാക്കൾ ഇരു പാർട്ടികളെയും ശക്തമായി വിമർശിക്കുകയും ചെയ്യുന്നു. ലോക്സഭാ തെരഞ്ഞെടുപ്പിൽ കോൺഗ്രസും ആം ആദ്മിയും ഡൽഹിയിലെ ഏഴ് സീറ്റുകളിലും ഒരുമിച്ചായിരുന്നു മത്സരിച്ചത്. എന്നാൽ എല്ലായിടത്തും ബി.ജെ.പി വിജയിച്ചു. നിയമസഭാ തെരഞ്ഞെടുപ്പിൽ സഖ്യത്തിന് ഇല്ല എന്ന് അന്നുതന്നെ ആംആദ്മി പ്രഖ്യാപിച്ചു. അന്ന് തുടങ്ങിയ ഭിന്നത നിയമസഭാ തെരഞ്ഞെടുപ്പോടെ ഇങ്ങനെയൊരവസ്ഥയിലെത്തിച്ചു. ആം ആദ്മിയുടെ വോട്ട് വിഹിതത്തിൽ ഇടിവുണ്ടായപ്പോൾ കോൺഗ്രസിന്റെ വോട്ടുവിഹിതത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടെന്ന് ഇവർ വീമ്പിളക്കുന്നുണ്ട്.

മറ്റൊരു കൗതുകകരമായ കാര്യം ആം ആദ്മി പാർട്ടിയും ബി.ജെ.പിയും കോൺഗ്രസും ഇത്തവണ പയറ്റിയത് ഒരേ തന്ത്രമാണ്; മിഡിൽ ക്ലാസ് മാനേജ്മെന്റ്. ആപ്പ്, ഇടത്തരക്കാർക്കുവേണ്ടി പ്രത്യേക പ്രകടനപത്രിക വരെ ഇറക്കി. ആരോഗ്യസുരക്ഷ, വിദ്യാഭ്യാസം, ആദായനികുതി ഇളവ് പരിധി ഏഴിൽ നിന്ന് പത്തു ലക്ഷമാക്കൽ, അവശ്യസാധനങ്ങൾക്ക് ജി.എസ്.ടി ഒഴിവാക്കൽ, മുതിർന്ന പൗരർക്ക് റെയിൽവേയിൽ 50 ശതമാനം കൺസഷൻ, ഉന്നത വിദ്യാഭ്യാസത്തിന് സബ്സിഡി എന്നീ വാഗ്ദാനങ്ങളും പ്രഖ്യാപിച്ചു.





ബി.ജെ.പിയാകട്ടെ, ഒരു കേന്ദ്ര ബജറ്റുതന്നെ മിഡിൽ ക്ലാസിനായി നീക്കിവെച്ച് ആപ്പിനെ കടത്തിവെട്ടി. 12 ലക്ഷം രൂപ വരെയുള്ളവർക്ക് ആദായ നികുതി ഇളവ് നൽകിയത് ഡൽഹിയ്ക്കുള്ള സമ്മാനമാണ് എന്നാണ് ബി.ജെ.പി കാമ്പയിൻ ചെയ്തത്. ഇതുവഴി നഗരങ്ങളിലെ മധ്യവർഗത്തിന് ഒരു ലക്ഷം കോടി രൂപയാണ് ലാഭിക്കാനാകുന്നത് എന്നാണ് വലതുപക്ഷ സാമ്പത്തിക വിദഗ്ധർ ചൂണ്ടിക്കാട്ടുന്നത്.

ഡൽഹിയിൽ ദലിത് വിഭാഗ വോട്ടുകളിലും കാര്യമായ ഭിന്നിപ്പുണ്ടായി. ഇത് മുൻകൂട്ടി കണ്ട് ആർ.എസ്.എസും ബി.ജെ.പിയും അതിശക്തമായ കാമ്പയിനാണ് ഈ മേഖലകളിൽ നടത്തിയത്.

മാസങ്ങൾക്കുമുമ്പേ പ്രവർത്തകരെ വിന്യസിച്ച് അടിത്തട്ടുപ്രവർത്തനം ശക്തമാക്കിക്കൊണ്ടിരുന്നു. ഇത് 'ഹരിയാനയിൽ ബി.ജെ.പി പരീക്ഷിച്ച് വിജയിച്ച തന്ത്രം തന്നെയാണ് ഡൽഹിയിലും പ്രയോഗിച്ചത്. ചേരികൾ തുടച്ചുമാറ്റില്ല എന്ന നരേന്ദ്രമോദിയുടെ പ്രഖ്യാപനത്തോടെയായിരുന്നു തുടക്കം. 12 സംവരണ സീറ്റുകളടക്കം പട്ടികജാതിക്കാർ നിർണായകമായ 30 സീറ്റുകൾ പ്രത്യേകമായി തെരഞ്ഞെടുത്ത് ബി.ജെ.പിയും ആർ.എസ്.എസും കാമ്പയിൻ ശക്തമാക്കി. അങ്ങിനെ 27 വർഷത്തിന് ശേഷം ഡൽഹിയിൽ വീണ്ടും ബി.ജെപി അധികാരം കയ്യടക്കി.

2020ൽ 8 സീറ്റുണ്ടായിരുന്ന ബി.ജെ.പി 40 സീറ്റുകൾ വർധിപ്പിച്ച് 48 സീറ്റുകളുമായാണ് അധികാരത്തിലേറുന്നത്. ആം ആദ്മി പാർട്ടിയാവട്ടെ 40 സീറ്റുകൾ കുറഞ്ഞ് 22 സീറ്റിലേക്കൊതുങ്ങുന്നു. കോൺഗ്രസ് യാതൊരു മാറ്റവുമില്ലാതെ സംപൂജ്യരായിത്തന്നെ ഇരിക്കുന്നു. ഇത്തവണത്തെ തെരഞ്ഞെടുപ്പിൽ വോട്ട് ശതമാനത്തിൽ വലിയ കുറവുണ്ടായത് എഎപിക്ക് തന്നെയാണ്. കുറഞ്ഞത് 10 ശതമാനം വോട്ടുകൾ. ബി.ജെ.പിക്ക് 7.8 ശതമാനവും കോൺഗ്രസിന് 2 ശതമാനവും വോട്ട് വർധിച്ചു. 2003ൽ ഡൽഹിയിൽ 48.1 ശതമാനം വോട്ടുണ്ടായിരുന്ന കോൺഗ്രസാണ് ഇപ്പോൾ 6.3 ശതമാനത്തിലേക്ക് എത്തിയിരിക്കുന്നത്.

പ്രത്യയശാസ്ത്രപരമായി ഒരടിത്തറയില്ലാത്ത എഎപിയെന്ന രാഷ്ട്രീയ പാർട്ടി ഈ തെരഞ്ഞെടുപ്പ് തോൽവിയോടെ തകർന്നടിയുമെന്ന വിലയിരുത്തലുകൾ രാഷ്ട്രീയ വിദഗ്ദർ ഉയർത്തുന്നുണ്ട്. എന്നാൽ യഥാർഥത്തിൽ കാര്യങ്ങൾ അങ്ങനെയാണോ? 54.3 ശതമാനം വോട്ട് ഷെയർ ഉണ്ടായിരുന്നിടത്ത് നിന്നാണ് 43.6 ശതമാനത്തിലേക്ക് എത്തിയിരിക്കുന്നത്. എന്നാൽ ബി.ജെ.പിയുമായുള്ള (45.6 ശതമാനം) അന്തരം വെറും 2 ശതമാനത്തിന്റെ മാത്രമാണ്. മുസ്ലിം ന്യൂനപക്ഷങ്ങളുടെ വോട്ട് കഴിഞ്ഞ രണ്ട് തെരഞ്ഞെടുപ്പുകളിലും ആപ്പിനെ കാര്യമായി പിന്തുണച്ചിരുന്നു. ഇത്തവണ മുസ്ലിം ഭൂരിപക്ഷ മേഖലകളിൽ പാർട്ടി തിരിച്ചടി നേരിട്ടിട്ടുണ്ടെന്നാണ് കണക്കുകൾ പറയുന്നത്. 25 ശതമാനത്തിലധികം മുസ്ലിം വോട്ടർമാരുള്ള മണ്ഡലങ്ങളിൽ ഏകദേശം 49.5 ശതമാനം വോട്ട് നേടാൻ എ.എ.പിക്ക് സാധിച്ചിട്ടുണ്ട്. ഇതേ മേഖലകളിൽ ബി.ജെ.പിയുടെ വോട്ട് ഷെയർ 32.9 ശതമാനമാണ്.

കഴിഞ്ഞ തെരഞ്ഞെടുപ്പിലേതുമായി താരതമ്യം ചെയ്യുമ്പോൾ 12.3 ശതമാനമാണ് എഎപിക്ക് വോട്ട് കുറഞ്ഞത്. 10 മുതൽ 25 ശതമാനം വരെ മുസ്ലീം വോട്ടർമാരുള്ള മണ്ഡലങ്ങളിൽ 45 ശതമാനവും 10 ശതമാനത്തിൽ കുറവുള്ള മണ്ഡലങ്ങളിൽ 42.4 ശതമാനവും വോട്ടുകളുമാണ് എ.എ.പിക്ക് നേടാൻ സാധിച്ചത്. യഥാക്രമം 7.5 ശതമാനവും 10.3 ശതമാനവും വോട്ടാണ് ഈ മേഖലകളിൽ കുറഞ്ഞത്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർ കൂടുതലുള്ള മേഖലകളിലും എ.എ.പി വോട്ട് വിഹിതത്തിന് വലിയ ഇടിവു സംഭവിച്ചിട്ടുണ്ട്.

ഈ മേഖലയിൽ 48.3 ശതമാനം വോട്ട് എഎപിക്കും 42.2 ശതമാനം വോട്ട് ബി.ജെ.പിക്കും ലഭിച്ചിട്ടുണ്ട്. 8.2 ശതാനം വോട്ടാണ് ഇവിടെ കുറഞ്ഞത്. ദരിദ്രജനവിഭാഗങ്ങൾ കൂടുതലുള്ള മേഖലകളിൽ 11.1 ശതമാനം വോട്ടും കുറഞ്ഞു. എഎപിയുടെ മറ്റൊരു വലിയ വോട്ട്ബാങ്കായ മധ്യവർഗത്തിനിടയിലും അവർക്ക് തിരിച്ചടി നേരിട്ടു. ഡൽഹിയിലെ മധ്യവർഗ വോട്ടർമാരിൽ 47.3 ശതമാനം ബി.ജെ.പിയെ പിന്തുണച്ചപ്പോൾ 45.3 ശതാനം മാത്രമാണ് എഎപിയെ പിന്തുണച്ചത്. കഴിഞ്ഞ തെരഞ്ഞെടുപ്പിനെ അപേക്ഷിച്ച് എഎപിക്ക് 6.6 ശതമാനം വോട്ട് കുറഞ്ഞുപോയി.

മുസ്ലിം ജനവിഭാഗങ്ങളുടെയും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരുടെയും പിന്തുണ കുറഞ്ഞത് ഇത്തവണത്തെ എഎപിയുടെ തോൽവിയിൽ നിർണായകഘടമായിട്ടുണ്ട്. മറുഭാഗത്ത് സാമ്പത്തികമായി മുന്നാക്കം നിൽക്കുന്നവർക്കിടയിൽ ബി.ജെ.പി തങ്ങൾക്ക് നേരത്തെ ഉണ്ടായിരുന്ന സ്വാധീനം വർധിപ്പിച്ചു. ഇത്തരം മേഖലകളിൽ 9.3 ശതമാനം വോട്ടുയർത്തി 52.6 ശതമാനം വോട്ടാണ് ബി.ജെ.പി നേടിയത്. ഈ മേഖലയിൽ എഎപിക്ക് 12 ശതമാനം വോട്ടിന്റെ ഇടിവുണ്ടായിട്ടുണ്ട്.

എസ്.സി സംവരണ മണ്ഡലങ്ങളിൽ എഎപി മെച്ചപ്പെട്ട പ്രകടനമാണ് കാഴ്ചവെച്ചത്. എന്നാൽ അവിടെയും അവരുടെ വോട്ട് വിഹിതത്തിൽ ഇടിവ് സംഭവിച്ചിട്ടുണ്ട്. 11 ശതമാനം വോട്ടാണ് സംവരണ മണ്ഡലങ്ങളിൽ കുറഞ്ഞത്. ജനറൽ മണ്ഡലങ്ങളിൽ 9.8 ശതമാനവും വോട്ട് കുറഞ്ഞുപോയി എന്നതാണ് വാസ്തവം..!

**ഇനി അരവിന്ദ് കെജ്രിവാൾ രാഷ്ട്രീയത്തിൽ ശക്തനായി തിരിച്ചുവരുമോ...? ഈ ചോദ്യം പലരുടേയും നാവിൻ തുമ്പിൽ തത്തിക്കളിക്കുന്നു. എന്നാൽ സുഹൃത്തായ സുപ്രീകോടതി സീനിയർ അഭിഭാഷകൻ പ്രശാന്ത് ഭൂഷണ് അതിന് കൃത്യമായ ഉത്തരമുണ്ട് അതിങ്ങനെയാണ്: ഇത് കെജ്രിവാളിന്റെ അന്ത്യത്തിന്റെ തുടക്കമാണ്.'**

*എമ എൽസ എൽവിൻ*



# ചാമ്പ്യൻസ് ട്രോഫി; അന്തിമ ടീമിനെ പുറത്ത് വിട്ട് ഇന്ത്യ





ഐ സി സി ചാമ്പ്യൻസ് ട്രോഫിക്കുള്ള ടീമിൽ അവസാന മാറ്റങ്ങൾക്കുള്ള സമയം അവസാനിച്ചിരിക്കുകയാണ്. നേരത്തെ തന്നെ ടീം പ്രഖ്യാപിച്ച ഇന്ത്യ ഇപ്പോൾ നിർണ്ണായകമായ രണ്ട് മാറ്റങ്ങൾ കൂടി ടീമിൽ വരുത്തിയിരിക്കുകയാണ്. ഇന്ത്യക്ക് ഏറ്റവും വലിയ തിരിച്ചടിയായി ജസ്പ്രീത് ബുംറയെ ടീമിൽ നിന്ന് ഒഴിവാക്കേണ്ടി വന്നിരിക്കുകയാണ്. ഓസ്ട്രേലിയൻ പരമ്പരക്കിടെ പരിക്കേറ്റ സ്റ്റാർ പേസർക്ക് ഫിറ്റ്നസ് വീണ്ടെടുക്കാനായിട്ടില്ല.അതുകൊണ്ടാണ് ഇന്ത്യ ബുംറയില്ലാതെ ചാമ്പ്യൻസ് ട്രോഫിക്കിറങ്ങാൻ തീരുമാനിച്ചത്. ബുംറയുടെ അഭാവം ഇന്ത്യക്ക് കടുത്ത തിരിച്ചടിയാവുമെന്ന് നിസംശയം പറയാം. ബുംറയ്ക്ക് പകരക്കാരനായി സിറാജ് ടീമിലേക്ക് എത്തുമെന്നാണ് എല്ലാവരും കരുതിയത്. പകരം ഹർഷിത് റാണയെയാണ് പരിഗണിച്ചത്. സിറാജിനെ ഇന്ത്യ നോൺ ട്രാവലിങ് സബ്സ്റ്റിറ്റിയൂട്ടായാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതോടെ ഇന്ത്യൻ ടീമിനൊപ്പം സിറാജ് ദുബായിലേക്ക് പോകില്ലെന്ന് ഉറപ്പായിരിക്കുകയാണ്. ഏതെങ്കിലും പേസ് ബൗളർക്ക് പരിക്കേൽക്കുന്ന സാഹചര്യത്തിൽ സിറാജിന് ടീമിലേക്ക് വിളിയെത്തും. ഇന്ത്യൻ ടീമിനൊപ്പം ഹർഷിത് ഏകദിന അരങ്ങേറ്റം നടത്തിയത് നടന്നുകൊണ്ടിരിക്കുന്ന ഏകദിന പരമ്പരയിലൂടെയാണ്. അതുകൊണ്ടുതന്നെ താരത്തെ ചാമ്പ്യൻസ് ട്രോഫിയിൽ ബുംറക്ക് പകരക്കാരനാക്കുമ്ബോൾ എന്താവും അവസ്ഥയെന്നത് കണ്ടറിയണം. മറ്റൊരു മാറ്റം ജയ്സ്വാളിന് പകരം വരുൺ ചക്രവർത്തി ടീമിലേക്ക് തിരിഞ്ഞെടുക്കപ്പെട്ടു. ഇംഗ്ലണ്ടിനെതിരായ ഏകദിന പരമ്ബരയിലെ ആദ്യ മത്സരത്തിലൂടെയാണ് ജയ്സ്വാൾ അരങ്ങേറ്റം നടത്തിയത്. ബാറ്റിങ്ങിൽ വലിയൊരു ഇംപാക്ട് സൃഷ്ടിക്കാൻ ജയ്സ്വാളിന് സാധിക്കാതെ പോയി.സ്പിന്നറായ വരുൺ ഇംഗ്ലണ്ടിനെതിരായ ഏകദിന പരമ്പരയിൽ ഭേദപ്പെട്ട പ്രകടനമാണ് കാഴ്ചവെച്ചത്.

ദുബായിലെ സാഹചര്യത്തിൽ വളരെയധികം ഗുണം ചെയ്യുന്ന സ്പിന്നറാണ് വരുൺ. നേരത്തെ ഐപിഎല്ലിലൂടെ താരമത് തെളിയിക്കുകയും ചെയ്തിട്ടുണ്ട്. ഇത് വിലയിരുത്തിയാണ് ഇന്ത്യ ഇത്തരമൊരു മാറ്റം വരുത്തിയിരിക്കുന്നത്.ഇന്ത്യ നോൺ ട്രാവലിങ് സബ്സ്റ്റിറ്റിയൂട്ടായി മീഡിയം പേസ് ഓൾറൗണ്ടർ ശിവം ദുബെയേയും പരിഗണിച്ചിട്ടുണ്ട്. ഓൾറൗണ്ടറായി ഹാർദിക് പാണ്ഡ്യ ടീമിലുണ്ട്. അതുകൊണ്ടുതന്നെ ദുബെയെ ഹാർദിക്കിന്റെ ബാക്കപ്പായാണ് പരിഗണിച്ചിരിക്കുന്നത്. ഇന്ത്യയുടെ ബാറ്റിങ് നിരയെ കരുത്തുറ്റതെന്ന് വിളിക്കാം. എന്നാൽ പേസ് നിര ശരാശരി മാത്രമാണ്.

# ചാമ്പ്യൻസ് ട്രോഫി ടൂർണമെന്റ്: ഓസ്ട്രേലിയയ്ക്ക് തിരിച്ചടി, പിന്മാറി മിച്ചൽ സ്റ്റാർക്ക്

ഐസിസി ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റിൽ നിന്നും പിന്മാറി ഓസ്ട്രേലിയൻ സ്റ്റാർ പേസർ മിച്ചൽ സ്റ്റാർക്ക്.വ്യക്തിപരമായ കാരണങ്ങളാലാണ് സ്റ്റാർക്ക് പിന്മാറിയതെന്നാണ് ക്രിക്കറ്റ് ഓസ്ട്രേലിയ അറിയിച്ചത്. നേരത്തെ പരിക്ക് മൂലം പാറ്റ് കമ്മിൻസ്, ജോഷ് ഹേസൽവുഡ് എന്നിവരെ ഓസ്ട്രേലിയക്ക് നഷ്ടമായിരുന്നു. ചാമ്പ്യൻസ് ട്രോഫിക്ക് ദിവസങ്ങൾക്ക് മുൻപ് മാർക്കസ് സ്റ്റോയ്നിസ് വിരമിക്കൽ പ്രഖ്യാപിച്ചതും ഓസ്ട്രേലിയയ്ക്ക് കനത്ത തിരിച്ചടിയായിരുന്നു. ഇതിന് പിന്നാലെയാണ് മിച്ചൽ സ്റ്റാർക്കും ഓസ്ട്രേലിയൻ ടീമിൽ നിന്നും പിന്മാറിയിരിക്കുന്നത്.പാറ്റ് കമ്മിൻസിന്റെ അഭാവത്തിൽ സ്റ്റീവ് സ്മിത്താകും ചാമ്പ്യൻസ് ട്രോഫിയിൽ ഓസീസിനെ നയിക്കുക. ഇന്ത്യക്കെതിരായ ബോർഡർ- ഗവാസ്കർ പരമ്ബരയിൽ പരിക്കേറ്റ കമ്മിൻസും, ഹേസൽവുഡും ശ്രീലങ്കക്കെതിരായ ടെസ്റ്റ് പരമ്ബരയിലും കളിച്ചിരുന്നില്ല. നാല് പ്രധാനതാരങ്ങൾക്ക് പകരം 4 മാറ്റങ്ങളോടെയാണ് ഓസ്ട്രേലിയൻ 15 അംഗ ടീമിനെ ക്രിക്കറ്റ് ഓസ്ട്രേലിയ പ്രഖ്യാപിച്ചത്. ഓസ്ട്രേലിയൻ ടീം: സ്റ്റീവ് സ്മിത്ത്(ക്യാപ്റ്റൻ), അലക്സ് കാരി, സീൻ അബോട്ട്, ബെൻ ഡ്വാർസ്യൂസ്, നഥാൻ എല്ലിസ്, ജെയ്ക്ക് ഫ്രേസർ മക്ഗുർക്, ആരോൺ ഹാർഡി, ട്രാവിസ് ഹെഡ്, ജോഷ് ഇംഗ്ലീഷ്, സ്പെൻസർ ജോൺസൺ, മാർനസ് ലബുഷെയ്ൻ, ഗ്ലെൻ മാക്സ്വെൽ, തൻവീർ സംഗ, മാത്യൂ ഷോർട്ട്, ആഡം സാമ്ബ

# മെസ്സിയേക്കാൾ ബെസ്റ്റ് റൊണാൾഡോ! കാരണം പറഞ്ഞ് മുൻ അർജന്റെൻ ഗോളി



ആധുനിക ഫുട്ബോളിലെ ഇതിഹാസങ്ങളായി ലയണൽ മെസ്സിയും ക്രിസ്റ്റ്യാനോ റൊണാൾഡോയും കണക്കാക്കപ്പെടുന്നു. അസാധാരണ പ്രകടനങ്ങളിലൂടെ ഇരുവരും ഫുട്ബോൾ ലോകത്തെ വീണ്ടും വീണ്ടും അത്ഭുതപ്പെടുത്തുകയാണ്. ഇവരിൽ ഏറ്റവും കേമൻ റൊണാൾഡോയാണെന്നു ചൂണ്ടിക്കാണിച്ചിരിക്കുകയാണ് മുൻ അർജന്റെൻ ഗോൾകീപ്പർ ഹ്യൂഗോ ഗാട്ടി. താൻ എല്ലായ്പ്പോഴും മെസ്സിക്കു മുകളിലാണ് റോണോയെ കാണുന്നതെന്നും അദ്ദേഹം പറയുന്നു.2022-ൽ ഖത്തറിൽ നടന്ന ഫിഫ ലോകകപ്പിൽ അർജന്റീനയെ ചാമ്പ്യന്മാരാക്കിയത് മെസ്സിയല്ലെന്ന് ഗാട്ടി പറഞ്ഞത് ആരാധകരെ ഞെട്ടിച്ചിരുന്നു. പകരം, അർജന്റീനയുടെ നായകനായി ഗോൾകീപ്പർ എമിലിയാനോ മാർട്ടിനെസിനെ അദ്ദേഹം തിരഞ്ഞെടുത്തു. ഇപ്പോൾ, മെസ്സിയേക്കാൾ മികച്ചവനായി റൊണാൾഡോയെ പ്രശംസിച്ചുകൊണ്ട് ഗാട്ടി ആരാധകരെ ചൊടിപ്പിച്ചിരിക്കുകയാണ്.എഡു അഗ്യുറയ്ക്ക് നൽകിയ അഭിമുഖത്തിൽ അർജന്റീനിയൻ ഗോൾകീപ്പർ ഹ്യൂഗോ ഗാട്ടി ക്രിസ്റ്റ്യാനോ റൊണാൾഡോയെ പുകഴ്ത്തി. സമീപകാലത്ത് ലയണൽ മെസ്സിയേക്കാൾ ക്രിസ്റ്റ്യാനോ റൊണാൾഡോ പ്രാധാന്യമുള്ളവനായി. വലിയ ക്ലബ്ബുകൾക്കായി കളിച്ചിട്ടുണ്ട്. ധാരാളം മത്സരങ്ങളിൽ ഗോളുകൾ നേടിയിട്ടുള്ള ആളുമാണ് റൊണാൾഡോ. കളിക്കളത്തിൽ എപ്പോഴും റിസ്ക് എടുക്കുന്ന കളിക്കാരനാണ് അദ്ദേഹം.ഫുട്ബോൾ ചരിത്രത്തിലെ ഏറ്റവും മികച്ച കളിക്കാരൻ താനാണെന്ന് റൊണാൾഡോ പറഞ്ഞിട്ടുണ്ട്. മെസ്സിയോ ഡീഗോ മറഡോണയോ അങ്ങനെ പറയുന്നത് ഞാൻ കേട്ടിട്ടില്ല. പക്ഷേ റൊണാൾഡോ അത് നിങ്ങളോട് പറഞ്ഞിട്ടുണ്ട്. അതു അദ്ദേഹത്തെ സംബന്ധിച്ച് മോശമായി തോന്നിയിട്ടില്ലെന്നും ഗാട്ടി വ്യക്തമാക്കി.





# മുംബൈക്ക് വൻ ഷോക്ക്, സൂപ്പർ സ്പിന്നർ പരിക്കേറ്റ് പുറത്ത്

ഇന്ത്യൻ പ്രീമിയർ ലീഗിന്റെ 2025 സീസൺ ആരംഭിക്കാനിരിക്കെ മുംബൈ ഇന്ത്യൻസിന് എട്ടിന്റെ പണി. ടീമിലെ സ്റ്റാർ സ്പിന്നർ പരിക്കേറ്റ് പുറത്തായിരിക്കുകയാണ്.ഈ വർഷത്തെ ലേലത്തിൽ മുംബൈ വലിയ പ്രതീക്ഷകളോടെ ടീമിലേക്ക് കൊണ്ടുവന്ന അല്ലാ ഗസൻഫറിനെ പരിക്ക് കാരണം ഒഴിവാക്കി. ഇപ്പോൾ, താരം ഐപിഎല്ലിലും ചാമ്പ്യൻസ് ട്രോഫിയിലും ഉണ്ടാകില്ലെന്ന് അഫ്ഗാനിസ്ഥാൻ ക്രിക്കറ്റ് ബോർഡ് ഔദ്യോഗികമായി പ്രഖ്യാപിച്ചു.കഴിഞ്ഞ വർഷത്തെ സിംബാബ്‌വെ പര്യടനത്തിനിടെയാണ് ഗസൻഫറിന് പരിക്കേറ്റത്. ഗസൻഫറിന് കുറഞ്ഞത് നാല് മാസത്തെ വിശ്രമം ആവശ്യമായി വരുമെന്നാണ് റിപ്പോർട്ട്. മാർച്ച് 21 ന് ഐപിഎൽ ആരംഭിക്കുമെന്നാണ് നിലവിലെ റിപ്പോർട്ട്. എന്നിരുന്നാലും, പരിക്ക് കാരണം, കളിക്കാരന് ടൂർണമെന്റ് നഷ്ടമാകുമെന്ന് ഉറപ്പാണ്. ഐപിഎൽ മാർച്ച് 21ന് ആരംഭിക്കുമെന്നാണ് നിലവിലെ റിപ്പോർട്ട്. എന്നാൽ പരിക്കേറ്റതോടെ താരത്തിന് ടൂർണമെന്റ് നഷ്ടമാവുമെന്നുറപ്പായിരിക്കുകയാണ്. ആദ്യ ഐപിഎൽ സീസൺ മുംബൈ പോലൊരു വലിയ ടീമിനൊപ്പം ലഭിച്ചിട്ടും താരത്തെ പരിക്ക് വേട്ടയാടിയെന്നതാണ് നിരാശപ്പെടുത്തുന്ന കാര്യം.റാഷിദ് ഖാന് ശേഷം അഫ്ഗാൻ ക്രിക്കറ്റിൽ നിന്ന് അസാമാന്യ സ്പിൻ പ്രതിഭയെന്ന് പേരെടുത്തവനാണ് ഗസൻഫാർ. 75 ലക്ഷം അടിസ്ഥാന വിലയ്ക്ക് മെഗാ ലേലത്തിലെത്തിയ കളിക്കാരനെ 4.8 കോടി രൂപയ്ക്ക് മുംബൈ ടീമിലേക്ക് കൊണ്ടുവന്നു. പല ടീമുകളും ശ്രദ്ധിച്ച ഒരു സ്പിന്നറായിരുന്നു ഗസൻഫർ. മുംബൈയുടെ പ്ലേയിംഗ് 11-ൽ തീർച്ചയായും സ്ഥാനം ലഭിക്കേണ്ട ഒരു കളിക്കാരനായിരുന്നു അഫ്ഗാൻ സ്പിന്നർ. ടി20 ലീഗുകളിൽ ഗസൻഫറിന് ഇതിനകം മികച്ച പ്രകടനം കാഴ്ചവയ്ക്കാൻ കഴിഞ്ഞിരുന്നു.ഗസൻഫാറിന്റെ അഭാവത്തിൽ മുംബൈ ആരെ പകരക്കാരനാക്കുമെന്നതാണ് കണ്ടറിയേണ്ടത്. അഫ്ഗാൻ സ്പിന്നറായ മുജീബുർ റഹ്മാനെ മുംബൈക്ക് പരിഗണിക്കാവുന്നതാണ്. 19 ഐപിഎല്ലിൽ നിന്ന് 19 വിക്കറ്റാണ് താരം നേടിയത്. ദക്ഷിണാഫ്രിക്കൻ സ്പിന്നർ കേശവ് മഹാരാജിനേയും പരിഗണിക്കാം.

## സഞ്ജുവിന്റെ ശസ്ത്രക്രിയ പൂർത്തിയായി; ഐപിഎൽ പങ്കാളിത്തം സംശയത്തിൽ



വിരലിന് പരിക്കേറ്റ ഇന്ത്യൻ താരം സഞ്ജു സാംസണിന്റെ ശസ്ത്രക്രിയ പൂർത്തിയായി. താരം ഡോക്ടർമാർക്കൊപ്പം ഇരിക്കുന്നൊരു ചിത്രം പുറത്തുവന്നിരുന്നു. ഇംഗ്ലണ്ടിനെതിരായ അഞ്ചാം ടി20യിലാണ് താരത്തിന് പരിക്കേറ്റത്. ജോഫ്ര ആർച്ചറുടെ പന്ത് ചൂണ്ട് വിരലിൽ ഇടിക്കുകയായിരുന്നു.ഐപിഎല്ലിന് 38 ദിവസം മാത്രം ശേഷിക്കെ സഞ്ജു സാംസണിന്റെ പങ്കാളിങ്കാളിത്തം സംശയത്തിലാണ്. രാജസ്ഥാൻ റോയൽസ് നായകന്റെ കൈയിൽ പരിക്കേറ്റത് ഫെബ്രുവരി രണ്ടിനായിരുന്നു.നാഷണൽ ക്രിക്കറ്റ് അക്കാഡമിയിലെ ചികിത്സയ്ക്ക് ശേഷമാകും സഞ്ജു ട്രെയിനിംഗ് ആരംഭിക്കുക. ഐപിഎൽ കളിക്കണമെങ്കിൽ താരത്തിന് എൻ.സി.എ അനുമതി വേണ്ടിവരും. പ്രീ സീസൺ ക്യാമ്പിൽ പങ്കെടുക്കുന്നതിന് അനുസരിച്ചാകും താരത്തിന്റെ മടങ്ങി വരവ്. വാങ്കഡെ സ്റ്റേഡിയത്തിൽ ബാറ്റിംഗിന് ഇറങ്ങിയ താരം രണ്ടാം ഇന്നിംഗ്സിൽ വിക്കറ്റ് കീപ്പിംഗിന് ഇറങ്ങിയിരുന്നില്ല. താരത്തിന് പകരം ധ്രുവ് ജുറേലാണ് കീപ്പിംഗിന് ഇറങ്ങിയത്.

## ഒത്തുകളി: ക്രിക്കറ്റ് താരം ഷോഹേലി അക്തറിന് അഞ്ച് വർഷ വിലക്ക്



ഒത്തുകളി ആരോപണത്തെ തുടർന്ന് ബംഗ്ലാദേശ് വനിതാ ക്രിക്കറ്റ് താരം ഷോഹേലി അക്തറിനെ ഐസിസി വിലക്ക്. 2023 ൽ ദക്ഷിണാഫ്രിക്കയിൽ നടന്ന വനിതാ ടി20 ലോകകപ്പിനിടെ ഒത്തുകളി നടത്തിയത് തെളിഞ്ഞതിനെ തുടർന്നാണ് ബംഗ്ലാദേശ് ഓഫ് സ്പിന്നർക്കെതിരെ ക്രിക്കറ്റിൽ നിന്നും അഞ്ച് വർഷത്തെ വിലക്ക് ഏർപ്പെടുത്തിയത്.അന്വേഷണത്തിൽ 36 കാരിയായ ഷോഹേലി കുറ്റം സമ്മതിക്കുകയും ഐസിസി നിയമങ്ങൾ ലംഘിച്ചതായി സമ്മതിക്കുകയും ചെയ്തു. ഷോഹെലിയുടെ അയോഗ്യതാ കാലാവധി 2025 ഫെബ്രുവരി 10-ന് ആരംഭിച്ചു. ഐസിസിയാണ് ഇക്കാര്യം അറിയിച്ചത്. ഐസിസിയുടെ അഴിമതി വിരുദ്ധ നിയമപ്രകാരം വിലക്ക് ലഭിക്കുന്ന ആദ്യ വനിതാ ക്രിക്കറ്റ് താരമാണ് ഷോഹെലി.

# 'കരച്ചിൽ നിർത്തൂ'; വിനീഷ്യസിനെ പരിഹസിച്ച് ബാനർ ഉയർത്തി സിറ്റി ആരാധകർ



ഇന്നലെ എത്തിഹാദ് സ്റ്റേഡിയത്തിൽ നടന്ന ആവേശകരമായ മത്സരത്തിൽ അക്ഷരാർത്ഥത്തിൽ വിനീഷ്യസ് ജൂനിയർ ആയിരുന്നു ശ്രദ്ധേയൻ. രണ്ട് ഗോളുകൾക്ക് വഴിയൊരുക്കി റയലിന്റെ വിജയത്തിൽ ബ്രസീലിയൻ സൂപ്പർ താരം നിർണായക പങ്ക് വഹിച്ചു.85-ാം മിനിറ്റ് വരെ ഒരു ഗോളിന് പിന്നിലായിരുന്ന ശേഷമാണ് റയലിന്റെ തകർപ്പൻ വിജയം. 86-ാം മിനിറ്റിൽ ബ്രാഹിം ഡയസും ഇൻജുറി ടൈമിൽ ജൂഡ് ബെല്ലിംഗ്ഹാമും ഗോൾ നേടി. ലോസ് ബ്ലാങ്കോസിനായി കൈലിയൻ എംബാപ്പെയാണ് ആദ്യ ഗോൾ നേടിയത്. വിനീഷ്യസ് ജൂനിയറിനെ കളിയിലെ താരമായി തിരഞ്ഞെടുത്തു.ഇന്നലെ, എത്തിഹാദ് ഗാലറിയിൽ വിനീഷ്യസിനെ പരിഹസിക്കുന്ന ഒരു ബാനർ സിറ്റി ആരാധകർ ഉയർത്തിയിരുന്നു. സ്പാനിഷ് മിഡ്ഫീൽഡർ റോഡ്രി ബാലൻ ദ്യോർ പുരസ്കാരത്തിൽ ചുംബിച്ച് നിൽക്കുന്ന ചിത്രത്തിൽ 'കരച്ചിൽ നിർത്തൂ എന്നാണ്' ആരാധകർ എഴുതിയിട്ടിരുന്നത്. റയലിന്റെ വിജയത്തിന് ശേഷം ഇതിനെ കുറിച്ച് വിനീഷ്യസിനോട് മാധ്യമ പ്രവർത്തകർ ചോദ്യമുന്നയിച്ചു.. ആ ബാനറാണ് തനിക്ക് ഊർജം നൽകിയത് എന്നായിരുന്നു ബ്രസീലിയൻ താരത്തിന്റെ മറുപടി. കളിക്കിടെ തന്നെ പ്രകോപിപ്പിച്ച് കൊണ്ടിരുന്ന സിറ്റി ആരാധകർക്ക് മുന്നിൽ റയലിന്റെ 15 ചാമ്പ്യൻസ് ലീഗ് കിരീടങ്ങളുടെ ലോഗോയിൽ വിനീഷ്യസ് ചുംബിക്കുന്നതും കാണാമായിരുന്നു.

# രോഗ പ്രതിരോധ ശേഷി കൂട്ടും; പരീക്ഷിക്കാം ഈ 5 ഔഷധ ചായകൾ!

നൂറ്റാണ്ടുകളായി വിവിധ ആരോഗ്യ ഗുണങ്ങൾക്കായി നമ്മൾ ഹെർബൽ ടീകൾ ഉപയോഗിച്ചുവരുന്നു. അവ ആരോഗ്യപ്രശ്നങ്ങൾ സുഖപ്പെടുത്തുന്നില്ലെങ്കിലും, ചില ലക്ഷണങ്ങളിൽ നിന്ന് ആശ്വാസം നൽകാൻ സാധിക്കും. നിങ്ങളുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിന് നിങ്ങളുടെ ഭക്ഷണത്തിൽ ചേർക്കാവുന്ന 5 വ്യത്യസ്ത ചായകൾ പോഷകാഹാര വിദഗ്ധൻ പാലക് നാഗ്പാൽ എൻഡിടിവിയുമായുള്ള അഭിമുഖത്തിൽ പങ്കിട്ടു. അവ എന്തൊക്കെയാണെന്ന് നമുക്ക് നോക്കാം.



### ഇഞ്ചി ചായ

രക്തത്തിലെ പഞ്ചസാരയുടെ അളവ് കുറയ്ക്കാൻ ഇഞ്ചി ചായ സഹായിക്കും. ഇതിൽ ആന്റിഇൻഫ്ളമേറ്ററി ഗുണങ്ങൾ അടങ്ങിയിട്ടുണ്ട്, ഇത് ശരീരത്തിലെ വീക്കം കുറയ്ക്കാനും മറ്റ് ലക്ഷണങ്ങളെ ലഘൂകരിക്കാനും സഹായിക്കും.

### തുളസി ചായ

രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കുന്ന ഗുണങ്ങൾക്ക് പേരുകേട്ടതാണ് തുളസി ചായ. ഇതിൽ ആന്റിഓക്സിഡന്റുകൾ അടങ്ങിയിട്ടുണ്ട്. രോഗപ്രതിരോധ ശേഷി ശക്തിപ്പെടുത്തുകയും സമ്മർദ്ദത്തെ കൂടുതൽ ഫലപ്രദമായി നേരിടാൻ ശരീരത്തെ സഹായിക്കുകയും ചെയ്യുന്നു.

### കാമോമിൽ ചായ

ഉത്കണ്ഠ കുറയ്ക്കാനും ഉറക്കത്തെ പ്രോത്സാഹിപ്പിക്കാനും വിശ്രമിക്കാനും സഹായിക്കുന്ന സംയുക്തങ്ങൾ കാമോമിൽ ചായയിൽ അടങ്ങിയിരിക്കുന്നു. ഉറങ്ങാൻ ബുദ്ധിമുട്ടുള്ളവർക്കും ഉറക്കമില്ലായ്മ അനുഭവിക്കുന്നവർക്കും ഇത് പ്രത്യേകിച്ചും ഗുണം ചെയ്യും.

### ഹിബിസ്കസ് ടീ

ഹിബിസ്കസ് ടീ അഥവാ ചെമ്പരത്തിയില ഉപയോഗിച്ച് ഉണ്ടാക്കുന്ന ചായ ആന്റിഓക്സിഡന്റുകളാലും ആന്റിഇൻഫ്ളമേറ്ററി ഗുണങ്ങളാലും സമ്പന്നമാണ്. ഇത് ആർത്തവ സമയത്തെ വേദനയും അസ്വസ്ഥതകളും കുറയ്ക്കാൻ സഹായിക്കും.

### പുതിന ചായ

ഛർദി, ദഹനക്കേട് എന്നിവയുൾപ്പെടെ ദഹനസംബന്ധമായ അസ്വസ്ഥതകൾ ലഘൂകരിക്കാൻ പുതിന ചായ നൂറ്റാണ്ടുകളായി ഉപയോഗിക്കുന്നു. പുതിനയിലെ മെന്തോളിന് വയറിലെ പേശികളെ ശമിപ്പിക്കാനും ഛർദിയുടെ തോന്നൽ കുറയ്ക്കാനും കഴിയും. ഇത് വയറുവേദന ഒഴിവാക്കാൻ സഹായിക്കുന്ന പ്രധാന ഔഷധങ്ങളിൽ ഒന്നാണ്.

# ഭക്ഷണം കഴിക്കാൻ തിടുക്കം കാണിക്കല്ലേ; പോഷകങ്ങൾ നഷ്ടമായേക്കാം!




വേഗതയേറിയ ലോകത്ത്, നമ്മൾ പലപ്പോഴും സമാധാനത്തോടെയും ശാന്തതയോടെയും ഭക്ഷണം ആസ്വദിക്കാൻ മറക്കുന്നു. ഭക്ഷണത്തോടുള്ള ഈ തിരക്കുപിടിച്ച സമീപനത്തെക്കുറിച്ച് പുനർവിചിന്തനം നടത്തേണ്ട സമയമാണിത്. കാരണം ഇത് ഗുരുതര ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കിയേക്കാം.

പെട്ടെന്ന് ഭക്ഷണം കഴിക്കുന്നത് ദഹനപ്രക്രിയയെ തടസ്സപ്പെടുത്തും. ഭക്ഷണം നന്നായി ചവയ്ക്കുന്നതും ദഹന എൻസൈമുകൾ പോഷകങ്ങളെ തകർക്കാൻ അനുവദിക്കുന്നതും കാര്യക്ഷമമായ ദഹനത്തിനും പോഷകങ്ങൾ ആഗിരണം ചെയ്യുന്നതിനും അത്യന്താപേക്ഷിതമാണ്.

ഓരോ പിടി ഭക്ഷണവും ആസ്വദിക്കാൻ സമയമെടുക്കുന്നത് പോഷകങ്ങൾ കൂടുതൽ ഫലപ്രദമായി ആഗിരണം ചെയ്യാൻ ശരീരത്തെ അനുവദിക്കുന്നു. ഭക്ഷണം ശരിയായി ചവയ്ക്കുമ്പോൾ, ദഹനവ്യവസ്ഥയ്ക്ക് കഴിക്കുന്ന ഭക്ഷണത്തിൽ നിന്ന് പരമാവധി പോഷകമൂല്യം വേർതിരിച്ചെടുക്കാൻ കഴിയും.

തിടുക്കത്തിൽ ഭക്ഷണം കഴിക്കുന്നത് രുചികളുടെയും ഘടനകളുടെയും പൂർണ്ണമായ ആസ്വാദനം നഷ്ടപ്പെടാൻ ഇടയാക്കും. തിടുക്കത്തിൽ ഭക്ഷണം കഴിക്കുന്നത് ദഹനവ്യവസ്ഥയെ സമ്മർദ്ദത്തിലാക്കുകയും മൊത്തത്തിലുള്ള ക്ഷേമത്തെ ബാധിക്കുകയും ചെയ്യും. സാവധാനം ഭക്ഷണം കഴിക്കുന്നത് ഭക്ഷണവുമായി ഒരു നല്ല ബന്ധം വളർത്തിയെടുക്കുകയും വൈകാരിക ആരോഗ്യത്തെ പിന്തുണയ്ക്കുകയും ചെയ്യും.

വേഗതയും കാര്യക്ഷമതയും പലപ്പോഴും വിലമതിക്കപ്പെടുന്ന ഒരു ലോകത്ത്, ഭക്ഷണം ആസ്വദിക്കുന്നതിൽ മന്ദഗതിയിലാകുന്നത് വിപരീതമായി തോന്നിയേക്കാം. മെച്ചപ്പെട്ട ദഹനം മുതൽ ശ്രദ്ധാപൂർവ്വമായ ഭക്ഷണ തിരഞ്ഞെടുപ്പുകൾ വരെ, ഭക്ഷണം കഴിക്കുന്നതിൽ മന്ദഗതിയിലുള്ള സമീപനം സ്വീകരിക്കുന്നത് മൊത്തത്തിലുള്ള ആരോഗ്യത്തിനും ക്ഷേമത്തിനും കാരണമാകും.



# ജപ്പാൻകാരുടെ ഈ സീക്രട്ട് വാട്ടർ പരീക്ഷിച്ച് നോക്കൂ; കുടവയർ സ്വിച്ചിട്ട പോലെ കുറയും !

ജപ്പാൻകാരുടെ പ്രത്യേകതയാണ് അവരുടെ ഫിറ്റ്നസുള്ള ശരീരം. കുടവയറുള്ള ഒരാളെയും നമുക്ക് അവിടെ കാണാനായി സാധിക്കില്ല. ആരോഗ്യഗുണങ്ങളുള്ള ഒരു സീക്രട്ട് വാട്ടറാണ് അവരുടെ ഫിറ്റ്നസിന്റെ രഹസ്യം. ഇഞ്ചിയും നാരങ്ങയും ഉപയോഗിച്ചുണ്ടാക്കുന്ന പാനീയം വയറിലെ കൊഴുപ്പ് കുറയ്ക്കുകയും രക്തസമ്മർദം നിയന്ത്രിക്കുകയും ചെയ്യുന്നു. ഇതിന് പുറമേ ചർമം തിളങ്ങാനും സഹായിക്കുന്നുണ്ട്.

ഈ പാനീയം തയ്യാറാക്കുന്നതിനായി ഒരിഞ്ച് നീളമുള്ള ഇഞ്ചി ഒന്നര കപ്പ് വെള്ളത്തിൽ 5 മിനിറ്റ് തിളപ്പിക്കുക. പിന്നീട് ഈ വെള്ളം തണുക്കാനായി അനുവദിക്കുക. ഇളം ചൂടാകുമ്പോൾ അരമുറി നാരങ്ങ പിഴിഞ്ഞ് ചേർക്കണം. നന്നായി ഇളക്കുക. ഏത് സമയത്തും ഈ പാനീയം കുടിക്കാം. എന്നാൽ ഇത് രാവിലെ വെറുംവയറ്റിൽ കുടിക്കുന്നതാണ് കൂടുതൽ ഗുണങ്ങൾ ലഭിക്കാൻ നല്ലത്.

ഈ പാനീയത്തിലടങ്ങിയ ഇഞ്ചി കൊഴുപ്പിനെ കുറയ്ക്കുന്നു. ജിഞ്ചെറോൾ എന്ന സംയുക്തം ധാരാളം അടങ്ങിയ ഇഞ്ചി ഉപാപചയപ്രവർത്തനം വർധിപ്പിക്കുന്നു. വയറ്റിൽ അടിഞ്ഞുകൂടിയ കൊഴുപ്പിനെ കുറയ്ക്കുന്നു.

ആന്റിഓക്സിഡന്റുകൾ ധാരാളമായി അടങ്ങിയ നാരങ്ങവെള്ളവും കൊഴുപ്പിന്റെ തന്മാത്രകളെ വിഘടിപ്പിക്കുന്നു. രക്തത്തിലെ കൊഴുപ്പ് കുറയ്ക്കാനായി ഈ പാനീയം സഹായിക്കും. ട്രൈഗ്ലിസറൈഡ്, ടോട്ടൽ കൊളസ്ട്രോൾ ഇവ രണ്ടും കുറയ്ക്കാനായി ഇഞ്ചിനാരങ്ങാ പാനീയത്തിന് കഴിവുണ്ട്.

രക്തചംക്രമണം വർധിപ്പിക്കുന്നതിനും ഇഞ്ചി സഹായിക്കും. ദിവസവും ഈ പാനീയം കുടിക്കുന്നതിലൂടെ ഹൃദയാരോഗ്യം മെച്ചപ്പെടുന്നു. ഇഞ്ചിയും നാരങ്ങയും അടങ്ങിയിരിക്കുന്നതിനാൽ ദഹനം മെച്ചപ്പെടുത്തുന്ന എൻസൈമുകൾ ധാരാളമുണ്ട്. മലബന്ധം, അസിഡിറ്റി എന്നിവതടയുന്നു. രോഗപ്രതിരോധശേഷിയും വർധിപ്പിക്കും. ഈ പാനീയം കുടിക്കുമ്പോൾ സന്ധിവേദന, വീക്കം, തണുപ്പുകാലത്തെ വേദനകൾ എന്നിവയും മാറും. ഇതിലെ വൈറ്റമിൻ സി അഴുക്കുകൾ അകറ്റി ചർമം തിളങ്ങാനായി സഹായിക്കുന്നു.

# അർബുദത്തെ പ്രതിരോധിക്കുന്ന 10 സൂപ്പർ ഫുഡുകൾ



കാൻസർ തടയുന്നതിലും പോരാടുന്നതിലും പോഷകാഹാരത്തിന്റെ പ്രാധാന്യം നിർണായകമാണ്. ലോകമെമ്പാടുമുള്ള ദശലക്ഷക്കണക്കിന് ആളുകളെ ബാധിക്കുന്ന വ്യത്യസ്ത തരം കാൻസറുകളുണ്ട്.

കാൻസറിനെ പ്രതിരോധിക്കുന്ന സൂപ്പർഫുഡുകളാൽ സമ്പന്നമായ ഒരു സമീകൃതാഹാരം കാൻസറിനുള്ള സാധ്യത കുറയ്ക്കാനും മൊത്തത്തിലുള്ള ആരോഗ്യത്തെ പിന്തുണയ്ക്കാനും സഹായിക്കും.

ഈ സൂപ്പർഫുഡുകളിൽ ആന്റിഓക്സിഡന്റുകൾ, ഫൈറ്റോകെമിക്കലുകൾ, മറ്റ് പോഷകങ്ങൾ എന്നിവ അടങ്ങിയിട്ടുണ്ട്, അവയ്ക്ക് കാൻസർ വിരുദ്ധ ഗുണങ്ങളുണ്ടെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്, കോശങ്ങളെ കേടുപാടുകളിൽ നിന്ന് സംരക്ഷിക്കാനും, വീക്കം കുറയ്ക്കാനും, കാൻസർ കോശങ്ങളുടെ വളർച്ചയും വ്യാപനവും തടയാനും സഹായിക്കുന്നു.

ഈ സൂപ്പർഫുഡുകൾ നിങ്ങളുടെ ഭക്ഷണത്തിൽ ഉൾപ്പെടുത്തുന്നത് നിങ്ങളുടെ കാൻസറിനുള്ള സാധ്യത കുറയ്ക്കാനും മൊത്തത്തിലുള്ള ആരോഗ്യത്തെ പിന്തുണയ്ക്കാനും സഹായിക്കും. നിങ്ങളുടെ ഭക്ഷണത്തിൽ നിങ്ങൾ ചേർക്കേണ്ട 10 സൂപ്പർഫുഡുകൾ ഇതാ.

**വെളുത്തുള്ളി:** ആരോഗ്യകരമായ ഒരു സുഗന്ധവ്യഞ്ജനമായ വെളുത്തുള്ളിയിൽ കാൻസർ വിരുദ്ധ ഗുണങ്ങൾ ഉള്ള സംയുക്തങ്ങൾ അടങ്ങിയിരിക്കുന്നു, പ്രത്യേകിച്ച് സ്തന, വൻകുടൽ, പ്രോസ്റ്റേറ്റ് കാൻസർ സാധ്യത കുറയ്ക്കുന്നതിൽ.

**മാതളനാരങ്ങ:** ആന്റിഓക്സിഡന്റുകളും ഫൈറ്റോകെമിക്കലുകളും കൊണ്ട് സമ്പുഷ്ടമായ ഒരു സീസണൽ പഴമാണ് മാതളനാരങ്ങ. കോശങ്ങളെ കേടുപാടുകളിൽ നിന്ന് സംരക്ഷിക്കുന്നതിലൂടെയും വീക്കം കുറയ്ക്കുന്നതിലൂടെയും ഇത് ക്യാൻസറിനുള്ള സാധ്യത കുറയ്ക്കാൻ സഹായിക്കും.

**ചീര:** ആരോഗ്യകരമായ പച്ച ഇലക്കറിയായ ചീര, ആന്റിഓക്സിഡന്റുകളാലും ഫൈറ്റോകെമിക്കലുകളാലും സമ്പന്നമാണ്, ഇത് ശരീരത്തിലെ കോശങ്ങളെ കേടുപാടുകളിൽ നിന്ന് സംരക്ഷിക്കുന്നതിലൂടെ ക്യാൻസറിനുള്ള സാധ്യത കുറയ്ക്കും. വീക്കം കുറയ്ക്കാനുള്ള കഴിവും ഇതിനുണ്ട്.

**ക്രൂസിഫറസ് പച്ചക്കറികൾ:** കോളിഫ്ളവർ, കാലെ, കാബേജ് തുടങ്ങിയ പച്ചക്കറികളിൽ കാൻസർ വിരുദ്ധ ഗുണങ്ങൾ ഉള്ളതായി തെളിയിക്കപ്പെട്ടിട്ടുള്ള സംയുക്തങ്ങൾ അടങ്ങിയിട്ടുണ്ട്. പ്രത്യേകിച്ച് വൻകുടൽ, സ്തന, പ്രോസ്റ്റേറ്റ് കാൻസർ സാധ്യത കുറയ്ക്കുന്നതിൽ.

**തക്കാളി:** തക്കാളിയിൽ ലൈക്കോപീൻ അടങ്ങിയിട്ടുണ്ട്, ഇത് ഒരു ആന്റിഓക്സിഡന്റാണെന്ന് പറയപ്പെടുന്നു. പ്രോസ്റ്റേറ്റ് കാൻസർ സാധ്യതയും മറ്റ് തരത്തിലുള്ള കാൻസർ സാധ്യതയും കുറയ്ക്കാൻ ഇത് സഹായിക്കുമെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്.

**കൊഴുപ്പുള്ള മത്സ്യം:** സാൽമൺ, സാർഡിൻ തുടങ്ങിയ കൊഴുപ്പുള്ള മത്സ്യങ്ങളിൽ ഒമേഗ ഫാറ്റി ആസിഡുകൾ ധാരാളമുണ്ട്, ഇത് വീക്കം കുറയ്ക്കാനും കാൻസർ സാധ്യത കുറയ്ക്കാനും സഹായിക്കും.

**ബെറിഫലങ്ങൾ:** ബ്ലൂബെറി, റാസ്ബെറി, സ്ട്രോബെറി എന്നിവ കാൻസർ സാധ്യത കുറയ്ക്കും. അവയിൽ ആന്റിഓക്സിഡന്റുകളും ഫൈറ്റോകെമിക്കലുകളും ധാരാളമുണ്ട്, ഇത് കോശങ്ങളെ കേടുപാടുകളിൽ നിന്ന് സംരക്ഷിക്കുകയും വീക്കം കുറയ്ക്കുകയും ചെയ്തുകൊണ്ട് കാൻസർ സാധ്യത കുറയ്ക്കാൻ സഹായിക്കും.

**മഞ്ഞൾ:** മഞ്ഞളിൽ കുർക്കുമിൻ എന്ന സംയുക്തം അടങ്ങിയിരിക്കുന്നതിനാൽ ദിവസവും മഞ്ഞൾ കഴിക്കുന്നത് ഉറപ്പാക്കുക. ഇത് വീക്കം തടയുന്നു. ഇതിന് കാൻസർ വിരുദ്ധ ഗുണങ്ങളുമുണ്ട്. ശ്വാസകോശം, വൻകുടൽ, സ്തനാർബുദം എന്നിവയുടെ സാധ്യത കുറയ്ക്കുമെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്.

**ഗ്രീൻ ടീ:** 'കാറ്റെച്ചിൻസ്' എന്നറിയപ്പെടുന്ന ആന്റിഓക്സിഡന്റുകൾ ഗ്രീൻ ടീയിൽ ധാരാളമുണ്ട്. കോശങ്ങളെ കേടുപാടുകളിൽ നിന്ന് സംരക്ഷിക്കുന്നതിലൂടെ കാൻസർ സാധ്യത കുറയ്ക്കാൻ ഇവ സഹായിക്കുന്നു. ശരീരത്തിലെ വീക്കം കുറയ്ക്കാനും ഈ മിശ്രിതം സഹായിക്കുന്നു.

**ബ്രോക്കോളി:** കോളിഫ്ളവറും മറ്റ് ക്രൂസിഫറസ് പച്ചക്കറികളും പോലെ, ബ്രോക്കോളിയിലും കാൻസർ വിരുദ്ധ ഗുണങ്ങളുള്ളതായി അറിയപ്പെടുന്ന ഒരു കൂട്ടം സംയുക്തങ്ങൾ അടങ്ങിയിരിക്കുന്നു. പ്രോസ്റ്റേറ്റ്, സ്തന, വൻകുടൽ കാൻസറുകളുടെ സാധ്യത കുറയ്ക്കുന്നതിന് അവ സഹായകമാണ്.

# പോൺ ആപ്പ് 'ഹോട്ട് ടബി'ൽ ആപ്പിൾ അത്ര ഹാപ്പിയല്ല !



ആപ്പ് സ്റ്റോറിൽ പോണോഗ്രഫി അനുവദിക്കില്ലെന്ന് ആപ്പിൾ എപ്പോഴും നിർബന്ധം പിടിച്ചിട്ടുണ്ട്. എന്നാൽ യൂറോപ്യൻ യൂണിയനിലെ മാറ്റങ്ങൾ കാരണം, സ്വതന്ത്ര ആപ്പ് സ്റ്റോറുകൾ ആരംഭിക്കാൻ ആപ്പിളിന് അനുവദിക്കേണ്ടി വന്നു.

ആൾട്ട്സ്റ്റോർ പിഎഎൽ സ്റ്റോറിൽ ആദ്യമായി പോൺ ആപ്പ് പ്രത്യക്ഷപ്പെട്ടതോടെ വലിയ കോലാഹലങ്ങൾ ഉണ്ടായി. യൂറോപ്യൻ കമ്മീഷൻ കൊണ്ടുവന്ന നിയമങ്ങൾ ഐഫോണിൽ പോൺ ആപ്പുകൾ ആരംഭിക്കുന്നതിലേക്ക് നയിക്കുമെന്ന് കമ്പനി നേരത്തെ പ്രവചിച്ചിരുന്നു.

ഹോട്ട് ടബ് എന്ന പോൺ ആപ്പ് ഫെബ്രുവരി 3ന് പുറത്തിറങ്ങി. ഇതിനെത്തുടർന്ന്, ഡിജിറ്റൽ മാർക്കറ്റ്സ് ആക്ടിനെതിരെ ആപ്പിൾ ശക്തമായ വിമർശനവുമായി രംഗത്തെത്തി.

ഹോട്ട് ടബ് എന്ന പുതിയ ആപ്പ് ആപ്പിളിന്റെ സ്വന്തം ആൾട്ടർനേറ്റീവ് ആപ്പ് സ്റ്റോർ ആയ ആൾട്ട്സ്റ്റോർ പിഎഎൽ വഴിയാണ് ലഭ്യമാക്കിയത്. ഹോട്ട് ടബ് ആപ്പിളിന്റെ സ്വന്തം ആപ്പല്ല. ഇത് മറ്റൊരു ആപ്പ് സ്റ്റോർ വഴി ലഭ്യമാകുന്ന ആപ്ലിക്കേഷനാണ്.

പോൺ ഹബ്, എക്സ് വിഡിയോസ്, എക്സ് എൻ എക്സ്, എക്സ് ഹാംസ്റ്റർ ഉൾപ്പെടെയുള്ള അശ്ലീല വെബ്സൈറ്റുകളിലെ വീഡിയോകൾ ഐഒഎസ് ഉപയോക്താക്കൾക്ക് ഈ ആപ്പ് ഉപയോഗിച്ച് തിരയാനും പ്ലേ ചെയ്യാനും സാധിക്കും.

ഈ വെബ്സൈറ്റുകൾ നേരത്തേ തന്നെ ഇന്റർനെറ്റിൽ ലഭ്യമായിരുന്നുവെങ്കിലും, DMA (ഡിജിറ്റൽ മാർക്കറ്റ്സ് ആക്ട്) അനുസരിച്ച് യൂറോപ്പിൽ ആപ്പ് ഉപയോഗിച്ച് iPhones, iPads എന്നിവയിൽ ഡൗൺലോഡ് ചെയ്യാനുള്ള അവസരം നൽകുക എന്നതായിരുന്നു ആപ്പിളിന്റെ പ്ലാൻ.

ഐഒഎസ് ഉപഭോക്താക്കളുടെ ബദൽ ആപ്പ് സ്റ്റോറായ Altstore വഴിയാണ് പോൺ ആപ്പ് ഐഫോണുകളിലും ഐപാഡുകളിലും ലഭ്യമാവുക.

എന്നാൽ യൂറോപ്യൻ മാർക്കറ്റിലുള്ളവർക്ക് മാത്രമേ ഹോട്ട് ടബ് ഉപയോഗിക്കാൻ സാധിക്കുകയുള്ളൂ.

പരസ്യങ്ങളില്ലാത്ത സ്വകാര്യവും സുരക്ഷിതവുമായ അനുഭവം വാഗ്ദാനം ചെയ്യുന്ന അശ്ലീല ആപ്പെന്നാണ് ഹോട്ട് ടബിന്റെ പരസ്യവാചകം തന്നെ.

സ്വകാര്യവും സുരക്ഷിതവുമായ രീതിയിൽ മുതിർന്നവർക്കായുള്ള ഉള്ളടക്കം ബ്രൗസ് ചെയ്യാൻ ഈ ആപ്പ് അവസരമൊരുക്കുന്നു.

# ഇന്ത്യയിൽ ഇൻസ്റ്റഗ്രാം ടീൻ അക്കൗണ്ടുകൾ അവതരിപ്പിച്ച് മെറ്റ




ടീനേജ് അക്കൗണ്ടുകൾ ഇന്ത്യയിലേക്ക് വ്യാപിപ്പിച്ച് മെറ്റ. ടീനേജ് പ്രായക്കാർക്ക് സുരക്ഷിതമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി നിരവധി സുരക്ഷാ സവിശേഷതകളും ഉൾപ്പെടുത്തിയിട്ടുണ്ട്.

കൗമാരക്കാരുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും അവരുടെ സ്ക്രീൻ സമയം നിയന്ത്രിക്കുന്നതിനുമുള്ള അധിക ഫീച്ചറുകളും ആപ്പ് ഇപ്പോൾ മാതാപിതാക്കൾക്ക് നൽകുന്നുണ്ട്. കുട്ടികൾക്ക് കൂടുതൽ സുരക്ഷിതവും പ്രായത്തിനൊത്ത് പോകുന്ന ഓൺലൈൻ ഇടം സൃഷ്ടിക്കാനുമാണ് ടീൻ അക്കൗണ്ട് രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഇവയിൽ തന്നെ നിലവിൽ സുരക്ഷാ ക്രമീകരണങ്ങൾ ഉണ്ടാകും, അനാവശ്യ ഇടപെടലുകൾ നിയന്ത്രിക്കും, സ്വകാര്യതാ ക്രമീകരണങ്ങൾ മെച്ചപ്പെടുത്തും, കൂടാതെ മാതാപിതാക്കൾക്ക് കൂടുതൽ നിയന്ത്രണം നൽകുകയും ചെയ്യും.

മാതാപിതാക്കൾക്ക് അവരുടെ കുട്ടികളുടെ സമീപകാല കോൺടാക്ടുകൾ നിരീക്ഷിക്കാനും, ദൈനംദിന സ്ക്രീൻ സമയ പരിധികൾ നിശ്ചയിക്കാനും, നിശ്ചിത സമയങ്ങളിൽ ആപ്പ് ഉപയോഗം നിയന്ത്രിക്കാനും കഴിയും. കൗമാരക്കാർ പ്ലാറ്റ്ഫോം ഉപയോഗിക്കുമ്പോൾ അവരെ സുരക്ഷിതരായി നിലനിർത്തുക എന്നതാണ് ഈ നടപടികൾ ലക്ഷ്യമിടുന്നത്.

### പുതിയ അക്കൗണ്ടിന്റെ പ്രത്യേകതകൾ

**സ്വകാര്യ അക്കൗണ്ടുകൾ:** കൗമാരക്കാരുടെ അക്കൗണ്ടുകൾ സ്വയമേവ സ്വകാര്യമായി സജ്ജീകരിച്ചിരിക്കുന്നു. ഫോളോവേഴ്സ് അല്ലാത്തവർക്ക് അവരുടെ ഉള്ളടക്കം കാണാനോ സംവദിക്കാനോ കഴിയില്ല.

**സന്ദേശ നിയന്ത്രണങ്ങൾ:** കൗമാരക്കാർക്ക് അവർ പിന്തുടരുന്ന ഉപയോക്താക്കളിൽ നിന്നോ അവർ ഇതിനകം ബന്ധപ്പെട്ടിരിക്കുന്നവരിൽ നിന്നോ മാത്രമേ സന്ദേശങ്ങൾ ലഭിക്കൂ, അപരിചിതരുമായുള്ള ഇടപെടലുകൾ പരിമിതപ്പെടുത്തുന്നു.

**സെൻസിറ്റീവ് ഉള്ളടക്ക പരിധികൾ:** അക്രമാസക്തമായ പോസ്റ്റുകൾ അല്ലെങ്കിൽ സൗന്ദര്യവർദ്ധക നടപടിക്രമങ്ങളുടെ പ്രമോഷനുകൾ പോലുള്ള സെൻസിറ്റീവ് ഉള്ളടക്കത്തിലേക്ക്, പ്രത്യേകിച്ച് എക്സ്പ്ലോർ, റീൽസ് വിഭാഗങ്ങളിൽ, കൗമാരക്കാർക്ക് പരിമിതമായ ആക്സസ് മാത്രമേ ഉണ്ടായിരിക്കൂ.

**ടാഗിംഗ് നിയന്ത്രണങ്ങൾ:** കമന്റുകളിൽ നിന്നും സന്ദേശങ്ങളിൽ നിന്നും നിന്ദ്യമായ ഭാഷ ഫിൽട്ടർ ചെയ്യുന്നതിന് ഡിഫോൾട്ടായി സജീവമാക്കിയ "Hidden Words" സവിശേഷത ഉപയോഗിച്ച്, കൗമാരക്കാരെ അവർ പിന്തുടരുന്ന അക്കൗണ്ടുകൾ വഴി മാത്രമേ ടാഗ് ചെയ്യാനോ പരാമർശിക്കാനോ കഴിയൂ.

**ടൈം മാനേജ്മെന്റ്:** ഒരു മണിക്കൂർ സ്ക്രീൻ സമയത്തിന് ശേഷം ഒരു ഇടവേള എടുക്കാൻ ആപ്പ് ഓർമ്മിപ്പിക്കുകയും അവരെ ലോഗ് ഓഫ് ചെയ്യാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യും.

**സ്ലീപ്പ് മോഡ്:** ഇൻസ്റ്റാഗ്രാം രാത്രി 10 മുതൽ രാവിലെ 7 വരെ സ്ലീപ്പ് മോഡ് സ്വയമേവ പ്രവർത്തനക്ഷമമാക്കും, അറിയിപ്പുകൾ തടയുകയും ആ സമയങ്ങളിൽ സന്ദേശങ്ങൾക്ക് സ്വയമേവ മറുപടികൾ അയയ്ക്കുകയും ചെയ്യും.

# ഗൂഗിൾ മെസേജിലൂടെ ഇനി വാട്ട്സ്ആപ്പ് വീഡിയോ കോൾ ചെയ്യാം: വിശദാംശങ്ങൾ അറിയാം




ഗൂഗിൾ മെസേജസ് ആപ്പ് വഴി വാട്ട്സ്ആപ്പ് വീഡിയോ കോളുകൾ ചെയ്യാൻ സാധിച്ചാലോ? നിർണായകമായ ഒരു അപ്ഡേറ്റ് പുറത്തിറക്കാൻ ഗൂഗിൾ ഒരുങ്ങുകയാണ്. ഇതിലൂടെ, ഉപയോക്താക്കൾക്ക് മെസേജസ് ആപ്പിൽ നിന്ന് നേരിട്ട് വാട്ട്സ്ആപ്പ് വീഡിയോ കോളുകൾ ചെയ്യാൻ കഴിയും. വീഡിയോ കോൾ വരുമ്പോൾ ആപ്പുകൾ മാറേണ്ടതിന്റെ ആവശ്യകത ഇത് ഇല്ലാതാക്കുമെന്നും വീഡിയോ കോളിംഗ് കൂടുതൽ സൗകര്യപ്രദമാക്കുമെന്നും റിപ്പോർട്ടുകൾ പറയുന്നു.

ആപ്പിന്റെ കോഡിനുള്ളിൽ ഈ സവിശേഷത കണ്ടെത്തിയിട്ടുണ്ട്, കൂടാതെ ഗൂഗിൾ മീറ്റ് ഉപകരണത്തിൽ ഇൻസ്റ്റാൾ ചെയ്തിട്ടില്ലെങ്കിൽ പോലും ഉപയോക്താക്കൾക്ക് വീഡിയോ കോളുകൾ ചെയ്യാൻ കഴിയുമെന്നതാണ് പ്രധാന സവിശേഷത.

ഈ ഫീച്ചർ പ്രകാരം വീഡിയോ കോൾ വരുമ്പോൾ വാട്സാപ്പിലേക്ക് റീഡയറക്ട് ചെയ്യാതെ നേരിട്ട് ഗൂഗിൾ മെസേജ് ആപ്പിൽത്തന്നെ ഫുൾസ്ക്രീൻ മോഡിൽ വീഡിയോ കോൾ തുറക്കാനാകും. ഈ സവിശേഷത വ്യക്തിഗത സംഭാഷണങ്ങൾക്കായാണ് ചെയ്തിട്ടുള്ളത്.

ഗ്രൂപ്പ് കോളുകൾ ലഭ്യമല്ല. ഗ്രൂപ്പ് കോളുകൾക്കായി ശ്രമിക്കുമ്പോൾ ഗൂഗിൾ മീറ്റ് വഴിയുള്ള വീഡിയോ കോൾ മാത്രമേ സാധ്യമാവുകയുള്ളൂ. പുറത്തുവിട്ട സ്ക്രീൻഷോട്ടുകൾ പ്രകാരം ഗൂഗിൾ മെസേജിൽ വീഡിയോ കോൾ ഐക്കൺ ക്ലിക്ക് ചെയ്യുമ്പോൾ വാട്സാപ്പ് വഴി വീഡിയോ കോൾ ചെയ്യാനുള്ള നിർദേശം ഉപഭോക്താക്കൾക്ക് കാണാൻ സാധിക്കും.

ഗൂഗിൾ മീറ്റ് ഇൻസ്റ്റാൾ ചെയ്യാത്തവർക്കേ ഈ പ്രോംപ്റ്റ് കാണാൻ സാധിക്കുകയുള്ളൂ. വാട്സാപ്പ് ഇൻസ്റ്റാൾ ചെയ്തില്ലെങ്കിലും വാട്സാപ്പ് വീഡിയോ കോൾ പോപ് - അപ് കാണിക്കില്ല. ഗൂഗിൾ ഇതുവരെ ഈ ഫീച്ചർ ഔദ്യോഗികമായി സ്ഥിരീകരിച്ചിട്ടില്ല. അതിനാൽ ഭാവിയിൽ ഫീച്ചറിൽ പ്രകടമായ പല മാറ്റങ്ങളും ഉണ്ടായേക്കാം.

ഈ പുതിയ ഫീച്ചറിന്റെ സൂചനകൾ ആപ്പിന്റെ കോഡിൽ കണ്ടെത്തിയതായാണ് വിവരം. ഇതിലൂടെ ഡിവൈസിൽ ഗൂഗിൾ മീറ്റ് ഇൻസ്റ്റാൾ ചെയ്തിട്ടില്ലെങ്കിലും ഉപഭോക്താക്കൾക്ക് വീഡിയോ കോൾ നടത്താൻ വേഗത്തിലൊരു ഓപ്ഷൻ ലഭ്യമാകും.

ഗൂഗിളിന്റെ സ്വന്തം മെസേജിങ് ആപ്പിൽ വീഡിയോ കോളിങ് അനുഭവം മെച്ചപ്പെടുത്തുകയാണ് ഈ പുതിയ അപ്ഡേറ്റിന്റെ ലക്ഷ്യം. ആൻഡ്രോയിഡ് അതോറിറ്റിയുടെ റിപ്പോർട്ട് പ്രകാരം ഗൂഗിൾ മെസേജിന്റെ 20250131 പതിപ്പിലെ കോഡിനുള്ളിൽ ഒരു ഹിഡൻ ഫ്ളാഗ് ആക്ടിവേറ്റ് ചെയ്തപ്പോൾ ഈ സവിശേഷത കണ്ടെത്തിക്കഴിഞ്ഞു.

എന്നാൽ ഇത് ഇപ്പോൾ പൊതുജനങ്ങൾക്ക് ലഭ്യമല്ല.




# ഡീപ്പ് സീക്ക് അത്ര സേഫ് അല്ല; ഐ ഫോൺ ഡേറ്റയും ചോർത്തും

പുറത്തിറങ്ങി ആഴ്ചകൾക്കുള്ളിൽ, ഡീപ്പ് സെർച്ച് ഐഫോൺ ഉപയോക്താക്കളുടെ ഹൃദയം കവർന്നിരിക്കുകയാണ്. ഐഒഎസ് ആപ്പ് സ്റ്റോറിൽ നിന്ന് ഡീപ്പ് സെർച്ച് ഡൗൺലോഡ് ചെയ്ത ആളുകളുടെ എണ്ണം ആപ്പിളിനെ പോലും ഞെട്ടിച്ചതായി ടെക് ലോകം റിപ്പോർട്ട് ചെയ്യുന്നു.

അതിവേഗത്തിലുള്ള പ്രതികരണവും ഉപയോഗിക്കാനുള്ള എളുപ്പവുമാണ് ഡീപ്പ് സെർച്ചിനെ ഇത്രയധികം ജനപ്രിയമാക്കിയത്. എന്നിരുന്നാലും, ഐഫോൺ ഉപയോക്താക്കൾക്കും സുരക്ഷയെക്കുറിച്ച് ആശങ്കയുണ്ടെന്നതാണ് വസ്തുത. എല്ലാ ഡാറ്റയും ചൈനയിൽ എത്തുന്നതായി റിപ്പോർട്ടുകൾ ഇതിനകം പുറത്തുവന്നിട്ടുണ്ട്.

കൂടാതെ, സൈബർ തട്ടിപ്പ് ഗ്രൂപ്പുകൾ വ്യക്തിഗത വിവരങ്ങൾ ദുരുപയോഗം ചെയ്തേക്കാം, അതിനാൽ, സർക്കാർ ഏജൻസികൾ, കമ്പനികൾ, പ്രധാനപ്പെട്ട സ്ഥാനങ്ങളിലുള്ള ഉദ്യോഗസ്ഥർ എന്നിവ ഐഫോണുകളിൽ നിന്ന് ഡീപ്പ് സെർച്ച് എത്രയും വേഗം നീക്കം ചെയ്യണമെന്ന് 'നൗ സെക്യൂർ' ശുപാർശ ചെയ്യുന്നു.

വിദഗ്ധർ ചൂണ്ടിക്കാണിച്ച പ്രധാന സുരക്ഷാ പ്രശ്നങ്ങൾ ഡാറ്റ ചോർച്ച, ഹാർഡ്കോഡ് ചെയ്ത കീകളുടെ ബലഹീനത, മൂന്നാം കക്ഷി ആപ്പുകളുമായി വിവരങ്ങൾ പങ്കിടൽ, ചൈനയിലെ ഡാറ്റ വിശകലനം, സംഭരണം എന്നിവയാണ്.

ഇവ രഹസ്യ വിവരങ്ങളുടെയും ബൗദ്ധിക സ്വത്തവകാശത്തിന്റെയും ചോർച്ചയ്ക്കും വ്യക്തിഗത വിവരങ്ങൾ പൊതുജനങ്ങൾക്ക് വെളിപ്പെടുത്തുന്നതിനും കാരണമാകുമെന്നും റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. ചാറ്റ് ജിപിടിയും ഗൂഗിളിന്റെ ജെമിനിയും ഉപയോഗിക്കാൻ താരതമ്യേന സുരക്ഷിതമാണെന്നും കൃത്യമായ വിവരങ്ങൾ നൽകുമെന്നും റിപ്പോർട്ട് സൂചിപ്പിക്കുന്നു.

# വായു മലിനീകരണം; പ്രതിവർഷം കൊല്ലുന്നത് 7 ദശലക്ഷം ആളുകളെയെന്ന് WHO



എല്ലാവരും ശുദ്ധവായു ശ്വസിക്കാൻ ഇഷ്ടപ്പെടുന്നവരാണ്. നിർഭാഗ്യവശാൽ, പലപ്പോഴും നമ്മുടെ വായു ശുദ്ധമല്ല.സ്ഥലത്തിനനുസരിച്ച് വായുവിന്റെ ഗുണനിലവാരം ദിനംപ്രതി വ്യത്യാസപ്പെട്ടിരിക്കുന്നു. ലോകജനസംഖ്യയുടെ ഏകദേശം 99% പേരും ഏതെങ്കിലും ഒരു ഘട്ടത്തിൽ ശുദ്ധമല്ലാത്ത വായുവുമായി സമ്പർക്കം പുലർത്തുന്നുണ്ടെന്ന് ലോകാരോഗ്യ സംഘടന പറയുന്നു.മലിനമായ വായു, ദോഷകരമായ വാതകങ്ങൾ അല്ലെങ്കിൽ മനുഷ്യശരീരത്തിലേക്ക് തുളച്ചുകയറുന്ന ചെറിയ, അദൃശ്യ കണികകൾ എന്നിവ എല്ലാ വർഷവും 7 ദശലക്ഷം ആളുകൾ മരിക്കാനിടയാക്കുന്നുവെന്ന് യുഎൻ ആരോഗ്യ ഏജൻസി കണക്കാക്കുന്നു. സൂക്ഷ്മവും ശ്വസിക്കാൻ കഴിയുന്നതുമായ കണികകൾ, കണികാ പദാർത്ഥങ്ങൾ എന്നിവയാണ് ഏറ്റവും അപകടകാരികൾ. ഇവയിൽ ഏറ്റവും ചെറിയവ - 2.5 മൈക്രോണിൽ താഴെ വ്യാസമുള്ളതിനാൽ ജങ 2.5 എന്നറിയപ്പെടുന്നു. ഇവയ്ക്ക് മനുഷ്യന്റെ ശ്വാസകോശത്തിലേക്ക് ആഴത്തിൽ തുളച്ചുകയറാൻ കഴിയും, അവ പ്രധാനമായും ഇന്ധനങ്ങൾ കത്തിച്ചാണ് സൃഷ്ടിക്കപ്പെടുന്നത്.


മറ്റ് അപകടകരമായ മലിനീകരണ വസ്തുക്കളിൽ നൈട്രജൻ ഡൈ ഓക്സൈഡ് അല്ലെങ്കിൽ സൾഫർ ഡൈ ഓക്സൈഡ് പോലുള്ള വാതകങ്ങളും ഉൾപ്പെടുന്നു. വായു മലിനീകരണത്തിന്റെ ഉറവിടങ്ങളും തീവ്രതയും വ്യത്യസ്ത നഗരങ്ങളിലും സീസണുകളിലും വ്യത്യാസപ്പെടുന്നു. ഉദാഹരണത്തിന്, ഇന്തോനേഷ്യൻ തലസ്ഥാനമായ ജക്കാർത്തയിൽ മോശം വായുവിന് പ്രധാന കാരണം പഴയ മോട്ടോർ ബൈക്കുകളും വ്യാവസായിക ബോയിലറുകളും ആണ്. ഹെൽത്ത് ഇഫക്റ്റ്സ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സമീപകാല റിപ്പോർട്ട് അനുസരിച്ച്, ഉയർന്ന രക്തസമ്മർദ്ദത്തിന് ശേഷം, ആഗോളതലത്തിൽ അകാല മരണത്തിന് രണ്ടാമത്തെ വലിയ അപകട ഘടകമാണ് വായു മലിനീകരണം. ഹ്രസ്വകാല എക്സ്പോഷർ ആസ്ത്മക്ക് കാരണമാകുകയും ഹൃദയാഘാതത്തിനും പക്ഷാഘാതത്തിനും സാധ്യത വർദ്ധിപ്പിക്കുകയും ചെയ്യും. പ്രത്യേകിച്ച് പ്രായമായവരിലോ മെഡിക്കൽ പ്രശ്നങ്ങളുള്ളവരിലോ ദീർഘകാല എക്സ്പോഷർ ഗുരുതരമായ ഹൃദയ, ശ്വാസകോശ പ്രശ്നങ്ങൾക്ക് കാരണമാകും, ഇത് ഹൃദ്രോഗം, ക്രോണിക് ഒബ്സ്ട്രക്റ്റീവ് പൾമണറി രോഗം, ശ്വാസകോശ അണുബാധ എന്നിവയുൾപ്പെടെ മരണത്തിലേക്ക് നയിച്ചേക്കാം.യുഎൻ കുട്ടികളുടെ ഏജൻസിയുടെ സമീപകാല വിശകലനത്തിൽ കിഴക്കൻ ഏഷ്യ, പസഫിക് രാജ്യങ്ങളിലെ 500 ദശലക്ഷത്തിലധികം കുട്ടികൾ അനാരോഗ്യകരമായ വായു ശ്വസിക്കുന്നുണ്ടെന്നും മലിനീകരണം എല്ലാ ദിവസവും 5 വയസ്സിന് താഴെയുള്ള 100 കുട്ടികളുടെ മരണവുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നും കണ്ടെത്തി.

## കുവൈത്തിൽ പ്രാണികളെ ഭക്ഷണമാക്കുന്നത് നിരോധിച്ചു



കുവൈറ്റ് സിറ്റി: കുവൈറ്റിൽ പ്രാണികൾ അടങ്ങിയ ഭക്ഷണം നിരോധിച്ചു ജനറൽ അതോറിറ്റി ഫോർ ഫുഡ് ആൻഡ് ന്യൂട്രീഷൻ.എല്ലാത്തരം പ്രാണികളെയും പുഴുക്കളെയും ഭക്ഷണത്തിൽ ഉപയോഗിക്കുന്നത് നിരോധിച്ചതായി ജനറൽ അതോറിറ്റി ഫോർ ഫുഡ് ആൻഡ് ന്യൂട്രീഷൻ അറിയിച്ചു.ഗൾഫ് രാജ്യങ്ങളുടെ പൊതു നിയമം 'ഹലാൽ ഫുഡിനായുള്ള പൊതു ആവശ്യകതകൾ' പ്രകാരം എല്ലാത്തരം പ്രാണികളെയും പുഴുക്കളെയും ഭക്ഷണത്തിൽ ഉപയോഗിക്കുന്നത് നിരോധിച്ചിട്ടുണ്ട്.കമ്മിറ്റിയുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ, പ്രാണികൾ അടങ്ങിയ ഭക്ഷ്യ ഉൽപ്പന്നങ്ങൾ കുവൈറ്റിലേക്ക് കൊണ്ടുവരാൻ അനുവാദമില്ല. കൂടാതെ, ഇക്കാര്യം നിരീക്ഷിക്കുന്നതിനായി വിവിധ വകുപ്പുകളുമായി ഏകോപിപ്പിച്ച് പരിശോധനകൾ ശക്തിപ്പെടുത്തുമെന്ന് അധികൃതർ പ്രഖ്യാപിച്ചു.

## ശിശുമരണങ്ങൾ; നോട്ടിംഗ്ഹാം എൻഎച്ച്എസ് ട്രസ്റ്റിന് 1.6 മില്യൺ പൗണ്ട് പിഴ



പ്രസവ പരിചരണത്തിൽ ഉണ്ടായ പിഴവിനെ തുടർന്നുണ്ടായ ശിശുമരണങ്ങളുടെ പേരിൽ നോട്ടിംഗ്ഹാം എൻഎച്ച്എസ് ട്രസ്റ്റിന് 1.6 മില്യൺ പൗണ്ട് പിഴ ചുമത്തിയതായി റിപ്പോർട്ട്. ജനിച്ച് ദിവസങ്ങൾക്കുള്ളിൽ മരിച്ച മൂന്ന് കുഞ്ഞുങ്ങൾക്ക് സുരക്ഷിതമായ പരിചരണവും ചികിത്സയും നൽകുന്നതിൽ പരാജയപ്പെട്ടുവെന്ന് സമ്മതിച്ചതിനെ തുടർന്ന് ആണ് ട്രസ്റ്റിന് പിഴ ചുമത്തിയത്. കെയർ ക്വാളിറ്റി കമ്മീഷൻ നോട്ടിംഗ്ഹാം യൂണിവേഴ്സിറ്റി ഹോസ്പിറ്റൽസ് ട്രസ്റ്റിനെതിരെ ഉണ്ടായ പരാതികളിൽ പറയുന്ന മരണങ്ങൾ എല്ലാം 2021 ൽ ആണ് സംഭവിച്ചത്. മൂന്ന് കുട്ടികൾക്കും അവരുടെ അമ്മമാർക്കും സുരക്ഷിതമായ പരിചരണവും ചികിത്സയും നൽകുന്നതിൽ പരാജയപ്പെട്ടതുമായി ബന്ധപെട്ട ആറ് കുറ്റങ്ങൾ തിങ്കളാഴ്ച നോട്ടിംഗ്ഹാം മജിസ്ട്രേറ്റ് കോടതിയിൽ ട്രസ്റ്റ് സമ്മതിച്ചു.2021 ഏപ്രിൽ 7 ന് മരിക്കുമ്പോൾ 26 മിനിറ്റ് പ്രായമുള്ള അഡെലെ ഒസള്ളിവൻ, 2021 ജൂൺ 15 ന് മരിച്ച നാല് ദിവസം പ്രായമുള്ള കഹ്‌ലാനി റോസൺ, 2021 ജൂലൈ 16 ന് മരിക്കുമ്പോൾ ഒരു ദിവസം മാത്രം പ്രായമുള്ള ക്വിൻ പാർക്കർ എന്നിവരുടെ മരണവുമായി ബന്ധപ്പെട്ടായിരുന്നു കുറ്റങ്ങൾ.ട്രസ്റ്റിന്റെ മെറ്റേണിറ്റി യൂണിറ്റിലെ 'പരാജയങ്ങളുടെ കാറ്റലോഗ്' 'ഒഴിവാക്കാവുന്നതായിരുന്നു എന്നും ഒരിക്കലും സംഭവിക്കാൻ പാടില്ലാത്തതാണെന്നും' 2022 സെപ്തംബർ മുതൽ ട്രസ്റ്റിന്റെ ചീഫ് എക്സിക്യൂട്ടീവ് ആന്റണി മെയ് പങ്കെടുത്ത ഹിയറിംഗിൽ ജില്ലാ ജഡ്ജി ഗ്രേസ് ലിയോംഗ് പറഞ്ഞു.അതേസമയം തങ്ങളുടെ കുഞ്ഞുങ്ങളെ സുരക്ഷിതമായി പ്രസവിക്കാൻ ചഡഗൽ അവർ അർപ്പിക്കുന്ന വിശ്വാസം തകർന്നതായും മരിച്ച കുഞ്ഞുങ്ങളുടെ കുടുംബാംഗങ്ങൾ കോടതിമുറിയിൽ കരഞ്ഞു കൊണ്ട് പറഞ്ഞു. ഒരു കുട്ടിയുടെ മരണം വാക്കുകൾക്ക് അതീതമായ ഒരു ദുരന്തമാണ് എന്നും അവർ പറഞ്ഞു. 1.6 മില്യൺ പൗണ്ട് അതായത് ക്വിൻ പാർക്കറിന്റെ മരണത്തിന് 700,000 പൗണ്ടും അഡെലെ ഒസുള്ളിവന്റെയും കഹ്‌ലാനി റോസണിന്റെയും മരണത്തിന് 300,000 പൗണ്ട് വീതവും അമ്മമാർക്ക് 100,000 പൗണ്ട് വീതവും പിഴയായി കോടതിവിധിച്ചു.

## റഷ്യക്ക് വേണ്ടി ചാരവൃത്തി: ഉന്നത ഉദ്യോഗസ്ഥനെ അറസ്റ്റ് ചെയ്ത് ഉക്രെയ്ൻ



കൈവ്: റഷ്യയ്ക്ക് വേണ്ടി പ്രവർത്തിക്കുന്നുണ്ടെന്ന് ആരോപിച്ച് തങ്ങളുടെ ഉന്നതതല ഉദ്യോഗസ്ഥരിൽ ഒരാളെ കസ്റ്റഡിയിലെടുത്തതായി ഉക്രെയ്നിന്റെ പ്രാഥമിക രഹസ്യാന്വേഷണ വിഭാഗം അറിയിച്ചു. ഉക്രെയ്നിലെ സെക്യൂരിറ്റി സർവീസിന്റെ (എസ്ബിയു) തീവ്രവാദ വിരുദ്ധ കേന്ദ്രത്തിന്റെ തലവനായിരുന്നു അറസ്റ്റിലായി വ്യക്തി. എസ്ബിയു മേധാവി വസിൽ മാല്യൂക് അന്വേഷണത്തിന് നേതൃത്വം നൽകുകയും അറസ്റ്റ് നടത്തുകയും ചെയ്തു. 'എൻക്രിപ്റ്റ് ചെയ്ത സോഫ്റ്റ്വെയർ ബുക്ക്മാർക്കുകൾ ഉപയോഗിച്ച്, ഞങ്ങൾ രാജ്യദ്രോഹിയുടെ ഗാഡ്ജെറ്റുകൾ - മൊബൈൽ ടെർമിനലുകൾ, കമ്പ്യൂട്ടറുകൾ എന്നിവയിലേക്ക് നുഴഞ്ഞുകയറി,' മാല്യൂക് പറഞ്ഞു. റഷ്യയിലേക്ക് തെറ്റായ വിവരങ്ങൾ നൽകുന്നതിന് ഇയാളെ ഉപയോഗിച്ചതായും എസ്ബിയു അവകാശപ്പെട്ടു.റഷ്യയുമായി ചേർന്ന് പ്രവർത്തിച്ചുവെന്നാരോപിച്ച് ഉന്നത ഉദ്യോഗസ്ഥർ ഉൾപ്പെടെ നൂറുകണക്കിന് ആളുകളെ അറസ്റ്റ് ചെയ്യുകയും ശിക്ഷിക്കുകയും ചെയ്തതായി ഉക്രെയ്ൻ അധികൃതർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.ഉക്രെയ്നും റഷ്യയും തമ്മിൽ വെടിനിർത്തൽ ചർച്ചകൾ നടത്താനുള്ള പ്രസിഡന്റ് ട്രംപിന്റെ ശ്രമങ്ങൾക്കിടയിലാണ് ചാരനെ അറസ്റ്റ് ചെയ്തത്.

പാലസ്തീനികളെ കുടിയിറക്കാനാവില്ല;

## ട്രംപിന്റെ നിലപാടിനെതിരെ ജോർദാൻ രാജാവ്



വാഷിംഗ്ടൺ ന്മ വൈറ്റ് ഹൗസിൽ ട്രംപുമായുള്ള കൂടിക്കാഴ്ചയിൽ ഗാസയിൽ നിന്നുള്ള പാലസ്തീനികളെ ജോർദാനിൽ പുനരധിവസിപ്പിക്കണമെന്ന അപേക്ഷ ജോർദാൻ രാജാവ് അബ്ദുള്ള നിരസിച്ചതായി റിപ്പോർട്ട്. ഗാസയിൽ നിന്ന് 2 ദശലക്ഷത്തിലധികം പാലസ്തീനികളെ ജോർദാനിലേക്കും ഈജിപ്തിലേക്കും മാറ്റിപ്പാർപ്പിക്കണമെന്നാണ് ട്രംപിന്റെ ആവശ്യം. കൂടിക്കാഴ്ചയ്ക്കുശേഷം ട്രംപിനൊപ്പം നടത്തിയ വാർത്താസമ്മേളനത്തിൽ ജോർദാൻ രാജാവ് ട്രംപിന്റെ നീക്കം സ്വീകാര്യമല്ലെന്ന സൂചന നൽകി. എത്ര അഭയാർഥികളെ സ്വീകരിക്കുമെന്ന ചോദ്യത്തിന്, കാൻസർ പോലെ ഗുരുതര രോഗബാധിതരായ 2,000 പാലസ്തീൻ കുട്ടികളെ സ്വീകരിക്കും എന്നായിരുന്നു രാജാവിന്റെ മറുപടി.

## നിയമവിരുദ്ധമായി എത്തുന്ന കുടിയേറ്റക്കാർക്ക് ബ്രിട്ടീഷ് പൗരത്വം നിഷേധിക്കും

ലണ്ടൻ: ചെറിയ ബോട്ടുകളിലോ ലോറികളിലോ അനധികൃതമായി യുകെയിൽ എത്തുന്ന കുടിയേറ്റക്കാർക്ക് ബ്രിട്ടീഷ് പൗരത്വം നിഷേധിക്കും. ഹോം ഓഫീസിന്റെ പുതിയ മാർഗനിർദ്ദേശത്തിലാണ് ഇക്കാര്യം വ്യക്തമാക്കിയിരിക്കുന്നത്.ഫെബ്രുവരി 10 മുതൽ നിയമവിരുദ്ധമായി യുകെയിൽ എത്തിയ ആളുകൾക്ക് സാധാരണയായി പൗരത്വം നിഷേധിക്കപ്പെടും എന്ന് ഇമിഗ്രേഷൻ ജീവനക്കാർക്കുള്ള'സൽസ്വഭാവം' മാർഗ്ഗനിർദ്ദേശത്തിൽ വ്യക്തമാക്കുന്നു. അവർ എപ്പോൾ എത്തിയെന്നത് പരിഗണിക്കാതെ ഇക്കാര്യം നടപ്പാക്കുമെന്ന് അധികൃതർ വ്യക്തമാക്കി.അപകടകരമായ രീതിയിൽ ചെറിയ ബോട്ടിൽ യാത്ര ചെയ്യുകയോ മറ്റ് വാഹനങ്ങളിലോ ഒളിച്ച് യാത്ര ചെയ്യുകയോ വഴി എത്തപ്പെട്ടവർ ഇക്കൂട്ടത്തിൽപ്പെടും. എന്നാൽ ഇക്കാര്യങ്ങളിൽ മാത്രമായി അത് പരിമിതപ്പെടുന്നില്ലെന്നും നിർദേശത്തിൽ വ്യക്തമാക്കുന്നു.

# ബംഗ്ലാദേശ് കലാപം: ഷെയ്ഖ് ഹസീനയുടെ നടപടികൾ മനുഷ്യത്വത്തിനെതിരായ കുറ്റകൃത്യങ്ങളെന്ന് ഐക്യരാഷ്ട്രസഭ





ബംഗ്ലാദേശിലെ മുൻ പ്രധാനമന്ത്രി ഷെയ്ഖ് ഹസീനയുടെ ഭരണത്തിനെതിരായ പ്രതിഷേധങ്ങളിൽ ഏകദേശം 1,400 പേർ മരിച്ചതായി ഐക്യരാഷ്ട്രസഭ.അധികാരത്തിൽ തുടരാൻ പ്രതിഷേധക്കാർക്കെതിരെ ആസൂത്രിതമായ ആക്രമണങ്ങളും കൊലപാതകങ്ങളും അവരുടെ സർക്കാർ നടത്തിയതായും യുഎൻ ആരോപിച്ചു. ഈ നടപടികൾ 'മനുഷ്യത്വത്തിനെതിരായ കുറ്റകൃത്യങ്ങൾക്ക്' തുല്യമാകുമെന്ന് അവർ പറയുന്നു. കഴിഞ്ഞ ഓഗസ്റ്റിൽ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ നടന്ന ബഹുജന പ്രക്ഷോഭത്തെത്തുടർന്ന് സർക്കാർ താഴെ വീഴുകയും മുൻ പ്രധാനമന്ത്രി ഹസീനയെ പുറത്താക്കുകയും ചെയ്തു. ഹസീന നിലവിൽ ഇന്ത്യയിലാണ് താമസിക്കുന്നത്.

പ്രതിഷേധക്കാർക്കെതിരെ ആസൂത്രിതമായ അടിച്ചമർത്തലിൽ, സർക്കാർ 'നൂറുകണക്കിന് നിയമവിരുദ്ധ കൊലപാതകങ്ങൾ' നടത്തി എന്ന് ഐക്യരാഷ്ട്രസഭ പറഞ്ഞു. കൊലപാതകം, പീഡനം, തടവിലാക്കൽ, മറ്റ് മനുഷ്യത്വരഹിതമായ പ്രവൃത്തികൾ എന്നിവ പോലുള്ള മനുഷ്യത്വരഹിതമായ കുറ്റകൃത്യങ്ങൾ നടന്നിട്ടുണ്ടെന്ന് വിശ്വസിക്കാൻ ന്യായമായ കാരണങ്ങളുണ്ടെന്ന്' യുഎൻ റൈറ്റ്സ് ഓഫീസ് പറഞ്ഞു.അധികാരത്തിൽ തുടരാൻ വേണ്ടി അവാമി ലീഗിലെയും ബംഗ്ലാദേശി സുരക്ഷാ സേനയിലെയും അംഗങ്ങൾക്കൊപ്പം സർക്കാർ, പ്രതിഷേധക്കാർക്കും സാധാരണക്കാർക്കും നേരെ വ്യാപകമായ ആക്രമണങ്ങൾ നടത്തിയതായി യുഎൻ റിപ്പോർട്ട് പറയുന്നു.

# ഐഎസ് വീണ്ടും ശക്തിയാർജിക്കുമോ? സിറിയൻ ജയിലിൽ മാത്രം 10,000 ഐഎസ് പോരാളികൾ

ഹസാക്ക: വടക്കുകിഴക്കൻ സിറിയയിലുടനീളമുള്ള ജയിലുകളിലും തടങ്കൽപ്പാളയങ്ങളിലും ഇസ്ലാമിക് സ്റ്റേറ്റ് തീവ്രവാദ ഗ്രൂപ്പിന് ഒരു സൈന്യം കാത്തിരിക്കുന്നുണ്ട്. അവരുടെ ക്രൂരമായ ഭരണകൂടത്തിനായുള്ള ഭ്രാന്തമായ പിന്തുണ ഇപ്പോഴും നിലനിൽക്കുന്നു.ഇപ്പോൾ ജയിലുകളും ക്യാമ്പുകളും അമേരിക്കൻ പിന്തുണയുള്ള സിറിയൻ ഡെമോക്രാറ്റിക് ഫോഴ്സ് (എസ്ഡിഎഫ്) ആണ് കാവൽ നിൽക്കുന്നത്. ഇസ്ലാമിക ഗ്രൂപ്പിന്റെ റാഡിക്കൽ പ്രത്യയശാസ്ത്രം ഒരിക്കലും പൂർണ്ണമായും പരാജയപ്പെടുത്തപ്പെട്ടിട്ടില്ല, കഴിഞ്ഞ വർഷം അവസാനം ദീർഘകാല സിറിയൻ ഏകാധിപതി ബഷർ അൽ-അസദിനെ പുറത്താക്കിയതിനുശേഷവും വാഷിംഗ്ടണിൽ ഒരു പുതിയ ഭരണകൂടത്തിന്റെ വരവിനുശേഷവും, ഐഎസ് വീണ്ടും ശക്തിയാർജിക്കുമെന്ന് ചിലർ ഭയപ്പെടുന്നു.വടക്കൻ സിറിയയിൽ, 28 ജയിലുകളിലായി ഏകദേശം 10,000 ഐഎസ് പോരാളികളെ തടവിലാക്കിയിട്ടുണ്ട്, അതിൽ ഏറ്റവും വലുത് ഹസാക്ക എന്ന ചെറിയ നഗരത്തിന്റെ അരികിലുള്ള അൽ സിന ജയിലാണ്. 2019-ൽ ഐസിസ് അവസാനമായി പിടികൂടിയപ്പോൾ യുദ്ധക്കളത്തിൽ പിടിക്കപ്പെട്ട ആയിരക്കണക്കിന് പുരുഷന്മാരാണ് ഈ മങ്ങിയ കോൺക്രീറ്റ് ജയിലിൽ തിങ്ങിനിറഞ്ഞിരിക്കുന്നത്. ഓരോ സെല്ലിലും ഡസൻ കണക്കിന് പേരുള്ള, കീറിയ തവിട്ടുനിറത്തിലുള്ള ജയിൽ യൂണിഫോമിൽ ഇരിക്കുകയോ കിടക്കുകയോ ചെയ്യുന്നു.അവരിൽ ഒരാളാണ് മൊറോക്കൻ പൗരനായ ഇബ്രാഹിം. കഴിഞ്ഞ മാസം അവസാനം എൻബിസി ന്യൂസിന് നൽകിയ അഭിമുഖത്തിൽ താൻ ഒരു ഐസിസ് പോരാളിയാണെന്ന് അദ്ദേഹം സമ്മതിച്ചു. ഞാൻ അപകടകാരിയായിരുന്നെങ്കിൽ, ഞാൻ കീഴടങ്ങുമായിരുന്നില്ല,



ഇബ്രാഹിം പറഞ്ഞു. ആറ് വർഷമായി ജയിലിൽ കഴിയുന്ന അദ്ദേഹം, സ്വന്തം രാജ്യങ്ങൾ അവരെ തിരിച്ചയക്കുന്നതിൽ പരാജയപ്പെട്ട നിരവധി വിദേശ തടവുകാരിൽ ഒരാളാണ്.എസ്ഡിഎഫ് കമാൻഡർ ജനറൽ മസ്ലൂം അബ്ദിയെ സംബന്ധിച്ചിടത്തോളം, ഈ തടവുകാർ ഏറ്റവും അപകടകാരികളിൽ ഒരാളാണ്, അവർ കർക്കശക്കാരാണ്- അദ്ദേഹം പറഞ്ഞു. മൂന്ന് വർഷങ്ങൾക്ക് മുമ്പ് അൽ സിന ജയിലിൽ ഐസിസ് ഒരു വലിയ ആക്രമണം നടത്തി ഡസൻ കണക്കിന് ഗാർഡുകളെ കൊല്ലുകയും നൂറുകണക്കിന് തടവുകാരെ മോചിപ്പിക്കുകയും ചെയ്തപ്പോഴാണ് ആ ഭീഷണി ശക്തമായി ശ്രദ്ധയിൽപ്പെട്ടത്. ഒരാഴ്ചയിലേറെയായി ജയിലിനു ചുറ്റും പോരാട്ടങ്ങൾ നടന്നു, ഒടുവിൽ യുഎസ് സൈന്യത്തിന്റെ സഹായത്തോടെ അവരെ അടിച്ചമർത്തി.ഐഎസ് വീണ്ടും ജയിലുകൾ ആക്രമിക്കാൻ പദ്ധതിയിടുന്നതായി ഞങ്ങൾക്ക് രഹസ്യാന്വേഷണ വിവരങ്ങൾ ലഭിച്ചു, കാരണം തടവുകാരെ അവരുടെ പ്രാഥമിക ശക്തിയായി കണക്കാക്കുന്നു,'' അബ്ദി പറഞ്ഞു. ക്യാമ്പിനുള്ളിൽ, ദി അനെക്സ് എന്ന് വിളിക്കപ്പെടുന്ന ഒരു വിഭാഗത്തിൽ, വിദേശ ഐഎസ് പോരാളികളുടെ ഭാര്യമാരെയും അവരുടെ കുട്ടികളെയും തടവിലാക്കിയിട്ടുണ്ട്. 51 രാജ്യങ്ങളിൽ നിന്നുള്ള ഏകദേശം 6,000 പേർ. വിഭവങ്ങളും ഫണ്ടും പരിമിതമായതിനാൽ, ജയിലുകളും ക്യാമ്പുകളും പ്രവർത്തിപ്പിക്കുന്നതിന് എസ്ഡിഎഫ് പ്രധാനമായും അമേരിക്കൻ സഹായത്തെയും സൈനിക സഹായത്തെയും ആശ്രയിച്ചിരിക്കുന്നു. അതിനാൽ, 90 ദിവസത്തേക്ക് യുഎസ് വിദേശ സഹായം മരവിപ്പിക്കാനുള്ള പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ സമീപകാല തീരുമാനവും യുഎസ് ഏജൻസി ഫോർ ഇന്റർനാഷണൽ ഡെവലപ്മെന്റ് അടച്ചുപൂട്ടാനുള്ള അദ്ദേഹത്തിന്റെ ശ്രമവുംഐഎസ് തടങ്കൽ കേന്ദ്രങ്ങളിൽ ക്രമസമാധാനം തകരാൻ ഇടയാക്കിയേക്കാം.

# DESIGN & PRINTING?

**അതെന്തുമാകട്ടെ**
**ഡിസൈനിംഗിനും**
**പ്രിന്റിംഗിനും**
**ഞങ്ങളെ**
**വിളിക്കുക**



SOUVENIR/BUSINESS CARD/FLYER/BROCHURE/BOOKLET
ENTRY TICKET/FLEX BOARD/FLEX BANNER
WALL CALENDAR/PULL OUT BANNER/NEWSLETTER
LETTERHEAD/ENVELOPS/WEDDING MASS BOOKLET

**VACHAKAM** CALL: **JOSE CHENNIKKARA** / PH: 773 842 9149

chennikkara@gmail.com | www.chennikkara.com

in association with

**FIVE STAR OFFSET PRINTERS IN KOCHI**

**The complete solution for your printing and packaging needs**

- Five Star Offset Printers was launched by Mr. Sabu K.P in Cochin in 1991 foreseeing the growth of the printing industry in India.
- We are an ISO 9001:2015 certified organisation with world-class printing facilities and highly skilled professionals. We are fully prepared to demonstrate the magic of printing and packaging to the world. In order to enhance the organization's quality goals, we have continuously invested in machineries with advanced technology that can compete with international standard.



SPEED MASTER CD 102



BOBST NOVACUT



PM 74



BOBST VISION FOLD



KOMORI LITHRONE



KOMORI ENTHRONE

**FOLDING CARTONS/PACKAGING/COMMERCIAL PRINTING/PROMOTIONAL PRINTING/DESIGNING**